# കോടിയേരി ഗ്രാമ പഞ്ചായത്ത്




# വികസന രേഖ

# കോടിയേരി ഗ്രാമപഞ്ചായത്ത്

# വികസന രേഖ



## വികസന സെമിനാർ

**'98 ഡിസം: 1 ഞായറാഴ്ച**

**ഓണിയൻ ഹൈസ്ക്കൂളിൽ**

[illegible] 2





*സ്വാശ്രയമെന്നത് സ്വാതന്ത്ര്യം*
*ആശ്രിതരല്ലാ നാമാർക്കും*

| ജില്ലാ റിസോഴ്സ് പേഴ്സൺസ് | എഡിറ്റോറിയൽ ബോർഡ് |
|---|---|
| 1. എ. കുമാരൻ | 1. കെ. രവീന്ദ്രൻ: ചീഫ് എഡിറ്റർ |
| 2. എം. കെ. വിജയൻ- കൺവീനർ | 2. എം. പുരുഷോത്തമൻ |
| 3. ടി. എൻ. രാജൻ | 3. എം. കെ. വിജയൻ |
| 4. പി. വി. വിജയൻ | 4. കെ. എൻ. ജനാർദ്ദനൻ |
| 5. വിജയൻ വെളിയമ്പ്ര | 5. കെ. പി.രാമകൃഷ്ണൻ |
| 6. കെ.വി.സദാനന്ദൻ | 6. പി. വി. വിജയൻ |
| 7. കെ.പി. ശിവരാമൻ മാസ്റ്റർ | 7. അരുൺകുമാർ .കെ.പി. |
| 8. സി. പി. ഷാജി | 8. കെ. എം. ബാലൻ |
| | 9. ടി. എൻ. രാജൻ |

**കാലംവിളിക്കുന്നു നമ്മെ – സ്വന്തം**
**ഗ്രാമം വിളിക്കുന്നു നമ്മെ**
**കാലടിക്കീഴിലെ മണ്ണിൽ നിന്നും**
**പുതിയ കാലം വിളിക്കുന്നു നമ്മെ**


PHC
ആരോഗ്യം കുടിവെള്ളം
റോഡുകൾ
ഗതാഗതം
കാലിത്തീറ്റ
വനിത
വനിതാ സമാജം
വിദ്യാഭ്യാസം
സാക്ഷരത
വിദ്യാലയങ്ങൾ
വിത്തുകൾ
വളങ്ങൾ
മണ്ണ്
വായ്പാ പദ്ധതികൾ
വനിതാ സഹകരണസംഘങ്ങൾ
സഹകരണം
കെട്ടിട നികുതി
തൊഴിൽ നികുതി
വിനോദ നികുതി
വിഭവസമാഹരണം
ഗ്രാന്റുകൾ

# വികസനവൃക്ഷം

**ഉള്ളടക്കം**

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
5. സാമൂഹിക സാമ്പത്തിക മേഖലകൾ
5:1 കൃഷിയും ജലസേചനവും
5:2 മൃഗസംരക്ഷണവും, മത്സ്യബന്ധനവും
5:3 വ്യവസായം
5:4 വിദ്യാഭ്യാസം
5:6പൊതുജനാരോഗ്യവും കുടിവെള്ളവും
5:7 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5:8 സാമൂഹ്യക്ഷേമ, പാർപ്പിടം
5:9 സാംസ്കാരിക രംഗം
5:10 വനിത
5:11 സഹകരണം
5:12 പട്ടികജാതി, പട്ടികവർഗക്ഷേമം
5:13 വിഭവസമാഹരണം
6 ഉപസംഹാരം

# ആമുഖം

അനന്യസാധാരണമായ പലതും ജനകീയപ്രസ്ഥാനങ്ങളിലൂടെ സാക്ഷാത്കരിച്ച കേരളം, ഇന്ത്യയിലെ മറ്റുപ്രദേശങ്ങൾക്ക് പ്രചോദനം നൽകുന്ന ഒരു പുതിയ കർമ്മപരിപാടിക്ക് രൂപം നൽകുകയാണ്. ആസൂത്രണ പ്രക്രിയയിൽ ഒരു യുഗസംക്രമത്തിന്റെ നാന്ദികുറിക്കുന്ന ജനകീയാസൂത്രണപരിപാടിയിലൂടെ, ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങൾക്ക് മാതൃകയാകും വിധം, വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള തീവ്രയജ്ഞത്തിലാണ് നാമിന്ന്. കേരളത്തിന്റെ ഒമ്പതാംപദ്ധതി ജനപങ്കാളിത്തത്തോടുകൂടി അവിഷ്കരിച്ചു നടപ്പാക്കുന്നതിന് ഒരു ജനകീയ പ്രസ്ഥാനം രൂപം കൊണ്ടുകഴി ഞ്ഞു.

ഇന്ത്യൻ പ്ലാനിംഗിന് അനേകം ദശകങ്ങളുടെ ചരിത്രമുണ്ട്. സർ വിശേശ്വരയ്യ മുതൽ ജവഹർലാൽ നെഹ്റുവരെ അനേകം മഹാരഥന്മാർ ഇന്ത്യയുടെ ആസൂത്രണസങ്കല്പങ്ങളെ സമ്പന്നമാക്കി. സോവിയറ്റ് പഞ്ചവത്സരപദ്ധതിയുടെ അഭൂതപൂർവമായ വിജയമായിരുന്നു ഇന്ത്യയിൽ പഞ്ചവത്സരപദ്ധതിക്ക് ജന്മം നൽകാൻ പ്രഥമപ്രധാനമന്ത്രിയായിരുന്ന ജവഹർലാൽനെഹ്റുവിന് പ്രേരണ നൽകിയത്. അമ്പതുകൾമുതലാരംഭിച്ച പഞ്ചവത്സരപദ്ധതികളാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ വികസന സംരംഭങ്ങൾക്ക് അടിസ്ഥാനശിലയായിത്തീർന്നത്. കാർഷികവ്യാവസായിക രംഗങ്ങളിൽ തളർച്ചയും സാമ്പത്തികപുരോഗതിയും .. ഒട്ടേറെ നേട്ടങ്ങളും കൈവരിക്കാൻ പഞ്ചവത്സരപദ്ധതികളിലൂടെ കഴിഞ്ഞുവെങ്കിലും നമ്മുടെ ആസൂത്രണ സമ്പ്രദായത്തിന് ഒട്ടനവധി ന്യൂനതകളും ദൗർബ്ബല്യങ്ങളും ഉണ്ടായിരുന്നു. ഇതുകൊണ്ടുതന്നെയാണ് ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മ അവസാനിപ്പിക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാവാതെ പോയതും. ആസൂത്രണവ്യവസ്ഥയിലെ ഈ അപര്യാപ്തതകളെ അതിജീവിക്കാനാണ് ജനകീയാസൂത്രണത്തിലൂടെ നാം ശ്രമിക്കുന്നത്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരന്നു ഭരണഘടനയുടെ 73ഉം 74 ഉം ഭേദഗതികൾ. അധികാരം ജനങ്ങളിലേക്ക് എന്ന സന്ദേശമായിരുന്നു പഞ്ചായത്ത് രാജ്- നഗരപാലികാ നിയമങ്ങളുടെ ഉള്ളടക്കം. മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നത്തിന്റെ സാക്ഷാത്കാരമായി ഈ നിയമങ്ങൾ പ്രകീർത്തിക്കപ്പെട്ടു. പഞ്ചായത്ത് രാജ് സംവിധാനങ്ങൾ നിലവിൽ വന്നുകഴിഞ്ഞ സാഹചര്യത്തിൽ ജനകീയാസൂത്രണം എന്ന ആശയം അതീവപ്രസക്തമാകുന്നു. അധികാര വികേന്ദ്രീകരണത്തിലേക്കുള്ള പ്രയാണത്തിൽ ജനകീയാസൂത്രണ പരിപാടി ഒരു നാഴികക്കല്ലാണ്.

ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾക്കും ഭൂസ്ഥിതിക്കും സാദ്ധ്യതകൾക്കും അനുയോജ്യമായി ജനങ്ങൾതന്നെ പദ്ധതികൾ ആസൂത്രണം ചെയ്യാൻ മുൻകൈ എടുക്കുകയും ജനപങ്കാളിത്തത്തോടെ അവ പ്രായോഗികമായി നടപ്പാക്കുകയും ചെയ്യുക എന്നതാണ് ജനകീയാസൂത്രണ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ആവിഷ്കരണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉറപ്പാക്കുകയും ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരന്മാരുമെല്ലാം കൂട്ടായ്മയോടെ നാടിന്റെ പുരോഗതിക്ക് വേണ്ടി പ്രയത്നിക്കുകയും ചെയ്യുന്നതോടെ ഒരു പുതിയ വികസന സംസ്കാരത്തിന് ഇത് തുടക്കം കുറിക്കും.

1996 ജൂലായ് 14 ാനു ചേർന്ന സംസ്ഥാനപ്ലാനിംഗ് ബോർഡ്യോഗമാണ് ആസൂത്രണ വികേന്ദ്രീകരണം സംബന്ധിച്ച് തീരുമാനമെടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ, '' ഒമ്പതാം പദ്ധതി'' വികേന്ദ്രീകരണവും ജനപങ്കാളിത്തവും ബഹുജന പ്രസ്ഥാനം'

എന്ന് ശീർഷകത്തിൽ ഒരു വിജ്ഞാപനം (ച്ചു.ഡൗ( വ്വ)10അ96 ന്ദ്ദഡഇ്യ 30.7.96) പുറപ്പെടുവിച്ചു. ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് ജനകീയാസൂത്രണ പരിപാടി സംസ്ഥാനതലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ആദ്യഘട്ടമെന്നനിലയിൽ ഈ പഞ്ചായത്തിലെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭായോഗങ്ങൾ ചേർന്നു. ഓരോ പ്രദേശത്തെയും പ്രശ്നങ്ങളും വികസനസാദ്ധ്യതകളും വിശദമായി ചർച്ചചെയ്യപ്പെടുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്ത് തല ശില്പശാലയിൽ പരിഗണനക്ക് വിധേയമാകുകയും ചെയ്തു. ശില്പശാലയിൽ തയ്യാറാക്കപ്പെടുകയും ഗ്രാമപഞ്ചായത്ത് ബോർഡ് ആവശ്യമായ ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്ത റിപ്പോർട്ടാണ് സമഗ്ര വികസനരേഖയായി ഇവിടെ അവതരിപ്പിക്കുന്നത്. ഈ വികസനറിപ്പോർട്ടിൽ ശ്രമിക്കുന്നത്, നമ്മെക്കുറിച്ച് നമ്മുടെ നാടിനെക്കുറിച്ച് മനസ്സിലാക്കുന്നതിനാണ്. വർത്തമാനകാല സാദ്ധ്യതകളെക്കുറിച്ചറിയാതെ നാളെയുടെ നന്മകളെ സാദ്ധ്യതകളെ, സമൃദ്ധിയെ സ്വപ്നം കാണുന്നത് വ്യർത്ഥമായിത്തീരുകയേ ഉള്ളൂ. ഈ പഠനം നമ്മുടെ വികസനസ്വപ്നങ്ങൾക്ക് യാഥാർത്ഥ്യത്തിന്റെ നിറം നൽകുന്നതിന് സഹായകമാവുമെന്ന് വിശ്വസിക്കുന്നു.

കേരളത്തിലെ ജീവിതനിലവാരം ഇന്ത്യൻ ശരാശരിയെക്കാൾ എത്രയോ ഉയർന്നതാണ്. വിദ്യാഭ്യാസരംഗത്തും പൊതുജനാരോഗ്യരംഗത്തും നാം കൈവരിച്ച നേട്ടങ്ങൾ വികസിതരാജ്യങ്ങളുടെ അവസ്ഥയോട് തുലനം ചെയ്യാവുന്നത്ര മികച്ചതാണ്. പക്ഷെ ഈ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തണമെങ്കിൽ ഉല്പാദനരംഗത്ത് ഉയർന്ന വളർച്ച കൈവരിക്കേണ്ടതുണ്ട്. കാർഷിക-വ്യാവസായിക മേഖലകളിൽ ഉല്പാദനം വർദ്ധിപ്പിക്കുകയും സേവനമേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നുള്ളത് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പ്രഥമവും പ്രധാനവുമായ ലക്ഷ്യമായിത്തീരുന്നു. എല്ലാ വിഭാഗം ജനങ്ങളും വികസന പ്രക്രിയയിൽ ഭാഗഭാക്കാവുന്ന ഒരു നൂതനസംരംഭത്തിന് ജനകീയാസൂത്രണം വാതിൽ തുറന്നിടുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

മാവേലിനാടിന്റെ പുന:സ്മൃതികളുമായി വർഷത്തിലൊരിക്കൽ വരുന്ന തിരുവോണം, സമത്വസുന്ദരവും സമൃദ്ധവുമായ ഒരു നല്ല നാളെയെക്കുറിച്ചുള്ള മലയാളികളുടെ പ്രതീക്ഷയാണ്. ഭാവികേരളത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള എല്ലാ പ്രയത്നങ്ങളും ഓണാഘോഷത്തിന്റെ സന്ദേശം സഫലമാക്കാൻ വേണ്ടിയാകട്ടെ!.

# വിശേഷാൽ ഗ്രാമസഭകളിലൂടെ............

ജനകീയാസൂത്രണ പരിപാടിക്ക് പഞ്ചായത്ത് തലത്തിൽ തുടക്ക് കുറിച്ചത് 7.9.96 ന് ചേർന്ന ഭരണസമിതിയോഗമാണ്. ഗ്രാമസഭകൾവിളിച്ചു ചേർക്കുന്ന തീയ്യതികൾ ശില്പശാല, സംഘാടകസിതി രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ വിധയിപ്പിക്കുന്നതിന് ഈ യോഗത്തിൽ വെച്ചു ദീരുമാനമെടുത്തു. 9.9.96 ന് പാറാൽ എൽ. പി. സ്കൂളിൽ ഭരണ സമിതി അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ, സ്കൂൾ പ്രധാനാധ്യാപകർ, സന്നദ്ധ പ്രവർത്തകർ, ജില്ലാ തലത്തിൽ, പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ വായനശാലാ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽവെച്ച് സംഘാടകസമിതി രൂപീകരിച്ചു. 13.9.96 ന് ഡി.ഐ.യു. പി സ്കൂളഇൽ നടന്ന ശില്പശാലയിൽ പഞ്ചായത്തിലെ എല്ലാ മണ്ഡലങ്ങളേയും പ്രതിനിധീകരിച്ച് 55 പേർക്ക് പരിശീലനം നല്കി. ഗ്രാമസഭകൾ ചേരുന്നതിൻെറ പ്രസക്തിയും വിവരവും നൽകുന്നതിന് ഓരോ വീട്ടിലും കത്തുകൾ എത്തിച്ചു. പോസ്റ്റർ പ്രചരണം, വിദ്യാർത്ഥികൾ മുഖാന്തരം ഗ്രാമസഭകൾ ചേരുന്നതിൻെറ അറിയിപ്പുകൾ എന്നീ പ്രവർത്തനങ്ങൾ പ്രചരണ പ്രവർത്തനങ്ങളുടെ ഉപാധിയായി.

14.9.96 മുതൽ 29.9.96 വരെയുള്ള അവധി ദിവസങ്ങളിലാണ് വിശേഷാൽ ഗ്രാമസഭകൾ ചേർന്നത്. 1540 അംഗങ്ങളാണ് മൊത്തം ഗ്രാമസഭയിൽ പങ്കെടുത്തത്. ഉപതെരഞ്ഞെടുപ്പ് കാരണം ജനങ്ങളുനടെ പങ്കാളിത്തം പ്രതീക്ഷക്കൊത്ത് ഉയർന്നില്ല. ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്തത് ആറാം വാർഡ് ഗ്രാമസഭയിലാണ്. ഏറ്റവും കൂടുതൽ സ്ത്രീകൾ പങ്കെടുത്തതു രണ്ടാം വാർഡിലായിരുന്നു. ഗ്രാമസഭകളുടെ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലാ പഞ്ചായത്മെമ്പർ. പി. കല്ല്യാണി ടീച്ചർ ബ്ലോക്ക് പ്രസിഡണ്ട് എം. ഓമനടീച്ചർ ബ്ലോക്ക് വൈസ് പ്രസിഡണ്ട് എം. ഗോവി എന്നിവർ പങ്കെടുത്തു. ഗ്രാമസഭകളിൽ വ്യക്തിഗത പ്രശ്നങ്ങളും ഓരോ പ്രദേശത്തിൻെറ വികസനത്തിനും പഞ്ചായത്തിൻെറ പൊതുവായ വിവകസനത്തിനും രാജ്യത്തിൻെറ വികസനത്തിനും ആവശ്യമുള്ള നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും പോരായ്മകളും ചൂണ്ടികാണിച്ചു. ഗ്രമസഭകളിൽ പ്രധാനമായും നാല് ഗ്രൂപ്പുകളായിട്ടാണ് 12 വിഷയങ്ങൾചർച്ച ചെയ്തത്. എല്ലാ ഗ്രാമസഭകളിലും പ്രധാനമായി ഉയർന്നുവന്ന പ്രശ്നം റോഡുകളുടെയും കുടിവെള്ളത്തിൻേറയും കൃഷയുടെയും ഇന്നത്തെ അവസ്ഥയെകുറിച്ചാണ്. പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗങ്ങളും ചർച്ചയിൽ ഉയന്നുവന്നു. ഗ്രാമസഭകൾക്ക് മുന്നോടിയായി നടക്കേണ്ടിയിരുന്ന ജനാധികാര കലാജാഥ, തലശ്ശേരി ഉപതെരഞ്ഞെടുപ്പ് കാരണം പഞ്ചായത്തിലെ രണ്ടുകേന്ദ്രങ്ങളിൽ 22. 10. 96 ന്നാണര നടന്നത്.

ഒക്ടോബർ 31 ന് പുനരർപ്പണ ദിനത്തിൻെറ മുന്നോടിയായി പഞ്ചായത്തിൽ എല്ലാ തെരുവുകളിലെ വികസനദീപം തെളിയിച്ചു.പുനരർപ്പണദിനമായ നവമ്പർ 1 ന് മൂന്നുപ്രദേശത്തായി വികസന പ്രവർത്തനത്തിന്ന് തുടക്കം കുറിച്ചു. മനുഷ്യാധ്വനം പൂർണ്ണമായി ഉപയോഗപ്പെടുത്തി വികസന പ്രവർത്തനം വിജയിപ്പിക്കുവാൻ സാധിക്കമെന്നുള്ളതിന് ഉത്തമദൃഷ്ടാന്തമാണ് പഞ്ചായത്തിൽ നടന്ന പ്രവർത്തനം.

രണ്ടാംഘട്ട പരിശീലനം നവമ്പർ 2 ന് സൗത്ത് വയലളം .യു. പി. സ്കൂളിൽ നടന്നു. 60 പേരുടെ പങ്കാളിത്തം ഉണ്ടായി. 4.11.96 ന് 29 പേർ മൂന്ന് സ്കധാഡുകളായി തലങ്ങും വിലങ്ങും നടന്ന് പഞ്ചായത്തിൻെറ ഭൂപ്രകൃതി മനസ്സിലാക്കാനും നിരവധി വസ്തുതകൾ ശേഖരിക്കാനും സാധിച്ചു.

പഞ്ചായത്തിൻെറ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ലഭിച്ചുട്ടുള്ള വിവരങ്ങൾ ഗ്രാമസഭകളിലുള്ള ചർച്ചയുടേയും ദ്വിതീയ വിവര ശേഖരണത്തിൻേറയും പഠന പര്യടനത്തിൻേറയും അടിസ്ഥാനത്തിൽ മാത്രമാണ്. ഒമ്പതാം പദ്ധതിയുടെ അടിസ്ഥാന രേഖ എന്ന നിലയിൽ ഈ റിപ്പോർട്ട് സമഗ്ര ചർച്ചക്കായി സമർപ്പിക്കുന്നു.



# ചരിത്രം

തലശ്ശേരി മുനിസിപ്പാലിറ്റിക്കും പോണ്ടിച്ചേരി സംസ്ഥാനത്തിൽപ്പെട്ട പള്ളൂർ, പന്തക്കൽ, പ്രദേശത്തിനും ഇടയിൽ വടക്കെ അതിരായ കുണ്ടുചിറപ്പുഴ മുതൽ തെക്ക് ന്യൂമാഹി പഞ്ചായത് വരെ നീണ്ടുകിടക്കുന്ന ഒരു പഞ്ചായത്താണ് കോടിയേരി. തെക്ക് പടിഞ്ഞാറ് ഭാഗം അറബിക്കടലുമായി തൊട്ടുരുമ്മി കിടക്കുന്നു. അതിൻെറ പരിസരത്തിലൂടെ നേഷണൽ ഹൈവേയും റെയിൽപാതയും കടന്നുപോകുന്നു. തലശ്ശേരി -മയ്യഴി നഗരങ്ങളുടെ സാമീപ്യം പല അർത്ഥത്തിലും ഈ കൊച്ചുഗ്രാമത്തെ സമ്പുഷ്ടമാക്കിയിട്ടുണ്ട്.

കോടിയേരി' എന്ന സ്ഥലനാമത്തിൻെറ ഉത്ഭവത്തെ സംബന്ധിച്ച് വ്യക്തവും കൃത്യവുമായ അറിവുകളൊന്നുമില്ല. ഗ്രാമങ്ങളെ' ചേരി' എന്ന വ്യവഹരിച്ചിരുന്ന കാലഘട്ടത്തിൽ പുതുതായി രൂപം കൊണ്ട ഗ്രാമം എന്നർത്ഥമാക്കുന്ന 'കോടിചേരി' എന്ന് നാമം ' കോടിയേരി' ആയി രൂപാന്തരപ്പെട്ടതാവാം എന്നതാണ് ചിലരുടെ അഭിപ്രായം. കോടിയേരിയിലെ കല്ലിൽത്താഴെ പ്രദേശത്ത് ഇല്ലത്തുപറമ്പിൽ കോടിഹരിക്ഷേത്രം ഉണ്ടായിരുന്നുവെന്നും ക്ഷേത്രനാമം പരിണമിച്ച് കോടിയേരി എന്ന ദേശനാമമായതാണെന്നും മറ്റു ചിലർ വിശ്വസിക്കുന്നു. എന്നോ നശിച്ചു മണ്ണടിഞ്ഞുപോയ ആ ക്ഷേത്രത്തിൻെറ അവശിഷ്ടങ്ങളൊന്നും ഇന്നവിടെ കാണാനുമില്ല. ധ്വജോപരിദേശം' എന്ന് കോടിയേരിയെപ്പറ്റി ഏതോ സംസ്കൃതഗ്രന്ഥത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ടെന്ന് ചിലർ സൂചിപ്പിക്കുന്നു.

കോടിയേരി മറ്റുപ്രദേശങ്ങളഇൽ നിന്ന് ഒറ്റപ്പെട്ടുകിടക്കുന്ന ഒരു ദേശമല്ലാത്തതുകൊണ്ടുതന്നെ തലശ്ശേരിയുടെയും സമീപഗ്രാമങ്ങളുടെയും ചരിത്രത്തിൻെറ ഭാഗമാണ് കോടിയേരിയുടെ പുരാതന ഭൂതകാലവും ഗ്രാമങ്ങളുടെ, ചേരികളുടെ ആസ്ഥാനം എന്ന നിലയിൽ തലച്ചേരി പരിണമിച്ചതായിരിക്കുമല്ലോ. തലശ്ശേരി രൂപപ്പെട്ടിരിക്കുക. തലശ്ശേരി ആസ്ഥാനമായിരുന്ന ചരിത്രകാലത്തെ അനേകം ജനപദങ്ങളിൽ ഒന്നായിരുന്നു കോടിയേരി. സംഘകാലകൃതികളിൽ ദേശത്തെ ഭൂപ്രകൃതിയെ ആധാരമാക്കി കുറിഞ്ഞി, പാലൈ, മുല്ലൈ, മരുതം, നെയ്തൽ എന്നിങ്ങനെ ഐന്തിണങ്ങളായി വിഭജിച്ചുവിവരിച്ചതിൽ മുല്ലൈ, മരുതം എന്നീ വിഭാഗങ്ങളിൽപെടുന്ന ഭൂപ്രകൃതിയായിരുന്ന കോടിയേരിയുടേത്. സംഘകാല സങ്കല്പനമനുസരിച്ച് ഇടയർ, കർഷകർ എന്നിവരായിരുന്നു യഥാക്രമം ഇത്തരം ഭൂഭാഗങ്ങളിൽ നിവസിച്ചിരുന്നത് ഇന്നും കന്നുകാലിവളർത്തലിനും കൃഷിക്കും അനുയോജ്യമാണ് കോടിയേരിയിലെ ഭൂപ്രകൃതിയും കാലാവസ്ഥയും.

മനുഷ്യഗോത്രപരമായി പരിശോധിച്ചാൽ ആര്യ-ദ്രാവിഡ ഗോത്രങ്ങളുടെ സങ്കരത്തിലൂടെ ജന്മമെടുത്ത മനുഷ്യവംശത്തിൻെറ പിൻതുടർച്ചക്കാരാണ് കോടിയേരിയിലെ ജനങ്ങൾ. കേരളത്തിലെ ആദിമനിവാസികളെന്ന് വിശ്വസിക്കപ്പെടുന്ന പ്രോട്ടോ-ആസ്ട്രലോയിഡ് ഗോത്രത്തിൽപെടുന്ന ജനവിഭാഗങ്ങളെ ഇവിടെ കാണാൻ കഴിയില്ല. ക്രിസ്തു വർഷാരംഭത്തിന് മുമ്പു തന്നെ വൈദിക ബ്രാഹ്മണ മതവും ബൗദ്ധ- ജൈന മതങ്ങളും കേരളത്തിലേക്ക് കടന്നുവരികയും ആര്യ-ദ്രാവിഡസങ്കരത്തിന് വഴിയൊരുക്കുകയുമാണല്ലോ ഉണ്ടായത്. ചരിത്രാതീത കാലത്ത് നടന്ന ഈ പരിവർത്തന പ്രക്രിയയിലൂടെ നമ്മുടെ നാടും കടന്നുപോയ.ിരിക്കണം. നമ്മുടെ അടുത്ത പ്രദേശമായ ധർമ്മടം ബുദ്ധമതകേന്ദ്രമായിരുന്നു എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. അപ്രകാരം ബൗദ്ധ- ജൈന സമ്പർക്കം ഈ പ്രദേശത്തുണ്ടായിരുന്നതിന് ചരിത്രാവശിഷ്ടങ്ങളൊന്നും സാക്ഷ്യം വഹിക്കുന്നില്ലെങ്കിലും അവയുടെ സ്വാധീനം ഉണ്ടായിരുന്നില്ലെന്ന് തീർത്തു പറയാനും കഴിയില്ല. കാരണം ബുദ്ധ മതക്കാരാണ് തെങ്ങുകൃഷിയും നാട്ടു വൈദ്യവും കേരളത്തിൽ പ്രചരിപ്പിച്ചതെന്നും ബുദ്ധമത സ്വാധീനത്തിന് വിധേയരായവരാണ് പിൽക്കാലത്ത് ഈഴവ-തീയ്യ സമുദായം എന്നറിയപ്പെട്ടതെന്നും അഭിപ്രായപ്പെടുന്ന ചരിത്രകാരന്മാരെ പിന്തുടർന്നാൽ തീയരും തെങ്ങുകൃഷിയും

സാർവ്വത്രികമായ ഈ പ്രദേശത്ത് ബുദ്ധ മതസ്വാധീനം ഉണ്ടായിരുന്നു എന്നു തന്നെ വേണം അനുമാനിക്കാൻ. വൈദിക ബ്രാഹ്മണഗൃഹങ്ങൾ അനേകം ഈ പ്രദേശത്തുണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്. തൃക്കൈക്കൽ ശിവക്ഷേത്ര പരിസരത്തും ഈങ്ങയിൽപീടിക വയലിന് പടിഞ്ഞാറുഭാഗം മുതൽ വയലളം വരെയുള്ള പ്രദേശത്തും ബ്രാഹ്മണർ കൂട്ടമായി താമസിച്ചിരുന്നു. മൈസൂരാക്രമണകാലത്ത് ഇവർ മറ്റുസ്ഥലങ്ങളിലേക്ക് പാലായനം ചെയ്തതാവണം.

ടിപ്പുസുൽത്താൻെറ പടയോട്ടത്തിനും ഇംഗ്ലീഷ് ഫ്രഞ്ച് അധിനിവേശവാഴ്ചക്കും നേരിട്ട് സാക്ഷ്യം വഹിച്ച പ്രദേശമാണ് കോടിയേരി. ടിപ്പുവിൻെറ ആക്രമണം നമ്മുടെ പരമ്പരാഗതമായ സാമൂഹ്യ ജീവിതത്തെ പിടിച്ചു കുലുക്കി. തലശ്ശേരിയും മാഹിയും താവളമാക്കിയ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഒരു പുതിയ ജീവിതക്രമത്തെ ഇവിടേക്ക് സംക്രമിപ്പിച്ചു.

ഇവിടുത്തെ സാമൂഹ്യജിവിതത്തിൻെറ മേൽത്തട്ടിൽ നായർ സമുദായമായിരുന്നു. കൃഷിയുടെ മേൽനോട്ടവും കന്നുകാലിവളർത്തലുമായിരുന്നു ഇവരുടെ മുഖ്യ തൊഴിൽ. നാടുവാഴികളുടെ സ്ഥാനം അലങ്കരിച്ചിരുന്ന ചില നായർ പ്രമാണികളും ഇവിടെ ഉണ്ടായിരുന്നു. ഭൂവുടമകളിൽ ഇവരെക്കാൾ കൂടുതലും മുസ്ലീം കേയിമാരായിരുന്നു. എന്നുള്ളത് സവിശേഷം ശ്രദ്ധിക്കേണ്ടതാണ്. ജനസംഖ്യാപരമായി തിയ്യ സമുദായത്തിനായിരുന്നു പ്രാബല്യം. കൃഷിപ്പണിയും കള്ളുചെത്തുമായിരുന്നു കുലത്തൊഴിൽ. നെയ്ത്ത് വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരുന്ന കാരാൽത്തെരു- പാറാൽത്തെരു പ്രദേശങ്ങളിൽ ശാലിയ സമുദായക്കാർ കൂട്ടമായി ജീവിച്ചുപോന്നു. ഉത്തമ പൂജ പതിവായിരുന്ന ഗണപതി ക്ഷേത്രങ്ങൾ രണ്ടുതെരുവുകളിലും ഉണ്ടായിരുന്നു എന്നുള്ളതും ശ്രദ്ധേയമായ കാര്യമാണ്. നാളികേര സംസ്കരണവും എണ്ണയാട്ടും കുലത്തൊഴിലാക്കിയിരുന്ന വാണിയ സമുദായക്കാർ ഈ പ്രദേശത്തിൻെറ എല്ലാ ഭാഗത്തും അധിവസിച്ചിരുന്നു. മരപ്പണി, സ്വർണ്ണപ്പണി, കൊല്ലപ്പണി എന്നിവ ചെയ്തിരുന്ന വിശ്വകർമ്മസമുദായക്കാരും, വണ്ണാൻ, വണ്ണത്താൻ, വെളുത്തേടത്ത് നായർ, കാവുതീയൻ, കുശവൻ, എന്നിവരും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ താമസിച്ചിരുന്നു. പട്ടികജാതിക്കാരുടെ എണ്ണം താരതമ്യേന കുറവായിരുന്നു. ഇസ്ലാംമത വിശ്വാസികൾ ആദ്യകാലം മുതലേ നമ്മുടെ പഞ്ചായത്തിൽ കണ്യമായൊരു വിഭാഗമായിരുന്നു. മീത്തൽ പള്ളി എന്നറിയപ്പെടുന്ന പുന്നോൽ ജുമാമസ്ജിദ് 400 കൊല്ലം പഴക്കമുള്ളതാണ്. അറേബ്യയിൽ നിന്നു വന്ന മുഹമ്മദ് മൗലാന ആണത്രെ ഈ പള്ളി സ്ഥാപിച്ചത്. മതഭേദമില്ലാതെ ജനങ്ങൾ പരസ്പരം സ്നേഹിച്ചും വിശ്വസിച്ചും ഇവിടെ ജീവിച്ചുപോന്നു.

കൃഷിയായിരുന്നു ഈ പ്രദേശത്തെ ഉല്പാദന വ്യവസ്ഥയുടെ അടിത്തറ. തെങ്ങുകൃഷിയായിരുന്നു മുഖ്യം. നെൽകൃഷി ഈ പ്രദേശത്തിൻെറ ആവശ്യം നിറവേറ്റാൻ അന്നും പര്യാപ്തമായിരുന്നില്ല. വാഴ, മരച്ചീനി, കവുങ്ങ്, കുരുമുളക് എന്നിവയും മാവ്, പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങളും പച്ചക്കറിയും കൃഷിചെയ്തിരുന്നു. പരമ്പരാഗതമായ വ്യവസായസംരംഭങ്ങളിലും കൈത്തൊഴിലുകളിലും ആൾക്കാർ ഏർപ്പെട്ടിരുന്നു.

ക്ഷേത്രങ്ങളിലും കാവുകളിലും ഉണ്ടായിരുന്ന നാട്ടുകൂട്ടങ്ങളായിരുന്നു തർക്കപ്രശ്നങ്ങൾ പറഞ്ഞുതീർക്കുകയും കുറ്റവാളികളെ ശിക്ഷിക്കുകയും ചെയ്തുവന്നിരുന്നത്. തൃക്കയിക്കൽ ശിവക്ഷേത്രത്തിനടുത്ത കാരാൽ പറമ്പിൽ കുറ്റവാളികളെ ശിക്ഷിച്ചുവന്നിരുന്ന പഴയ കിണറിൻെറ അവശിഷ്ടം ഇന്നും കാണാം.മൂഴിക്കര കുന്നത്ത് തറവാട്ടിലും ഇതേപേലെയുള്ള ശിക്ഷാസങ്കേതങ്ങൾ ഉണ്ടായിരുന്നുവത്രെ.

ജാതിവ്യവസ്ഥ ഈ നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങൾ വരെ രൂക്ഷമായ ഉച്ചനീചത്വങ്ങൾക്ക് വഴി വെച്ചിരുന്നു. തൊട്ടുകൂടായ്മ, അയിത്തം തുടങ്ങിയ അനാചാരങ്ങൾ ഇവിടെയും നിലനിന്നിരുന്നു. നവോത്ഥാനപ്രസ്ഥാനവും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനവും പ്രവർത്തനമാരംഭിച്ചതോടെ ഈ അവസ്ഥയിൽ മാറ്റം വരുവാൻ തുടങ്ങി. ബ്രിട്ടീഷ് ഭരണകാലത്ത് വ്യവസായങ്ങൾ സ്ഥാപിക്കപ്പെടുകയും റെയിൽവെ വരികയും ഗതാഗത സൗകര്യം നാടുനീളെ വർദ്ധിച്ചുവരികയും തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപപ്പെടുകയും ചെയ്തതോടെ ജാതിവ്യവസ്ഥയുടെഅടിത്തറ തകർന്നു. സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ സാമുദായികമായ അനീതികളും അസ്പൃശ്യതയും ഈപ്രദേശത്ത് അപ്രത്യക്ഷമാവാൻ തുടങ്ങി.

പത്തൊമ്പതാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഈപഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിതമായി. അതുവരെയുണ്ടായിരുന്ന കുടിപ്പള്ളിക്കൂടങ്ങളുടെ വികസിത രൂപമെന്ന നിലക്കാണ് സ്കൂളുകൾ നിലവിൽ വന്നത്. 19ാം നൂറ്റാണ്ടിൻെറ അവസാനത്തിലും 20 ാം നൂറ്റാണ്ടിൻെറ പൂർവ്വാർദ്ധത്തിലുമായി സ്ഥാപിതമായ ഈ വിദ്യാലയങ്ങൾ അന്നത്തെ പുതിയ തലമുറയെ വിദ്യാസമ്പന്നരാക്കുകയു ഉദ്യോഗങ്ങളും മറ്റും നേടുന്നതിൽ അവരെ പ്രാപ്തരാക്കുകയും പൊതുവിൽ നാടിൻെറ സാംസ്കാരികാഭിവൃദ്ധിക്ക് അടിത്തറ പാകുകയും ചെയ്തു. ഈ

പാട്ടക്കുടിയാന്മാർ കുടുതലുമായിരുന്നതാവാം മുഖ്യകാരണം, പാട്ടം ഒഴിപ്പിക്കൽ തുടങ്ങി ഒറ്റപ്പെട്ട ചില പ്രശ്നങ്ങളുണ്ടായിരുന്നെങ്കിലും കാർഷികമേഖല സംഘർഷാത്മകമായിരുന്നില്ല. 1952 ൽ മൂഴിക്കരയിലെ കർഷകത്തൊഴിലാളികൾ നടത്തിയ സമരമാണ് ഈ രംഗത്ത് ശ്രദ്ധേയമായ ഒരു സംഭവം. പി. പി.അനന്തൻ ആയിരുന്നു ഈ സമരത്തിൻെറ സംഘാടകൻ.

കർഷകമേഖല പൊതുവിൽ ശാന്തമായിരുന്നെങ്കിലും ട്രേഡ്യൂണിയൻരംഗത്ത് ശക്തമായ പ്രസ്ഥാനവും സമരങ്ങളും കോടിയേരിയിൽ കരുത്താർജ്ജിച്ചു. ബീഡിത്തൊഴിലാളി യൂണിയൻെറ പ്രവർത്തനമായിരുന്നു. ഇതിൽ മുൻപന്തിയിൽ. അവകാശസമരങ്ങൾ മാത്രമല്ല , രാഷ്ട്രീയ സമരങ്ങളിലും തൊഴിലാളികൾ നേതൃത്വപരമായ പങ്കുവഹിച്ചു. 1940 സപ്തം: 15ന് തലശ്ശേരിയിൽ നടന്ന മർദ്ദന പ്രതിഷേധദിനം വിജയിപ്പിക്കുന്നതിലും, കുറ്റ്യാടിമലയിൽ ജന്മിമാർക്കെതിരായ ചെറുത്തുനില്പിലും, മാഹിയിൽ ഫ്രഞ്ച് സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിലുമെല്ലാം കോടിയേരിയിലെ തൊഴിലാളികൾ വഹിച്ച പങ്ക് ചരിത്രത്തിൽ അവിസ്മരണീയമാണ്.

1930 കളിലാണ് ദേശീയ പ്രസ്ഥാനത്തിൻെറയും കോൺഗ്രസിൻെറയും പ്രവർത്തനങ്ങൾ ഈ വില്ലേജിൽ സജീവമാവാൻ തുടങ്ങിയത്. ക്ഷേത്ര പ്രവേശനസമരം, മദ്യവർജ്ജനപ്രവർത്തനം, അയിത്തോച്ചാടന പരിപാടികൾ എന്നിവയെല്ലാം ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായിരുന്നു. 1931 ഏപ്രിൽ 13 നു കോഴിക്കോട്ടുനിന്നും കെ. കേളപ്പൻെറ നേതൃത്വത്തിൽ പയ്യന്നൂരിലേക്കുപോയ കാൽനടജാഥയിൽ കോടിയേരിക്ക് ഏറ്റവും പ്രിയപ്പെട്ടവനായ മൊയാരത്ത് ശങ്കരനും അംഗമായിരുന്നു. പിൽകാലത്ത് രാഷ്ട്രീയ മണ്ജലത്തിലെ അതികായന്മാരായി വളർന്നുവന്ന സർദാർ ചന്ത്രോത്ത്, സി.എച്ച്. കണാരൻ, എം. പി. ദാമോദരൻ, മൊയാരത്ത് ശങ്കരൻ എന്നിവർ രാഷ്ട്രീയ പ്രവർത്തനത്തിൻെറ ആദ്യചുവടുകൾ വെച്ചത് കോടിയേരിയിലെ മണ്ണിലായിരുന്നു.

30 കളുടെ പകുതിയിൽ തന്നെ ഇടതുപക്ഷ പ്രസ്ഥാനം ഇവിടെ ശക്തിയാർജ്ജിക്കാൻ തുടങ്ങി. ശ്രീനാരായണ പ്രസ്ഥാനവും ദേശീയ മുന്നേററവും ഉഴുതുമറിച്ച് പാകപ്പെടുത്തിയ മണ്ണിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന് തഴച്ചു വളരുക എളുപ്പമായിരുന്നു. ഇവിടെ രൂപം കൊണ്ട കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി 1939 ൽ ഒന്നടങ്കം കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറി.

യുക്തിവാദി പ്രസ്ഥാനവും ഇവിടെ സജീവമായിരുന്നു. സർദാർ ചന്ത്രോത്തും സി. എച്ച്. കണാരനുമായിരുന്നു അതിൻെറ പ്രധാനവക്താക്കൾ. 1934 ആഗസ്ററിൽ ഓണിയൻ സ്കൂളിൽവച്ച് ശ്രീ. കെ. ടി. ചന്തുനമ്പ്യാരുടെയും ശ്രീ. വി. കെ. കോരുമാസ്റ്ററുടെയും സംയുക്ത അദ്ധ്യക്ഷതയിൽ നടന്ന '' ദൈവംഉണ്ടോ ഇല്ലയോ'' എന്ന സംവാദത്തിൽ ഒരു ഭാഗത്ത് വാഗ്ഭടാനന്ദനും മറുഭാഗത്ത് സർദാറും തമ്മിൽ രൂക്ഷമായ വാദപ്രതിവാദമാണ് നടന്നത്.സവർണ്ണയാഥാസ്ഥിതികരുടെ വിലക്കുകൾ ലംഘിച്ചുകൊണ്ട് തിരുവങ്ങാട് ശ്രീരാമസ്വാമിക്ഷേത്രത്തിൽ സി. എച്ച്. കണാരൻെറയും എൻ. ഇ. ബാലറാമിൻെറയും നേതൃത്വത്തിൽ അവർണ്ണ ജനത പ്രവേശനം നടത്തി.

ഇടതുപക്ഷ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ഇവിടുത്തെ ബീഡിത്തൊഴിലാളകൾ വഹിച്ച പങ്ക് നിസ്തുലമാണ്. ഇവിടുത്തെ സാമൂഹ്യജീവിതത്തിൽ ഒരു സംഘടിതശക്തിയെന്ന നിലയിൽ അവർ വഹിച്ച പങ്ക് വളരെ നിർണ്ണായകമായിരുന്നു.

നവോത്ഥാനപ്രസ്ഥാനത്തിൻെറയും ദേശീയ ഇടതുപക്ഷ പ്രസ്ഥാനത്തിൻെറയും ഭാഗമായാണ് ഒട്ടേറെ ഗ്രന്ഥാലയങ്ങളും വായനശാലകളും ഇവിടെ സ്ഥാപിതമായത്. സാംസ്കാരിക- വൈജ്ഞാനിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രങ്ങളായിരുന്നു ഈ സ്ഥാപനങ്ങൾ.

കോടിയേരിയിൽ രാഷ്ട്രീയമുന്നേറ്റത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖനായിരുന്നു സർദാർ ചന്ത്രോത്ത് കുഞ്ഞിരാമൻ നായർ, ഒരു ഘട്ടത്തിൽ മഹാനായ എ. കെ. ജി. പോലും സമശീർഷനായി കരുതിയ യോദ്ധാവായിരുന്നു. ആയിരക്കണക്കിന് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി വളണ്ടറിയൻമാരെ പരിശീലിപ്പിച്ചെടുക്കുന്നതിന് മുൻകൈ എടുത്ത സർദാർ തന്നെയായിരുന്നു. എ. കെ. ജി.യുടെ നേതൃത്വത്തിൽ നടന്ന പട്ടിണിജാഥയുടെ ക്യാപ്റ്റനും '48 കാലത്തെ കടുത്ത മർദ്ദനവും ജയിൽവാസവും അദ്ദേഹത്തെ ക്ഷയരോഗ ബാധിതനാക്കി. നിത്യരോഗിയായി മാറിയ അദ്ദേഹം ഒടുവിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോട് വിടപറയുകയും ചെയ്തു.

യുക്തിവാദി പ്രസ്ഥാനം, നവോത്ഥാനപ്രസ്ഥാനം, ദേശീയ പ്രസ്ഥാനം എന്നിവയിലൂടെ ഇടതുപക്ഷപ്രസ്ഥാനത്തിലേക്ക് കടന്നുവന്ന ശ്രീ. സി. എച്ച്. കണാരൻ മികച്ച സംഘാടകനായിരുന്നു. 1952ൽ തലശ്ശേരിയിൽനിന്ന് മദ്രാസ് അസംബ്ലിയിലേക്കും 57 ൽ നാദാപുരത്തുനിന്ന് കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ദീർഘകാലം സി.പി. ഐ. ( എം) ൻെറ സംസ്ഥാന സെക്രട്ടറിയുമായിരുന്നു.

വ്യക്തി സത്യാഗ്രഹത്തിലൂടെ ദേശീയ പ്രസ്ഥാനത്തിലേക്ക് ആഗതനായ ശ്രീ. എം. പി. ദാമോദരൻ 1936 ലും 1946 ലും തലശ്ശേരിയിൽ നിന്ന് മദ്രാസ് അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും പിന്നീട് അണ്ണാമല യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി സേവനമനുഷ്ഠിക്കുകയും ചെയ്തു.

ആന്ധ്രപ്രദേശിൽ നിന്ന് രാജ്യസഭാംഗമായി തെരഞ്ഞെടുക്കുകയും പാർലമെൻറിൽ മികച്ച വാഗ്മിയായ് പ്രശോഭിക്കുകയും ചെയ്ത ശ്രീ. പി. കെ. കുമാരൻെറ സ്വദേശം കോടിയേരിയായിരുന്നു.

കോടിയേരി സ്വദേശികളായ ശ്രീ. എം. വി. രാജഗോപാലൻ, ശ്രീ. കേടിയേരി ബാലകൃഷ്ണൻ എന്നിവർ ഒന്നിലധികം തവണ തലശ്ശേരി മണ്ഡലത്തെ കേരള നിയമസഭയിൽ പ്രതിനിധീകരിച്ചവരാണ്.

ഈ വില്ലേജിൽ ദേശീയ പ്രസ്ഥാനവും ഇടതുപക്ഷപ്രസ്ഥാനവും സംഘടിപ്പിക്കുന്നതിൽ പ്രമുഖമായ പങ്കുവഹിച്ചവരിൽ പ്രാത: സ്മരണീയനായ ശ്രീ. വി. കെ. കുഞ്ഞിരാമൻ മാസ്റ്റർ വയലളം സ്വദേശിയായിരുന്നു. മാഹി വിമോചന സമരത്തിൽ ഫ്രഞ്ച് സാമ്രാജ്യത്വത്തിൻെറ വെടിയുണ്ടയേറ്റ് ചെറുകല്ലായി വെച്ച് രക്തസാക്ഷികത്വം വരിച്ച പി. പി. അനന്തൻെറ നാമധേയം എക്കാലവും സ്മരിക്കേണ്ടതാണ്.

തൊഴിലാളികളെ സംഘടിപ്പിച്ച് അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകുകയും ട്രേഡ് യൂനിയൻ പ്രസ്ഥാനത്തിൻെറ അമരക്കാരായി പ്രവർത്തിക്കുകയും ചെയ്ത സർവ്വശ്രീ. ടി. യു. രാമുണ്ണി. പി. വി. കുട്ടി, കുയ്യാലി കൃഷ്ണൻ, എന്നിവരേയും സ്മരിക്കേണ്ടിയിരിക്കുന്നു. ശ്രീ. എം. എം. നാണുനമ്പ്യാരും, ശ്രീ.കെ. പി. കെ. കൃഷ്ണൻ മാസ്റ്ററും അദ്ധ്യാപക പ്രസ്ഥാനത്തിൻെറ സമുന്നത നേതാക്കളായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രവർത്തകനും വളണ്ടിയർ ക്യാപ്റ്റനുമായിരുന്ന ശ്രീ. ആണ്ടി നാരായണൻ മാസറ്ററുടെ പേരും വിസ്മരിക്കാൻ കഴിയില്ല.

കോൺഗ്രസ് നേതാക്കളും സ്വാതന്ത്ര്യസമരസേനാനികളുമായിരുന്ന ശ്രീ. സി. എച്ച്. കെ. നമ്പ്യാർ, വടേര ഗോപാലൻ, ബാപ്പൂട്ടി ഡ്രൈവർ തുടങ്ങിയവർ ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്ത് ജയിൽ വാസം അനുഭവിച്ചവരാണ്.

1956ൽ കേരള സംസ്ഥാനം പിറവിയെടുക്കുന്നതിന് മുമ്പ് മദ്രാസ് പ്രവിശ്യയിൽ ഉൾപ്പെട്ട മലബാർ ജില്ലയിലെ കോട്ടയം താലൂക്കിൻെര ഭാഗമായിരുന്നു കോടിയേരി.

പഞ്ചായത്ത് ബോർഡ് നിലവിൽ വരുന്നതിനുമുമ്പെ ബ്രിട്ടീഷ് ഭരണകാലത്ത് റവന്യൂവില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്ത് കോടതികൾ പ്രവർത്തിച്ചിരുന്നു. അതിലേക്കുള്ള മെമ്പർമാരെ ജനങ്ങൾ കൈപൊക്കിയാണ് തെരെഞ്ഞെടുത്തിരുന്നത്. പെറ്റികേസുകൾപലതും ഈ കോടതി കൈകാര്യം ചെയ്തിരുന്നു. പിന്നീട് പഞ്ചായത്ത് ബോർഡ് നിലവിൽ വന്നതിന് ശേഷം കുറച്ചുകാലം കൂടി പഞ്ചായത്ത് കോടതികൾ പ്രവർത്തിച്ചിരുന്നു. മദ്രാസ് പഞ്ചായത്ത് ആക്ടിൻെറ അടിസ്ഥാനത്തിലാണ് ഇവിടെ ആദ്യം പഞ്ചായത്ത് ബോർഡ് നിലവിൽ വന്നത്.

1949 ൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യ പഞ്ചായത്ത് ബോർഡിൻെറ പ്രസിഡണ്ട് 'ബേങ്കർ ' എന്നറിയപ്പെട്ടിരുന്ന ശ്രീ വേലാണ്ടി കുഞ്ഞിരാമൻ ആയിരുന്നു. പ്രായപൂർത്തി വോട്ടവകാശവും ബാലറ്റും ഒന്നും നിലവിൽ വന്നിട്ടില്ലാത്തതിനാൽ കൈപൊക്കി രേഖപ്പെടുത്തുന്ന തീതിയിലൂടെയാണ് അന്ന് പഞ്ചായത്ത് ബോർഡ് തെരഞ്ഞെടുക്കപ്പെട്ടത്. പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നതിൽ പിന്നെ 1952 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ഓണിയൻ കുഞ്ഞിരാമൻമാസ്റ്റർ പ്രസിഡണ്ടായി.

കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം 1963 ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. പി. വി. കുട്ടി പ്രസിഡണ്ടും എം. എം. നാണുനമ്പ്യാർ വൈ: പ്രസിഡണ്ടും ആയുള്ള ബോർഡ് നിലവിൽ വന്നു. 1980 സപ്തംബർ മാസം വരെ ഈ ബോർഡ് നിലനിന്നു. 1980 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എൻ രാഘവൻ പ്രസിഡണ്ടും വി. ഗോവിന്ദൻ നായർ വൈ. പ്രസിഡണ്ടുമായ ബോർഡാണ് നിലവിൽ വന്നത്. ഈ ഭരണസമിതി 5 വർഷം കാലാവധി പൂർത്തിയാക്കയതിനുശേഷം പിരിച്ചുവിടപ്പെടുകയും ഉദ്യോഗസ്ഥഭരണം ഏർപ്പെടുത്തുകയും ചെയ്തു. 1988 ൽ വീണ്ടും എൻ. രാഘവൻ പ്രസിഡണ്ടും വി. ഗോവിന്ദൻ നായർ വൈ. പ്രസിഡണ്ടുമായുള്ള ബോർഡ് നിലവിൽ വന്നെങ്കിലും കോടിയേരി പഞ്ചായത്തിനെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ലയിപ്പിച്ചതിനെ തുടർന്ന് 1990 ൽ ഭരണ സമിതി ഇല്ലാതായി. 1993 ൽ കോടിയേരി പ്രദേശത്തെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്ന് വേർപെടുത്തി വീണ്ടും പഞ്ചായത്ത് രൂപീകൃതമായി. 1995 ൽ പഞ്ചായത്ത് രാജ് നിലവിൽ വന്നതിനുശേഷം ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എം. പുരുഷോത്തമൻ പ്രസിഡണ്ടും നബീസ ടീച്ചർ വൈ. പ്രസിഡണ്ടുമായുള്ള പഞ്ചായത്ത് ബോർഡ് അധികാരത്തിൽ വന്നു.

വിദ്യാലയങ്ങളിൽ പലതിൻെറയും അധിപന്മാർ അവർണ്ണ വിഭാഗത്തിൽപെടുന്നവരായിരുന്നിട്ടുകൂടി സവർണ്ണാവർണ്ണ ഭേദമില്ലാതെ സകലവിദ്യർത്ഥികളും അവരുടെ കീഴിൽ വിദ്യ അഭ്യസിക്കുകയും ഗുരുനാഥന്മാരായി അവരെ ആദരിക്കുകയും ചെയ്തിരുന്നു. സ്കൂളിലാകട്ടെ വിദ്യാർത്ഥികൾക്കിടയിൽ ജാതിവ്യത്യാസം സംബന്ധിച്ച ചിന്തകളൊന്നും നിലനിന്നിരുന്നുമില്ല.

കോടിയേരിയിലെ സാമൂഹ്യജീവിതം ദൈനം ദിനം തലശ്ശേരിയുമായി ബന്ധപ്പെട്ടതായിരുന്നു. തലശ്ശേരിയുടെ വികാസത്തിനും വളർച്ചക്കും അനുബന്ധമായി കോടിയേരിയിലും മാറ്റത്തിൻെറ അലയടി അനുഭവപ്പെട്ടുതുടങ്ങി. ബ്രിട്ടീഷ് രാജ്ഞിയുടെ 1858- ലെ വിളംബരത്തെ തുടർന്ന തലശ്ശേരി നേരിട്ട് ബ്രിട്ടീഷ് ഭരണത്തിൽ കീഴിലായി. ഇതിനെതുടർന്നുള്ള കാലത്താണ് തലശ്ശേലിയുടെ സാമ്പത്തിക സാമൂഹിക വളർച്ച ദ്രുതഗതിയിലാവുന്നത്. തലശേശ്റി ഒരു ഭരണ കേന്ദ്രമായി മാറി. കുറുമ്പ്രനാടുമുതൽ മംഗലാപുരവരെയുള്ള റവന്യൂ ഡിവിഷൻെറ ആസ്ഥാനമായിരുന്നു തലശ്ശേരി. നീതിന്യായ കോടതിയും തലശ്ശേരിയിൽ പ്രവർത്തനമാരംഭിച്ചു. തലശ്ശേരിയിൽ സ്ഥാപിതമായ ഇംഗ്ലീഷ് വിദ്യാലയങ്ങളും ബ്രണ്ണൻകോളേജും ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറ പാകി. ഈസ്റ്റന്ത്യാ കമ്പനിയുടെയും നാട്ടുവർത്തക പ്രമാണിമാരുടേയും പാണ്ടികശാലകളോടൊപ്പം അനേകം വ്യാപാര സ്ഥാപനങ്ങൾ തലശ്ശേരിയിൽ ഉയന്നുവന്നു. കാപ്പി, കശുവണ്ടി, തുടങ്ങിയ കാർഷികോല്പന്നങ്ങളെ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്ന വ്യവസായശാലകൾ ഇവിടെ സ്ഥാപിതമായി. കൈത്തറി, നെയ്ത്, ബീഡി, തുടങ്ങിയ മേഖലകളിലും വ്യവസായ ശാലകൾ ആരംഭിച്ചുതുടങ്ങി. ആധുനിക മോട്ടോർ വാഹനങ്ങൾ പ്രചാരത്തിൽ വരികയും ഗതാഗത സൌകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. റെയിൽവെ ഈ നൂറ്റാണ്ടിൻെറ ആദ്യദശകത്തിൽ തന്നെ നടപ്പിൽ വന്നു. തലശ്ശേരിയുടെയും പരിസര ഗ്രാമങ്ങളുടെയും സാമ്പത്തിക-സാമൂഹിക - സാംസ്കാരിക ചരിത്രത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ സൃഷ്ടിച്ച സംഭവ പരമ്പരകളായിരുന്ന ഇവയത്രയും.

ചന്തുമേനോൻെറ ' ഇന്ദുലേഖ' പഴയ സാമൂഹ്യ വ്യവസ്ഥയുടെ തകർച്ചയുടെയും ആധുനിക ജീവിതത്തിൻെറ ഉദയത്തിൻെറയും ചിത്രമാണ് വരച്ചു കാട്ടിയത്. ഇന്ത്യൻ നാഷനൽ കോൺഗ്രസ് സ്ഥാപിതമായി രണ്ടുവർഷത്തിനകം പ്രസിദ്ധീകരിക്കപ്പെട്ട ഈ നോവലിൽ ദേശീയസ്വാതന്ത്ര്യം യുക്തിവാദം തുടങ്ങിയ ഒട്ടേറെ ചിന്താധാരകൾസവിസ്തരം പ്രതിപാദിക്കപ്പെടുന്നുണ്ട്. ഇന്ദുലേഖയിലെ പതിനെട്ടാമദ്ധ്യായം യഥാർത്ഥത്തിൽ അന്നത്തെ തലശ്ശേരിയുടെ ധൈഷണിക നിലവാരത്തെയാണ് പ്രതിഫലിക്കുന്നത്.

അരുവിപ്പുറം പ്രതിഷ്ഠയിലൂടെ കേരളത്തിൽ സാമൂഹ്യ വിപ്ലവത്തിന് വിത്തുപാകിയ ശ്രീനാരായണ ഗുരു നൂറ്റാണ്ടിൻെറ ആദ്യത്തിൽ തലശ്ശേരിയിലേക്ക് വരികരയും ജഗന്നാഥ ക്ഷേത്രം സ്ഥാപിക്കുകയും ചെയ്തു. അവർണ്ണ സമുദായങ്ങളുടെ ജീവിതത്തിലും ബോധത്തിലും അന്തസ്സിലും ഒരു പുത്തൻ ഉണർവ് പ്രദാനം ചെയ്ത സംഭവമായിരുന്നു അത്.അവർണ്ണ ജനതയുടെ ഉന്നമനത്തിന് '' വിദ്യ, സംഘടന'' എന്നീ കാര്യങ്ങളായിരുന്നു ഗുരുസ്വാമികൾ ഉപദേശിച്ചത്. ജഗന്നാഥ ക്ഷേത്രം ജാതിമതഭേദമില്ലാതെ സർവ്വമനുഷ്യർക്കും പ്രവേശനമുള്ള ആരാധനാലയമാക്കി ഉയർത്താൻ ശ്രീനാരായണഗുരുവിന് തീയ്യ സമുതായത്തിലെ യാഥാസ്ഥിതികർക്കെതിരായി ധർമ്മ സമരം നടത്തേണ്ടി വന്നു. ഗുരുദേവൻെറ ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്'', '' മതമേതായാലും മനുഷ്യൻ നന്നായാൽ മതി'' തുടങ്ങിയ സന്ദേശങ്ങൾ സവർണ്ണ വിഭാഗത്തിലെ ഉല്പതിഷ്ണുക്കളെപോലും ആകർഷിക്കുകയും അവർക്ക് പോലും അദ്ദേഹം ആരാധ്യനായി മാറുകയും ചെയ്തു. ജഗന്നാഥക്ഷേത്രവും അതിനോടനുബന്ധിച്ച് ഉയർന്നുവന്ന മഠങ്ങളും ഗ്രന്ഥശാലകളും വിദ്യാലയങ്ങളും മറ്റും തലശ്ശേരിയിലെ നവോത്ഥാന പ്രസ്ഥാനത്തിൻെറ പ്രഭവകേന്ദ്രങ്ങളായി കോടിയേരിയടക്കമുള്ള ഗ്രാമങ്ങളിലും നവോത്ഥാനത്തിൻെറ ശംഖ ധ്വനി മുഴങ്ങി.

നവോത്ഥാന പ്രസ്ഥാനത്തെ പിന്തുടർന്ന് ദേശീയ പ്രസ്ഥാനവും തലശ്ശേരിയിൽ ആവിർഭവിച്ചു. വിദ്യാർത്ഥികളും അഭിഭാഷകരും, തൊഴിലാളികളുമെല്ലാം, ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടു. നവോത്ഥാന പ്രസ്ഥാനവും തുടർന്നുവന്ന ദേശീയ മുന്നേറ്റവും ജനങ്ങളുടെ ചിന്തയിലും ജീവിതത്തിലും വലിയ പരിവർത്തനമാണ് ഉണ്ടാക്കിയത്.

ദേശീയ പ്രസ്ഥാനത്തിലെ ഇടതുപക്ഷത്തോട് ആഭിമുഖ്യമുള്ളവരായിരുന്നു.തലശ്ശേരിയിൽ കുടുതലും. ഈ സ്വാധീനം തന്നെയാണ് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെയും പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറയും ശക്തി കേന്ദ്രമാക്കി ഈ പ്രദേശത്തെ മാറ്റിയതും. മലബാറിൻെറ മറ്റുഭാഗങ്ങളിലുണ്ടായതുപോംല രൂക്ഷമായ കർഷക സമരങ്ങൾ കോടിയേരിയിൽ ഉണ്ടായില്ല. ഇവിടത്തെ കാർഷിക വ്യവസ്ഥയിൽ വയൽ വാരം താരതമ്യേന കുറവും

ജനപങ്കാളിത്തത്തോടെയുള്ള വികസനപ്രവർത്തനങ്ങൾക്ക് പഞ്ചായത്തുബോർഡുകൾ ആരംഭം കുറിച്ചു. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള റോഡുകൾ ശ്രമദാനത്തിലൂടെ നിർമ്മിക്കപ്പെട്ടതാണ്. നാമമാത്രമായ പഞ്ചായത്തുഫണ്ടും ശ്രമദാനത്തിലൂടെ സമാഹരിച്ച മനുഷ്യാധ്വാനവും വസ്തുദാനവുമെല്ലാം കൂട്ടിച്ചേർന്നാണ് എല്ലാ വികസനവും ഇവിടെ രൂപപ്പെട്ടത്. പഴയ ഇടവഴികൾക്ക് പകരം ഗതാഗതയോഗ്യമായ റോഡുകൾ പഞ്ചായത്തിലുടനീളം നിർമ്മിക്കപ്പെട്ടു. കർഷകരുടെ സഹായത്തോടെ പഞ്ചായത്ത് ബോർഡിൻെറ ആഭിമുഖ്യത്തിൽ ജലസേചനത്തിന് പ്രയോജനപ്പെടുന്ന 2 തോടുകളും പണിയുകയുണ്ടായി. പൊതുവിൽ തൊഴിലാളി വർഗത്തിന് മുൻകൈ ഉണ്ടായിരുന്ന ഈ പ്രദേശത്തെ രാഷ്ട്രീയ കാലാവസ്ഥ വികസനപ്രവർത്തനങ്ങൾക്ക് തികച്ചും അനുയോജ്യമായിരുന്നു.

വിദ്യുച്ഛക്തിവരുന്നതിനു മുമ്പ് മണ്ണെണ്ണ ഉപയോഗിച്ചിരുന്ന തെരുവുവിളക്കുകൾ പല ഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടിരുന്നു. ഇപ്പോൾ പ്രധാനപ്പെട്ട റോഡുകളിലെല്ലാം ഇലക്ട്രിക് സ്ട്രീറ്റ് ലൈറ്റുകൾ നിലവിൽ വന്നു. മൂഴിക്കര ലക്ഷം വീട് കോളനിയും മമ്പള്ളിക്കുന്ന് ഹൗസിംഗ് കോളനിയും പഞ്ചായത്ത് ബോർഡിൻെറ ആഭിമുഖ്യത്തിൽ രൂപപ്പെട്ടതാണ്.

ജനപങ്കാളിത്തത്തോടെയുള്ള വികസനത്തിന് ഉത്തമമാതൃകയായി നിലകൊള്ളുന്ന കോടിയേരി പ്രാഥമികാരോഗ്യകേന്ദ്രം ശ്രീ. എൻ. രാഘവൻ പ്രസിഡണ്ടായിരുന്ന മുൻപഞ്ചായത്ത് ബോർഡിൻെറ ഏറ്റവും മികച്ച നേട്ടമാണ്. ഹോമിയോ ഡിസ്പെൻസറിയും വെറ്റിനറി ഡിസ്പെൻസറിയും വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെങ്കിലും സ്ഥലസൗകര്യം പഞ്ചായത്ത് ഏർപ്പാടാക്കികൊടുത്തതാണ്. സാമ്പത്തിക പരാധീനതകളും ഭരണപരമായ പരിമിതികളും കൂടുതൽ വികസന നടപടികൾ ഏറ്റെടുക്കുന്നതിന് തടസ്സമായിരുന്നു. പഞ്ചായത്ത് രാജ് വഴി അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണത്തിലൂടെ ജനപങ്കാളിത്തവും ഉറപ്പാകുന്നതോടെ പഞ്ചായത്തിൻെറ വികസന ചരിത്രത്തിൽ ജാജ്ജ്വല്യമാനമായൊരു നൂതനാദ്ധ്യായത്തിന് സമാരംഭമാകുമെന്ന് വിശ്വസിക്കുക. സംഘശക്തിയുടെ കരുത്തും ഒരു നവലോകം സംബന്ധിച്ച സുപ്രതീക്ഷകളുമായി നമുക്ക് ഇരുപത്തൊന്നാം നൂറ്റാണ്ടിനെ വരവേൽക്കാം.

❖❖❖❖

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | കോടിയേരി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | - | കോടിയേരി |
| ബ്ലോക്ക് പഞ്ചായ് | - | തലശ്ശേരി |
| താലൂക്ക് | - | തലശ്ശേരി |
| അസംബ്ലി മണ്ഡലം | - | തലശ്ശേരി |
| വിസ്തീർണ്ണം | - | 8.632 ചതുശ്രകിലോമീറ്റർ |
| അതിരുകൾ | - | കിഴക്ക് പോണ്ടിച്ചേരി സംസ്ഥാനം<br>വടക്ക് കുണ്ടുചിറ<br>പടിഞ്ഞാറ് തലശ്ശേരി മുനിസിപ്പാലിറ്റി<br>തെക്ക് ന്യൂമാഹി പഞ്ചായത്ത് |
| ജനസംഖ്യ: | | 25597 ( 91ലെ സെൻസസ്) |
| പുരുഷൻ | - | 11938 |
| സ്ത്രീകൾ - | - | 136599 |
| ജനസാന്ദ്ര | - | 2965ച.കി.മീ. |
| അക്ഷരാഭ്യാസമുള്ളവർ | - | 21405 ( 83.62%) |
| വാർഡുകൾ | - | 11 |
| പ്രസിഡണ്ടിൻെറ പേര് | - | എം. പുരുഷോത്തമൻ |
| വൈ: പ്രസിഡണ്ടിൻെറ പേര | - | കെ. നബീസ ടീച്ചർ |
| സ്റ്റാൻറിങ്ങ് കമ്മിറ്റി<br>ചെയർമാൻെറ പേര് | - | കെ. പി. രാമദാസൻ |

---

| | |
|---|---|
| അസംബ്ലി | - ഇ. കെ. നായനാർ (കേരളാ മുഖ്യമന്ത്രി) |
| ബ്ലോക്ക് പഞ്ചായത്ത് കോടിയേരി<br>പ്രതിനിധി | - എം. ഓമന ടീച്ചർ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | - പി. കല്ല്യാണി ടീച്ചർ |

ഇവർ വാർഡുകളെ പ്രനിധീകരിക്കുന്നു.

1. കെ. മധു
2. എ. ഷീല ടീച്ചർ
3. കെ.പി. രാമദാസ്
4. കെ. പ്രഭാകരൻ
5. കെ. കെ. ചന്ദ്രി
6. കെ. നബീസ
7. സി. കെ. രാജൻ
8. വി. സതി
9. എം. പുരുഷോത്തമൻ
10. കെ.ചിത്ര
11. കെ. രവിമാസ്റ്റർ

---

# ഭൂപ്രകൃതി

**കിടപ്പ്:** കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ തലശ്ശേരി നഗരത്തിൻെറ പ്രാന്തപ്രദേശത്ത് 8.632 ചതുരശ്രകിലോമീറ്റർ വിസ്തൃതിയിൽ കോടിയേരി പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. കുന്നുകളും താഴ്‌വരകളും ഇടകലർന്ന് കൃഷിക്ക് പ്രാമുഖ്യമുള്ള ഗ്രാമപ്രദേശമാണ് കോടിയേരി. കോടിയേരി വില്ലേജിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. അതിർത്തി: കോടിയേരി പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് തലശ്ശേരി മുനിസിപ്പാലിറ്റിയും കിഴക്ക്ഭാഗത്ത് പോണ്ടിച്ചേരി സംസ്ഥാനത്തിൻെറ ഭാഗമായ മയ്യഴിമുനിസിപ്പാലിറ്റിയും തെക്കു ഭാഗത്ത് ന്യൂമാഹി പഞ്ചായത്തും വടക്കു ഭാഗത്ത് കുണ്ടുചിറയും സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൻെറ തെക്കു പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന പ്രദേശത്തിന് 400 മീറ്ററോളം നീളമുണ്ട്.

**കുന്നുകൾ:** നിമ്നോന്നതമായ ഒരു ഭൂമേഖലയാണ് കോടിയേരിക്കുള്ളത്. കുന്നുകളും അതിറെ ചെരിവുകളും താഴ്‌വരകളും തുടർന്നു കാണപ്പെടുന്ന ലഘു സമതലങ്ങളുമായി കെട്ടു പിണഞ്ഞു കിടക്കുകയാണ് ഈ ഭൂപ്രദേശം. പഞ്ചായ്തിൻെറ തെക്കുഭാഗത്ത് കിഴക്കു പടിഞ്ഞാറായി ഉയർന്നു കിടക്കുന്ന പള്ളിക്കുന്ന്, കരീങ്കുന്നിൻെറ ഒരു ഭാഗം, ഓടക്കായ് കുന്നിൻെറ താഴ്‌വര എന്നിവയും, വടക്കോട്ട് നീങ്ങുമ്പോൾ വെള്ളറാംകാട് (മമ്പള്ളിക്കുന്ന്) അന്തോളി മലയുടെ ഭൂരിഭാഗം, തിരുമലയുടെ കിഴക്കേ ചരിവ് എന്നിവയും കോടിയേരിയിൽ ഉൾപ്പെടുന്നു.

**തോടുകൾ**

മീത്തലെ കോടിയേരി വയലിൽ നിന്ന് തുടങ്ങി കോപ്പാലം കുണ്ടുചിറയിലേക്ക് വസാനിക്കുന്നതോട്, പൊതുവാച്ചേരിയിൽ നിന്ന് ആരംഭിച്ച് പുന്നോലിലൂടെ അറബിക്കടലിലേക്ക് ചെന്നു ചേരുന്നതോട്, മാടപ്പീടിക, വലയളം പ്രദേശങ്ങളിൽ നിന്നാരംഭിച്ച് കണ്ണിച്ചിറയിൽ ചെന്നുചേരുന്ന അഞ്ച് തോടുകൾ എന്നിവയാണ് കോടിയേരിയിലെ ജല നിർഗമന മാർഗങ്ങൾ. മഴക്കാലത്ത് സമൃദ്ധമായി ഒഴുകുന്ന ഈ തോടുകൾ വേനലിൻെറ തുടക്കത്തിൽ തന്നെ വരണ്ടു പോകുന്നു. പഞ്ചായത്തിൻെറ വടക്കുഭാഗത്തുകൂടി ഒഴുകുന്ന കുണ്ടുചിറ പുഴയിൽ മൂഴിക്കര ഭാഗത്ത് അണകെട്ടി ജലം സംരക്ഷിച്ച് കൃഷിക്ക് ഉപയുക്തമാക്കിയിരുന്നു. നെൽകൃഷി ഉണ്ടായിരുന്നപ്പോൾ തോടുകളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് ജലം സംരക്ഷിച്ചിരുന്നു. നെൽക്കൃഷി കുറഞ്ഞതോടെ ബണ്ടു കെട്ടുന്ന സമ്പ്രദായവും നിന്നു. പുന്നോലിൽ കടലിനോട് ചേർന്നു ചതുപ്പു നിലം കാണപ്പെടുന്നു.

**മണ്ണ്:** ചെമ്മണ്ണ്, ലാറ്ററൈറ്റ് ( വെട്ടുകല്ല്) പശിമരാശി മണ്ണ്, കളി മണ്ണ് ഇവ ഈ ഭൂഭാഗത്ത് കണ്ടുവരുന്നു. വലയളത്ത് നിന്ന് ലഭിച്ചിരുന്ന കളിമണ്ണ് ഉപയോഗിച്ച് മുൻകാലങ്ങളിൽ മൺപാത്രങ്ങൾ നിർമ്മിച്ചിരുന്നു.

**സസ്യജാലങ്ങൾ**: കൃഷിക്ക് പ്രാധാന്യമുള്ള പ്രദേശമാണ് കോടിയേരി.യ മുഖ്യകൃഷി തെങ്ങുതന്നെ. കൂടാതെ കവുങ്ങ്, നെല്ല്, കുരുമുളക്, വാഴ, മരച്ചീനി, പച്ചക്കറി എന്നിവയും കൃഷി ചെയ്യുന്നു. കുന്നിൻ പ്രദേശത്ത് കശുമാവ് വളരുന്നു. നെൽക്കൃഷിക്ക് പറ്റിയ വയലുകൾ വ്യാപകമായി തരിശായി കിടക്കുന്നത് കാണാം.

**ആവാസസ്ഥിതി:** എളുപ്പത്തിൽ ശുദ്ധജലം കിട്ടാനിടയില്ലാത്ത കുന്നിൻ മുകളിൽ പോലും പാർപ്പിടങ്ങൾ നിർമ്മിക്കുന്നു. നെൽകൃഷിക്ക് അനുയോജ്യമായ വയലുകൾ മണ്ണിട്ട് നികത്തി വീട് നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പ്രശ്നമായി അവശേഷിക്കുന്നുണ്ട്. 1991 ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് പഞ്ചായത്തിൽ 4080 വീടുകളുണ്ട്.

കോടിയേരി പഞ്ചായത്ത് രണ്ടുതവണ വിഭജനത്തിന് വിധേയമായിട്ടുണ്ട്. വയലളം പ്രദേശത്തിൻെറ ഒരു ഭാഗം അടർത്തിമാറ്റി തലശ്ശേരി മുനിസിപ്പാലിറ്റിയോടു ചേർത്തു. പഞ്ചായത്തിൻെറ ഒ്കെ അതിര് മയ്യഴിപ്പുഴവരെ വ്യാപിച്ചു കിടന്നിരുന്നു. കോടിയേരിയെ വിഭജിച്ച് രൂപമെടുത്തതാണ് ഇപ്പോഴത്തെ ന്യൂമാഹി പഞ്ചായത്ത്.

## കാലാവസ്ഥ- മഴയുടെ ലഭ്യത ( മില്ലി മീറ്ററിൽ)

| | ജനവരി | ഫ്രബ്രവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്ററ് | സപ്തംബർ | ഒക്ടോബർ | നവമ്പർ | ഡിസംബർ | വാർഷിക വർഷപാതം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് | 5 | 5 | 8 | 64 | 244 | 891 | 1085 | 570 | 249 | 226 | 99 | 23 | 3 467 |
| സംസ്ഥാന ശരാശരി | 14 | 17 | 39 | 112 | 256 | 790 | 760 | 433 | 247 | 288 | 163 | 42 | 3062 |

## താപനില ( സെൽഷ്യസ്സിൽ)

| താലം | January | Febrary | March | April | May | June | July | August | September | October | November | December |
|---|---|---|---|---|---|---|---|---|---|---|---|---|
| 5 താപം താഴ്ന്ന നില | 22.0 | 22.9 | 24.7 | 25.2 | 25.6 | 23.4 | 22.7 | 23.1 | 23.3 | 23.2 | 23.6 | 21.4 |
| താപം ഉയർന്ന നില | 32.9 | 33.8 | 34.1 | 33.3 | 32.9 | 28.7 | 28.1 | 29.3 | 31.1 | 31.4 | 32.2 | 33.2 |

## ഭൂപ്രകൃതി- ദേശവിസ്തീർണ്ണം

| ദേശം | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|
| 1. മൂഴിക്കര | 422.49 |
| 2. കോടിയേരി | 858.83 |
| 3. പൊതുവാച്ചേരി | 136.89 |
| 4. വയലളം | 424.82 |
| 5. പുന്നോൽ . 1. | 176.43 |
| 6. പുന്നോൽ .2 | 113.47 |
| ആകെ | 2132.93 |

# POPULATION

(Vide - Census report 1991)

| Ward | No. of Occupied Residential | No. of House Holders | Total Population | | | | | | | | | Literacy | | | Percentage |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | All Communities | | | Such. Castes | | | Such Tribes | | | | | | |
| | | | M | F | T | M | F | T | M | F | T | M | F | T | |
| I | 417 | 417 | 1235 | 1369 | 2605 | 43 | 48 | 91 | - | - | - | 1070 | 1152 | 2222 | 85.28% |
| II | 382 | 382 | 1122 | 1301 | 2423 | 15 | 17 | 32 | - | - | - | 966 | 1145 | 2111 | 87.12% |
| III | 536 | 536 | 1582 | 1814 | 3396 | 22 | 17 | 39 | - | 2 | 2 | 1261 | 1424 | 2685 | 79.06% |
| IV | 469 | 470 | 1268 | 1467 | 2735 | 46 | 28 | 74 | - | - | - | 1076 | 1202 | 2278 | 83.29% |
| V | 337 | 337 | 1258 | 1428 | 2686 | 24 | 29 | 53 | - | - | - | 1066 | 1178 | 2244 | 83.54% |
| VI | 337 | 337 | 1046 | 1128 | 2174 | - | - | - | - | - | - | 900 | 930 | 1830 | 84.17% |
| VII | 347 | 347 | 966 | 1119 | 2085 | 12 | 13 | 25 | - | - | - | 839 | 932 | 1771 | 84.94% |
| VIII | 386 | 386 | 1101 | 1289 | 2390 | 44 | 66 | 110 | - | 1 | 1 | 959 | 1095 | 2054 | 85.94% |
| IX | 433 | 433 | 1256 | 1458 | 2714 | 8 | 8 | 16 | 2 | 5 | 7 | 1944 | 1166 | 2210 | 81.42% |
| X | 364 | 370 | 1103 | 1286 | 2389 | 19 | 18 | 37 | | 1 | 1 | 928 | 1072 | 2000 | 83.71% |
| **TOTAL** | **4080** | **4087** | **11938** | **13659** | **25597** | **233** | **244** | **477** | **2** | **9** | **11** | **10109** | **11296** | **21405** | **83.62%** |

**(1000 : 1144)**

# സാമൂഹിക സാമ്പത്തിക മേഖലകൾ





# കൃഷി

കോടിയേരി ആദ്യകാലത്ത് ഒരു കാർഷിക ഗ്രാമമായിരുന്നു. ജലം, മണ്ണ്, ഭൂപ്രകകൃതി എന്നീ കാര്യങ്ങളിൽ താരതമ്യേന കൃഷിക്ക് അനുയോജ്യമാണ്. കുന്നുകളും, അടിവാരങ്ങളും സമതലങ്ങളും, പാടങ്ങളഉം അടങ്ങിയ ഒരു പ്രദേശമാണിത്. എഴുപതുകളുടെ ആദ്യംവരെ നെൽക്കൃഷി വ്യാപകമായി നടത്തിയിരുന്നു. പഴയ കാലത്ത് ഇവിടെ കൃഷിക്കാർക്ക് സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല. കൃഷിക്കാർ ജന്മിമാർക്ക് വാരം, പാട്ടം എന്നിവ കൊടുത്തായിരുന്നു കൃഷി ചെയ്തിരുന്നത്. കാളകളെ ഉപയോഗിച്ചായിരുന്നു നിലം ഉഴുതിരുന്നത്. സ്വന്തമായ കാളകളുള്ള കൃഷിക്കാർ ഉണ്ടായിരുന്നു. ആദ്യകാലത്ത് രാസവളങ്ങൾ ഒന്നും ഉപയോഗിച്ചിരുന്നില്ല. പച്ചിലവളം, ചാണകം, വെണ്ണീർ, എന്നീ ജൈവ വളങ്ങൾ ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. മഴയുടെ ലഭ്യതയും ഇന്നത്തെക്കാൾ കൂടുതലായിലുന്നതുകൊണ്ട് ജലക്ഷാമം ഉണ്ടായിരുന്നില്ല. തോടുകൾകീറിയും താൽക്കാലിക ചീപ്പുകൾ വച്ചും ജലത്തെ നിയന്ത്രിച്ചിരുന്നു. ആദ്യകാലത്ത് കെട്ടി ഉണ്ടാക്കിയ താൽക്കാലിക ചീപ്പുകളുടെ അവശിഷ്ടങ്ങൾ ഇന്നും കാണാൻകഴിയും.വളരെ സന്തോഷത്തോടുകൂടി നാടൻ പാട്ടുകൾ പാടിയാണ് സ്ത്രീ തൊഴിലാളികൾ കൃഷിപ്പണിചെയ്തിരുന്നത്.അങ്ങനെ കൃഷിക്കാരും കാർഷിക തൊഴിലാളികളും തമ്മിൽ ഒരു സൗഹൃദബന്ധം നിലനിന്നിരുന്നതായി കാണാം.

കോടിയേരിയിൽ ഇന്ന് നെൽക്കൃഷി തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. കൂലിയുടേയും മറ്റ് ഉല്പാദനച്ചെലവുകളുടെയും വർദ്ധനവിനുസൃതമായി നെൽകൃഷി മേഖലയിലെ ഉല്പാദനക്ഷമത ഉയരാത്തത് കൃഷിയെ അനാകർഷകമാക്കി. ഇന്ന് കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം കഴിക്കുന്നവർ രണ്ടുശതമാനം തന്നെ ഇല്ലെന്ന് പറയാം. കൈവശഭൂമിയുടെ വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

ഭൂമി സംബന്ധിച്ച വിവരങ്ങൾ
(അവലംബം- അടിസ്ഥാന വിവര റജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം ( എക്കറിൽ) |
|---|---|
| നിലം | 646-10 |
| പുരയിടം | 1198-55 |
| പുറംമ്പോക്ക് | 56.49 |
| കൃഷിയോഗ്യതരിശ് | 46.58 |
| കൃഷിയോഗ്യമല്ലാത്തതരിശ് | |
| ആകെ | 1947.72 |

കൈവശഭൂമി വിസ്തീർണ്ണം (അവലംബം- ദ്വിതീയ വിവരശേഖരണം)

| നാമമാത്രകർഷർ (1. ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ ( 1-2 ഹെക്ടർ) | വൻകിട കർഷകർ ( 2 ഹെക്ടറിന് മുകളിൽ) |
|---|---|---|
| 6997 | 60 | 03 |

ഇന്ന് നെൽക്കൃഷി ചെയ്യുന്നത് വയലളംവയലിലും കുറ്റിവയലിലും, കൊമ്മൽ വയലിലും പുന്നോൽ വയലിലും പൊതുവാച്ചേരി വയലിലും മാത്രമാണ്. കൊമ്മൽവയൽ അറബിക്കടലിനോടും വലയളം വയൽ തലശ്ശേരി മുനിസിപ്പാലിറ്റിയോടും മൂഴിക്കരവയൽ, കോപ്പാലം വയൽ എന്നിവ കുണ്ടുചിറയോടും അടുത്തുകിടക്കുന്നു. നെല്ലിൻെറ ഉല്പാദനം കോടിയേരിയിൽ ഒന്നാംവിള 5 ഹെക്ടർ ഭൂമിയിൽ 7.5 ടൺ മാത്രമാണ്. ഉല്പാദന ക്ഷമത 1.5 ടൺ. രണ്ടാവിള 3 ഹെക്ടറിൽ 5.5 ടൺ ആണ്. ഉല്പാദനക്ഷമത $1^3/_4$ ടൺ. മൺസൂണും തെക്കുപടിഞ്ഞാറൻ തുലാവർഷവുമാണ് ഈ പഞ്ചായത്തിൽ ലഭിക്കുന്നത്.

**മൺതരങ്ങൾ:** നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കാണുന്ന പ്രധാന മൺതരങ്ങൾ ലാറ്ററയിറ്റ്, പശിമരാശി മണ്ണ്, കളിമണ്ണ്, ചരൽ മണ്ണ്എന്നിവയാണ്

നാണ്യവിളകൾക്ക് പറ്റിയ ലാറ്ററയിറ്റ് മണ്ണാണ് സമതലങ്ങളിൽ കാണുന്നത്.നമ്മുടെ പഞ്ചായത്തിലെ മുഖ്യവിളയാണ് തെങ്ങ് . 817 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്യുന്നു. തെങ്ങിൻെറ ഉല്പാദന ക്ഷമത 35 ആണ്. തെങ്ങിനെ സംബന്ധിച്ച് ശരിയായ പരിചരണം ലഭിക്കുന്നില്ല. ജലസേചന സൗകര്യം ഇല്ല എന്നു തന്നെ പറയാം. നമ്മുടെ പഞ്ചായത്തിൽ തെങ്ങിന് രാസ വളപ്രയോഗം വളരെ കുറവാണ്. ജൈവവളങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നത്. കൃഷിക്ക് വേണ്ടി 118 പമ്പുസെറ്റുകൾക്ക് ധനസഹായം കൊടുത്തിട്ടുണ്ട്. എങ്കിലും തെങ്ങിൻതോട്ട ജലസേചനത്തിന് വേണ്ടി ഇത് വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല. 153 കിണറുകളും ഔദ്യോഗിക സഹായത്താൽ കുഴിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 321 തെങ്ങുകൾ കള്ള് ചെത്തിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. തെങ്ങിന് വ്യാപകമായ രോഗബാധ ഇല്ലെങ്കിലും ചെന്നീരൊലിപ്പ്, കൂമ്പുചീയൽ മുതലായ രോഗം ബാധിച്ച് നശിക്കുന്ന തെങ്ങുകൾ 3% വരുന്നു. വേണ്ട സമയത്ത് പരിചരണം ലഭിക്കുന്നില്ല.

കൃഷിക്കാരെ സംബന്ധിച്ച് ശ്രദ്ധിക്കാതെ പോകുന്ന ഒരു വാണിജ്യവിളയാണ് അടക്ക. പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും ഒറ്റപ്പെട്ട് കവുങ്ങ് കൃഷി ഉണ്ട്. കവുങ്ങ് കൃഷിക്ക് കർഷകർ പ്രത്യേക പരിചരണം ഒന്നും തന്നെ കൊടുക്കുന്നില്ല. ഇന്നുള്ള ഉല്പാദനം ഭൂമി കനിഞ്ഞു നൽകുന്നവ മാത്രം. ഇന്ന് 5 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ഉണ്ട്. അടയ്ക്കയുടെ ഉല്പാദനം 7.5 ടൺ ആണ്. തെങ്ങിനെപ്പോലെ ഒരു ദീർഘകാലവിളയായത് കൊണ്ട് നല്ലയിനം തൈകൾ വ്യാപകമായി ലഭ്യമാക്കണം.

വാഴപ്പഴം നമ്മുടെ നിത്യജീവിതത്തിൻെറ ഭാഗമാണ് എന്നാൽ വാഴക്കൃഷി വളരെ പരിമിതമായിട്ടേ നമുക്ക് പഞ്ചായത്തിൽ കാണാൻ കഴിയുന്നുള്ളൂ. പഴത്തിൻെറ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വമ്പിച്ച വികസന സാധ്യത ഉണ്ടെങ്കിലും നമ്മുടെ പ്രദേശത്ത് ഈ കൃഷി 6 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നടത്തുന്നത്. വീട്ടുവളപ്പിൽ സാധാരണ കണ്ടുവരുന്ന പടുവാഴക്കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. നല്ല വാഴക്കന്ന് കിട്ടാനില്ല. പടുവാഴ കൃഷി ഒരു പരിചരണവും ആവശ്യമില്ലാത്ത കൃഷിയാണെന്ന് നാം ധരിച്ചിരിക്കുന്നു. ഓണ സദ്യ ഉണ്ണാൻ ഒരു വാഴയിലപോലും മുറിച്ചെടുക്കാൻ ഇല്ലാത്ത വീടുകളുടെ എണ്ണം നമ്മുടെ മേഖലയിൽ വർദ്ധിച്ചുവരുന്നു. നേന്ത്രവാഴക്കൃഷി കൃത്യമായി പരിചരണം ചെയ്ത് വെള്ളവും വളവും നൽകി വളർത്തുന്നു. നേന്ത്രവാഴക്ക് രാസവളം ഉപയോഗിക്കുന്നുണ്ട്. നേന്ത്രവാഴകൃഷി ഇനിയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ഇടവേളയായി ചെയ്യാൻ പറ്റിയ ഒരു കൃഷിയാണ് പയർ. മുൻപുകാലത്ത് പുതുമഴ പെയ്യുമ്പോൾ വീട്ടുവളപ്പിൽ പയർക്കൃഷി ചെയ്യാറുണ്ടായിരുന്നു. കൂടാതെ വേനൽക്കാലത്ത് പച്ചക്കറിയോടൊപ്പം പയർകൃഷി ഉണ്ടായിരുന്നു. പഞ്ചായത്തിൽ 3 ഹെക്ടർ സ്ഥലത്ത് പയർ കൃഷി ചെയ്യുന്നു. വയലിൽ ഇടവേളയായും തെങ്ങിൻ തോപ്പിലും പയർ കൃഷി ചെയ്യാവുന്നതാണ്.

കർക്കിട പയർ കൃഷി പുനരുദ്ധരിക്കാൻ കഴിയണം.പയർകൃഷിക്ക് പച്ചക്കറിയുടെ ഇടയിലെങ്കിലും ശരിയായ സ്ഥാനം നൽകി നമ്മുടെ പച്ചക്കറിക്ഷാമം പരിഹരിക്കണം.

കിഴങ്ങ് വർഗ്ഗത്തിൽപ്പെട്ട പ്രധാന വിളയാണ് മരച്ചീനി. പഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി നടത്തുന്നു. അനുകൂലമായ കാലാവസ്ഥയിൽ എല്ലാ സ്ഥലത്തും ഉണ്ടാകുന്ന വിളയാണ് മരച്ചീനി. കൃഷി ചെയ്യാൻ എളുപ്പമാണ്. എന്നിട്ടും കൃഷി കുറഞ്ഞുവരുകയാണ്. ഹ്രസ്വകാലവിള എന്ന നിലയിൽ എല്ലാ വിധത്തിലും പ്രോത്സാഹനം അർഹിക്കുന്ന കൃഷിയാണ് മരച്ചീനി. നല്ല പോഷകഗുണമുള്ള ഈ കിഴങ്ങ് കൃഷി അതിൻെറ വ്യാവസായിക പ്രാധാന്യവും കണക്കിലെടുത്തു വാപകമാക്കേണ്ടതാണ്.

നമുക്കാവശ്യമുള്ള പച്ചക്കറിയിൽ 95% വും അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്നവയാണ്. ഔദ്യോഗിക കണക്കനുസരിച്ച് ആകെ 5 ഹെക്ടർസ്ഥലത്ത് മാത്രമാണ് പഞ്ചായത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നത്. ഉല്പാദനം വെറും 10 ടൺ മാത്രമാണ്. പച്ചക്കറികൾ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചില്ലെങ്കിലും ജനങ്ങളുടെ ആവശ്യത്തിന് ഉല്പാദിപ്പിക്കാൻ കഴിയണം. ആവശ്യമായ ബോധവൽക്കരണത്തിൻെറ അഭാവം ഉണ്ട്. എല്ലാം വിലയ്ക്കു വാങ്ങാം എന്ന മനോഭാവം മാറ്റിയെടുക്കണം. അടുക്കളത്തോട്ടത്തിന് അനുകൂലമായ അഭിപ്രായ ഗതി ഉണ്ടെങ്കിലും പ്രാവർത്തിക മാകുന്നില്ല. ആവശ്യമായ പച്ചക്കറി വിത്ത് യഥാകാലം ലഭിക്കുന്നില്ല എന്നത് പരമാർത്ഥം മാത്രമാണ്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ വിള മത്സരം നടത്തുന്നത് പ്രയോജനകരമാണ്.

വിദേശ നാണ്യം നേടി തരുന്ന പ്രധാന ഉല്പന്നമാണ് അണ്ടിപ്പരിപ്പ്. പഞ്ചായത്തിൽ 8 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിനടത്തുന്നു. ഉല്പാദനം 24 ടൺ ആണ്. ഒരു പരിചരണവും നൽകാതെ നടത്തുന്ന ഈ കൃഷി ശാസ്ത്രീയമായി നടത്തിയാൽ നല്ല ഉല്പന്നവും വിലയും കിട്ടും.വ്യാപകമായി കൃഷി ചെയ്യുന്നില്ലെങ്കിലും നമ്മുടെ പഞ്ചായത്തിൽ അ വഗണിക്കാൻ പറ്റാത്ത ഒരു വാണിജ്യവിളയാണ് കുരുമുളക്. 4 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നു. 3ടൺ വിളവ് ലഭിക്കുന്നു. കുരുമുളക് വള്ളിക്ക് ബാധിക്കുന്ന പ്രധാനരാഗമാണ് ദ്രുതവാട്ടം. ഫലപ്രദമായ പ്രതിവിധി ലഭിക്കാത്തതുകൊണ്ട് വള്ളി നശിച്ചുപോകുന്നു. യഥാകാലം കൂലിക്കാരെ കിട്ടാത്തതും അമിതമായ കൂലിയും കൊണ്ട് വിളയെടുപ്പ് നടക്കാതെ പോകുന്നു.

പ്രോത്സാഹിക്കപ്പെടേണ്ട മറ്റൊരു കാർഷിക വിളയാണ് '' കൈതച്ചക്ക''. പഞ്ചായത്തിലെ കുന്നിൻ ചരിവുകളിൽ വ്യാപകമായി കൈതച്ചക്ക ഉല്പാദിപ്പിക്കാവുന്നതാണ്. ഈ കൃഷി രണ്ടു തരത്തിൽ പ്രയോജനം ചെയ്യുന്നു. ചരിവു തലങ്ങളിൽ കൃഷി ചെയ്യുന്നതിനാൽ മണ്ണൊലിപ്പ് തടയാം. മാർക്കറ്റിൽ നല്ല വിലകിട്ടുന്ന ഭക്ഷ്യവസ്തുവാണല്ലോ കൈതച്ചക്ക. കൂടാതെ പഞ്ചായത്തിൽ തന്നെ കൈതച്ചക്ക ഉപയോഗിച്ചുള്ള ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്ന യൂനിറ്റ് സ്ഥാപിക്കാവുന്നതാണ്. കൃഷിയും സംസ്കരണ സംവിധാനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നവർ പഞ്ചായത്തിൽ വളരെ കുറവാണ്. കാർഷിക വൃത്തിയോട് പൊതുവെയുള്ള അലംഭാവം നമ്മെ കച്ചവടസംസ്കാരത്തിൻെറ ബലിയാടുകളാക്കുന്നു. എന്തും വിലകൊടുത്തു വാങ്ങാൻ നാം മടി കാണിക്കാറില്ല. നമ്മുടെ പറമ്പുകൾ വയലുകൾ എന്നിവ തരിശായിക്കിടക്കുമ്പോഴും ഭക്ഷ്യവസ്തുക്കൾക്ക് വേണ്ടി നാം മാർക്കറ്റുകളെ ശരണം പ്രാപിക്കുന്നു. അധികം അദ്ധ്വാനിക്കേണ്ടതില്ലാത്ത ' പടുവാഴ' പോലും നട്ടുവളർത്താൻ പുതിയ തലമുറ തുനിയുന്നില്ലെന്നത് നമ്മുടെ കാർഷിക സംസ്കാരത്തിന് വന്നുചേർന്ന അ പചയമാണ്. ഫലപുഷ്ടിയുള്ള മണ്ണ് '' കളകൾ'' നിറഞ്ഞ വ്യർത്ഥമാകുന്നുവെന്നത് നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ വീട്ടു വളപ്പിൽ നിന്നാകട്ടെ പഞ്ചായത്തിലെ കാർഷികമേഖലയുടെ ഉയർത്തെഴുന്നേൽപ്പ്.

**കഷിഭവൻ**

കൃഷിയെ സമഗ്രമായി പരിഷ്ക്കരിക്കുന്നതിനും ഉല്പാദന വർദ്ധനവും ലക്ഷ്യമാക്കിയാണ് കേരളത്തിൽ കൃഷിഭവൻ ആരംഭിച്ചത്. എന്നാൽ ഇന്നത്തെ സ്ഥിതി പ്രോത്സാഹജനകമല്ല. മാറി മാറിവരുന്ന ഗവൺമെൻറുകളുടെ നയമനുസരിച്ച് കൃഷി ഭവൻ പ്രവർത്തനങ്ങളും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. കൃഷിഭവൻെറ സഹായം പഞ്ചായത്തിൽ എല്ലായിടത്തും വേണ്ട രീതിയിൽ ലഭിക്കുന്നില്ല. തെങ്ങുകൃഷിയുടെ പ്രോത്സാഹനത്തിന് നാളികേരവികസന സമിതികളുണ്ട്. മുൻപ് വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തിച്ച സമിതി പുന:സംഘടിപ്പിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിലാക്കി. മുൻകാലങ്ങളിൽ കൃഷിക്കാർക്ക് അല്പമെങ്കിലും പ്രയോജനങ്ങൾ കിട്ടികൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ഈ സമിതികൾ ഇങ്ങനെ തുടരണമോ എന്ന് ആലോചിക്കേണ്ടതുണ്ട്.

നടീൽ വസ്തു വിതരണം
(അവലംബം- ദ്വിതീയ വിവരശേഖരണം)

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 345 | 230 | 300 |
| കുരുമുളക് | 3000 | 2500 | 6000 |
| കവുങ്ങ് | 200 | | 300 |
| പച്ചക്കറി വിത്ത് | 3കി.ഗ്രാം | 5.6 കി. ഗ്രാം | 2 കി. ഗ്രാം |
| ഉഴുന്ന് | 80 കി. ഗ്രാം | | |
| ചേന, ചേമ്പ് | | 375. കി ഗ്രാം | |

**വിസ്തീർണ്ണവും ഉല്പാദനവും**
**(അവലംബം അടിസ്ഥാന വുവര രജിസ്റ്റർ)**

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല്(ഒന്നാം വിള) | 5 ഹെക്ടർ | 7.5ടൺ | 1.5ടൺ |
| നെല്ല്(രണ്ടാം വിള) | 3ഹെക്ടർ | 5.5ടൺ | 1.75ടൺ |
| നെല്ല്(മൂന്നാം വിള) | ഇല്ല | — | — |
| പയർ | 3ഹെക്ടർ | 1.5ടൺ | 0.5ടൺ |
| പച്ചക്കറികൾ | 5ഹെക്ടർ | 10ടൺ | 2ടൺ |
| തെങ്ങ് | 817ഹെക്ടർ | 50 ലക്ഷം | 35 തെങ്ങിന് |
| വാഴ | 6ഹെക്ടർ | 15,500 കി.ഗ്രാം | 2500 കിഗ്രാം |
| കവുങ്ങ് | 5ഹെക്ടർ | 75ന | 15ടൺ |
| കശുമാവ് | 8ഹെക്ടർ | 24ടൺ | 3ടൺ |
| കുരുമുളക് | 4ഹെക്ടർ | 3000കി.ഗ്രാം | 750 കിഗ്രാം |

## കീടനാശിനി

25 കാർഷിക വിളകളെ ബാധിക്കുന്നരോഗങ്ങൾക്കും മറ്റുകീടങ്ങളുടെ ആക്രമണങ്ങൾക്കും ഉപയോഗിക്കുന്ന കീടനാശിനി നമ്മുടെ ആരോഗ്യത്തെ നശിപ്പിക്കുന്ന രീതിയിലുള്ളവയാണ്. ഏതെല്ലാം കീടനാശിനികൾ ഏതേത് അളവിൽ പ്രയോഗിക്കാം എന്ന് കർശനമായ നിർദ്ദേശം കൊടുക്കണം. കഴിയുന്നതും മനുഷ്യൻെറ ആരോഗ്യത്തെ ബാധിക്കുന്ന വിധത്തിലുള്ള കീടനാശിനികൾ ഒഴിവാക്കണം.

## പ്രശ്നങ്ങൾ

1. വയലുകൾ മണ്ണിട്ടു നികത്തി കുനിയാക്കിയതിനാൽ ജലസ്രോതസ്സുകൾ നശിച്ചു നീർക്കെട്ടും ഉണ്ടായിരിക്കുന്നു.
2. ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നു.
3. പലതോടുകളും തൂർന്നു ജലനിർഗ്ഗമനത്തിന് സൗകര്യമില്ലാതെ നീർക്കെട്ട് ഉണ്ടായിരിക്കുന്നു.
4. തെങ്ങിന് ചെന്നീരൊലിപ്പ്, കൂമ്പു ചീയൽ എന്നീ രോഗങ്ങൾ വ്യാപകമാണ്.
5. നെൽകൃഷി നഷ്ടമാണ്.
6. കൃഷി പ്പണിക്ക് തൊഴിലാളികളെ പ്രത്യേകിച്ച് സ്ത്രീതൊഴിലാളികളെ കിട്ടാനില്ല.
7. കൊപ്രക്കും മറ്റുവാണിജ്യവിളകൾക്കും വിപണന സൗകര്യമില്ല.
8. കൃഷി ചെയ്യാവുന്ന ഭൂമി മുഴുവൻ കൃഷിചെയ്യാതെ തരിശായിട്ടിരിക്കുന്നു.
9. നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല.
10. കുരുമുളക് വള്ളിക്ക് ദ്രുതവാട്ടരോഗം അനുഭവപ്പെടുന്നു.
11. ജൈവ വളങ്ങൾ കിട്ടാൻ പ്രയാസം
12. ഉല്പന്നങ്ങൾക്ക് വിലക്കുറവ്, വാങ്ങാൻ ആളില്ല.
13. കൃഷിഭവനിൽ നിന്ന് ആവശ്യമായ സഹായം ലഭിക്കുന്നില്ല.
14. കൃഷിക്കാർക്ക് വായ്പാ സൗകര്യം ലഭിക്കുന്നില്ല.
15. മണ്ണ് പരിശോധന നടത്തിയിട്ടില്ല.
16. സങ്കരവിത്ത് കിട്ടുന്നില്ല
17. സർക്കാർ ആനുകൂല്യത്തിൻെറ അജ്ഞത
18. വിദഗ്ദ ഉപദേശത്തിൻെറ അഭാവം

## സാധ്യതകൾ

1. പാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണങ്ങൾ കൊണ്ടുവരിക, സാമൂഹ്യ സമ്മർദ്ദം ഉയർത്തിക്കൊണ്ടുവരിക.
2. പുതിയ നഴ്സറികൾ ആരംഭിക്കുക
3. മണ്ണ് പരിശോധന നടത്തണം
4. രോഗം വന്ന തെങ്ങുകൾക്ക് പകരം പുതിയ തെങ്ങ് വച്ച് പിടിപ്പിക്കണം
5. ചുരുങ്ങിയ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കുക
6. കൃഷി സാക്ഷരത നടപ്പിലാക്കണം
7. കരീക്കുന്ന് പാർസിക്കുന്ന്, മമ്പള്ളിക്കുന്ന്, മൂഴിക്കരക്കുന്ന്, എന്നീ ഉയർന്ന പ്രദേശങ്ങളിലെ പാഴ്മരങ്ങൾ മുറിച്ച് മാറ്റി കശുമാവ് കൃഷി ചെയ്യാം.
8. എല്ലാ വിളകൾക്കും വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണം
9. നടീൽയന്ത്രം, മെതിയന്ത്രം, ടില്ലർ, തെങ്ങു കയറ്റ യന്ത്രം എന്നിവ ലഭ്യമാക്കണം.
10. കൃഷിഭവൻ മാതൃകാ പച്ചക്കറിതോട്ടം ആരംഭിക്കണം.
11. ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കണം
12. കൂൺ, ഓർക്കിഡ്, മൾബറി, കുറ്റിമുല്ലക്കൃഷി വ്യാപകമാക്കണം
13. കൃഷിമേഖലയിൽ പ്രശ്നങ്ങൾ പഠിക്കാൻ ഒരു മോണിട്ടറിങ് കമ്മിറ്റി ഉണ്ടാക്കണം.
14. കുരുമുളക്, തെങ്ങിൻ തടത്തിൽ വളർത്തണം
15. കാർഷിക വർത്തകൾ പഞ്ചായത്തിലെ പ്രമുഖ കേന്ദ്രങ്ങളിൽ പ്രചരിപ്പിക്കുന്നതിന് വാർത്താബോർഡുകൾ സ്ഥാപിക്കണം.

❑❑❑

# ജലസേചനം

മഴയെ ആശ്രയിച്ചാണ് പഞ്ചായത്തിൽ കൃഷിപ്പണി നടക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് മാസം വരെ ലഭിക്കുന്ന കാലവർഷവും ഒക്ടോബർ, നവമ്പർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവുമാണ് പ്രധാനം. പഞ്ചായത്തിൽ മറ്റ് ജലസേചനസൗകര്യങ്ങൾ പരിമിതമാണ്.

പഞ്ചായത്തിൽ ഏതാണ്ട് എല്ലാ വാർഡുകളിലും കുളങ്ങൾ ഉണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളാണവ. കുളങ്ങൾ തൂർന്നു വറ്റി വരളുന്നു. അപൂർവ്വം കുളങ്ങൾ വേനൽക്കാലത്തും ജലം ലഭിക്കുന്നവ യാണ്. ഈ ജല സ്രോതസ്സുകളെ സംരക്ഷിക്കേണ്ടതാണ്. ഇടത്തരം ജലസേചനപദ്ധതികളിൽ ഒന്നാണ് പഞ്ചായത്തിൻെറ വടക്കേ അതിരിലുള്ള കുണ്ടുചിറപ്പുഴയിലെ അണക്കെട്ട്. മലബാർ മദ്രാസ്സിൻെറ ഭാഗമായിരുന്നപ്പോൾ നിർമ്മിക്കപ്പെട്ട അണക്കെട്ടിൻെറ ചീപ്പുപലകകൾ പലതും നശിച്ചുപോയി. അതുകൊണ്ട് അണക്കെട്ട് വേണ്ട വിധത്തിൽ പ്രയോജനപ്പെടുന്നില്ല. അണക്കെട്ടിൻെറ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ മൂഴിക്കര, വയലളം ഭാഗത്ത് ജലസേചന സൗകര്യം ലഭ്യമാകുന്നതാണ്.

ധാരാളം തോടുകളാലും ഉപതോടുകളാലും അനുഗ്രഹീതമായ ഒരു പഞ്ചായത്തായിരുന്നു കോടിയേരി. എന്നാൽ ഇന്ന് ആ തോടുകൾ പലതും ജനങ്ങളുടെ ഓർമ്മകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. പുഴുത്തീനി, ഓടക്കായ് എന്നീ കുന്നുകളുടെ താഴ്വരകളിൽ നിന്നാണ് കൊമ്മൽ വയലിലേക്കുള്ള തോട് ആരംഭിക്കുന്നത്. ഇതിന് ഏതാണ്ട് 1 കി.മീ. നീളം ഉണ്ട്. പാഴ്സീ കുന്നിൻെറ താഴ്വരയിൽ നിന്ന് ആരംഭിക്കുന്ന തോട് മാടപ്പീടികയിൽ കൂടി ഒഴുകി നങ്ങാറത്ത് പീടിക സമീപം വെച്ച് കൊമ്മൽവയലിലുള്ള തോടിനോട് ചേരുന്നു. ഈ തോടിന് ഏതാണ്ട് 600 മീറ്ററോളം നീളമുണ്ട്. പണ്ട്കാലത്ത് കൃഷിക്കാർ നിർമ്മിച്ച, മാടപ്പീടിക കുറ്റിവയൽ റോഡുപരിസരത്ത് നിന്നാരംഭിക്കുന്നതോട് നങ്ങാറത്ത് പീടികയിലുള്ള തോട്ടിൽ ചേരുന്നു. മമ്പള്ളിക്കുന്നിൻെറ താഴ്വരയിൽ നിന്നാണ് ചമ്പാലത്തോട് ആരംഭിക്കുന്നത്. കുറ്റിവയൽ തോടു പുല്ലിയിൽ താഴെവച്ച് ചമ്പാലതോടിനോട് ചേരുന്നു. ഈ തോട് ഉപയോഗിച്ച് കൃഷിക്കാർ രണ്ടാം വിളയ്ക്ക്‌വേണ്ടി കണ്ണിച്ചറതോട്ടിൽ നിന്ന് വെള്ളം വയലളം വയലുകളിൽ എത്തിക്കാൻ ശ്രമിച്ചിരുന്നു. തിരുമലയുടെ താഴ്വരയിൽ നിന്നാണ് കുറ്റവയൽ തോട് ആരംഭിക്കുന്നത്. ചെമ്പ്രകുന്നിൻെറയും കരീകുന്നിൻെറയും താഴ്വരയിൽ നിന്നാണ് പൊതുവാച്ചേരി തോട് ആരംഭിക്കുന്നത്. ഈ തോട് പുന്നോൽവഴി അറബിക്കടലിൽ ചേരുന്നു. ഈ തോട്ടിൽ ഉപ്പുവെള്ളം കയറുന്നതുകൊണ്ട് കൃഷിക്കാർ താൽക്കാലിക ബണ്ടുകൾ കെട്ടി കൃഷി സംരക്ഷിച്ചിരുന്നു. കോടിയേരി മീത്തലെ വയൽ - കോപ്പാലം തോട് മീത്തലെ വയലിൽ നിന്നാരംഭിച്ച് കുണ്ടുചിറയിൽ ചേരുന്നു. ഈ തോടിൻെറ ചെറിയൊരു ഭാഗം പോണ്ടിച്ചേരി സംസ്ഥാനത്തിലെ പന്തക്കൽ ദേശത്തിൻെറ അതിർത്തിയിലൂടെ കടന്നുപോകുന്നു. ഈ തോടുകൊണ്ട് മഴക്കാലത്ത് അധികവെള്ളം കുണ്ടുചിറയിലെത്തിക്കുക. പണ്ടുകാലത്ത് ഈങ്ങയിൽ പീടികയ്ക്കടുത്ത് ഇട്ട്യപ്പള്ളി വയലിൽ നിന്നാരംഭിച്ച് മൂഴിക്കര വഴി കുണ്ടുചിറയിൽ എത്തിയിരുന്ന ഒരു തോടുണ്ടായിരുന്ന. ഇന്നത് തൂർന്ന് കാണാനാവാത്ത അവസ്ഥയിലാണ്.

പഴശ്ശികനാൽ കോപ്പാലം വഴി ഇട്ട്യപ്പള്ളി വയലിൽകൂടി കുറ്റിവയലിൽ വന്നു ചേർന്ന് മൂന്നു കൈവഴികളായി പിരിഞ്ഞ് വയലളം വയലിൽ കൂടി കൊമ്മൽവയൽ വരെയും കണ്ണിച്ചിറ തോടുവരെയും എത്തിച്ചേരുന്നു. മറ്റൊന്ന് വയലളത്ത് കൂടി തലശ്ശേരി മുനിസിപ്പാലിറ്റിയിലേക്ക് പ്രവേശിക്കുന്നു.

ടിപ്പുസുൽത്താൻ മലബാറിലേക്ക് നടത്തിയ പടയോട്ടക്കാലത്ത് വെടിമരുന്നു നിർമ്മിച്ചിരുന്നത് കോടിയേരിയിലുള്ള കണ്ണിച്ചിറ തോടിൻെറ ഒരു വശത്ത് വെച്ചായിരുന്നു ഈ സ്ഥലം മരുന്നറ എന്നപേരിൽ അറിയപ്പെട്ടിരുന്നു. ഇതിൻെറ അവശിഷ്ടങ്ങൾ ഇന്നും അവിടെ കാണാം.

കോടിയേരിയിലുള്ള ഈ തോടുകളുടെ സ്ഥിതി ഇന്ന് വളരെ ശോചനീയമാണ്. തോടുകളിലെല്ലാം മണ്ണ് വന്ന് നിറഞ്ഞു വെള്ളം ഒഴുകാത്ത സ്ഥിതിയാണ്. വെള്ളം ഒഴിഞ്ഞുപോകേണ്ട ഓവുകളെല്ലാം അടഞ്ഞിരിക്കുന്നു. എത്രയോ പതിറ്റാണ്ടായി ജലസേചനപ്രവർത്തികളൊന്നും തന്നെ നടക്കുന്നില്ല. കോടിയേരി യിൽ കൃഷി അവശേഷിക്കുന്ന വയലളം

വയൽ, കുറ്റിവയൽ എന്നീ പ്രദേശങ്ങളിൽ വർഷകാലത്ത് ഒരു മീറ്ററോളം വെള്ളമുയരുന്നു. കർഷകർക്ക് പാടത്ത് ഇറങ്ങാൻ പറ്റാത്ത സ്ഥിതിയാണ്. രണ്ടു വിളകൃഷി ചെയ്തിരുന്ന വയലുകൾ ഒറ്റവിളകൃഷിമാത്രം നടത്തുന്നു. നീർക്കെട്ട് കൊണ്ട്, കൃഷി ചെയ്തിരുന്ന വയലുകൾ ഒഴിച്ചിട്ടിരിക്കുന്നു യുദ്ധകാലാടിസ്ഥാനത്തിൽ തോടുകളിൽ വേണ്ട ജലസേചനപ്രവർത്തികൾ ചെയ്ത് അവശേഷിക്കുന്ന കൃഷിയെങ്കിലും സംരക്ഷിക്കേണ്ടതാണ്. പഴശ്ശികനാൽ നിർമ്മാണ ലക്ഷ്യം മറന്ന് നോക്കുത്തിപോലെ സ്ഥിതചെയ്യുന്നു പഴശ്ശി കനാലിലൂടെ ജലമൊഴുകിയെത്തുന്നതിന് എത്ര പതിറ്റാണ്ടുകൾ ഇനിയും കാത്തിരിക്കണം എന്ന് ചോദ്യം അവശേഷിക്കുന്നു. പഞ്ചായത്തിൽ കൃഷി ആവശ്യത്തിന് 153 കിണറുകൾക്ക് വേണ്ട സഹായം ലഭ്യമാക്കിയിട്ടുണ്ട്. 118 പമ്പുസെറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി നാല് ഹെക്ടർ സ്ഥലത്ത് മാത്രമാണ് ജലസേചന സൗകര്യം ലഭിച്ചത്.

**പ്രശ്നങ്ങൾ**

1. തോടുകളിൽ മണ്ണ് വന്ന് നിറഞ്ഞത് കൊണ്ട് വെള്ളം ഒഴുകുന്നില്ല
2. വയലളം വയലുകളിൽ വെള്ളം കെട്ടിനിൽക്കുന്നു
3. ഓവുകളിൽ കൂടി വെള്ളം ഒഴുകുന്നില്ല.
4. വർഷകാലത്ത് കണ്ണിച്ചിറയിലേയ്ക്ക് വെള്ളം ഒഴുക്കാൻ കഴിയുന്നില്ല. വേനലിൽ കണ്ണിച്ചിറയിൽ നിന്ന് വെള്ളം വയലുകളിലെത്തിക്കാനും സാധിക്കുന്നില്ല.
5. ടെമ്പിൾഗെയ്റ്റ് കണ്ണിച്ചിറ റോഡ് വന്നതോടുകൂടി വയലളം വലയുകളിലെ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്.
6. തോടുകളിൽ ബണ്ടുകൾ ഇല്ലാത്തതുകൊണ്ട് മണ്ണ്, ജലം ഇവ സംരക്ഷിക്കാൻ കഴിയുന്നില്ല.
7. പഴശ്ശി കനാൽ കൊണ്ട് കർഷകർക്ക് പ്രയോജനം ലഭിക്കുന്നില്ല.

**സാധ്യതകൾ**

1. എല്ലാ തോടുകൾക്കും ആഴവും വീതിയും കൂട്ടൽ
2. വെള്ളം ഒഴിഞ്ഞുപോകുന്ന ഓവുകൾ വൃത്തിയാക്കൽ
3. ടെമ്പിൾഗെയിറ്റ് കണ്ണിച്ചിറ റോഡിൽ പുതിയ ഓവുകൾ ഉണ്ടാക്കൽ
4. പഞ്ചായത്തിലെ എല്ലാ കുളങ്ങളും പൊതുകിണറുകളും വൃത്തിയാക്കി സംരക്ഷിക്കൽ
5. നീർമറി ഉണ്ടാക്കൽ
6. കുന്നി-ചെരിവുകൾ തട്ടുകളാക്കി മണ്ണ്, ജലം ഇവ സംരക്ഷിക്കാൻ കൃഷിക്കാർക്ക് സഹായം നൽകണം.
7. കുണ്ടുചിറ അണക്കെട്ടിൻെറ സാധതകൾ പരമാവധി ഉപയോഗപ്പെടുത്തൽ
8. പുതിയ തോടു (ആവശ്യമാണെങ്കിൽ) വയലളം വയലിൽ നിന്ന് കണ്ണിച്ചറതോട്ടിലേക്ക് നിർമ്മിക്കൽ
9. പഴശ്ശി പദ്ധതിയുടെ പണ ഉടൻ പൂർത്തിയാക്കൽ
10. മണ്ണ്, ജല സംരക്ഷണ കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കൽ

❖❖❖❖❖

27



# മൃഗസംരക്ഷണം

കാർഷികസമ്പത്തിലും മൃഗസമ്പത്തിലും അനുഗ്രഹിക്കപ്പെട്ട ഭൂവിഭാഗമായിരുന്നു മുമ്പുകാലതരി പ്രദേശം. പാൽ, മുട്ട, മാംസം എന്നിവയ്ക്ക് ഇവിടുത്തെ നാടൻ പശുക്കളും, ആടുകളും, കോഴികളും പ്രസിദ്ധമായിരുന്നു. തലശ്ശേരി ആടുകളുടെയും കോഴികളുടെയും മാംസം മാർക്കറ്റിൽ പ്രിയമുള്ളതായിരുന്നു. തലശ്ശേരി ആടിൻെറ പാൽ ഉല്പാദനക്ഷമത മികച്ചതായിരുന്നു. എന്നാൽ കാലക്രമേണ അവയുടെ ഉല്പാദനശേഷി കുറഞ്ഞു വന്നതുകൊണ്ടും കൃഷി അവഗണിക്കപ്പെട്ടതുകൊണ്ടും ഇവിടുത്തെ കന്നുകാലി സമ്പത്തിനു ക്ഷീണം പറ്റിയിട്ടുണ്ട്. ഒരു വളർത്തു മൃഗമെങ്കിലും ഇല്ലാത്ത വീട് അപൂർവ്വമായിരുന്നു. എന്നാൽ മികച്ച സങ്കര ഇനം പശുക്കൾ രംഗ പ്രവേശം ചെയ്തതോടെ നാടൻ പശുക്കൾ അപ്രത്യക്ഷമായി വരികയാണ്. ലഭ്യമായ കണക്കുകളനുസരിച്ചു നമ്മുടെ പഞ്ചായത്തിലെ കന്നുകാലികളുടെ എണ്ണം ഇപ്രകാരമാണ്.

| | |
|---|---|
| കന്നുകാലികൾ | 3255 |
| പശുക്കൾ | 768 |
| സങ്കര ഇനം പശു | 522 |
| നാടൻ പശു | 246 |

( വൈഡ് സെൻസസ് റിപ്പോർട്ട്)

1972 മുതൽ പ്രത്യേക തൊഴിൽ ദാന പദ്ധതി മുഖേന നടപ്പിലാക്കിയ വർഗ്ഗോദ്ധാരണ പ്രവർത്തനം കന്നുകാലികളുടെ വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനു സഹായിച്ചിട്ടുണ്ട്.

കന്നുകാലികളെ മാത്രം വളർത്തി ഉപജിവനം കഴിക്കുന്ന നിരവധി കുടുംബങ്ങൾ കോടിയേരിയിലുണ്ട്. എന്നാൽ ചാണകത്തിൽ നിന്നും ഗോബർ ഗ്യാസ് ഉല്പാദിപ്പിക്കുന്ന സമ്പ്രദായം ഇവിടെ ആരംഭിച്ചുവരനന്നുതേയുള്ളൂ. ഇവിടെ ഉല്പാദിപ്പിക്കുയും സംഭരിക്കുകയുംചെയ്യുന്ന പാലിൻെറ 52% മാഹിയിലും, തലശ്ശേരി മുൻസിപ്പാലിറ്റിയിലുമാണ് വിറ്റഴിക്കുന്നത്. ഉദാഹരണത്തിന് തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം വഴി പഞ്ചായത്തിൽ നിന്നും 1110 ലിറ്റർ പാൽ ശേരിക്കുന്നുണ്ടെങ്കിലും 575 ലിറ്റർ പാൽ മാത്രമേ ഈ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുള്ളൂ.

ക്ഷീരോല്പന്നങ്ങളുടെ ഉല്പാദനം വളരെ ലാഭകരമായി തുടങ്ങമെങ്കിലും ഈ പഞ്ചായത്തിൽ അവ ഒന്നുംതന്നെ തുടങ്ങിയിട്ടില്ല. മുട്ടക്കോഴികൾ ഇറച്ചക്കോഴികൾ എന്നിവയ്ക്ക് വലിയ വിപണന സാദ്ധ്യത ഉണ്ടെങ്കിലും വ്യാപാരാടിസ്ഥാനത്തിൽ 3 നിസ്സാര യൂനിറ്റുകൾ മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളൂ. മൃഗസംരക്ഷണ കാര്യത്തിൽ പഞ്ചായത്ത് നേരിടുന്ന മുഖ്യപ്രശ്നങ്ങളെ ആദ്യം വിലയിരുത്താം. കാലിത്തീറ്റയുടെ ഗുണക്കുറവും വിലക്കയറ്റവുമാണ് ഏറ്റവും രൂക്ഷമായ പ്രശ്നം. വൈക്കോൽ ആവശ്യത്തിനു ലഭിക്കുന്നില്ല. അതിൻെറ വിലയാകട്ടെ അതിഭീമവും, കന്നുകാലികൾക്കാവശ്യമായ പച്ചപ്പുൽ ഈ പ്രദേശത്ത് വ്യാപകമായി കൃഷിചെയ്യാമെങ്കിലും കർഷകർ ആരും മുന്നോട്ടു വരുന്നില്ല എന്നതാണ് മറ്റൊരു പ്രശ്നം. ഈ പഞ്ചായത്തിൻെറ വടക്കേ ഭാഗത്താണ് ഇവിടുത്തെ ഏക മൃഗാസ്പത്രി. അത് ഉപയോഗപ്പെടുത്തുവാൻ മറ്റുഭാഗങ്ങളിലുള്ള ആളുകൾക്ക് സാധിക്കുന്നില്ല. മൃഗങ്ങളിൽ ഉണ്ടാകുന്ന പ്രത്യുല്പാദന സംബന്ധമായ രോഗങ്ങൾ പരാദ രോഗങ്ങൾ, വന്ധ്യത അകിടുവീക്കം, മുടന്തൻ പനി, എന്നിവവ്യാപകമാണെന്ന് പറഞ്ഞുകൂട. ക്ഷീരോല്പാദക സഹകരണ സംഘ പ്രവർത്തനം ഈ പഞ്ചായത്തിൽ വ്യാപകമായി പ്രചരിച്ചിട്ടില്ല. ആട്, പന്നി, മുയൽ കോഴി, ലവ്ബേർഡ്സ്, എരുമകൾ എന്നിവയുടെ പ്രജനനം ഒരു ഉപതൊഴിലായി സ്വീകരിക്കാമെന്നു

നമ്മുടെ കൃഷിക്കാർ മനസ്സിലാക്കിയിട്ടില്ല.

കന്നുകാലി വളർത്തലിനുള്ള വായ്പാപദ്ധതികളുടെ ലഭ്യത മറ്റൊരു പ്രശ്നമാണ്. മരണം സംഭവിക്കുമ്പോൾ ഇൻഷൂറൻസ് നഷ്ടപരിഹാരം എളുപ്പത്തിൽ ലഭിക്കുന്നില്ല. ഇതൊക്കെയാണ് നമ്മുടെ ഗ്രാമീണർ നേരിടുന്ന പൊതുപ്രശ്നങ്ങൾ.

കോടിയേരിയിലേയും തൊട്ടടുത്തുള്ള പഞ്ചായത്തുകളും ചേർന്നുകൊണ്ടു കാലിത്തീറ്റ ഉൽപാദിപ്പിക്കുന്ന ഒരു വൻകിട യൂനിറ്റ് ആരംഭിക്കുകയാണെങ്കിൽ മൃഗ സംരക്ഷണ കാര്യത്തിൽ വലിയ മുന്നേറ്റത്തിന്നു സഹായകരമായിരിക്കും. കാലിത്തീറ്റക്കാവശ്യമുള്ള കിഴങ്ങ് ഇനങ്ങളും മറ്റും ഈ പഞ്ചായത്തിൽ തന്നെ കൃഷി ചെയ്യാനുള്ള പ്രോത്സാഹനവും ലഭിക്കുമ്പോൾ വമ്പിച്ച സാമ്പത്തിക ഉൽക്കർഷത്തിന്നു വഴി തെളിയിക്കുന്നു.

നെൽകൃഷി ലാഭകരമായി ചെയ്യാൻ കഴിയാത്ത കൃഷിയിടങ്ങളിൽ തീറ്റപ്പുല്ല് ലാഭകരമായി കൃഷി ചെയ്യാം. വലിയ മുതൽ മുടക്കോ സാങ്കേതിക വൈദഗ്ദ്യമോ ആവശ്യമില്ലാത്ത ഈ പ്രവർത്തനം. പഞ്ചായത്തിലെ കൃഷിക്കാരെ സംഘടിപ്പിച്ച് ചെയ്യാവുന്നതാണ്.

കോപ്പാലത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന മൃഗാസ്പത്രിയുടെ പ്രവർത്തനം പഞ്ചായത്തിന് തെക്കൻ ഭാഗങ്ങളിലുള്ളവർക്ക് അവിടെ എത്തിച്ചേരാൻ കഴിയാത്തതുകൊണ്ട് മാടപ്പീടിക കേന്ദ്രമായി മറ്റൊരു ഉപകേന്ദ്രം ആരംഭിക്കേണ്ടതാണ്. ക്ഷീരോല്പാദക സഹകരണ സംഘത്തിൻെറ പ്രവർത്തനം പഞ്ചായത്തിൻെറ മുഴുവൻ വാർഡുകളിലും എത്തിക്കേണ്ടതാണ്.

വനിത സഹകരണ സംഘങ്ങൾ വഴി ക്ഷീരോല്പാദനം വർദ്ധിപ്പിക്കാനും വിപണനം ചെയ്യാനും സാദ്ധ്യത കാണുന്നുണ്ട്.മുട്ടക്ക് വേണ്ടിയും ഇറച്ചിക്ക് വേണ്ടിയും കോഴികളെ വ്യാപകമായ തോതിൽ വളർത്തുവാനും വിപണനം ചെയ്യുവാനും ഒരു വാർഡിൽ ഒരു യൂനിറ്റ് എന്ന നിലയിൽ സഹകരണ സംഘം സ്ഥാപിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്ത് ഒരു മാതൃക കാണിക്കേണ്ടതാണ്. ആടു മാംസത്തിൻെറ വിലയിൽ കാണുന്ന ഭീമമായ വർദ്ധനവ് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. 1960 കളിൽ പോലും ആടു വളർത്തൽ ഉപതൊഴിലായി സ്വീകരിച്ചിരുന്നു. തീറ്റ ഇലകളുടെ ദൗർല്ലഭ്യവും, അമിതമായ വിലയും കാരണം ഗ്രാമീണർ ഈ തൊഴിൽ കൈവെടിഞ്ഞിരിക്കുന്നു. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഇതിനു ഒരു പരിഹാരം കണ്ടെത്തണം. വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും വിപണനത്തിൽ വലിയ സാധ്യതകളുണ്ട്.

നമ്മുടെ രാഷ്ട്രത്തിൻെറ അമൂല്യ സമ്പത്താണ് കന്നുകാലി സമ്പത്ത്. വിശാലമായ സമതലങ്ങളും താഴ്വരകളും, കുന്നിൻചെരിവുകളും ജലസ്രോതസ്സുകളും മനുഷ്യവിഭവും ഉണ്ടായിട്ടും ഈ സമ്പത്തിനെ നാം സംപുഷ്ടമാക്കുന്നില്ലെങ്കിൽ അതൊരു ഭീമമായ നഷ്ടമായിരിക്കും.

**സാദ്ധ്യതകൾ**

1.കോടിയേരി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ക്ഷീരോല്പാദക സഹകണ സംഘം സ്ഥാപിക്കുക

2.പശുക്കളുടെ തീറ്റ വിലകുറച്ച് കർഷകനെത്തിക്കണം.

3. അത്യുല്പാന ശേഷിയുള്ള പശു ഇനങ്ങളെ കൃത്രിമ ബീജസങ്കലനം വഴി വ്യാപകമാക്കുക.

4. ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കി ക്ഷീരകർഷകരെ പ്രതികൂല സാഹചര്യങ്ങളിൽ നിന്നും രക്ഷിക്കുക.

5. മൃഗാശുപത്രിയിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുക.

6. ഐ. സി. ഡി. പി. സബ് സെൻറർ പഞ്ചായത്തിൻെറ മറ്റൊരു ഭാഗത്തേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടിയെടുക്കുക.

7. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക.

8. മുട്ടക്കോഴികളുടെയും ഇറച്ചിക്കോഴികളുടെയും യൂനിറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.



# മത്സ്യസമ്പത്ത്

മത്സ്യസമ്പത്ത് കൊണ്ട് അനുഗ്രഹിക്കപ്പെട്ട ഒരു സ്ഥലമല്ല കോടിയേരി. മത്സ്യസമ്പത്തിനെ പ്രോസ്താഹിപ്പിക്കുന്ന ജലസ്രോതസ്സുകൾ ആപേക്ഷികമായി കുറവാണ്. 400 മീ. ദൈർഘ്യം വരുന്ന കടലോരം 1.5 കി. മീ നീളം വരുന്ന കുണ്ടുചിറ എന്ന ചെറുപുഴ 7 ഇടുങ്ങിയ തോടുകൾ, 5 പൊതുകുളങ്ങൾ, 27 സ്വകാര്യകുളങ്ങൾ എന്നവയാണ്. മതസ്യബന്ധനോപയുക്തമായ സ്രോതസ്സുകൾ. കടലോരപ്രദേശം ശക്തമായ തിരമാലകൾ ഉണ്ടാവുന്നതിനാലും അടുത്തകാലം വരെ ജനവാസയോഗ്യമല്ലാത്തതിനാലും ഇടുങ്ങിയ തീരം ആയതിന്‌ ൦ ഈ കടൽത്തീരം പണ്ടുമുതല്ക്കെ മത്സ്യബന്ധന കേന്ദ്രമായിരുന്നില്ല. വിരലിലെണ്ണാവുന്ന മത്സ്യതൊഴിലാളികളേ ഈ ഗ്രാമത്തിലുള്ളൂ. തലായി കടപ്പുറം, കുഞ്ഞികടപ്രം ചാചിൽ കടപ്പുറം വലിയ കടപ്പുറം എന്നിങ്ങനെ തലശ്ശേരി മുനിസിപ്പാലിറ്റിയിലെ മത്സ്യബന്ധന കേന്ദ്രങ്ങളാണ് കോടിയേരി. ജനതയുടെ ആശ്രയ കേന്ദ്രം. ഈ നൂ റ്റാണ്ടിൻെറ 60 കളിൽപ്പോലും പുന്നോൽവയൽ, വയലളം വയൽ, കോപ്പാലം വയൽ കുണ്ടുചിറ ആച്ചുകുളങ്ങര വയൽ എന്നിവ ഉൾനാടൻ മത്സ്യബന്ധനത്തിൻെറ രകസരമായനുഭവങ്ങൾ  അനുവർത്തിച്ച ഇടങ്ങളായിരുന്നു. കാലവർഷത്തിൻെറ ആരംഭത്തിലും തുടർച്ചയായ കഠിന മഴ അനുഭവപ്പെടുമ്പോഴും തുലാവർഷത്തിലും വരാൽ മുഴു, കരിമീൻ, കൊഞ്ചൻ, എന്നിവ ഗ്രാമീണ മത്സ ബന്ധനോപകരണത്തിൻെറ സഹായത്തോടെ കൂട്ടംകൂട്ടമായി പിടിച്ചു ഉപഭോഗം ചെയ്യുമായിരുന്നു. തോടുകളും ഇതുപോലെ മത്സ്യബന്ധനകേന്ദ്രങ്ങളായി അനുവർത്തിച്ചിരുന്നു. സപ്തംബർ മുതൽ മാർച്ച് വരെയുള്ള കാലങ്ങളിൽ കല്ലുമ്മക്കായ് ശേഖരിക്കൽ ഈ പ്രദേശത്തെ സാഹസികരായ യുവാക്കളുടെ ഒരു വിനോദമായിരുന്നു. 12 വരുന്ന മാസങ്ങളിൽ മാത്രമെ കല്ലുമ്മക്കായ പറിക്കാൻ പാടുള്ളൂ എന്ന ചിട്ട അവർ കർശനമായി പാലിച്ചിരുന്നു. ഇന്നു സ്വകാര്യ വ്യക്തികളുടെ കുളങ്ങളിൽ പോലും വരാൽ മീൻ അപ്രത്യക്ഷമായിരിക്കയാണ്. കീട നാശികളുടെ വ്യാപകമായ ഉപയോഗം മത്സ്യങ്ങൾക്കുള്ള അഴുകൽ രോഗത്തിൻെറ വ്യാപ്തിയും മത്സ്യം ഉൾപ്പെടെയുള്ള ജൈവസമ്പത്തിനെ നാമാവശേഷമാക്കിയിരിക്കുന്നു എന്ന ദാരുണ  സത്യം നാം ശ്രദ്ധിച്ചേ മതിയാകൂ.

മത്സ്യബന്ധനം ഈ ഗ്രാമത്തിലെ ഒരു ജീവിത വൃത്തിയല്ല. എന്നാൽ മത്സ്യവിപണന രംഗത്ത് ധാരാളം പേർ പ്രവർത്തിക്കുന്നു. മുമ്പ് കാലങ്ങളിൽ കൊട്ടകളിൽ തലചുമടായും കാവുകളിൽ ചുമലിലുമായി  വിപണനം നടത്തിയപ്പോൾ ഇന്നു സൈക്കിളിലും  ഓട്ടോറിക്ഷയിലുമായി തലശ്ശേരി മാർക്കറ്റിൽനിന്നുള്ള മതസ്യങ്ങൾ വീട്ടു വീടാന്തരം എത്തിക്കുന്നു. കോടിയേരി ജനത മത്സ്യപ്രിയരാണെങ്കിലും മത്സോൽപാദനരംഗത്ത് ആരുടെയും ശ്രദ്ധ പതിഞ്ഞിട്ടില്ലെന്നു തന്നെ പറയാം. പുന്നോൽ വയലിൽ 15 ഏക്കറോളം വരുന്ന ഓര് ജല സമ്പത്ത് ചെമ്മിൻ കൃഷിക്ക് വളരെ അനുയോജ്യമാണെന്നു മത്സ്യകൃഷി വികസന ഏജൻസിയിലെ കണ്ണൂർ റീജനൽ ഓഫീസർമാർ സമ്മതിക്കുന്നുണ്ട്. കോപ്പാലം വയലിൽ തോടിനു സമീപമായി 1.5 ഏക്കർ വരുന്ന ആഴമുള്ള വയൽ ശുദ്ധജലമത്സ്യങ്ങളെ വ്യാപകമായികൃഷിചെയ്യാൻ പറ്റിയതാണ്. കുണ്ടുചിറ ഭാഗത്തുള്ള വിശാലമായവയും കുണ്ടുചിറ അണക്കെട്ടിനോടനുബന്ധിച്ചുള്ള ജലംസംഭരണിയും മത്സ്യ കുഞ്ഞുങ്ങളെർത്താനും മത്സ്യക്കൃഷി വികസിപ്പിക്കാനും പറ്റിയ കേന്ദ്രമാണ്. ക്ഷേത്രക്കുങ്ങൾ, പൊതുകുളങ്ങൾ എന്നിവ ശുദ്ധ ജല സ്രോതസ്സായി ഉപയോഗപ്പെടുത്താം എന്നതിന്നുപുറമെ ശുദ്ധജല മത്സ്യകൃഷിക്കും പറ്റിയതാണ്. കുന്നുകളുടെ മദ്ധ്യേയുള്ള താഴ്വര പ്രദേശം ജലലഭ്യതകൊണ്ട് വളരെ അനുഗ്രഹിക്കപ്പെട്ടതായിട്ടും വിശാലമായ ചിറകൾകെട്ടി അവയെ സംഭരിച്ചു മത്സ്യക്കൃഷി കേന്ദ്രങ്ങളാക്കി മാറ്റിയിട്ടില്ല.

മാടപ്പീടിക ഭാഗത്തുനിന്നും, കൊമ്മൽ വയലിൽ നിന്നും കുറ്റി വയലിൽ നിന്നും കൈത്തോടുകൾ വഴി മഴവെള്ളം കുത്തിയൊലിച്ചു കണ്ണിച്ചിറ റോഡിനു സമീപത്തായി കെട്ടി നില്കുന്നകാരണം നെല്ല്, വാഴ മരച്ചീനി മുതലായ കൃഷികൾക്ക് നഷ്ടം സംഭവിക്കുന്നുണ്ടല്ലോ. വർഷകാലങ്ങളിൽ കൈതോടുവഴി ഒഴുകിവരുന്നവെള്ളം ഉപയോഗയുക്തമാവാതെ പാഴായി പോവുകയാണ്. ഇങ്ങിനെ പാഴാവുന്ന ജലം വയലളം ഭാഗത്ത് കണ്ണൂർ മിലിട്ടറി കൺണ്ടോൺമെൻറ് ഏറിയയിൽ നിർമ്മിച്ച മാതൃകയിൽ വലയളം ഭാഗത്തു തണ്ണീർതടങ്ങൾ നിർമ്മിച്ചു സംഭരിക്കുകയാണെങ്കിൽ വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കാനും ശുദ്ധ ജല മത്സ്യക്കൃഷി നടത്താനും സാധിക്കും.

പഞ്ചായത്തിൽ മത്സ്യക്കൃഷി നടത്തി പാരമ്പര്യമില്ലാത്തതിനാൽ താല്പര്യമുള്ളവർക്ക് മത്സ്യക്കൃഷി നടത്താനുള്ള സാങ്കേതിക പരിജ്ഞാനം പകർന്നു കൊടുക്കാനുള്ള ഉദ്ദേശത്തോടെ ഇപ്പോൾ സർക്കാർ നടത്തിവരുന്ന ' മത്സ്യഭവൻ' പരിപാടി ഇവിടേയും പഞ്ചായത്തിലും ഉടൻ നടപ്പിലാക്കേണ്ടതാണ്. മത്സ്യം വളർത്താനുദ്ദേശിക്കുന്ന കുളങ്ങൾക്ക് ചുരുങ്ങിയത് 2 സെൻറ് വിസ്തീർണ്ണം ഉണ്ടായിരിക്കേണ്ടതാണ്. ജലാശയങ്ങളുടെ വിസ്തീർണ്ണം കൂടുന്നതനുസരിച്ച് മത്സ്യങ്ങളുടെ വളർച്ചയും കൂടുന്നതാണ്. ഈ രംഗത്ത് ഫിഷറീസ് വകുപ്പു നൽകുന്ന സാമ്പത്തിക സാങ്കേതിക സഹായം നാം പൂർണ്ണമായും ഉപയോഗപ്പെടുത്തണം.

മത്സ്യവിപണനം നടത്തുവാനുള്ള അസൗകര്യം കോടിയേരി പഞ്ചായത്തിലുണ്ട്. റോഡ്സൈഡിൽ, ഓല ഷെഡ്ഡ് കെട്ടി വൃത്തികെട്ട സാഹചര്യങ്ങളിൽ പരിസരമലിനീകരണം സൃഷ്ടിക്കുന്ന ഇന്നത്തെ സമ്പ്രദായത്തിനുപകരം പഞ്ചായത്തിലെ പ്രധാനപ്പെട്ട മാർക്കറ്റിംഗ്സെൻററുകളിൽ സ്വകാര്യവ്യക്തികൾ മുഖേനയോ, സഹകരണ സംഘങ്ങൾ മുഖേനയോ ഫിഷ് ബൂത്തുകൾ നിർമ്മിച്ചു വിപണനം നടത്തേണ്ടതാണ്.

വനിതാ സഹകരണ സംഘങ്ങൾ വഴി മത്സ്യഅച്ചാർ, മത്സ്യസംസ്കരണം ഇവ നടത്താനുള്ള യൂനിറ്റ്,. മാടപ്പീടിക, ഈങ്ങയിൽ പ്പീടിക, മൂഴിക്കര, പാറാൽ കേന്ദ്രങ്ങളിൽ ആരംഭിക്കാവുന്നതാണ്.

31

# വ്യവസായം



ഇന്നത്തെ കോടിയേരി പഞ്ചായത്തിലുൾപ്പെടുന്ന പ്രദേശങ്ങളിലെ സാമൂഹ്യജീവിതത്തിൻെറ അടിത്തറ പുരാതനകാലത്ത് കാർഷിക സമ്പദ്‌വ്യവസ്ഥ ആയിരുന്നുവെങ്കിലും വ്യവസായങ്ങൾക്കും കൈത്തൊഴിലുകൾക്കും ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമുണ്ടായിരുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ചക്കര നിർമ്മാണം , നെയ്ത്, എണ്ണയാട്, മൺപാത്രനിർമ്മാണം, മരം ഈർച്ച തുടങ്ങിയവയായിരുന്നു ഈ നാട്ടിലെ വ്യവസായങ്ങൾ. കള്ളിൻചക്കര വ്യാപകമായിതന്നെ നിർമ്മിച്ചു വന്നിരുന്നു. കള്ള് ചെത്ത് തൊഴിലാളികൾ ആ തൊഴിലിനുശേഷം കള്ള് ചെത്തുകയും വീടുകളിൽ വെച്ച് ചക്കരയുണ്ടാക്കി തലശ്ശേരി പട്ടണത്തിൽ വിപണനം നടത്തുകയുമായിരുന്നു പതിവ്. കാരാൽത്തെരു, പാറാൽത്തെരു എന്നീ പ്രദേശങ്ങളിൽ അന്ന് കുഴിത്തറികളായിരുന്നു ആദ്യകാലത്ത് പ്രചാരത്തിലുണ്ടായിരുന്നത്. തോർത്ത് ആയിരുന്നു അവിടെ ഉല്പാദിപ്പിച്ചിരുന്നത്. തേങ്ങയാട്ടി വെളിച്ചെണ്ണ ഉണ്ടാക്കുന്നതിനുമാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സുലഭമായിരുന്നത് കൊണ്ട് അവ വ്യാപകമായി നടന്നു വന്നിരുന്നു. മരം ഈർച്ചത്തൊഴിലാളികളുടെ എണ്ണവും ഗണ്യമായിരുന്നു.

കേരള സമൂഹത്തിൽ വലിയ പരിവർത്തനങ്ങൾക്ക് നാന്ദികുറിച്ച സംഭവമായിരുന്നു ഒന്നാം ലോകമഹായുദ്ധം. യുദ്ധകാലത്ത് സൈന്യത്തിൽ ചേർന്ന യുവാക്കൾ പുതിയ നാടുകളും പുതിയ ലോകങ്ങളും കാണുകയും പുതിയ ജീവിത മേഖലകളെ പരിചയിക്കുകയും പുതിയ ഒരനുഭവ മണ്ഡലത്തെ തന്നെ കേരളത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. മലയാളികളുടെ മാനസിക ചക്രവാളത്തെ വികസ്വരമാക്കിയ ഒരു സംഭവമായിരുന്നു അത്. മറുനാടുകളിലേക്കുള്ള മലയാളികളുടെ പ്രവാസം സർവ്വ സാധാരണമായിത്തീർന്നു. നമ്മുടെ പ്രദേശത്തും ഇതിൻെറ അലയൊലികളുണ്ടായി. ഇപ്രകാരം മംഗലാപുരത്തും മറ്റും പോയവരാണ്. ബീഡിതെറുപ്പ് പരിശീലിക്കുകയും ബീഡി വ്യവസായത്തെ നമ്മുടെ നാട്ടിലെക്ക് കൊണ്ടു വരികയും ചെയ്തു ബീഡി വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളൊന്നും തന്നെ ഇവിടെയും പരിസരത്തും ലഭ്യമല്ലാതിരുന്നിട്ടും തൊഴുലുടമകളെ ഇങ്ങോട്ട് ആകർഷിച്ചുകൊണ്ടുവന്നത് ഇവിടത്തെ തൊഴിലാളികളുടെ തൊഴിൽ വൈദഗ്ദ്യമായിരുന്നു.

സംഘടിത വ്യവസായങ്ങൾ കോടിയേരിയിൽ ആരംഭിക്കുന്നത് 1930 കളിൽ ബീഡിക്കമ്പനികൾ വരുന്നതോടെയാണ്. ഡർബാർ, വാദ്ധ്യാർ, ഉമ്മർ, ഗണേശ് തുടങ്ങിയ ബീഡിക്കമ്പനികളിൽ നൂറുകണക്കിന് തൊഴാളികൾ തൊഴിൽചെയ്തു തുടങ്ങി. ഈങ്ങയിൽ പീടികയായിരുന്നു പ്രധാനപ്പെട്ട ബീഡിവ്യവസായ കേന്ദ്രം. പാറാൽ, ഇടയിൽപീടിക, മാടപ്പീടിക, എന്നീ കേന്ദ്രങ്ങളിലും ബീഡിക്കമ്പനികൾ പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാനം പിറവികൊള്ളുന്ന ഘട്ടത്തിൽ കോടിയേരിയിൽ 1500 ഓളം തൊഴിലാളികൾ ബീഡി വ്യവസായത്തിൽ തൊഴിൽ ചെയ്തുവന്നിരുന്നു. അന്ന് ബീഡിതെരപ്പ്കാർക്ക് നൂൽകെട്ടുന്ന ഒരു സഹായികൂടി ഉണ്ടായിരുന്നു. ഈ പ്രദേശത്തിനു പുറത്തു നിന്ന് , പൊന്ന്യം, പന്ന്യന്നൂർ, ചമ്പാട്, പന്തക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന്, തൊഴിലാളികൾ ഇവിടേക്ക് വരികയും തൊഴിലിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ 70 കളിൽ ബീഡിതൊഴിലാളികളുടെ എണ്ണം കുറഞ്ഞു തുടങ്ങി. ഗണേശ് കമ്പനി വ്യവസായ ശാല അടച്ചു പൂട്ടുകയും പകരം സഹകരണാടിസ്ഥാനത്തിൽ ദിനേശ് കമ്പനി വരികയും ചെയ്തതോടെ സമീപപ്രദേശങ്ങളിൽ തൊഴിൽ ശാലകൾ സ്ഥാപിക്കപ്പെടുകയും തൊഴിലാളികൾ ഇവിടേക്ക് വരേണ്ട അവസ്ഥ ഇല്ലാതാവുകയും ചെയ്തത് ഒരു കാരണമാണ്. നൂൽകെട്ടുകാർക്ക് ബീഡിവ്യവസായത്തിൽ സ്ഥാനമില്ലാതായി. ഉമ്മർ, വാദ്ധ്യാർ, തുടങ്ങിയവ കമ്പനികൾ തലശ്ശേരി നഗരത്തിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു.

ഇന്ന് കോടിയേരി പഞ്ചായത്തിൽ 4 ദിനേശ് ബീഡികമ്പനികളിലായി 407 തൊഴിലാളികളാണ് പണിയെടുക്കുന്നത്. അതിൽ.. പേർ. സ്ത്രീകളാണ്. മറ്റു കൈത്തൊഴിലുകളെ അപേക്ഷിച്ചു കൂലി കുറവാണെങ്കിലും പ്രോവിഡണ്ട് ഫണ്ട്, പെൻഷൻ ഗ്രാറ്റ്വിറ്റി, ബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾ ബീഡിതൊഴിലാളികൾക്ക് ഇന്ന് പ്രാപ്യമാണ്. അസംഘടിതരായി വീടുകളിൽ വെച്ച് ബീഡിതെരക്കുന്നവരുടെ എണ്ണം 200 ഓളം വരും. അവർക്ക് ന്യായമായ കൂലി നേടികൊടുക്കുകയും മറ്റ് തൊഴിൽ ആനുകുല്യങ്ങൾക്ക് അർഹരാക്കുകയും ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

## കൈത്തറി:

കാരാൽത്തെരു, പാറാൽതെരു എന്നീ പ്രദേശങ്ങളിലായിരുന്നു കൈത്തറി വ്യവസായ കേന്ദ്രങ്ങൾ. 1940 കളിലാണ് അതേവരെ നിലവിരുന്ന കൈത്തറികൾക്ക് പകരം മഗ്ഗവും കൈത്തറി ശാലകളും കോടിയേരിയിൽ ആരംഭിക്കുന്നത്. ബാസൽമിഷൻകാരാണ് ആദ്യമായി കൈത്തറിമഗ്ഗം തലശ്ശേരിയിൽ കൊണ്ടുവന്നത്. കോടിയേരിയിൽ നിന്ന് ചില തൊഴിലാളികൾ നഗരപ്രാന്തങ്ങളിലെ തൊഴിൽശാലകളിൽ പണിചെയ്തിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുമുമ്പും പിമ്പുമുള്ള വർഷങ്ങളിൽ കാരാൽത്തെരു ഒരു പ്രധാന കൈത്തറി വ്യവസായ കേന്ദ്രമായി മാറി. പാറാൽത്തെരുവിലും ഒട്ടേറെ നെയ്ത്ത് ശാലകൾ നിലവിൽവന്നു. എന്നാൽ 75 കൾക്ക് ശേഷം കൈത്തറി വ്യവസായം വലിയ പ്രതിസന്ധിയെ നേരിട്ടു തുടങ്ങി. അനേകങ്ങൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ബാക്കിയുള്ളവർക്ക് തന്നെ സ്ഥിരമായ ജോലി ഇല്ലാതാവുകയും മറ്റ് തൊഴിലുകളെ അപേക്ഷിച്ചുകൂലി വളരെ കുറഞ്ഞ നിരക്കിലുള്ളതുമായി. കൈത്തറി മഗ്ഗങ്ങളുടെ ശബ്ദം തെരുവുകളുടെ സംഗീതമായിരുന്ന കാലം ഗതകാലസ്മരണകളായി മാറി.

രണ്ടുതെരുവുകളിലുമായി 150 ൽതാഴെ ആൾക്കാർ മാത്രമെ ഇന്ന് കൈത്തറി വ്യവസായത്തിൽ വ്യാപരിക്കുന്നുള്ളൂ. പാറാൽ തെരുവിൽ സ്ഥാപിതമായ സഹകരണ സംഘത്തിൽ 50 ഓളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഹാൻവീവിൻെറ ഒരു വിപണന കേന്ദ്രം കല്ലിൽത്താഴയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അവർ മുഖാന്തരം ഏതാനും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നു.

ഒരു നെയ്ത് തൊഴിലാളിയുടെ ശരാശരി വരുമാനം ദിവസം 30 ക.യിൽ താഴെ മാത്രമെ വരികയുള്ളൂ. കൂലിക്കുറവിനുപുറമെ എല്ലാ ദിവസവും തൊഴിൽ ഉണ്ടാവുമെന്ന ഉറപ്പ് ഇല്ലാത്ത അവസ്ഥയും തൊഴിലാളികളെ മറ്റ് തൊഴിലുകളിലേക്ക് മാറിപ്പോകാൻ പ്രേരിപ്പിച്ചു. കേരളത്തിലെ തൊഴിലാളികൾ മെച്ചപ്പെട്ട കൂലിയും മററ് തൊഴിലാനുകൂല്യങ്ങളും നേടിയെടുത്ത ഘട്ടത്തിൽ കയറ്റുമതി ലോബി കേരളത്തെ അവഗണിക്കുകയും ഉല്പാദനച്ചെലവ് കുറഞ്ഞ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയും ചെയ്തത് കേരളത്തിലെ കൈത്തറി വ്യവസായത്തിന് കനത്ത പ്രഹരമായി. ദേശഭേദമില്ലാത്ത എല്ലാ തൊഴിലാളികൾക്കും മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ കരഗതമാക്കുക എന്നത് മാത്രമാണ് ഇതിനൊരു പോംവഴി.

നവീകരണത്തിലൂടെ മാത്രമെ കൈത്തറി വ്യവസായത്തിന് ഇവിടെ നിലനിൽക്കാൻ കഴിയുകയുള്ളൂ. യന്ത്രവൽക്കരണവും ടെക്സ്ടൈൽ ഡിസൈനിംഗിൽ വൈദഗ്ദ്ധ്യം നേടിയവരുടെ മാർഗനിർദ്ദേശവും ഗുണമേന്മയുള്ള തുണിയുല്പന്നങ്ങളും വഴി ഈ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ കഴിയും.

6 പവർലൂമുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. കൂടുതൽ പവർലൂമുകൾക്കുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തുകയും വ്യവസായസംരംഭകർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും വേണം. പഞ്ചായത്തിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്.

ആഭ്യന്തര വിപണിയുടെ സാദ്ധ്യതകൾ വിപുലമാക്കിയാൽ മാത്രമെ കൈത്തറി വ്യവസായത്തിന് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. സ്കൂൾ യൂനിഫോമുകളും സർക്കാർ ഓഫീസുകളിലെ കർട്ടൻ മേശവിരിപ്പ് മുതലായവയും കൈത്തറി തുണി ഉപയോഗിച്ചാവണം എന്ന് നിഷ്ക്കർഷിച്ചാൽ ഈരംഗത്ത് ഉല്പാദനവർദ്ധനവും ഉല്പന്നങ്ങളുടെ വിററഴിക്കലും ഒരു പ്രശ്നമല്ലാതായി മാറും. കാലാകാലങ്ങളിൽ ജനങ്ങളുടെ അഭിരുചി മാറുന്നതിനനുസരിച്ച് നവീനമായ തുണിത്തരങ്ങൾ ഉല്പാദിപ്പിക്കാനും കഴിയേണ്ടതുണ്ട്. സർക്കാർ, കൈത്തറി മേഖലയിൽ നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ സഹകരണ രംഗത്തിന് പുറത്തു ജോലിചെയ്യുന്ന തൊഴിലാളികൾക്കും ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാവണം.

ആധുനിക യന്ത്രങ്ങളും സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം വിദേശമാർക്കററ് നേരിൽ നേടിയെടുക്കാനും കഴിഞ്ഞാൽ കൈത്തറി രംഗം രക്ഷപ്പെടും.

മൺപാത്ര നിർമ്മാണം ഇവിടെ മുരടിച്ചുപോകാനുള്ള ഒരു കാരണം ഇന്ധനക്ഷാമവും അസംസ്കൃതവസ്തുവിൻെറ ലഭ്യതക്കുറവുമായിരുന്നു. കളിമണ്ണ് സുലഭമായിരുന്ന സ്ഥലങ്ങൾ പാർപ്പിടങ്ങളായി രൂപാന്തരപ്പെട്ടതോടെയും ചൂളയിൽ ഉപയോഗിച്ചിരുന്ന ചുള്ളിക്കമ്പുകൾ പഴയതുപോലെ ശേഖരിക്കാൻ കഴിയില്ലെന്നു വന്നതോടെയും ഈ വ്യവസായം ഇവിടെ അന്യം നിന്നുപോയി. അലുമിനിയം സ്റ്റീൽ പാത്രങ്ങളുടെ പ്രചുര പ്രചാരവും മൺപാത്ര നിർമ്മാണത്തെ നിരുത്സാഹപ്പെടുത്തി. കാര്യമായ ഒരു കളിമൺ സങ്കേതമെങ്കിലും സംരക്ഷിച്ചു നിർത്താൻ കഴിയുകയും ഈ വ്യവസായത്തിൽ താല്പര്യമുള്ള വ്യക്തികൾക്ക് സഹായങ്ങൾ ചെയ്തു കൊടുത്തു

പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ മൺപാത്ര നിർമ്മാണത്തെ ഭാഗികമായെങ്കിലും, പുനരുജ്ജീവിപ്പിക്കാൻ കഴിയും. വയലളം ദേശത്ത് കളിമൺ ലഭ്യമായ കുറേ സ്ഥലം വിലക്കെടുത്ത് ആധുനികരീതിയിലുള്ള ഒരു സിറാമിക്സ് വ്യവസായത്തിന് തുടക്കമിടാനും സാദ്ധ്യതകളുണ്ട്.

സ്വകാര്യവ്യക്തികൾ നടത്തിവരുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ ചിലതെങ്കിലും ഇവിടെ ഉണ്ട്. ഗ്രിൽസ് വെൽഡിംഗ് നടത്തുന്ന 5 സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. യന്ത്രസഹായത്തോടെ ഫർണ്ണിച്ചറുകൾ നിർമ്മിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങൾ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. മരത്തിൻെറ കട്ടിളജനാലുകളും മറ്റു ഗൃഹോപകരണങ്ങളും നിർമ്മിച്ചുവരുന്ന ഈ സ്ഥാപനങ്ങളിൽ 30 ഓളം തൊഴിലാളികൾ ജോലിചെയ്തു വരുന്നുണ്ട്. ബേക്കറി സാധനങ്ങൾ നിർമ്മിച്ചു വിപണനം നടത്തുന്ന 10 സ്ഥാപനങ്ങൾ ഇവിടെ ഉണ്ട്. ഓട്ടോറിക്ഷ ടൂവീലർ വാഹനങ്ങൾ റിപ്പേർ ചെയ്യുന്ന 2 വർക്ക്ഷാപ്പുകളാണ് ഇപ്പോഴിവിടെ ഉള്ളത്. സ്വർണ്ണാഭരണങ്ങളുടെ നിർമ്മാണവും സോഡാ നിർമ്മാണവും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന വ്യാവസായിക പ്രവർത്തനങ്ങൾ തന്നെയായി ഗണിക്കേണ്ടതാണ്.

യൂനിറ്റുകൾ തീപ്പെട്ടി നിർമ്മാണം കിടക്കനിർമ്മാണം, ക്ഷീരോല്പന്ന നിർമ്മാണം എന്നീ രംഗങ്ങളിൽ പ്രവർത്തനമാരംഭിച്ചിരുന്നു. അതിൽ തീപ്പെട്ടി നിർമ്മാണ യൂണിറ്റ് പൂട്ടിയിട്ടിരിക്കുകയാണ്. മറ്റ് രണ്ട് യൂനിറ്റുകൾ ബാലാരിഷ്ഠതകളോടെയാണെങ്കിലും പ്രവർത്തിക്കുന്നുണ്ട്. ഈ യൂനിറ്റുകളുടെ പ്രശ്നങ്ങൾ പരിശോധിക്കുകയും പ്രായോഗിക പരിഹാരങ്ങൾ നിർദ്ദേശിക്കുകയും വേണം.

ഒരു സെറികൾച്ചർ സൊസൈറ്റി ഇവിടെ പ്രവർത്തനമാരംഭിച്ചിരുന്നു. ഉല്പന്നത്തിന് വിപണി കണ്ടെത്തുകയാണ് ഈ രംഗത്തെ ഉല്പാദകന് വലിയ വിഷമമായിത്തീർന്നത്. പട്ടുനൂൽ തലശ്ശേരിയിൽ വെച്ചു വാങ്ങുവാൻ വേണ്ട ഏർപ്പാട് ബന്ധപ്പെട്ട വകുപ്പ് ചെയ്തുകൊടുക്കേണ്ടതാണ്.

പുന്നോലിലുള്ള എൻ. ഇ. ലക്ഷ്മണൻ എന്ന ഒരാൾ ഇവിടെ പട്ടുനൂൽപ്പുഴു വളർത്തൽ വിജയകരമായി നടത്തിവരുന്നുണ്ട്.

ആധുനിക വ്യവസായങ്ങളുടെ അഭാവം ആദ്യമേതന്നെ കോടിയേരിയുടെ വ്യവസായിക വികസനത്തെ പരിമിതപ്പെടുത്തിയിരുന്നു. നഗരസദൃശമായ ജനസാന്ദ്രത ഉള്ള ഈ പഞ്ചായത്തിൽ സ്ഥലലഭ്യത കുറവായിരിക്കുമെന്നതുപോലെതന്നെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിവെക്കാത്ത വ്യവസായങ്ങളെ മാത്രമെ സ്വാഗതം ചെയ്യുവാനും കഴിയുകയുള്ളൂ. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങളുടെ അഭാവവും ഒരു പ്രശ്നമാണ്.

അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ആയിരക്കണക്കിനു യുവതീയുവാക്കൾ ഉള്ള ഈ ഗ്രാമത്തിൽ തൊഴിലില്ലായ്മയുടെ രൂക്ഷത കുറക്കാനും ഉല്പാദനം വർദ്ധിപ്പിക്കാനും വ്യാവസായിക വളർച്ചയിലൂടെയല്ലാതെ കഴിയുകയുമില്ല.

വിദ്യാഭ്യാസവും ബിരുദവും ഉള്ളവർക്ക് ഇവിടെ ക്ഷാമമില്ലെങ്കിലും സാങ്കേതിക പരിജ്ഞാനവും പ്രായോഗിക പരിശീലനവും നേടിയവരുടെ എണ്ണം അതിൽ ആനുപാതികമായി വളരെ കുറവായിരിക്കുമെന്ന അത് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ഒരു ദൗർബല്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ പ്രശ്നം പരിഹരിക്കാൻ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ ആരംഭിക്കണം. ഉയർന്ന നിലവാരം പുലർത്തുന്നതും അത്യാധുനികവുമായ തൊഴിൽ പരിശീലന കേന്ദ്രമായിരിക്കണം ഇത്. നെട്ടൂരിലെ N.T.T.F എന്ന സ്ഥാപനത്തെ ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്.

വ്യവസായ സംരംഭങ്ങൾക്ക് ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് വേണ്ടി സ്ഥലം അക്വയർ ചെയ്യാൻ പഞ്ചായത്തിന് കഴിയണം. മൂഴിക്കരക്കുന്ന്, കണ്ണിച്ചിറ റോഡിൻെറ പാർശ്വങ്ങൾ നിർദ്ദിഷ്ട ബൈപാസ് റോഡിൻെറ സമീപസ്ഥലങ്ങൾ എന്നിവ ഇതിനുവേണ്ടി പരിഗണിക്കാവുന്നതാണ്. ഒരു സ്ഥലത്തുതന്നെ വേണ്ടത്ര ഭൂമി ലഭ്യമല്ലെങ്കിൽ ഒന്നിലധികം സ്ഥലങ്ങളിലായി അക്വിസിഷൻ നടത്തിയാലും മതി.

ഈ പഞ്ചായത്തിൽ ആരംഭിച്ചു നടത്തിക്കൊണ്ടുപോവാൻ കഴിയുന്ന ഒരു വ്യവസായം ഇലക്ട്രാണിക്സ് വ്യവസായമാണ്. ഏതെങ്കിലും വൻകിട വ്യവസായത്തെ ആശ്രയിച്ച് ഇലക്ട്രോണിക് പാർട്ടുകൾ നിർമ്മിച്ചു നൽകുന്ന വ്യവസായ യൂനിറ്റുകൾ ഇവിടെ അനേകം സ്ഥാപിക്കാൻ കഴിയും. കെൽട്രോൺ, ബിപി. എൽ ഏതുടങ്ങിയ വൻസ്ഥാപനങ്ങളെ ഇക്കാര്യത്തിനുവേണ്ടി സമീപിക്കാവുന്നതാണ്. ഇലക്ട്രോണിക് പാർട്ടുകൾ കൊണ്ടുവന്ന് അസംബിൾ ചെയ്യുന്ന ഒരു യൂനിറ്റിനും സാദ്ധ്യതയുണ്ട്. സ്വകാര്യവ്യവസായ സംരംഭകരെ ഇലക്ട്രോണിക്സ് വ്യവസായത്തിൽ മുതൽ മുടക്കാൻ

പ്രേരിപ്പിക്കുകയും അവർക്ക് അതിനനുയോജ്യമായ പരിതസ്ഥതികൾ സൃഷ്ടിച്ചുകൊടുക്കാൻ സഹായിക്കുകയും വേണം. ഇപ്രകാരം സ്ഥാപിക്കാൻ ലക്ഷ്യമിടുന്ന ഇലക്ട്രോണിക്സ് വ്യവസായത്തിൽ മുതൽമുടക്കാൻ പ്രേരിപ്പിക്കുകയും അവർക്ക് അതിനനുയോജ്യമായ പരിതസ്ഥിതികൾ സൃഷ്ടിച്ചുകൊടുക്കാൻ സഹായിക്കുകയും വേണം. ഇപ്രകാരം സ്ഥാപിക്കാൻ ലക്ഷ്യമിടുന്ന ഇലക്ട്രോണിക്സ് വ്യവസായം ശൃംഖലയിൽ ചുരുങ്ങിയത് സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ 150 യുവാക്കൾക്കെങ്കിലും തൊഴിൽ കണ്ടെത്താൻ കഴിയും. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ നിർമ്മാണ രംഗത്തും നമ്മുടെ ശ്രദ്ധ പതിയേണ്ടതാണ്.

തലശ്ശേരി നഗരത്തോട് തൊട്ടുകിടക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ ഓട്ടോമോബൈൽ വ്യവസായങ്ങൾക്ക് ഇവിടെ വമ്പിച്ച സാദ്ധ്യതകളുണ്ട്. കണ്ണിച്ചിറ റോഡിൻെറ തൊട്ടടുത്ത സ്ഥലങ്ങഹളിൽ വർക്ക്ഷോപ്പുകളും വെൽഡിംഗ് - ടർണിംഗ് വ്യവസായങ്ങളും ലാഭകരമായിതന്നെ നടത്തിക്കൊണ്ടുപോവാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യമായ മറ്റൊരു വ്യവസായരംഗമാണ് നാളികേര സംസ്കരണം. ഗാർഹികാവശ്യം കഴിച്ച് ഈ പ്രദേശത്തുതന്നെ ലഭ്യമാവുന്ന 25 ലക്ഷം നാളികേരം ഈ വ്യവസായത്തിന് അസംസ്കൃത വസ്തുവാകും. വെളിച്ചെണ്ണ, പുണ്ണാക്ക് എന്നിവക്ക് പുറമെ തേങ്ങാപ്പാൽ, തേങ്ങാ പൗഡർ തുടങ്ങിയവയും ഇവിടെഉല്പാദിപ്പിക്കാൻ കഴിയുന്നതും കമ്പോളം നേടിയെടുക്കാവുന്നതുമാണ്. ചിരട്ട ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂനിറ്റ് ഇതിനനുബന്ധമായി ആരംഭിക്കാവുന്നതാണ്.

തേങ്ങാത്തൊണ്ടിൽ നിന്ന് ( പച്ചമടലിൽ നിന്ന്) നാര് വേർതിരിച്ചെടുക്കുന്ന യന്ത്രസംവിധാനം ഉപയോഗിച്ച് ഇവിടെ കയർ വ്യവസായത്തിന് ബീജ, വാപം ചെയ്യാനും സാദ്ധ്യതയുണ്ട്. 30 ലക്ഷം ക. മുതൽമുടക്ക് കണക്കാക്കുന്ന ഈ വ്യവസായത്തിൽ 25 പേർക്ക് പ്രത്യക്ഷമായും അത്രയും പേർക്ക് പരോക്ഷമായും തൊഴിൽ നൽകുവാൻ കഴിയും.

പഴസംസ്കരണയൂനിറ്റിനും ഇവിടെ സാദ്ധ്യതയുണ്ട്. കാർഷികോല്പാദന വർദ്ധനവിനനുരോധമായി ഇവിടെ ലഭ്യമാകാനിടയുള്ള മാങ്ങ, കൈതച്ചക്കൂ എന്നിവ സംസ്കരിച്ചു വിതരണം നടത്തുന്നതോടൊപ്പം കശുമാങ്ങയിൽ നിന്ന് 'കാഷ്യൂവൈൻ' ഉല്പാദിപ്പിച്ച് ഔഷധമായി വില്പന നടത്തുന്നതിനും ഈയൂനിറ്റിന് കഴിയണം. മറ്റ് സീസണുകളിൽ ചക്ക ഉപ്പേരികായ വറുത്തത്, കിഴങ്ങ്, വറുത്തത് തുടങ്ങഇയ നിർമ്മിക്കാവുന്നതാണ്. വാഴപ്പഴം ഇളംപ്രായത്തിൽ ഉണക്കിപ്പൊടിയാക്കി അതിൽ നിന്ന് പ്രകൃതിജന്യമായ ബേബിഫുഡ് ഉല്പാദിപ്പിക്കാനും കഴിയും.

തലശ്ശേരി നഗരത്തിലെ ബേക്കറികളിലും ഹോട്ടലുകളിലും മറ്റുംഇന്ന് മധുരപലഹാരങ്ങൾ കരാർ അടിസ്ഥാനത്തിൽ നിർമ്മിച്ചു നൽകുന്ന പതിവ് വന്നിട്ടുണ്ട്. അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് മധുരപലഹാരങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായയൂണിറ്റ് ഇവിടെ ആരംഭിക്കാവുന്നതാണ്.

കാലിത്തീറ്റ നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ഗാർമെൻറ് മേക്കിംഗ്, പപ്പടനിർമ്മാണം, അച്ചാർ നിർമ്മാണം, പുസ്ത നിർമ്മാണവും ബൈൻറിംഗും തുടങ്ങിയവ്യവസായ സംരംഭങ്ങളുടെ സാദ്ധ്യതകൾ ആരായേണ്ടതാണ്.

ഒരു ഖാദിഗ്രാമവ്യവസായ യൂനിറ്റ് ഇവിടെ സ്ഥാപിക്കാൻ പ്രസ്തുത വകുപ്പമുയി ബന്ധപ്പെടണം.

വിദേശമലയാളികൾ മുതൽമുടക്കാൻ തയ്യാറാവുമെങ്കിൽ സർജിക്കൽസ് നിർമിക്കുന്ന ഒരു ഫാക്ടറി ഈ ഗ്രാമത്തിൽ സ്ഥാപിക്കാവുന്നതാണ്. അനുബന്ധമായി ' ഡിസ്റ്റിൽഡ് വാട്ടർ' ഉല്പാദിപ്പിക്കുവാനും കഴിയും

അറബിക്കടലോരത്ത് ഇന്നുള്ള ചേരികൾ നിർമ്മാർജ്ജനം ചെയ്ത് അവിടുത്തെ താമസിക്കുന്നവരെ ഫ്ലാറ്റുകളായി പണിയുന്ന പാർപ്പിടങ്ങളിലെക്കോ മറ്റോ, മാറ്റി, അവിടെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാൻ കഴിയും. കുണ്ടുചിറ ഡാമിൻെറ പാർശ്വത്തിൽ ഇന്നു ലഭ്യമായ പുറമ്പോക്ക് ഭൂമിയിൽ ഉദ്യാനവും പൂന്തോട്ടവും ഉണ്ടാക്കി അവിടവും ഒരു ടൂറിസ്റ്റ് സങ്കേതമാക്കി മാറ്റുവാനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നു.

മുകളിൽ നിർദ്ദേശിച്ച വ്യവസായത്തിൽ ഖാദിഗ്രാമവ്യവസായ യൂനിറ്റ് യാത്രമാണ് പൊതുമേഖലയിൽ സമാരംഭിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാവുന്നത്. സഹകരണ ബേങ്കുകൾക്ക് ഒന്നോ രണ്ടോ വ്യവസായങ്ങൾ ആരംഭിക്കാൻ മുതൽമുടക്കാവുന്നതാണ്. പുതിയ സഹകരണ സംഘങ്ങൾ രൂപീകരിച്ചു നടത്താവുന്നതാണ്. ചില വ്യവസായങ്ങൾ ഡി. ഡബ്ല്യു.സി. ആർ. എ യൂനിറ്റുകൾക്ക് ഏറ്റെടുക്കാവുന്നവയാണ് മറ്റു ചിലവ. സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചവരും തൊഴിലില്ലാത്ത യുവാക്കൾക്ക് ഗ്രൂപ്പികളായി സംഘടിച്ച് വ്യവസായസംരംഭങ്ങളിൽ ഏർപ്പെടാൻ കഴിയും. സ്വകാര്യവ്യക്തികൾ വ്യവസായരംഗത്ത് മുതൽമുടക്കാൻ തയ്യാറാവുകയും അതിന് പറ്റിയ അന്തരീക്ഷം സൃഷ്ടിച്ച് അവരെ അതിന് പ്രോത്സാഹിപ്പിക്കുകയും വേണം. വിദേശ നാടുകളിൽ നിന്ന് വരുന്ന

പണത്തിലൊരുഭാഗം ഈ പ്രദേശത്ത് വ്യവസായ മൂലധനമാക്കി മാറ്റുവാൻ കഴിയണം. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസ്, വൈദ്യുതി, ഗതാഗത സൗകര്യം എന്നിവ ലഭിക്കാനുള്ള മാർഗ്ഗങ്ങൾ ലഘൂകരിക്കാൻ കഴിയണം. വ്യവസായങ്ങൾ ലാഭകരമായി നടത്തിക്കൊണ്ടുപോവാനുള്ള സാഹചര്യം രൂപപ്പെടുന്നതോടെ ഉല്പാദനമേഖലയിൽ നമ്മുടെ വിഹിതം വർദ്ധിക്കുകയും തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹൃതമാവുകയും നാട് സമ്പന്നമാവുകയും ചെയ്യും.

അനുബന്ധം
പട്ടിക 1

## നിലവിലുള്ള വ്യവസായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമ നമ്പർ | വ്യവസായം | തൊഴിലെടുക്കുന്നവർ | | | ശരാശരി മാസവരുമാനം | റിമാർക്സ് |
|---|---|---|---|---|---|---|
| | | T | M | F | | |
| 1 | ബീഡി ( സഹകരണ മേഖല) | 407 | 167 | 240 | 1200 | |
| 2 | ബീഡി (സ്വകാര്യമേഖല) | 200 | 10 | 60 | 600 | ഔട്ട്വർക്ക് |
| 3 | കൈത്തറി ( സഹകരണം) | 50 | 35 | 15 | 900 | |
| 4 | കൈത്തറി (സ്വകാര്യമേഖല) | 100 | 40 | 60 | 900 | |
| 5 | ഗ്രിൽസ് വെൽഡിംഗ് | 20 | 20 | | 1500 | |
| 6 | സോഡ | 7 | 7 | | 1000 | |
| 7 | ബേക്കറി | 15 | 15 | | 1500 | |
| 8 | ടൂവീലർ ഓട്ടോ വർക്ക് ഷാപ്പ് | 5 | 5 | | 2000 | |
| 9 | ആഭരണ നിർമ്മാണം | 25 | 25 | | 3000 | |
| 10 | സെറി കൾച്ചർപവർ ലൂം | 1 | 1 | | 1000 | |
| 11 | പവർ ലൂം | 6 | 6 | | 1500 | |
| 12 | ഫർണിച്ചർ | 0 | 50 | | 2000 | |
| 13 | മൺപാത്ര നിർമ്മാണം | 1 | | 1 | 1000 | |
| 14 | കിടക്ക നിർമ്മാണം | 10 | 4 | 6 | 750 | |
| 15 | ക്ഷീരോല്പന്ന നിർമ്മിതി | 5 | | 5 | 500 | |

അനുബന്ധം
പട്ടിക 2

## പുതുതായി നിർദ്ദേശിക്കുന്ന വ്യവസായങ്ങൾ സംബന്ധിക്കുന്ന വിശദാംശങ്ങൾ

| ക്രമ നമ്പർ | വ്യവസായം | എത്ര യൂണിറ്റുകൾ | കണക്കാക്കുന്ന മുതൽ മുടക്ക് | പ്രതീക്ഷിക്കുന്ന പുതിയ തൊഴിലവസരങ്ങൾ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| 1 | സ്പിന്നിങ്ങ് മിൽ | 1 | 1 കോടി | 200 | സഹ. മേഖല |
| 2 | പവർ ലൂം | 5 | 10 ലക്ഷം | 25 | സ്വ. മേഖല |
| 3 | ഇലക്ട്രോണിക്സ് | 10 | 15 ലക്ഷം | 150 | സ്വ.മേഖല |
| 4 | സർജിക്കൽസ് ആൻഡ് ഡിസ്റ്റിൽ ഡ് വാട്ടർ | 1 | 50ലക്ഷം | 100 | സ്വ. മേഖല |
| 5 | നാളികേര സംസ്കരണം | 1 | 25 ലക്ഷം | 25 | സഹ. മേഖല |
| 6 | ഫ്രൂട്ട് പ്രൊസ്സസ്സിംഗ് ( ജാം, കാഷ്യു വൈൻ ചിപ്സ്, ) | 2 | 3 ലക്ഷം | 30 | ഡി. ഡബ്ല്യൂ. സി.ആർ. എ. |
| 7 | ഫുഡ് പ്രൊസ്സസ്സിംഗ് ( പപ്പടം, അച്ചാർ) | 1 | 1 ലക്ഷം | 10 | ഡി. ഡബ്ല്യൂ. സി.ആർ. എ. |
| 8 | കൺഫക്ഷനറി ( മധുരപലഹാരങ്ങൾ) | 2 | 1ലക്ഷം | 30 | ഡി. ഡബ്ല്യൂ. സി.ആർ. എ. |
| 9 | കയർ | 1 | 30 ലക്ഷം | 50 | സ്വ. മേഖല |
| 10 | ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് | 4 | 25 ലക്ഷം | 50 | സ്വ. മേഖല |
| 11 | വെൽഡിംഗ് | 1 | 1 0ലക്ഷം | 10 | സ്വ. മേഖല |
| 12 | ടർണിംഗ് | 1 | 10ലക്ഷം | 10 | സ്വ. മേഖല |
| 13 | കമ്പ്യൂട്ടർ സോഫ്റ്റവെയർ | 1 | 20 ലക്ഷം | 25 | സ്വ. മേഖല |
| 14 | കൌതുക വസ്തുക്കൾ, കളിപ്പാട്ടം | 1 | 1 ലക്ഷം | 15 | ഡി. ഡബ്ല്യൂ. സി.ആർ. എ. |
| 15 | ഖാദി യൂണിറ്റ് | 1 | 20ലക്ഷം | 50 | പൊതുമേഖല |
| 16 | കാലിത്തീറ്റ നിർമ്മാണം | 1 | 10ലക്ഷം | 25 | സഹ. മേഖല |
| 17 | ഗാർട്ടൻറ് മേക്കിംഗ് | 2 | 2 ലക്ഷം | 30 | ഡി. ഡബ്ല്യൂ. സി.ആർ. എ. |
| 18 | പുസ്തക നിർമ്മാണം, വൈൻഡിംഗ് | 1 | 1ലക്ഷം | 15 | ഡി. ഡബ്ല്യൂ. സി.ആർ. എ. |
| 19 | മെഴുകുതിരി നിർമ്മാണം | 1 | 1 ലക്ഷം | 10 | ഡി. ഡബ്ല്യൂ. സി.ആർ. എ. |
| 20 | തീപ്പെട്ടി നിർമ്മാണം | 1 | 1 ലക്ഷം | 10 | ഡി. ഡബ്ല്യൂ. സി.ആർ. എ. |
| 21 | സിറാമിക്സ് | 1 | 5 ലക്ഷം | 20 | സ്വ. മേഖല |
| 22 | വ്യവസായ പരിശീലന കേന്ദ്രം | 1 | 50ലക്ഷം | 25 | പെതുമേഖല (പഞ്ചാ.ബോർഡ്) |
| 23 | ബിൽഡിങ്ങ് കൺസ്ട്രക്ഷൻ കമ്പനി | | 2 ലക്ഷം | 100 | സഹകരണ മേഖല |

# വിദ്യാഭ്യാസം

കോടിയേരി പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുമ്പോൾ പണ്ടുകാലത്ത് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചിരുന്ന ഗുരു ശ്രേഷ്ഠന്മാരെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. 1877 ൽ കോടിയേരിയിൽ കല്ലിൽത്താഴ പ്രദേശത്ത് താമസിച്ചിരുന്ന ശ്രീ കല്ലി അമ്പുഗുരുക്കൾ അനന്തോത്ത് എന്ന പറമ്പിൽ കുടിപ്പള്ളിക്കൂടമായി ഒരു വിദ്യാലയം സ്ഥാപിച്ചു. 1880 ൽ ഗവൺമെൻറിൽ നിന്നും ഭാഗികമായ അംഗീകാരം ലഭിക്കുകയും തുടർന്നുള്ള പ്രവർത്തനഫലമായി സ്കൂൾ അഭിവൃദ്ധിപ്പെടുകയും ചെയ്തു. ശ്രീ. കല്ലി അമ്പുഗുരുക്കളുടെ അകാല നിര്യാണത്തെ തുടർന്ന് അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരൻമാരുടെ പുത്രൻമാരായ ശ്രീ. വേലാണ്ടിചോയി ഗുരുക്കളുടേയും കുനിയിൽ പുലപ്പാടി മന്ദൻ ഗുരുക്കളുടേയും കൂട്ടു മാനേജ്മെൻറിൽ സ്കൂൾ തുടർന്നു നടത്തപ്പെട്ടു. 1901 ൽ നമ്പർ 7296/ പ്രകാരം സ്കൂളഇൽ സ്ഥിരമായ അംഗീകാരം ലഭിച്ചു. കൂടുതൽ സൗകര്യം എന്ന നിലയിൽ മാനേജ്മെൻറിൻെറ കൂട്ടായ തീരുമാനപ്രകാരം അനന്തോത്ത് പറമ്പിൽ നിന്നും സ്കൂൾ ഇന്ന് സ്ഥിതി ചെയ്യുന്ന കരുവോത്ത് പൊയിൽ എന്ന പറമ്പിലേക്ക് മാറ്റി സ്ഥാപിച്ചു. കേട്ടറിഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ സംരംഭങ്ങൾ പൊതുവാച്ചേരി, പുന്നോൽ എന്നിവിടങ്ങളിലും ഉണ്ടായി. ഗുരുക്കൻമാർ വീടുകളിൽ വെച്ച് വിദ്യ അഭ്യസിപ്പിച്ചിരുന്നു. എടക്കണ്ട തെക്കെ വീട്ടിൽ കുഞ്ഞിരാമൻ ഗുരുക്കൾ, രാമൻ ഗുരുക്കൾ, ദാമു ഗുരുക്കൾ എന്നിവർ പ്രഥമ ഗണനീയരാണ്. പൊതുവാച്ചേരി ഈസ്റ്റ്‌യു. പി. സ്കൂൾ 1887 ൽ ആരംഭിച്ചതാണ് ഇത്. എൽ. പി. സ്കൂളായിപ്രവർത്തന മാരംഭിച്ച് പിന്നീട്‌യു. പി.യായി ഉയർത്തപ്പെട്ടഗതാണ്. 1880ൽ ആരംഭിച്ച സ്കൂളുകളാണ് മൂഴിക്കര. എൽ. പി. സ്കൂൾ, കോടിയേരി ജൂനിയർ ബേസിക്ക് സ്കൂൾ, മണോളിക്കാവ് എൽ. പി.സ്കൂൾ എന്നിവ 1889ൽ സ്ഥാപിച്ച വിദ്യാലയമാണ് പാറാൽ. എൽ. പി. സ്കൂൾ. വിദ്യാഭ്യാസ രംഗത്ത് പ്രശസ്തരായിരുന്ന മാന്യവ്യക്തികളാണ് ചമ്പാകുഞ്ഞിമ്മന്ദി എഴുത്തമ്മ, കേളപ്പൻ ഗുരുക്കൾ,ഒതേനൻ ഗുരുക്കൾ, ഉണ്ണിഗുരുക്കൾ, പാറായി മീത്തൽ രാമൻ ഗുരുക്കൾ, കരിങ്ങി രാമൻ മാസ്റ്റർ, കണിച്ചോത്ത് ശങ്കരൻ ഗുരുക്കൾ, ഓണിയൻ കുഞ്ഞിരാമൻ മാസ്റ്റർ, കൂക്കൻ നാരായണൻ മാസ്റ്റർ, ചമ്പാലക്കാട്ടിൽ കുമാരൻ മാസ്റ്റർ പത്തലായി ഗോപാലൻ ഗുരുക്കൾ തുടങ്ങിയവർ. മനോളിക്കാവ് എൽ. പി. സ്കൂൾ ഈ വർഷം അടച്ചുപൂട്ടി.

പുന്നോൽ ഭാഗത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വിത്ത് പാകിയ വരാണ് കല്ലറ ഗുരുനാഥന്മാർ എന്ന പേരിൽ പ്രശസ്തരായ കല്ലറ കേളൻ ഗുരുക്കൾ., മന്ദൻ ഗുരുക്കൾ, കൃഷ്ണൻ ഗുരുക്കൾ എന്നിവർ. കല്ലറ പുതുക്കായി വാസു മാസ്റ്ററാണ് പുന്നോൽ. എൽ. പി. സ്കൂൾ സ്ഥാപിച്ചത്. സംസ്കൃത ഭാഷാ പഠനം വ്യാപകമാക്കുന്നതിൽ ഓരാങ്കി കൃഷ്ണൻ ഗുരുക്കളുടെ സേവനം പ്രത്യേകം സ്മരണീയമാണ്. ഇനിയും എടുത്ത് പറയാത്ത മറ്റനവധി മഹത് വ്യക്തികളുടെ നിഷ്കാമകർമ്മ ഫലമാണ് ഇന്നത്തെ നിലയിലുള്ള വിദ്യാഭ്യാസ ബോധം ജനങ്ങളിലുണ്ടായത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായതോടുകൂടി സമൂഹത്തിൽ കാര്യമായ മാറ്റങ്ങൾ വന്നു. ഉന്നത വിദ്യാഭ്യാസത്തിനായി അയൽ സംസ്ഥാനങ്ങളിൽ പോകുകയും ഉയർന്ന ഉദ്യോഗങ്ങൾ നേടുകയും ചെയ്തു. ലോക മഹായുദ്ധകാലത്ത് വിവരങ്ങളറിയാൻ ജനങ്ങളിലുണ്ടായ അഭിനിവേശം അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ചലനം

## പട്ടിക - 1

### വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

അവലംബം - ദ്വിതീയ വിവര ശേഖരണത്തിൽനിന്ന്

| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S/H.S | | | | | U.P.S. | | | | | L.P.S. | | | | | നഴ്സറി | | | | | | | | | | | | | |
| | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചായത്ത് വക | സ്വകാര്യം | ആകെ | | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസുകൾ നടത്തുന്നവ | കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ | സ്കൂൾ കോളേജ് ക്ലാസുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | | | | | | | | | | | | | | | | | | | | | | | | | | | | | |
| II | | | | | | | 2 | | | 2 | | | | | | | | | | | | ▲1 | | | 1● | 1 | | | |
| III | | | | | | | 1 | | | 1 | | 1 | | | | | | | | | | | | | | | | | |
| IV | | | | | | | 1 | | | 1 | | 1 | | | | | | | | | | | | | | | | | |
| V | | | | | | | | | | | | 2 | 1 | | | | | | | | | ▲1 | | | | | | | 1 (Jyothi) |
| VI | | | | | | | 1 | | | 1 | | 2 | | | | | | | | | | | | | 1★ | 1 | | | |
| VII | | | | | | | | | | | | 2 | | | | | | | | | | | | | | | | | |
| VIII | | | | | | | | | | | | | | | | | | | | | | | | | | | | | |
| IX | | | | | | | | | | | | 1 | | | | | | | | | | | | | | | | | |
| X | | | | | | | | | | | | 2 | | | | | | | | | | | | | | | | | 1 (Sreenarayana) |
| XI | | 1 | | | 1 | | 1 | | | 1 | | | | | | | | | | | | ▲1 | | | | | | | |
| ആകെ | | 1 | | | 1 | | 6 | | | 6 | | 11 | 1 | | 12 | | | | | | | 3 | | | 2 | 2 | | | 2 |

▲ ടൈപ്പ് - റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

★ ദാറുൽ ഇർഷാദ് അറബിക് കോളേജ്

● ജഗന്നാഥ് ഹിന്ദി മഹാവിദ്യാലയം

പട്ടിക 1. എ

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| Sl.No. | Name of School | Govt. or Aided | Total No. of Studens | | | Total No. of Teachers | | |
|---|---|---|---|---|---|---|---|---|
| | | എയ്ഡഡ് | B | G | TOTAL | M | F | TOTAL |
| 1 | പുന്നോൽ എൽ. പി. സ്കൂൾ | | 75 | 59 | 134 | 4 | 1 | 5 |
| 2 | പൊതുവാച്ചേരി വെസ്റ്റ്. എൽ. പി. | | 35 | 36 | 70 | 2 | 2 | 4 |
| 3 | പാറാൽ. എൽ. പി.എസ് | | 82 | 50 | 132 | 1 | 3 | 4 |
| 4 | പാറാൽ. മാപ്പിള. എൽ. പി. | | 47 | 30 | 77 | 2 | 3 | 5 |
| 5 | ഗണപതിവിലാസം ജൂനിയർ ബേസിക് സ്കൂൾ | | 78 | 84 | 162 | 2 | 4 | 6 |
| 6 | കോടിയേരി ഈസ്റ്റ് ജൂനിയർ ബേസിക്സ്കൂൾ | | 51 | 56 | 107 | 1 | 3 | 4 |
| 7 | മോഹൻ മെമ്മോറിയൽ എൽ. പി. | | 79 | 70 | 149 | 3 | 3 | 6 |
| 8 | അനന്തോത്ത് എൽ. പി. എസ് | | 60 | 53 | 113 | 2 | 2 | 4 |
| 9 | കോടിയേരി ജൂനിയർ ബേസിക് സ്കൂൾ | | 163 | 169 | 332 | 3 | 8 | 11 |
| 10 | മൂഴിക്കര മാപ്പിള. എൽ. പി. | | 35 | 31 | 66 | 2 | 3 | 5 |
| 11 | വെസ്റ്റ് മൂഴിക്കര. എൽ. പി. | | 54 | 50 | 104 | | 5 | 5 |
| 12 | പള്ളേരിലക്ഷ്മി മെമ്മോറിയൽ യു. പി. സ്കൂൾ | | 83 | 75 | 158 | 5 | 5 | 10 |
| 13 | പൊതുവാച്ചേരി ഈസ്റ്റ് യു. പി | | 56 | 60 | 116 | 2 | 7 | 9 |
| 14 | ഡ.ഐ. യു. പി. സ്കൂൾ, പാറാൽ | | 107 | 64 | 171 | 3 | 5 | 8 |
| 15 | ഓണിയൻ വെസ്റ്റ്. യു. പി. സ്കൂൾ | | 121 | 125 | 246 | 4 | 9 | 13 |
| 16 | സൗത്ത് വയലളം യു. പി. സ്കൂൾ | | 148 | 117 | 265 | 4 | 8 | 12 |
| 17 | രാജാസ് കല്ലായി യു. പി. സ്കൂൾ | | 103 | 95 | 198 | 4 | 9 | 13 |
| 18 | ഓണിയൻ ഹൈസ്കൂൾ | | 317 | 285 | 602 | 13 | 13 | 26 |

**പട്ടിക 1ബി** (ദ്വിതീയ വിവരശേഖരണത്തിൽ നിന്ന്)

| ആകെ വിദ്യാർത്ഥികൾ | എൽ. പി. വിഭാഗം | | | | യു. പി. വിഭാഗം | | | | ഹൈസ്കൂൾ വിഭാഗം | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | പെൺ% | ആൺ | പെൺ | ആകെ | പെൺ% | ആൺ | പെൺ | ആകെ | പെൺ% |
| 3239 | 647 | 551 | 1198 | 46 | 716 | 607 | 1323 | 46 | 317 | 285 | 602 | 47 |

| പ്രീ പ്രൈമറി വിഭാഗം | | | |
|---|---|---|---|
| ആൺ | പെൺ | ആകെ | പെൺ % |
| 59 | 57 | 116 | 49 |

പട്ടിക. 1. സി.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം**

| ആകെ | | എൽ. പി. വിഭാഗം | | | യു. പി. വിഭാഗം | | | ഹൈസ്കൂൾ വിഭാഗം | | |
|---|---|---|---|---|---|---|---|---|---|---|
| B | G | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 54 | 43 | 14 | 17 | 31 | 23 | 9 | 32 | 17 | 17 | 34 |

പട്ടിക. 1. ഡി

**പഠനം നിർത്തിയവരുടെ എണ്ണം**

| പട്ടികജാതി/പട്ടികവർഗ്ഗം | | | മറ്റുള്ളവ | | | ആകെ |
|---|---|---|---|---|---|---|
| B | G | TOTAL | B | G | TOTAL | |
| | | | 18 | 4 | 22 | 22 |

## വിദ്യാഭ്യാസം

## അക്കാദമിക്ക് സൗകര്യങ്ങൾ

(അവലംബം : ദ്വിതീയ വിവരണശേഖരണം)

| | ലൈബ്രറി | പ്രവൃത്തിക്കുന്നത് | ലാബ് | പ്രവൃത്തിക്കുന്നത് | പഠനോപകരണങ്ങൾ | റേഡിയോ | ടി.വി | ടേപ്പ് റിക്കാർഡർ | സിനിമാ പ്രോജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലേക്ക് ബോർഡ് | മാതൃ സംഗമം ഉണ്ടോ | പി.ടി.എ സജീവ മാണ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 15 | 15 | 13 | 13 | 14 | 10 | - | 8 | - | - | 18 | 18 | 15 |
| ഇല്ലാത്തത് | 4 | 4 | 5 | 5 | 4 | 8 | 18 | 10 | 18 | 18 | - | - | 3 |

**പ്രശ്നങ്ങൾ :** ലൈബ്രറി പ്രവൃത്തിക്കുന്നത് തൃപ്തികരമല്ല. നാമമാത്രമായ സൗകര്യങ്ങളേയുള്ളൂ. വായനാക്കോർണർ മിക്ക വിദ്യാലയത്തിലുമില്ല. പഠനോപകരണങ്ങൾ വേണ്ടത്രയില്ല. ബ്ലേക്ക് ബോർഡുകൾ ഉള്ളവയിൽ മിക്കതും പൊട്ടിപ്പൊളിഞ്ഞതാണ്. പി.ടി.എ. ചിലത് പേരിന് മാത്രം.

പട്ടിക. F

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

(അവലംബം : ദ്വീതിയ വിവരണശേഖരണം)

| സ്ക്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു സൗകര്യങ്ങൾ | | | | ആവശ്യ വിദ്യാഭ്യാസത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | |
| H.S | 13 | 13 | 26 | 317 | 285 | 602 | - | 1 | - | 1 | Nil |
| U.P.S | 25 | 44 | 69 | 618 | 536 | 1154 | - | 6 | - | 6 | Nil |
| L.P.S | 27 | 32 | 59 | ▲ 745 | ▲ 622 | ▲ 1367 | - | 11 | - | 11 | Nil |
| Pre - Primary | - | 7 | 7 | 59 | 57 | 116 | - | 3 | - | 3 | Nil |
| ആകെ | 65 | 96 | 161 | 1739 | 1500 | 3239 | - | 21 | - | 21 | Nil |

▲ എൽ.പി. സ്ക്കൂളിലെ V-ാം തരത്തിൽ പഠിക്കുന്നവർ ഉൾപ്പെടെ

എൽ.പി. സ്ക്കൂളിലെ V-ാം തരത്തിലെ വിദ്യാർത്ഥികൾ. ആൺ 98 പെണ്‍ 71 ആകെ 169

പട്ടിക 1. ജി.

## വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ

(അവലംബം- ദ്വിതീയ വിവരശേഖരണം)

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | മൂത്രപ്പുര | | കക്കൂസ് | | കുടിവെള്ളം | | വൈദ്യുതി | |
|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | കിണർ | ടേപ്പ് | ഉണ്ട് | ഇല്ല |
| 1 | പുന്നോൽ- എൽ. പി. | | | | | | ✓ | ✓ | |
| 2 | പൊതുവാച്ചേരി വെസ്റ്റ് എൽ. പി. | 1 | | | | | | | |
| 3 | പാറാൽ. എൽ. പി. | 1 | 1 | | | | | | |
| 4 | പാറാൽ മാപ്പിള എൽ. പി. | | | | | | | | |
| 5 | ഗണപതി വിലാസം ജൂനിയർ ബേസിക്ക് | 1 | | | | | | | |
| 6 | കോടിയേരി ഈസ്റ്റ് ജൂനിയർ ബേസിക്ക് | 1 | 1 | | | | | | |
| 7 | മോഹൻ മെമ്മോറിയൽ എൽ. പി. | | | | | | | | |
| 8 | അനന്തോത്ത് എൽ. പി. | 1 | 1 | | | | | | |
| 9 | കോടിയേരി ജൂനിയർ ബേസിക്ക് | 2 | 1 | | | | | | |
| 10 | മൂഴിക്കര മാപ്പിള. എൽ. പി. | | | | | | | | |
| 11 | മൂഴിക്കര വെസ്റ്റ്. എൽ. പി. | | | | | | | | |
| 12 | പള്ളേരി ലക്ഷ്മിയമ്മമെമ്മോറിയൽ യു. പി | 1 | 1 | 1 | | | | ✓ | |
| 13 | പൊതുവാച്ചേരി ഈസ്റ്റ്. യു. പി | 2 | | | | | | | |
| 14 | ഡി. ഐ. യു. പി. പാറാൽ | 2 | | 1 | | ✓ | | | |
| 15 | ഓണിയൻ വെസ്റ്റ് യു.പി. | 1 | | | | ✓ | | ✓ | |
| 16 | സൗത്ത് വയലളം. യു. പി. | 2 | 1 | 1 | | ✓ | | ✓ | |
| 17 | രാജാസ് കല്ലായി. യു. പി. | 2 | 1 | | | | | | |
| 18 | ഓണിയൻ ഹൈസ്കൂൾ | 2 | 1 | 1 | | ✓ | ✓ | ✓ | |

സൃഷ്ടിച്ചു. വായനശാലകളുടെ ആവിർഭാവം ഇതോടെ സാധ്യമായി. സാർവത്രിക വിദ്യാഭ്യാസം നടപ്പിലായതോടുകൂടി വിദ്യാലയങ്ങളിലേക്ക് പോകാൻ ജനങ്ങൾ കൂടുതൽ ഔത്സുക്യം പ്രകടിപ്പിച്ചു.

നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ നമ്മുടെ പഞ്ചായത്തിന് പിന്നിലാണ് സ്ഥാനം.ദ്വിതീയ വിവരങ്ങൾ ശേഖരിച്ചതിൻെറ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ ആകെ 18 അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്.

പഞ്ചായത്തിലെ ഏക അൺഎയ്ഡഡ് സ്കൂളാണ് പാറാലിലുള്ള നൂറുൽ ഇസ്ലാം നഴ്സറിസ്കൂൾ . പാരലൽ കോളേജുകളും 4 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പഞ്ചായത്തിൽ പ്രവർത്തിക്കുണ്ട്. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ തന്നെ ദേശീയ പ്രസ്ഥാനുവുമായി ബന്ധപ്പെട്ട് ഹിന്ദി പ്രചരിപ്പിക്കുന്നതിൽ മുന്നിട്ട് പ്രവർത്തിച്ച സ്ഥാപനമാണ് ശ്രീ ജഗന്നാഥ് ഹിന്ദി മഹാ വിദ്യാലയം. ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ കീഴിലുള്ള ഈ വിദ്യാലയം പഞ്ചായത്തിലെ ഒന്നാംവാർഡിൽ സ്ഥിതി ചെയ്യുന്നു. പാറാലിലുള്ള ദാറുൽ- ഇർഷാദ് അറബിക്ക് കോളേജ് ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനമാണ്. യാത്രാ സ്വകര്യവും പഠന നിലവാരവും പരിഗണിച്ച് പഞ്ചായത്തിലെ ധാരാളം വിദ്യാർത്ഥികൾ മാഹി, തലശ്ശേരി മുനിസിപ്പാലിറ്റികളിലെ വിദ്യാലയങ്ങളിലേക്ക് ചേക്കേറുന്നത് നിമിത്തം പഞ്ചായത്തിലുള്ള ഏക ഹൈസ്കൂളിൽ കുട്ടികൾ കുറയുന്നതിനിടയാകുന്നു.

പട്ടിക 1എ, 1ബി, 1സി, 1ഡി, 1ഇ, 1എഫ്, 1ജി എന്നീ പട്ടിക ചൂണ്ടിക്കാണിക്കുന്നത് കുടിവെള്ള സൗകര്യം ഉള്ള സ്കൂളുകൾ പഞ്ചായത്തിൽ അഞ്ചെണ്ണം മാത്രമാണെന്നാണ്. മൂത്രപ്പുരയില്ലാത്ത സ്കൂളുകൾ അഞ്ചെണ്ണമുണ്ട്. പഞ്ചായത്തിൽ മൂന്ന് സ്കൂളിൽ മാത്രമെ കക്കൂസ് ഉള്ളൂ. അഞ്ച് സ്കൂളിൽ മാത്രമെ വൈദ്യുതി എത്തിയിട്ടുള്ളൂ. ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടി മാനേജരും നാട്ടുകാരും അധ്യാപകരും ഒന്നുചേർന്ന് പ്രവർത്തി ക്കേണ്ടിരിയ ിക്കുന്നു.




ഓണിയൻ ഹൈസ്കൂളിലെ 5 വർഷത്തെ വിജയശതമാനമാണ് മേലെ കൊടുത്തിരിക്കുന്നത്93.94 മുതൽ വിജയശതമാനം കുറഞ്ഞു വരുന്നതായി കാണാം. ഈ ഹൈസ്കൂളിലെ എസ്. എസ്. എൽ. സി. വിജയത്തിൻെറ പിന്നോക്കാവസ്ഥ സ്കൂളിനകത്തുള്ള പ്രശ്നങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. അധ്യാപകരും രക്ഷിതാക്കളും മാനേജരും സാമൂഹ്യ പ്രവർത്തകരും കൂട്ടായി ശ്രമിച്ചാൽ മാത്രമേ ഈ സ്കൂളിനെ ഇന്നത്തെ സ്ഥിതിയിൽ നിന്ന് മാറ്റി എടുക്കാൻ കഴിയൂ.

1996-97 ലെ പാദവർഷ പരീക്ഷക്ക് മുതൽ വരെ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ മാർക്ക് പട്ടികയായി തരം തിരിച്ചിരിക്കുന്നു. (പട്ടിക 2 എ)

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക- ദ്വിതീയ വിവരങ്ങളുടേയും ഗ്രാമസഭയിലെ ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 2 എ
(അവലംബം- ദ്വിതീയ വിവര ശേഖരണ റിപ്പോർട്ട്)

| ക്ലാസ്സ് | 301% താഴെ | 30%നും 40%നും ഇടയിൽ | 40%നും 50%നും ഇടയിൽ | 50%നും 60%നു ഇടയിൽ | 60%ംന് മുകളിൽ |
|---|---|---|---|---|---|
| III | 43 | 61 | 102 | 91 | 89 |
| IV | 45 | 71 | 70 | 89 | 129 |
| V | 43 | 65 | 97 | 72 | 123 |
| VI | 66 | 58 | 69 | 57 | 65 |
| VII | 79 | 49 | 71 | 55 | 83 |
| VIII | 118 | 38 | 12 | 6 | 3 |
| IX | 103 | 38 | 17 | 3 | 2 |
| X | 97 | 22 | 19 | 5 | 3 |

1996 -97ലെ പാദവർഷ പരീക്ഷക്ക് 3 മുതൽ 10 വരെ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ മാർക്ക് പട്ടികയായി തരം തിരിച്ചിരിക്കുന്നു.

## പ്രശ്നങ്ങൾ

1. പെട്ടിപ്പാലം കോളണിയിൽ അംഗനവാടിയോ സ്കൂളോ ഇല്ല
2. തുടർ സാക്ഷരതാ പരിപാടി ഈ പ്രദേശത്ത് നടപ്പിലാക്കണം
3. നവ സാക്ഷരർക്ക് തൊഴിലധിഷ്ഠിത പരിശീലനം നടത്തണം.
4. പഞ്ചായത്തിലെ ചില സ്കൂളുകളിൽ പാചകശാലയും മൂത്രപ്പുരയും അടുത്തടുത്ത് സ്ഥിതിചെയ്യുന്നതിനാൽ ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നു.
5. സാമ്പത്തിക പരാധീനതകൾ മൂലം മിക്ക സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം തടസ്സപ്പെടുന്നു.
6. കലാകായിക മത്സരങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥയ്ക്ക് ഓഡിറ്റോറിയത്തിൻെറയും അഭാവമാണ്.
7. മിക്ക സ്കൂളുകളിലും മൂത്രപ്പുര, കക്കൂസ്, എന്നിവ ഇല്ല. ഉള്ളവയുടെ സ്ഥിതി വളരെ ശോചനീയമാണ്.
8. മിക്ക സ്കൂളുകളിലും ഒരേ ഹാളിൽതന്നെ മൂന്നും നാലും ക്ലാസുകൾ പാർട്ടീഷ്യൻ ഇല്ലാതെ നടത്തുന്നതിനാൽ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ദോഷമായി ബാധിക്കുന്നു.
9. വിദ്യാർത്ഥികൾക്ക് ചില സ്കൂളുകളിൽ എത്താനുള്ള വഴികൾ മിക്കവാറും സഞ്ചാരയോഗ്യമല്ല.
10. പ്രീ പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് അത്യാവശ്യം വേണ്ടുന്ന കളിക്കോപ്പുകൾ ഇല്ല.
11. മന്ദ ബുദ്ധികളായ കുട്ടികൾക്ക് വിദ്യാലയം ഇല്ല
12. വിദ്യാലയങ്ങളിൽ ആവശ്യമായ ഫർണ്ണിച്ചർ, ബ്ലേക്ക് ബോർഡ് എന്നിവ ഇല്ല.
13. പി. ടി. എ.യുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്ത പല വിദ്യാലയങ്ങളുമുണ്ട്.
14. പ്രീ. പ്രൈമറി തൊട്ടുള്ള ക്ലാസ്സുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും കലാകായിക വികസനത്തിനും അ ധ്യാപകരില്ല.
15. പഞ്ചായത്തിൽ ഒരു ഗവൺമെൻറ് സ്കൂൾ ഇല്ലാത്തതിനാൽ ഗവ: സ്കൂളുകൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്നില്ല.
16. പുകവലി, മദ്യപാനം, മയക്ക്മരുന്ന് ഇവയുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം ഇല്ല.
17. മിക്ക വിദ്യാലയങ്ങളിലും ശുദ്ധ ജലത്തിനുള്ള സംവിധാനം ഇല്ല.
18. പഞ്ചായത്തിൽ ഒരു ഹയർ സെക്കണ്ടറി വിദ്യാലയമോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമോ ഇല്ല.
19. മഹിളാ സമാജം നടത്തിവരുന്ന ബാലവാടികൾക്ക് പഞ്ചായത്ത് സഹായം ലഭിക്കുന്നില്ല.
20. സ്കൂളുകളിൽ പഠനോപകരണങ്ങൾ,ലാബറട്ടറി സൗകര്യങ്ങൾ കായികോപകരണങ്ങൾ എന്നിവ അപര്യാപ്തമാണ്.

21. മൂഴിക്കര വെസ്റ്റ്. എൽ. പി. സ്കൂളിനോട് ചേർന്നു നിൽക്കുന്ന കുളം കുട്ടികളുടെ ജീവന് ഭീഷണിയാണ്. 45

## സാധ്യതകൾ

1. വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നൽ നൽകി കൊണ്ട് വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾ പ്രോത്സാഹിക്കാൻ വേണ്ടി സ്കൂൾ പാർലമെൻറ് മോക്ക് പാർലിമെൻറ്, സബ്ബ് ജക്ട് കൗൺസിലുകൾ, സാഹിത്യസമാജങ്ങൾ, കയ്യെഴുത്ത് മാസികകൾ, പൂന്തോട്ടം, പച്ചക്കറിത്തോട്ടങ്ങൾ, കായിക പരിശീലനപരിപാടികൾ ദേശഈയ തിനാചരണങ്ങൾ, വിനാദയാത്രകൾ തുടങ്ങിയ പരിപാടികൾക്ക് പഞ്ചായത്തം വിദ്യാഭ്യാസ വികസനസമിതി മുൻകൈയെടുക്കണം.
2. പഞ്ചായത്ത് വാർഡുകളിൽ വിദ്യാഭ്യാസ സബ്കമ്മിറ്റികൾ രൂപീകരിക്കൽ
3. വാർഡ് സമിതിയുടെ നേതൃത്വത്തിൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കരൽ
4. സ്കൂൾ വിദ്യാഭ്യാസ സമിതി രൂപീകരിക്കൽ
5. പഠനോപകരണങ്ങളുടെ വിനിയോഗം
6. പഞ്ചായത്ത് തലത്തിൽ പഠനോപകരണങ്ങൾ നിർമ്മിക്കാൻ ശില്പശാല നടത്തൽ
7. പാതവാർഷിക പരീക്ഷയ്ക്ക് ശേഷം പ്രോഗ്രസ് കാർഡ് അമ്മമാരുടെ യോഗത്തിൽവെച്ച് വിതരണം ചെയ്യൽ (ക്ലാസ്സടിസ്ഥാനത്തിൽ)
8. എൽ. എസ്. എസ്. യു. എസ്. എസ്. മത്സര പരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കൽ
9. സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കൽ
10. ഗുരുകുലം വിദ്യാഭ്യാസ പരിപാടി കൂടുതൽ സമഗ്രമായി നടപ്പിലാക്കൽ
11. പി. ടി.എ. മദർ പി. ടി. എ. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ
12. ഉച്ചഭക്ഷണ വിതരണം മുടക്കം കൂടാതെ ലഭ്യമാക്കാനുള്ള സാഹചര്യമൊരുക്കൽ.
13. നവസാക്ഷരരെക്കുറിച്ചുള്ള സർവ്വെയും തുടർവിദ്യാഭ്യാസ പരിപാടിയും നടപ്പിലാക്കൽ
14. പഞ്ചായത്ത് തലത്തിൽ ഒരു സിനിമാ പ്രൊജക്ടർ സമ്പാദിക്കൽ
15. സാംസ്കാരിക കേന്ദ്രങ്ങളിൽ വിദ്യാലയങ്ങൾ ഇവ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ
16. വിദ്യാലയങ്ങളിൽ ശുദ്ധജലം ലഭിക്കുവാനുള്ള സാഹചര്യമുണ്ടാക്കൽ.

# പൊതുജനാരോഗ്യവും കുടിവെള്ളവും

**കോ**ടിയേരി പ്രാഥമികാരോഗ്യകേന്ദ്രവും അതിൻെറ ഭാഗമായ 5 സബ് സെൻററുകളും മൂന്നും ആറും വാർഡുകളിൽ ഓരോ മാതൃശിശു സംരക്ഷണ കേന്ദ്രവും കൂടാതെ അഞ്ചാം വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് ആരോഗ്യ സ്ഥാപനങ്ങളായുള്ളത്. സ്വകാര്യരംഗത്ത് ചികിത്സാ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലില്ല. എന്നാൽ 6 സ്വകാര്യ അലോപ്പതി ഡോക്ടർ മാരുടേയും 3 ഹോമിയോപ്പതി ഡോക്ടർമാരുടേയും സേവനം ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

പ്രഥമികാരോഗ്യ കേന്ദ്രം 21.4.1991 മുതൽ ഒരു വാടക കെട്ടിടത്തിലും 8.1.94 മുതൽ ഇപ്പോൾ നിലവിലുള്ള സ്വന്തം കെട്ടിടത്തിലും പ്രവർത്തക്കുകയാണ്. ഈ ആശുപത്രി സ്ഥിതിചെയ്യുന്നത് 71.5 സെൻറ് ഭൂമിയിലാണ്. ഈ ഹെൽത്ത് സെൻറർ. ഏഴര ലക്ഷത്തോളം രൂപ പൊതുജനങ്ങളിൽ നിന്നും ഹെൽത്ത് സെൻറർ നിർമാണ കമ്മിറ്റി സംഭാവനയായി സ്വരൂപിച്ചുണ്ടാക്കിയതാണ്. കോടിയേരിയിലെ പ്രാഥമികാരോഗ്യ കേന്ദ്രം. ജനപങ്കാളിത്തത്തോടെയുള്ള വികസനത്തിന് ഒരു മാതൃകയായി ഈ സ്ഥാപനം നിലകൊള്ളുന്നു.

പി. എച്ച്. സി. ൽ നിലവിൽ ഒരു ഡോക്ടറും രണ്ട് ഫീൽഡ് വർക്കേഴ്സും ഒരു പാർട്ട് ടൈം സ്വീപ്പറും ഉൾപ്പെടെ 17 പേർ സേവനമനുഷ്ഠിക്കുന്നു. പി. എച്ച് സി. യിൽ എല്ലാവിധ പ്രതിരോധ കുത്തിവെപ്പുകളും നടത്തുന്നു. കൂടാതെ മാസത്തിലൊരിക്കൽ മാതൃശിശുസംരക്ഷണ കേന്ദ്രത്തിൽ വച്ച് രോഗ പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നുണ്ട്. പി. എച്ച്. സി. യിൽ 95-96 വർഷത്തിൽ 12395 പേർക്ക് ഒ. പി. യായി ചികിത്സ ലഭിച്ചുട്ടുണ്ട്. അതേ കാലയളവിൽ 303 കുട്ടികൾക്ക് ബി. സി. ജി യും 798 ഡോസ് ഡി. പി. റ്റി യും പോളിയോ വാക്സിൻ എന്നിവയും 106 പേർക്ക് ഡി. ടി. യും കൊടുത്തിട്ടുണ്ട്. 241 പേർക്ക് മീസിൽസിന് എതിരായ മരുന്നുകളും 677 പേർക്ക് ടി. ടി.യും കൊടുത്തിട്ടുണ്ട്. കൂടാതെ പോളിയോ നിർമാർജന പരിപാടിയുടെ ആദ്യഘട്ടം 9.12.95 ന് ഈ പഞ്ചായത്തിലും നടത്തുകയുണ്ടായി. 1369 കുട്ടികൾക്ക് പോളിയോ കൊടുത്തുകൊണ്ട് ഈ സംരംഭം നൂറുശതമാനം വിജയത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ ഒരു ഡോക്ടറുടെ സേവനം ഉച്ചവരെ മാത്രം കിട്ടുന്ന പരിതസ്ഥിതിയിൽ ജനങ്ങൾ കൂടുതലും സ്വകാര്യ ഡോക്ടർമാരെ ആശ്രയിക്കേണ്ടി വരുന്ന ഒരു സ്ഥിതിയാണിന്നുള്ളത്. തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും ഡോക്ടറുടെ സേവനം പ്രയോജനപ്പെടണമെങ്കിൽ ഹെൽത്ത്സെൻററിൻെറ പ്രവർത്തന സമയത്തിൽ അവരുടെ സൗകര്യം കൂടി പരിഗണിച്ചു ആവശ്യമായ മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

ഗർഭിണികൾ, കുട്ടികൾ, നേത്രരോഗികൾ എന്നിവർക്കും മറ്റും തൃപ്തികരമായ സേവനം ലഭ്യമല്ലാത്ത സ്ഥിതിയിൽ ഈ ചികിത്സാ സ്ഥാപനം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആയി ഉയർത്തുകയും ആരോഗ്യ രംഗത്ത് ഫലവത്തായ സേവനം ലഭ്യമാക്കുകയും ചെയ്യേണ്ടത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഒരു അടിയന്തിരാവശ്യമാണ്. ഇതോടൊന്നിച്ചു തന്നെ ഒരു ലബോറട്ടറിയും മന്തുരോഗ നിവാരണത്തിനായി ഒരു രാത്രികാല ക്ലിനിക്കും പ്രവർത്തിക്കേണ്ടതാണ്. ഒരു കമ്മ്യൂണിറ്റ ഹെൽത്ത് സെൻററായി നിലവിലുള്ള പി. എച്ച്. സി. യെ ഉയർത്താനുള്ള സ്ഥല സൗകര്യം ഇവിടെയുണ്ട്.

തീരദേശ ആരോഗ്യ വികസന പദ്ധതിയുടെ ഭാഗമായി ഒരു മിനി ഓപ്പറേഷൻ തിയേറ്ററും ഒരു ഇഞ്ചക്ഷൻ റൂമും നിർമിക്കുന്നതിനുള്ള ഫണ്ട് ഗവർമെണ്ട് അനുവദിച്ചിട്ടുണ്ട്. ഡോക്ടർമാർക്ക് കോട്ടേഴ്സ് പണിയുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ഇവിടെ ആവശ്യമാണ്.

ഹോമിയോ ഡിസ്പെൻസറി 1980 മുതൽ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയാണ്. ഒരു ഡോക്ടർ ഉൾപ്പെടെ നാലുപേർ ഇവിടെ സേവനംഅനുഷ്ഠിക്കുന്നു. രോഗികൾക്ക് നില്ക്കുവാൻ പോലും സ്ഥല സൗകര്യമില്ലാത്തതും മരുന്നു സൂക്ഷിക്കാൻ അലമാരപോലുമില്ലാത്തതുമായ ഈ പഴയ കെട്ടിടം മാടപ്പീടികയിലെ മുസ്ലീംപള്ളിയുടെ വകയാണ്. വാടകപോലും നൽകിവരാത്ത ഈ കെട്ടിടം ഒഴിഞ്ഞു കൊടുക്കാൻ അവർ

ആവശ്യപ്പെടുകയാണ്. ഈ ഡിസ്പെൻസറിയിൽ മാർച്ച് 96 മുതൽ ഒക്ടോബർ 96 വരെയുള്ള കാലയളവിൽ 3086 പേർക്ക് മസ്തിഷ്ക ജ്വരത്തിനുള്ള പ്രതിരോധമരുന്ന് നൽകിയിട്ടുണ്ട്. 95-96 വർഷത്തിൽ സമീപ പഞ്ചായത്തിൽ നിന്നുള്ള വരടക്കം 36395 പേർഇവിടെ ചികിത്സക്കെത്തിയിട്ടുണ്ട് . നിലവിലുള്ള ഹോമിയോ ഡിസ്പെൻസറിക്ക് അ ടിയന്തിരമായും ഒരു സ്വന്തം കെട്ടിടം പണിയേണ്ടത് വളരെ അത്യാവശ്യമാണ്. 

തലശ്ശേരി താലൂക്ക് ആയുർവ്വേദാശുപത്രി ഈ പഞ്ചായത്തിൻെറ തൊട്ട് പടിഞ്ഞാറെ അതിർത്തിക്കടുത്തായി തലശ്ശേരി മുൻസിപ്പാലിറ്റിയിൽ സ്ഥാപിതമാവാൻ പോവുന്ന പശ്ചാത്തലത്തിൽ ഈ പഞ്ചായത്തിൻെറ വടക്കൻഭാഗങ്ങളിൽ ആയൂർവേദ ഡിസ്പെൻസറിയുടെ അഭാവം പൊതുജനങ്ങളെ വലിയ നിലയിൽ ബാധിക്കുന്നതല്ല. സ്വകാര്യ രംഗത്ത് ആയൂർവേദ ചികിത്സയും മരുന്നു നിർമാണവും ഈ പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. ആറ് സ്വകാര്യ ആയൂർവേദ ഔഷധ ശാലകൾ ഇവിടെ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ നിലവിൽ പൊതുകക്കൂസുകളോ പൊതു മൂത്രപ്പുരകളോ പൊതു അറവുശാലകളോ പൊതു മാർക്കറ്റുകളോ പൊതു ശ്മശാനങ്ങളോ ഇല്ലാത്തതിനാൽ ചില സ്ഥലങ്ങളിൽ പരിസരമലിനീകരണ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. കച്ചവടക്കാർ അവരുടെ പാഴ് വസ്തുക്കൾ റോഡരുകിൽ നിക്ഷേപിച്ചും പരിസര മലിനീകരണ പ്രശ്നം ഉണ്ടാക്കുന്നുണ്ട്. പരിസരമലിനീകരണത്തിനുള്ള മറ്റൊരു കാരണം റോഡരികിലുള്ള വീടുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും മലിനജലം റോഡിലേയ്ക്ക് ഒഴുക്കുന്നതാണ്. ഇത് പൂർണമായും നിയമ നടപടിയിലൂടെയോ ബോധവൽക്കണത്തിലൂടെയോ മാറ്റിയെടുക്കേണ്ടതാണ്. ലക്ഷം വീട് കോളനികളിൽ താമസിക്കുന്നവർക്കും പരിമിതമായ സ്ഥല സൗകര്യമുള്ളവർക്കും പ്രയോജനപ്പെടുന്ന ഒരു പൊതു ശ്മശാനത്തെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതാണ്.

കൊതുക് ശല്യം ജനങ്ങളുടെ ആരോഗ്യത്തിന് വൻ ഭീഷണി ഉയർത്തുന്ന ഈ കാലഘട്ടത്തിൽ കൊതുക് നിവാരണത്തിന് മാത്രമായി ഒരു യൂണിറ്റ് പി. എച്ച്. സി. യോട് അനുബന്ധിച്ചു പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. കൊതുക്, ഈച്ച, എന്നിവയുടെ ശല്യം ഇല്ലാതാക്കാനായി വീടുകൾ തോറും കമ്പോസ്റ്റ് കുഴികളും മലിന ജലം മണ്ണിനടിയിലാക്കാനുള്ള സംവിധാനവും ഉണ്ടായിരിക്കേണ്ടതാണ്. 5463 വീടുകളുള്ള ഈ പഞ്ചായത്തിൽ വെറും 380 കമ്പോസ്റ്റ്കുഴികൾ മാത്രമാണുള്ളത് എന്നത് ഗൗരവമർഹിക്കുന്നു. ബോധവൽക്കരണം അത്യാവശ്യമായ തുറകളാണിവ.

പഞ്ചായത്തതിർക്ക് തൊട്ട് കുറിച്ചികടപ്പുറത്ത് നിലവിലുള്ള അറവുശാലകളിലെ മാലിന്യങ്ങൾ ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള പെട്ടിപ്പാലം കോളനി നിവാസികളുടെ ആരോഗ്യത്തിന് ഒരു ഭീഷണിയായിത്തീർന്നിരിക്കുകയാണ്. തലശ്ശേരി മുൻസിപ്പാലിറ്റിയുമായി ആലോചിച്ച് പ്രശ്ന പരിഹാരം ഉണ്ടാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ 5463 ൽ 3686 വീടുകളിൽ മാത്രമേ കക്കൂസുള്ളൂ. ബാക്കി 1777 വീടുകളിൽ കക്കൂസില്ലാത്തതുകൊണ്ട് അത് വലിയ പരിസര മലിനീകരണ പ്രശ്നം ഉണ്ടാക്കുന്നു. സാമ്പത്തികമായി കഴിവില്ലാത്തവർക്ക് സാമ്പത്തിക സഹായം നൽകിയും സ്ഥലസൗകര്യമില്ലാതെ തൊട്ടുകിടക്കുന്ന താമസക്കാരായ മൂന്നോ നാലോ വീടുകൾക്ക് ഒരു പൊതു സെപ്റ്റിക്ടാങ്ക് നിർമിച്ചു കൊണ്ടും ഈ വെല്ലുവിളിയെ നേരിടാവുന്നതാണ്. ഈ രംഗത്ത് ബോധവൽക്കരണം അത്യാവശ്യമാണ്.

പേപ്പട്ടി ശല്യം പരിഹരിക്കാനായി അലഞ്ഞു നടക്കുന്ന നായകളെ നശിപ്പിക്കാനുള്ള സ്ഥിരം സംവിധാനം പഞ്ചായത്തിലുണ്ടായിരിക്കണം.

5- ാം വാർഡിലുള്ള കുമ്മായച്ചൂള തദ്ദേശീയർക്ക് വായു മലിനീകരണം സൃഷ്ടിക്കുന്നതിനാൽ പരിഹാര മാർഗം കണ്ടെത്തേണ്ടതാണ്.

രൂക്ഷമായി വരുന്ന ഇന്ധന ക്ഷാമം പരിഹരിക്കാനും വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കുവാനുമായി ദക്ഷത കൂടിയും പുക കുറഞ്ഞതുമായ അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കാനുള്ള ബോധവൽക്കണം സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

മദ്യം പുകവലി മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം നമ്മുടെ ആരോഗ്യരംഗത്ത് ഇന്ന് വെല്ലുവിളി ഉയർത്തുകയാണ്. ഇതിനെതിരെ ശക്തമായ ബോധവൽക്കരണം ഗ്രന്ഥശാലകളും ക്ലബ്ബുകളും കേന്ദ്രീകരിച്ചു സംഘടിപ്പിക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടതാണ്.

പകർച്ച വ്യാധികൾ വ്യാപിക്കാതിരിക്കാൻ ആവശ്യമായ സമയത്ത് കുടിവെള്ളം ക്ലോറിനേഷൻ നടത്താൻ സംവിധാനം ഉണ്ടാക്കണം.

# ആരോഗ്യസ്ഥിതി വിവരങ്ങൾ

## (അവലംബം - ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്)

| | | |
|---|---|---|
| 1. ആകെ വീടുകൾ | a) കോൺക്രീറ്റ് | 1442 |
| | b) ഓടിട്ടത് | 3343 |
| | c) ഓല മേഞ്ഞത് | 312 |
| | d) കുടിൽ | 366 |
| | ആകെ | 5467 |
| 2. കക്കൂസുള്ള വീടുകൾ | a) സെപ്റ്റിക്ക് ടാങ്ക് | 1289 |
| | b) ഇ. എസ്. പി | 2397 |
| | c) മറ്റുള്ളവ | - |
| | ആകെ | 3686 |
| 3. കുടിവെള്ളസ്രോതസ് | a) നദി | 01 |
| | b) പൈപ്പ് | 108 |
| | c) സാനിറ്ററിവെൽ | |
| | d) സാധാരണ കിണർ | |
| | e) കുളം | |
| | f) പൊതുവിതരണം | |
| 4. കമ്പോസ്റ്റ് കുഴി | a) ഉള്ളത് | 280 |
| | b) ഇല്ലാത്തത് | 5187 |
| 5. വൈദ്യുതി | a) വൈദ്യുതീകരിച്ചവ | 3606 |
| | b) അല്ലാത്തവ | 1861 |
| 6. ജനസംഖ്യ | a) ആകെ | 25597 |
| | b) പുരുഷൻമാർ | 11938 |
| | c) സ്ത്രീകൾ | 13659 |
| 7. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം) | a) 15 - 19 | 124 |
| | b) 20 - 24 | 552 |
| | c) 25 - 29 | 974 |
| | d) 30 - 34 | 842 |
| | e) 35 - 39 | 642 |
| | f) 40 - 44 | 265 |
| 8. അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ) | a) 1 കുട്ടി | 725 |
| | b) 2 കുട്ടികൾ | 1237 |
| | c) 2ൽ കൂടുതൽ കുട്ടികൾ | 927 |
| 9. കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | a) 1 കുട്ടി | 93 |
| | b) 2 കുട്ടികൾ | 783 |
| | c) 2ൽ കൂടുതൽ കുട്ടികൾ | 850 |
| 10. സ്ഥായിയായ രോഗബാധിതർ | a) രക്തസമ്മർദ്ദം | 925 |
| | b) പ്രമേഹം | 111 |
| | c) കാൻസർ | - |
| | d) കുഷ്ഠം | 11 |
| | e) ക്ഷയം | - |
| | f) ഹൃദ്രോഗം | - |
| | ആകെ | 1047 |

# ആരോഗ്യം

## രോഗങ്ങൾ സംബന്ധിച്ച വിവരം

## (അവലംബം - ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്)

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം എല്ലാവിഭാഗവും | പകർച്ച വ്യാധികൾ | വിഷചികിൽസ | മറ്റുള്ള രോഗങ്ങൾ |
| 1992 - 93 | - | 26147 | 5229 | 3922 | 4184 | - | 12812 |
| 1993 - 94 | - | 30275 | 5723 | 8021 | 4899 | - | 11632 |
| 1994 - 95 | - | 42953 | 8325 | 11536 | 6259 | - | 16833 |
| 1995 - 96 | - | 48790 | 10372 | 10896 | 8666 | - | 18856 |
| ആകെ | - | 148165 | 29649 | 34375 | 24008 | - | 60133 |

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

## (അവലംബം - ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്)

| പ്രായം | നോർമൽ | | 1- ാം ഗ്രേഡ് | | 2- ാം ഗ്രേഡ് | | 3- ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 177 | 184 | - | - | - | - | - | - |
| 1 - 3 വയസ്സ് | 252 | 201 | - | - | - | - | - | - |
| 3 - 6 വയസ്സ് | 489 | 501 | - | - | - | - | - | - |

1- ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ
2- ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ
3- ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

## കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പ്

| കുട്ടികൾ | ബിസിജി | ഡി. പി. റ്റി | | | | പോളിയോ | | | | ഡി. റ്റി | | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 D | 2 D | 3 D | BD | 1 D | 2 D | 3 D | BD | 1 D | 2 D | 3 D | BD | |
| 1 വയസ്സിൽ താഴെ | 303 | 216 | 183 | 187 | - | 216 | 183 | 187 | - | - | - | - | - | 241 |
| 1-3 വയസ്സ് | - | - | - | - | 212 | - | - | - | 212 | - | - | - | - | - |
| 3-6 വയസ്സ് | - | - | - | - | - | - | - | - | - | - | - | - | 106 | - |

## ടെറ്റനസ് ടോക്സോയിസ (TT)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 319 | 358 | |

പട്ടിക - 1

**പൊതുജനാരോഗ്യം**

### സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഹോമിയോ ഡിസ്പെൻസറി | 5 | 1980 | 4 |
| 2 | പ്രാഥമികാരോഗ്യകേന്ദ്രം | 9 | 1991 | 16+1 ( പാർട്ട്ടൈം സ്വീപ്പർ |

വാർഡുകൾ തോറും രക്തഗ്രൂപ്പ് നിർണയക്യാമ്പു നടത്തി രക്തദാനത്തിന് സന്നദ്ധരായവരുടെ ലിസ്റ്റ് അതത് വാർഡുകളിലെ പൊതുസ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നത് നന്നായിരിക്കും. നിലവിലുള്ള പി. എച്ച്. സി. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആയി ഉയർത്തുകയും അതോടൊനുബന്ധിച്ച് ഒരു ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തുകയും ചെയ്താൽ ഈ പ്രവർത്തനം അനായാസം നിർവ്വഹിക്കാവുന്നതാണ്.ഇതിന് പുറമെ നേത്രദാനത്തിന് തയ്യാറായവരുടെ പേർവിവരങ്ങൾ ശേരിച്ചു അതത് വാർഡുകളിലെ പൊതു സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നത് അഭികാമ്യമാണ്. ഈ പഞ്ചായത്തിലെ കുട്ടികളുടെ ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമാണെങ്കിലും പച്ചക്കറി പഴവർഗങ്ങൾ ഇല വർഗങ്ങൾ എന്നിവ അവരുടെ ആഹാരക്രമത്തിലുൾപ്പെടുത്താനും മുലയൂട്ടലിൻെറ പ്രാധാന്യം അമ്മമാരെ ബോധ്യപ്പെടുത്താനും വേണ്ടി അമ്മമാർക്ക് പി. എച്ച്. സി. യിലെ ഫീൽഡ് സ്റ്റാഫിൻെറയും മഹിളാ സംഘടനകളുടേയും നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണം വീടുകൾ തോറും നടത്തുന്നത് നന്നയിരിക്കും.

രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യം സാർത്ഥകമാക്കാൻ പൊതുജനാരോഗം കാര്യക്ഷമമാക്കിയേ തീരൂ. ഓരോ വീട്ടിലും ഓരോ നല്ല കക്കൂസ് നിർമ്മിച്ചുകൊണ്ടും പുകകുറഞ്ഞ അടുപ്പുകൾ സ്ഥാപിച്ചുകൊണ്ടും രോഗ പ്രതിരോധ കുത്തിവെപ്പുകൾ നടത്തികൊണ്ടും ശുദ്ധമായ കുടിവെള്ളം നൽകിക്കൊണ്ടും പരിസരമലിനീകരണം തീർത്തും ഒഴിവാക്കിക്കൊണ്ടും രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ നൽകിക്കൊണ്ടും മദ്യം മയക്ക് മരുന്ന് ഇവയുടെ ഉപയോഗം വർജിച്ചുകൊണ്ടും പോഷകാഹാരങ്ങൾ ലഭ്യമാക്കിക്കൊണ്ടുംഇന്നുള്ളവർക്കും വരാൻ പോകുന്നതലമുറകൾക്കും ആരോഗ്യപരിരക്ഷ നൽകിക്കൊണ്ടുള്ള ഒരു ജനകീയ ആരോഗ്യനയം പഞ്ചായത്ത് തലത്തിൽ തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു.

**കുടിവെള്ളം**

8.632 കിലോമിറ്റർ ( 2132 ഏക്കർ 93 സെൻറ്) വിസ്തീർണ്ണമുള്ളതും 25597 ൽ അധികം ജനസംഖ്യയുള്ളതും. ആറോളം കുന്നുകളും അതിൻേറതായ ചെരിവുകളും വടക്ക് ഭാഗത്തായി കുണ്ടുചിറപ്പുഴയും പടിഞ്ഞാറ് അറബിക്കടലിന്നഭിമുഖമായും, സ്ഥിതിചെയ്യുന്നതായ കോടിയേരി ഗ്രാമപഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. കാലവർഷത്തിൻെറ ലഭ്യതക്കുറവും കടലിലേക്ക് കാലവർഷക്കാലത്ത് ഒഴുകിപ്പോകുന്ന മഴവെള്ളം ആവശ്യമായ സമയത്ത് തടഞ്ഞുനിർത്താനുള്ള പ്രകൃദിദത്തമായ സംവിധാനം ഇല്ലാത്തതിനാലും വയലേലകൾ കുനിപ്പറമ്പുകളായി നികത്തി വാസയോഗ്യമാക്കുന്നതുകൊണ്ടും ഈ പഞ്ചായത്തിലെ ഉദ്ദേശം 60% ത്തോളം ജനങ്ങൾ ഇന്ന് ശുദ്ധജലക്ഷാമം അനുഭവിക്കുകയാണ്.

2. കരീക്കുന്നിൻെറ ഒരു ഭാഗം ( 3ാം വാർഡ്) പാർസിക്കുന്ന്, കുറുക്കൻ കുന്ന്, പുഴുതിനിക്കുന്ന് ( 2ാം വാർഡ്) മമ്പള്ളിക്കുന്ന്, തെണ്ടൻകണ്ടിക്കുന്ന്, (വെള്ളാറൻ കാട് )കാരാൽതെരുമേഖല (8ാം വാർഡ്) അന്തോളിമല, എം. എം. നാണുനമ്പ്യാർ ഹൌസിങ്ങ് കോളനി ( 10ാം വാർഡ്) 4,5, വാർഡുകളിൽ പാറാൽതെരുമേഖല തോട്ടൊളിൽഭാഗം, പോസ്റ്റാഫീസ് ഭാഗം, എന്നിവിടങ്ങളിലായി 300 ഓളം വീടുകളിലും 1ാം വാർഡിലുള്ള ഓടക്കായി കുന്നിൻെറ ചെരിവിലുള്ള 25 വീടുകളിലും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട് പാർസിക്കുന്നിൽ ഉദ്ദേശം 14 വർഷങ്ങൾക്ക് മുമ്പ് നടപ്പാക്കിയ ജലവിതരണ പദ്ധതിയിലെ പൈപ്പുകൾ ദ്രവിച്ചുപോയത് നിമിത്തം ആവശ്യമായ ജലം ലഭിക്കുന്നില്ല. 108 പൊതുടാപ്പുകളും 114 ഹൗസ് കണക്ഷനുമാണ് ഇവലിടെ നടപ്പാക്കിയത്. 3ാം വാർഡിൽ എസ്. കെ. മുക്കിലും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. 6ാം വാർഡിൽ പാറെമ്മൽ ഭാഗത്തും കൊപ്പരക്കളം ഭാഗത്തും 14 വീട്ടുകാർക്ക് ശുദ്ധജലക്ഷാമം ഉണ്ട്. 7ാം വാർഡിൽ അനന്നൊത്ത് സ്കൂൾ പരിസരത്തും ഇടയിൽപീടിക സ്രാമ്പി പരിസരത്തും കുടിവെള്ള പ്രശ്നം 9ാം വാർഡിൽ പി. എച്ച്. സി. സെൻററിൻെറ തെക്ക് ഭാഗത്തായി 10 വീടുകളിലും മൊട്ടേമ്മൽ ഭാഗത്ത് 20 വീടുകളഇലും കുടിവെള്ളക്ഷാമമുണ്ട്. 2ാം വാർഡിൽ ചവക്കമുക്ക് മുതൽ പാട്യംഗോപാലൻ സ്മാരക സ്പോർട്സ് ക്ലബ്ബ് വരെയുള്ള 12 വീടുകളിൽ മണ്ണിൻെറ ദോഷം നിമിത്തം കിണറുകളിലെ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണ്.

3. പഞ്ചായത്തിൽ കുണ്ടുചിറ എന്ന പുഴയും, സ്വകാര്യവ്യക്തികളുടെ കൈവശമുള്ള 27 കുളങ്ങളും 15 പൊതുകിണറുകളും 3 തോടുകളും (പൊതുവാചേരി പുന്നോൽ പെട്ടിപ്പാലം തോട് (2) മാടപ്പീടിക കണ്ണിച്ചിറ തോട് (3) മീത്തലെ കോടിയേരി വയലിൽപീടിക കുണ്ടിചിറ) ഉണ്ട് തോടുകൾക്ക് വേണ്ടവിധത്തിലുള്ള സംരക്ഷണം ഇല്ലാത്തതിനാൽ ജലം സംരക്ഷിക്കപ്പെടുന്നില്ല. കൂടാതെ തോടിനിരുവശവും താമസിക്കുന്നവരും അടുത്തുള്ള കച്ചവടക്കാരും മാലിന്യങ്ങൾ തോടുകളിൽ നിക്ഷേപിക്കുന്നത് നിമിത്തം വെള്ളം മലിനമാക്കുന്നതിന് പുറമെ മഴക്കാലത്ത് ഒഴുക്കും

തടസ്സപ്പെടുന്നു.
ഇതിന് പരിഹാരമായി നിലവിൽ പഞ്ചായത്തിലുള്ള തോടുകൾ മണ്ണെടുത്ത് വൃത്തിയാക്കിയും മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാൻ ശക്തമായ ബോധവൽക്കരണം നടത്തിയും അത് പ്രയോജനപ്പെടുന്നില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുന്നതും അഭികാമ്യമായിരിക്കും. കൂടാതെ മഴക്കാലത്തിന്റെ അവസാനഘട്ടത്തിൽ തോടുകളിൽ ഇടക്കിടെ ചെക്ക് ഡാമുകൾകെട്ടി വെള്ളത്തിന്റെ ഒഴുക്ക് തടയുന്നതായാൽ സമീപത്തുള്ള എല്ലാ കിണറുകളിലും ജലവിതാനം ഉയരാൻ സാധ്യതയുണ്ട്.

രണ്ടാം വാർഡിൽ ( നീലം കുളങ്ങരയിൽ ) നിലവിലുള്ള ജലസ്രോതസ്സ് അതായത് എപ്പോഴും ഉറവ് വരന്ന സ്ഥലത്ത് വിശദമായ സർവ്വെ നടത്തി ജലസംഭരണം നടത്തുകയും ശുദ്ധജലവിതരണ സാധ്യതയെപ്പറ്റി പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതും 2ാം ഖണ്ഡികയിൽ പ്രസ്താവിച്ചതുമായ സ്ഥലങ്ങളുടെ ഏറ്റവും അടുത്തായി ജലം സുലഭമായി ലഭിക്കുന്ന സ്ഥലത്ത് കിണറുകൾ കുഴിച്ച്, ഓവർ ടേങ്കുകൾ കെട്ടി ശുദ്ധ ജലവിതരണം നടത്താവുന്നതാണ്. ഇതിനായി ബഹുജന പങ്കാളിത്തം ഉറപ്പുവരുത്താൻ 20-30വരെയുള്ള അംഗങ്ങൾ അടങ്ങിയ സഹകരണസംഘം ഉണ്ടാക്കാവുന്നതാണ്. ഈ സ്കീമിന്ന് വേണ്ടി വരുന്ന ചിലവിന്റെ ഒരു ചെറിയ ഭാഗം ആവശ്യക്കാർ വഹിക്കുകയും ബാക്കി മുഴുവൻ സംഖ്യയും പഞ്ചായത്തും ഗവർമെണ്ടും വഹിക്കുന്നത് നന്നായിരിക്കും. ശേഷം നടത്തിപ്പ് ആ സംഘത്തിന് പൂർണ്ണമായും വിട്ടുകൊടുക്കാവുന്നതുമാണ്. നിലവിലുള്ള കിണറുകളുടെ ജലവിതാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടിസ്വീകരിക്കുന്നതിന് വേണ്ടി ജലപാതയിൽ വലിയ കുഴികൾ മഴക്കാലത്ത് ഉണ്ടാക്കി ജലസംരക്ഷണം ഉറപ്പാക്കാവുന്നതാണ്. ഉയരമുള്ള സ്ഥലങ്ങളിൽ നിന്നും കുന്നിൻ ചെരിവുകളിൽ നിന്നും കുത്തിയൊലിച്ചു പോകുന്ന ജലത്തെ തട്ടുകൾ ഉണ്ടാക്കി നിയന്ത്രിച്ച് ജലവിതാനം ഉയർത്താൻ പൊതുജനപങ്കാളിത്തത്തോടുകൂയി ബോധവൽക്കരണം നടത്താവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുന്നത് ഉപകാരപ്രദമായിരിക്കും. പറമ്പുകളിലുള്ള വരമ്പുകൾ ഉയർത്തി അതിരുകളിൽ കൈതെ വെച്ച് പിടിപ്പിച്ചാൽ വെള്ളം കുത്തിയൊലിച്ച് പുറത്തേക്ക് പോകുന്നത് തടയപ്പെടുകയും മേൽമണ്ണിനെ സംരക്ഷിച്ച് നിർത്താൻ സാധിക്കുന്നതുമായിരിക്കും. കൂടാതെ അതത് പറമ്പിലെ കിണറുകളിലെ ജലവിതാനം കൂടാനും അത് സഹായിക്കും.

കൈതവച്ച് പിടിപ്പിക്കുന്നത് ഉടമസ്ഥർക്ക് ഒരു വരുമാനമാർഗ്ഗമായി ത്തീരുകയും ചെയ്യും. ഈ പ്രവർത്തനംവും ബോധവൽക്കരണം നടത്തി വിജയിപ്പിക്കാവുന്നതാണ്.

5. പഴശ്ശി കനാൽ വഴി വരുമെന്ന് ഉദ്ദേശിക്കുന്ന ജലം ടാങ്കുകൾ കെട്ടി സംഭരിച്ച് പൈപ്പ്വഴി ശുദ്ധജലവിതരണം നടത്താനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6. പഞ്ചായത്തിന്റെ അധീനതയിലുള്ള 15 പൊതു കിണറുകളും സ്വകാര്യവ്യക്തികളുടെ കൈവശമുള്ള 27 കുളങ്ങളും വൃത്തിയാക്കി, ആഴം കൂട്ടി, കൂടുതൽ ജലം സംഭരിക്കാനുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ അടുത്ത താമസക്കാരുടെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

11 ാം വാർജിലെ ചാമക്കുളം ( ശാന്ത നിലത്തിൽ കുളം) വണ്ണത്താൻ കുളം എന്നിവ ആഴം കൂട്ടി, ഓവർഹെഡ് ടാങ്ക് വഴി കുടിവെള്ള വിതരണ സൗകര്യം ഏർപ്പെടുത്തിയാൽ 10, 11 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാം.

1,2,3,5,8 വാർഡുകളിലുള്ള ശുദ്ധജലക്ഷാമം പരിഹരിക്കാൻ പുഴുതിനികുന്ന് ശുദ്ധ ജലവിതരണ പദ്ധതി ഉടൻ പ്രാവർത്തികമാക്കേണ്ടതാണ്.

കുന്നിൻ താഴ്വരകളിലെ ജലസമൃദ്ധി ശ്രദ്ധേയമാണ്. അവിടെ വിശാലമായ ചിറകൾകെട്ടി കുടിവെള്ളപ്രശ്നം പരിഹരിക്കാനാവുമോ എന്ന് പരിശോധിക്കണം.

ചന്ദ്രോത്ത് മീത്തലുള്ള ചിറ, കാരാൽ തെരു ക്ഷേത്രക്കുളം എന്നിവ ശുദ്ധജല സ്രോതസ്സായി മാറ്റാൻ സാധിക്കുന്നതാണ്. 4ാം വാർഡിലെ പൊതുവാച്ചേരിവയലിലെ കുളത്തിലെ വെള്ളം പാറാലിലുള്ള ജലസംഭരണയിൽ എത്തിച്ചാൽ ഉപകാരമായിരിക്കും.

പട്ടിക - 1

കുടിവെള്ളം

## പ്രശ്നപ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

| വാർഡ് പ്രശ്നമേഖല | നിർദേശിക്കുന്ന പരിഹാരമാർഗം |
|---|---|
| 1. ഓടക്കായി കുന്നിൻെറ ചരിവിൽ 25 വീടുകൾ<br>ടമ്പിൾ ഗേറ്റ് കണ്ണിച്ചിറ റോഡ് പരിസരം<br>2. പാതർസിക്കുന്ന് കുറുക്കൻ കുന്ന് ലുഴുതിനക്കുന്ന്<br>3. എസ്. കെ. മുക്ക്<br>4.5, പാറാൽ തെരുമേഖല തോട്ടോളിൽ ഭാഗം<br>പോസ്റ്റാഫീസ് ഭാഗം | തലശ്ശേരി ഓഗ്മെൻേറഷൻ പരിപാടിവിപുലത്തുക.<br>പുഴുതിനക്കുന്നിൽ നിലവിലുള്ള വാട്ടർ ടാങ്ക് വിപുലപ്പെടുത്തുക.<br>തലശ്ശേരി ഓഗ് മൻേറഷൻ പരിപാടി ത്വരിതപ്പെടുത്തുക.<br>തലശ്ശേരി ഓഗ്മെൻേറഷൻ പരിപാടി ത്വരിതപ്പെടുത്തുക.<br>നിലവിലുള്ള കുഴൽകിണറിന് പുറമെ മറ്റൊരു കിണൻർ സ്ഥാപിക്കുകയും നിലവിലുള്ളത് പരിഷ്കരിക്കുകയും ചെയ്യുക.<br>സ്വകാര്യ വ്യക്തിയടെ കൈവശമുള്ള പാരമ്പത്ത് കുളം ശുദ്ധിചെയ്ത് ഓവർ ടാങ്ക് കെട്ടി ജലവിതരണം നടത്താം. |
| 6. പാറേമ്മൽ ഭാഗം | കോടിയേരി മീത്തലെ വയൽ ഭാഗത്ത് കിണർ നിർമിച്ചു ഓവർ ടാങ്ക് കെട്ടി ജലവിതരണം നടത്താവുന്നതാണ്. |
| 7. അനന്തോത്ത് സ്കൂൾ പരിസരം | സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള കാരാർ പറമ്പിൽ ഉപയോഗശൂന്യമായി കിടക്കുന്ന എപ്പോഴും ജല സ്രോതസ്സുള്ളകിണർ ശുദ്ധിചെയ്തു ജലം പമ്പുചെയ്ത കുടിവെള്ള പ്രശ്നം പരിഹരിക്കാം. |
| 8. മമ്പള്ളിക്കുന്ന്, തെണ്ടൻ കണ്ടിക്കുന്ന് ഉൾപ്പെട്ട<br>വെള്ളാറൻ കാട്, കാരാൽ തെരുഭാഗം<br>9. പി. എച്ച്. സി. സെൻററിന് തെക്കുഭാഗം 10 വീടുകൾ<br>മൊട്ടെമ്മൽ ഭാഗം 20 വീടുകൾ | പാരമ്പത്ത് പരിസരത്ത് ഒരു കിണർ കുഴിച്ചു. ഓവർ ടാങ്ക് കെട്ടി ശുദ്ധജലവലിതരണം നടത്താവുന്നതാണ്.<br>കാരാൽ തെരു ക്ഷേത്രക്കുളം നന്നാക്കി ഓവർ ടാങ്ക് കെട്ടി ജലവിതരണം നടത്താം. മൊട്ടേമ്മൽ ഭാഗത്ത് ചിന്തൂർത്താഴ ബസ് റ്റോപ്പിനടുത്ത് ഒരു കിണർ സ്ഥാപിച്ചു ഓവർ ടാങ്ക് കെട്ടി ശുദ്ധ ജല വിതരണം നടത്താവുന്നതാണ്. |
| 10 അന്തോളിമല<br>എം. എം. നാണുനമ്പ്യാർ<br>ലക്ഷം വീട് കോളനി | ചാമക്കുളം, വണ്ണാത്തിക്കുളം ഇവയിലേതെങ്കിലും ശുദ്ധിചെയ്ത്ഓവർ ടാങ്ക് കെട്ടി അന്തോളിമലയുടെവടക്ക് കിഴക്ക് ഭാഗത്ത് വെള്ളം എത്തിക്കാവുന്നതാണ്. ലക്ഷം വീട് കോളനയിലും അന്തോളി മലയുടെ മറ്റുഭാഗങ്ങളിലും ചിന്തൂരത്താഴ സ്ഥലമെടുത്ത് കിണർ സ്ഥാപിച്ചു ഓവർ ടാങ്ക് കെട്ടി ശുദ്ധജല മെത്തിക്കാൻ കഴിയും. |
| 11. ചവക്കമുക്ക്<br>മുതൽ പാട്യം ഗോപാലൻ സ്മാരക സ്പോർട്സ് ക്ലബ്ബ്വരെ<br>12 വീടുകൾ<br>കൊപ്പരക്കളത്തിൻെറ വടക്കുഭാഗം 14 വീടുകൾ | ഗോവിന്ദൻെറ പീടികക്ക് സമീപം കിണർ കുഴിച്ച് ഓവർ ടാങ്കു കെട്ടി വെള്ളം പമ്പ് ചെയ്തു ശുദ്ധ ജലമെത്തിക്കാവുന്നതാണ്. |

## കോടിയേരി ഗ്രാമപഞ്ചായത്ത്





# ഗതാഗതം

വളരെ മെച്ചപ്പെട്ടതും ദേശീയപാതയടക്കം ആറോളം അതിപ്രധാനപ്പെട്ട ദീർഘദൂര പാതകളാൽ അനുഗ്രഹീതവുമായ പഞ്ചായത്താണ് കോടിയേരി. മലബാറിലെ പ്രമുഖ പട്ടണമായ തലശ്ശേരി പട്ടണവും പുതുശ്ശേരി സ്റ്റേറ്റിൽ പെട്ട മാഹി പ്രദേശങ്ങളുമായി തൊട്ടുരുമ്മിയുള്ള പഞ്ചായത്തിൻെറ കിടപ്പ് ഗതാഗത സൌകര്യത്തിൻെറ മാറ്റ് കൂട്ടുന്നു. ഈ പ്രധാന റോഡുകളെല്ലാം കിഴക്ക്- പടിഞ്ഞാറായി ദേശീയ പാതയുമായി ചേരുന്നതിനാൽ രാജ്യത്തിൻെറ ഏത് ഭാഗങ്ങളിലേക്കും യാത്രക്കും ചരക്ക് ഗതാഗതത്തിനും അനുയോജ്യമാണ്. ഈ പാതകളെല്ലാം തന്നെ ചെറുറോഡുകളാൽ തെക്ക്-വടക്കായി കൂടുതലും ബന്ധപ്പെട്ടതിനാൽ വളരെ മെച്ചപ്പെട്ട റോഡ് ശൃംഖല കോടിയേരി പഞ്ചായത്തിൻെറ പ്രത്യേകതയാണ്.

വളരെ നീളത്തിൽ അല്ലെങ്കിലും റെയിൽ ബന്ധത്താൽ ചുംബിതമായ കോടിയേരി പഞ്ചായത്ത് യാത്രാ സൌകര്യത്തിൽ മറ്റൊരു ഘടകമാണ്.

കടൽ തീരം കൊണ്ട് അനുഗ്രഹിച്ച് കിടക്കുന്നു ഈ ഗ്രാമം. കുണ്ടുചിറ എന്ന പുഴ മെച്ചപ്പെട്ടതരത്തിലല്ലെങ്കിലും ചെറിയ നിലയിലുള്ള ജലഗതാഗതത്തിന് അനുയോജ്യമാണ്. ഇങ്ങനെ ഏത് നിലയിൽ നോക്കിയാലും കോടിയേരി പഞ്ചായത്ത് ഗതാഗത കാര്യത്തിൽ സമ്പുഷ്ടമാണ്.

എങ്കിലും നിന്മോന്നതങ്ങളായ ഏഴോളം കുന്നിൻ പ്രദേശത്തെ പോക്ക്വരവ്, പ്രത്യേകിച്ച് മഴക്കാലത്ത്, വളരെ ദുർഘടം പിടിച്ചതാണ്. മണ്ണൊലിപ്പാണ് ഇതിന് പ്രധാന കാരണമായിട്ടുള്ളത്.

| റോഡിൻെറ സ്വഭാവം ( നീളം)<br>റോഡിനെ സംബന്ധിക്കുന്ന വിവരങ്ങൾ | | | | |
|---|---|---|---|---|
| പഞ്ചായത്ത് റോഡ് താറിട്ടത് | PWD | NH | മറ്റുള്ളവ | ആകെ |
| 2.988 കിലോമീറ്റർ | 9 കിലോമീറ്റർ | 1 കിലോമീറ്റർ | 38.404 കി. മീ കട്ടറോഡ്<br>3.862 കി.മീ ഫുട്ട്പാത്ത് | 43.254 കിലോമീറ്റർ |

**പ്രധാനപാതകൾ**: (എൻ.എച്ച് - 17)

**1.ദേശീയ പാത**: ഇത് പഞ്ചായത്തിൻെറ തെക്ക് ഭാഗത്ത് കിഴക്ക് പടിഞ്ഞാറായി ഒരു കിലോമീറ്ററിന് താഴെ നീളത്തിൽ കടന്നുപോകുന്നു. നാട്ടുരാജാക്കന്മാരുടെ കാലത്തുള്ളതും ഫ്രഞ്ചുകാരും, ബ്രിട്ടീഷ്കാരും ഈ പാതയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയവരായിരുന്നു. ആയിരക്കണക്കിന് ബസ്സുകളും ലോറികളും മറ്റ് വാഹനങ്ങളും രാജ്യത്തിൻെറ നാനാഭാഗത്തേക്കും ഈ പാതയിൽ കൂടി കടന്നുപോകുന്നു. പഞ്ചായത്തിൻെ റവികസനത്തിനും ഗതാഗതത്തിനും വളരെ പ്രയോജനം ചെയ്യുന്നതാണീ പാത.

**2. മാക്കൂട്ടുപാറാൽ**- കുറ്റ്യാടി റോഡ്: മാക്കൂട്ടത്ത് ദേശീയ പാതയിൽ നിന്ന് തുടങ്ങി പാറാൽ വരെ 2 കിലോമിറ്ററോളം പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. തലശ്ശേരിയിൽ നിന്ന് ബ്രിട്ടീഷുകാരെ വളഞ്ഞെതിർക്കാനായി ഉൾപ്രദേശത്തേ ക്ക് പോകാൻ ടിപ്പുസുൽത്താൻ നിർമ്മിച്ചതാണീ പാത. പാറാലിനും സൈദാർപള്ളിക്കുമിടയിൽ ഗതാഗതക്കുരുക്കുണ്ടായാൽ ഈ പാതയിലൂടെയാണ് വാഹന ഗതാഗതം നടക്കുന്നത്. ഏതാനും വർഷങ്ങൾക്കു മുമ്പ് ഈ വഴിയിലൂടെ ബസ്സ് ഗതാഗതം ഉണ്ടായിരുന്നു. ബസ്സോട്ടം പുന: സ്ഥാപിച്ചുകിട്ടാൻ ആവശ്യമായ നടപടികൾ ചെയ്യേണ്ടതുണ്ട്.

**തലശ്ശേരി കുറ്റ്യാടി റോഡ്**: പഞ്ചായത്തിൻെറ മധ്യത്തിലൂടെ നങ്ങാറത്ത് മുതൽ പാറാൽ വരെ 2.5 കിലോമീറ്ററോളം ബന്ധപ്പെട്ട് കടന്നുപോകുന്ന-തലശ്ശേരി, ചൊക്ലി, പാനൂർ, പെരിങ്ങത്തൂർ, കുറ്റ്യാടി ഭാഗങ്ങളിലേക്കുള്ള ഗതാഗതത്തിന് സുപ്രധാനമായുള്ള റോഡാണിത്. നൂറ് കണക്കിന് വാഹനങ്ങൾ ദിനം പ്രതി കടന്നുപോകുന്ന ഈ റോഡിന് മാടപ്പീടിക, പാറാൽ ഭാഗത്ത് വീതികുറഞ്ഞ അവസ്ഥ ഗതാഗതകുരുക്കിന് കാരണമാകാറുണ്ട്. ഇതിന് പരിഹാരം കാണേണ്ടതാണ്. ദേശീയ പാതകഴിഞ്ഞാൽ ആദ്യബസ്സോട്ടം നടന്നത് ഈ റോഡിലാണ്.

**4. തലശ്ശേരി- മാടപ്പീടിക- ഇടയിൽപ്പീടക- പാനൂർ റോഡ്**

തലശ്ശേരി കുറ്റ്യാടി റോഡിൽ മാടപ്പീടികമുതൽ ഇടയിൽപ്പീടികവരെ കിലോമീറ്ററോളം പഞ്ചായത്തിൻെറ വടക്ക്-കിഴക്കായി കിടക്കുന്ന പാനൂർ ഭാഗത്തേക്ക് പോകുന്ന റോഡാണിത്. മൊയാരത്ത് ശങ്കരൻെറ നേതൃത്വത്തിൽ 1935-36 കാലത്ത് നിർമ്മിച്ചതാണീ റോഡ്. 1960 ൽ വീതികൂട്ടിയതോടെ എല്ലാ വിധ വാഹന ഗതാഗതങ്ങൾക്കും സഞ്ചാരയോഗ്യമായി. 12 ബസ്സുകളടക്കം ധാരാളം വാഹനങ്ങൾ ഈ റോഡ് വഴി കടന്ന് പോകുന്നു.

**5 തലശ്ശേരി- കോടിയേരി- മനേക്കര- പാനൂർ റോഡ്**

ഐക്യപ്രദായിനി വായനശാല കേന്ദ്രീകരിച്ച് സർദാർ ചന്ത്രോത്ത്, വി. കെ. കുഞ്ഞിരാമൻ മാസ്റ്റർ, ഡോ.ടി. വി. എൻ.നായർ, ഓണിയൻ കുഞ്ഞിരാമൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിലുള്ള പരിശ്രമത്തിലൂടെ നാട്ടുകാരാൽ നിർമ്മിക്കപ്പെട്ട റോഡാണിത്. 1936 ൽ ഓണിയൻ യു. പി. സ്കൂളിൽ വച്ച് നടത്തിയ പ്രദർശനത്തിന് സാധനങ്ങൾ കൊണ്ടുവന്നാണ് ഒന്നാമത്തെ വാഹനം ഓടിയത്. 1957 ൽ കണ്ട്യൻ ചോയിവൈദ്യർ, കോമത്ത് വാസു എന്നിവരുടെ ശ്രമഫലമായി PWD റോഡ് ഏറെറടുക്കുകയും അതോടെ വീതി കൂട്ടുകയും ചെയ്തു. 13 ബസ്സുകളടക്കം ധാരാളം വാഹനങ്ങൾ ഈ റോഡിലൂടെ സഞ്ചരിക്കുന്നു.

**6. തലശ്ശേരി - കോപ്പാലം പാനൂർ റോഡ്** കേവലം നടപ്പാതയായിരുന്ന വഴി പി. കെ. മാധവൻ ഡിസ്ട്രിക് ബോർഡ് അംഗമായിരുന്ന കാലത്ത് റോഡാക്കുകയും പിന്നീട് ഏറ്റെടുത്ത് വീതികൂട്ടിയതോടെ എല്ലാ വിധ വാഹനഗതാഗതത്തിനും യോജ്യമായി. മൂഴിക്കരമുതൽ പന്തക്കൽ വരെ 1.5 കിലോമീറ്ററോളം പഞ്ചായത്തിൻെറ വടക്ക് ഭാഗത്ത് കൂടെ കടന്ന് പോകുന്ന റോഡിൽ 25 ബസ്സുകളടക്കം ധാരാളം വാഹനങ്ങൾ സഞ്ചരിക്കുന്നു.

**7. മാഹി പന്തക്കൽ റോഡ്**: മേൽ പറഞ്ഞ റോടുകളെല്ലാം പടിഞ്ഞാറ് കിഴക്കായി നീണ്ടുകിടക്കമ്പോൾ ഇവയെ കോർത്തിണക്കിക്കൊണ്ട് തെക്ക് വടക്കായി പാതയില്ലാ എന്നത് പോരായ്മയാണ്. ഈ പോരായ്മ അല്പം വിഷമിച്ചെങ്കിലും ജനങ്ങൾക്ക് ഉപയേഗപ്രദമാകുന്നത് പഞ്ചായത്തിന് പുറത്ത് മാഹി പ്രദേശത്ത് കൂടി പോകുന്ന മാഹിപന്തക്കൽ റോഡാണ്.

**പഞ്ചാത്ത് റോഡുകൾ**

പഞ്ചായത്തിലെ പ്രധാനപ്പെട്ട കട്ട് റോഡുകൾ ചുവടെ പറയുന്നു.

റോഡുകൾ - സ്വഭാവം

| | പേര് | നീളം | വീതി | സ്വഭാവം | വാർഡ് |
|---|---|---|---|---|---|
| 1. | കണ്ണിച്ചിറടെമ്പിൾ ഗെയിറ്റ് റോഡ് | 690 മീ | 8മീ | താർറോഡ് | I |
| 2. | ടെമ്പിൾ ഗെയിറ്റ് തോട്ടത്തിൽ മുക്ക് റോഡ് | 469മീ | 5മീ | മൺറോഡ് | |
| 3. | എടത്തട്ടമീത്തൽ റെയിൽ വെ റോഡ് | 377 മീ | 3മീ | മൺറോഡ് | |
| 4. | നങ്ങാറത്തെ പീടിക മയിലാട്ട് മുക്ക് റോഡ് | 602മീ | 3.5മീ | മൺറോഡ് | |
| 5. | മണോളിക്കാവ് നങ്ങാറത്ത് പീടിക റോ ഡ് | 480 മീ | 4.5മീ | മൺറോഡ് | |
| 6. | നങ്ങാറത്ത് പുല്ലയിൽ താഴെ റോഡ് | 383 മീ. | 4.25മീ | മൺറോഡ് | |
| 7. | മാടപ്പീടികകൊമ്മൽ വയൽ റോഡ് | 500 മീ. | 4.2മീ | മൺറോഡ് | |
| 8. | മയിപ്പാട്ട് മുക്ക് റോഡ് മുനിസിപ്പൽ ലിമിറ്റ് | 199 മീ. | 3മീ | മൺറോഡ് | |
| 9. | മരത്തിലേരി പറമ്പ് പുന്നോറം മുക്ക് റോഡ് | 314 മീ | 2.6മീ | മൺറോഡ് | |
| 10. | പയിക്കാട്ട് കതുനിയിൽ നങ്ങാറത്ത് റോഡ് | 427 മീ. | 4മീ | മൺറോഡ് | |
| 11. | കുനിയിൽ പറമ്പ് കൊമ്മൽ റോഡ് | 2443മീ | 2മീ | മൺറോഡ് | |
| 1. | രാജാസ് കല്ലായി റോഡ് | 555മീ | 5മീ | മൺറോഡ് | II |
| 2. | പാർസി കുന്ന് റോഡ് ( എ. കെ. ജി. വായനശാല മുതൽ) | 320മീ | 3മീ | മൺറോഡ് | |
| 3. | മാടപ്പീടികമാർക്കറ്റ് പുന്നോൽ കിണർ റോഡ് (പാർസികുന്ന്) | 598മീ | 4മീ | മൺറോഡ് | |
| 4. | മൂർക്കോത്ത് റോഡ് | 688മീ | 5മീ | മൺറോഡ് | |
| 5. | കൊമ്മൽവയൽ- പുന്നോൽ റോഡ് | 660മീ | 4.5മീ | മൺറോഡ് | |
| 6. | പുഴുതിന്നിക്കുന്ന് പുന്നോൽ മഠം റോഡ് | 270മീ | 4മീ | മൺറോഡ് | |
| 7. | പുന്നോൽ കുറുക്കൻ കുന്ന് റോഡ് | 220മീ | 3.2മീ | മൺറോഡ് | |
| 8. | പഞ്ചാരപറമ്പ് കുറുക്കൻ കുന്ന് റോഡ് | 118മീ | 2.8മീ | മൺറോഡ് | |
| 9. | കുറുക്കൻകുന്ന് നീലം കുളങ്ങര റോഡ് | 150മീ | 3മീ | മൺറോഡ് | |

| | പേര് | നീളം | വീതി | സ്വഭാവം | വാർഡ് |
|---|---|---|---|---|---|
| 1. | പുന്നാൽ. യു. പി. പുളിക്കൽ. മുക്ക് | 630 മീ. | 3.5 മീ. | മൺറോഡ് | III |
| 2. | പിലാക്കാട്ടിൽ മുക്ക് കൂലോത്ത് വയൽ താഴെ ഭാഗം | 315. മീ | 3.20 മീ | മൺറോഡ് | |
| 3. | പുന്നോൽ കുറിച്ചിയിൽ റോഡ്- പുന്നോൽ മുതൽ കരിക്കുന്ന്റൈസ് മിൽ വരെ ( താർചെയ്ത ഭാഗം 883 മീ.) | 1130മീ | 6 മീ. | മൺറോഡ് | |
| 4. | പള്ളിക്കുന്ന് റോഡ് (പറത്ത് കണഅടി പള്ളിക്കുന് താഴെ വയൽ റോഡ്) | 290മീ | 3 മീ. | മൺറോഡ് | |
| 5. | ന്യൂറോഡ് ( സി. എച്ച്. മുക്ക്) | 255മീ | 3.5 മീ | മൺറോഡ് | |
| | കൂലോത്ത് മുക്ക് റോഡ് | 150മീ | | | |
| 6. | മണ്ട്യൻ കുളങ്ങര താഴെ പറയങ്കണ്ടി റോഡ് | 370 മീ | 4 മീ. | മൺറോഡ് | |
| 7. | താഴെവയൽ മാറോളിമുക്ക് റോഡ് | 390മീ. | 4 മീ. | മൺറോഡ് | |
| 8. | കുറിയ്യിയിൽ കരീക്കുണ്ട് റോഡ് ന്യൂമാഹി അതിർത്തിയിൽ പറമ്പ് കണ്ടി മുക്ക് മുതൽ കരീക്കുന്ന4 ലക്ഷം വീട് കോളനികൾ | 370 മീ. | 6 മീ. | മൺറോഡ് | |
| 9. | മാറോളിമുക്ക് പൊതുവാച്ചേരി റോഡ് | 275 മീ. | 3 മീ. | മൺറോഡ് | |
| 10. | പുന്നോൽ പള്ളിതാഴെ റോഡ് | 500 മീ. | | മൺറോഡ് | |
| 1. | പാറാൽ പൊതുവാച്ചെരി റോഡ് | 720 മീ. | 4.20 മീ. | മൺറോഡ് | IV |
| 2. | ചെമ്പ്ര പൊതുവാച്ചേരി റോഡ് | 329 മീ. | 4 മീ. | മൺറോഡ് | |
| 3. | ആച്ചുകുളങ്ങര കൊല്ലപ്രത്ത് താഴെ റോഡ് ( പൊതുവാച്ചേരി വരെ) | 475 മീ. | 5 മീ. | മൺറോഡ് | |
| 4. | പഴയ നിരത്ത് പൊതുവാച്ചേരി ( എൽ. പി. സ്കൂൾ റോഡ്) | 270 മീ. | 3 മീ. | മൺറോഡ് | |
| 5. | പഴയനിരത്ത് പൊതു വാച്ചേരി റോഡ് | 450 മീ. | 4 മീ. | മൺറോഡ് | |
| 6. | വാക്കിപ്രത്ത് താഴെ പൊതുവാച്ചേരി റോഡ് | 360 മീ. | 4 മീ. | മൺറോഡ് | |

| | പേര് | നീളം | വീതി | സ്വഭാവം | വാർഡ് |
|---|---|---|---|---|---|
| 1. | സെൻട്രൽ കോടിയേരി പാറാൽ റോഡ് | 732മീ. | 5മീ | മൺറോഡ് | V |
| 2. | കക്കാട്ട് പറമ്പ് റോഡ് അറബിക് കോളേജ് എടക്കപ്പച്ചേരി പറമ്പ് | 330 മീ. | 40മീ | മൺറോഡ് | |
| 3. | വാമന പുതിയതെരു റോഡ് ഴെവയൽ മാറോളിമുക്ക് റോഡ് | 200മീ | 3.5മീ | മൺറോഡ് | |
| 4. | തോട്ടോളി മുക്ക് സെൻട്രൽ കോടിയേരി റോഡ് | 492മീ | 3 മീ | മൺറോഡ് | |
| 5. | പാരമ്പത്ത് താഴെ പാറാൽ പോസ്റ്റാഫീസ് റോഡ് | 210 മീ. | 4.5മീ. | മൺറോഡ് | |
| 1. | പാൽപള്ളകല്ലിൽ താഴെ റോഡ് | 930മീ | 5 മീ | മൺറോഡ് | VI |
| 2 | പുന്നോൽ കണ്ടി റോഡ് | 1120മീ | 4 മീ | മൺറോഡ് | |
| 3. | ചെറുവാരിവയൽ അറബി കോളേജ് റോഡ് | 590മീ | 4 മീ | മൺറോഡ് | |
| 4. | കല്ലിൽ താഴെ ( ഫാമിലി വെൽഫെയർ സെൻറർ, പറമേൽ റോഡ്) | 300 മീ | 3 മീ | മൺറോഡ് | |
| 5. | കുന്നോത്ത് മുക്ക് - പുന്നോൽകണ്ടിമുക്ക് റോഡ് | 120മീ. | 3 മീ | മൺറോഡ് | |
| 6. | പുന്നോൽക്കണ്ടി ഇല്ലത്ത് താഴെ | 60മീ. | 4 മീ | മൺറോഡ് | |
| 7. | പുന്നോൽക്കണ്ടി ചന്ദ്രോത്ത് താഴെ റോഡ് | 168 മീ. | 4 മീ | മൺറോഡ് | |
| 8. | പുത്തൻപുരയിൽപ്പറമ്പ് കല്ലിൽതാഴെ റോഡ് | 670 മീ. | 3.5 മീ | മൺറോഡ് | |
| 9. | പുത്തൻ കുളത്തിൽ കൂലോത്ത് റോഡ്. | 190മീ. | 3.5 മീ. | മൺറോഡ് | |
| 10. | മീത്തലെ വയൽ പന്തകൽ ലിമിറ്റ് റോഡ് | 270 മീ. | 3.40 മീ. | മൺറോഡ് | |
| 11. | തൃക്കൈക്കൽ താഴെ പന്തക്കൽ ലിമിറ്റഡ് റോഡ് (വളപ്പനാണ്ടി) | 240 മീ. | 4 മീ. | മൺറോഡ് | |
| 12. | മീത്തലേവെള്ളേരി കുണ്ടേരി വീട്ടിൽ റോഡ് | 235 മീ. | 4 മീ. | മൺറോഡ് | |
| 13. | കുനിയിൽ പൊയ്യൻ റോഡ് | 150 മീ. | 4 മീ. | മൺറോഡ് | |

| | പേര് | നീളം | വീതി | സ്വഭാവം | വാർഡ് |
|---|---|---|---|---|---|
| 1. | കാരാൽ തെരുകുളം റോഡ് | 447മീ. | 5മീ | മൺറോഡ് | |
| 2 | കല്ലിൽ താഴെതെരുകുളം റോഡ് | 350 മീ. | 5.5മീ | താർ റോഡ് | |
| 3. | ചന്തുച്ചാൽ കണ്ടിമുക്ക്, ഈരായിൻെറവിട മുക്ക് റോഡ് | 204മീ | 3. മീ | മൺറോഡ | |
| 4. | ചാലിൽ മുക്ക് തൃക്കൈക്കൽ അമ്പലം റോഡ് | 647.മീ | 3 മീ | മൺറോഡ് | |
| 5. | തെരുകുളം ചിറക്കൽ റോഡ് | 390 മീ. | 5മീ. | മൺറോഡ് | |
| 6. | ഈങ്ങയിൽ പീടിക ചിറക്കൽ താഴെ പന്തക്കൽ ലിമിറ്റഡ് സ്റ്റോപ്പ് | 1400 മീ. | 4.5മീ | മൺറോഡ് | |
| 7. | ഓണിയൻ ഹൈസ്കൂൾ, ബാലവാടി റോഡ് | 178. മീ | 3.5മീ | മൺറോഡ് | |
| 8. | പൂക്കോം റോഡ് (കക്കാട്ട് പറമ്പ് റോഡ്) | 660മീ | 3മീ | മൺറോഡ് | |
| 9. | രാജൻ റോഡ് | 625മീ | 4.20 മീ | മൺറോഡ് | |
| 10. | അനന്തോത്ത് സ്കൂൾ റോഡ് | 160മീ | 4 മീ | മൺറോഡ് | |
| 11. | കരുവോത്ത് മുക്ക് തുണ്ടിയിൽ പറമ്പ് റോഡ് | 330മീ | 3.5 മീ | മൺറോഡ് | |
| 12. | മന്ത്തിൽപറമ്പ് മാത്തൻെറ വിടമുക്ക് റോഡ് | 77മീ. | 4 മീ | മൺറോഡ് | VII |
| 1. | കല്ലിൽതാഴെ കാരാൽ തെരുറോഡ് | 425മീ. | 2.65 മീ. | മൺറോഡ് | |
| 2. | സെൻട്രൽ കോടിയേരി കാരാൽതെരുറോഡ് | 465.. മീ | 5 | മൺറോഡ് | |
| 3. | പഠിക്കൽ മുക്ക് കാറാൽ തെരു റോഡ് | 540 മീ. | 4.5 | മൺറോഡ് | VIII |
| 4. | ശീനരായണ മഠം ലക്ഷം വീട് റോഡ് | 300 മീ | 4.4 | മൺറോഡ് | |
| 5. | ലക്ഷം വീട് റോഡ് | 45 0 മീ. | 4 | മൺറോഡ് | |
| 6. | ലക്ഷം വീട് ഇടത്തട്ടതാഴ റോഡ് | 450 മീ. | 4.2 | മൺറോഡ് | |
| 7. | മമ്പള്ളിതാഴെ ചിരുകണ്ടോത്ത് താഴെ റോഡ് | 340 മീ. | 4 | മൺറോഡ് | |
| 1. | മാടപ്പീടിക ചിന്തൂര താഴെ റോഡ് | 1075. മീ. | 5.75 | ടാർ റോഡ് | |
| 2. | രയരോത്ത് മുക്ക് റോഡ് | 400 | 3 | മൺറോഡ് | IX |
| 3. | രയരോത്ത് അടിച്ചത്ത് റോഡ് | 150 | 2.20 | മൺറോഡ് | |
| 4. | ഈങ്ങയിൽ പീടിക കാരാൽ തൊരു പടിഞ്ഞാറെ ജങ്ങ്ക്ഷൻ റോഡ് | 420 | 4.50 | മൺറോഡ് | |
| 5. | കാരാൽ കരുവാങ്കണ്ടി മുക്ക് | 330 | 3.10 | മൺറോഡ് | |
| 6. | കോടിയേരി ജൂനിയർ ബേസിക് സ്കൂൾ റോഡ് | 60 | 4 | മൺറോഡ് | |
| 7. | ഈങ്ങയിൽ പീടികതയ്യുള്ളതിൽ മുക്ക് റോഡ് | 600 | 4.5 | മൺറോഡ് | |
| 8. | തയ്യുള്ളതിൽ മുക്ക് കുറ്റിവയൽ ഖോഡ് | 186 | 3.70 | മൺറോഡ് | |

60

| | പേര് | നീളം | വീതി | സ്വഭാവം | വാർഡ് |
|---|---|---|---|---|---|
| 9. | കുറ്റിവയൽ കാരാങ്കോട്ട് റോഡ് | 157മീ. | 2.5മീ | മൺറോഡ് | IX |
| 10. | ചിന്തൂര താഴെ മൊട്ടാൽ റോഡ് | 244 മീ. | 3.3മീ | മൺറോഡ | |
| 11. | മാടപ്പീടിക കുറ്റി വയൽ റോഡ് | 820മീ | 6 മീ | മെറ്റൽ റോഡ് | |
| 12. | ആശാരിൻെറവിട കുറ്റിവയൽ റോഡ് | 60മീ | 4 മീ | മെറ്റൽ റോഡ് | |
| 13. | പാറക്കണ്ടി മുക്ക് റോഡ് | 60 മീ. | 3.5മീ. | മൺറോഡ് | |
| 14. | ചമ്പാലത്തോട് | 330 മീ. | 1.5മീ | ഫുട്പാത്ത് | |
| 15. | കരിമ്പായനത്തിൽ താഴെ പർണ്ണശാല മുക്ക് റോഡ് | 235മീ. | 2.3 മീ | റോഡ്-4 ഫുട്പാത് | |
| 1. | കുണ്ടുചിറ മൂഴിക്കര റോഡ് | 300. മീ | 4മീ | മൺറോഡ് | X |
| 2. | കോപ്പാലം കാട്ടിമുക്ക് | 360മീ | 3.6 മീ | മൺറോഡ | |
| 3. | പത്തലായി മുക്ക് മൂഴിക്കര കുന്ന് റോഡ് | 130മീ | 4 .65മീ | മൺറോഡ് | |
| 4. | മഞ്ചക്കൽ മലാൽ റോഡ് | 300മീ | 4 മീ | മൺറോഡ് | |
| 5. | കഴുങ്ങാറോഡ് മുക്ക് മുള്ളിൽ നട റോഡ് | 1125മീ | 4.3മീ | മൺറോഡ് | |
| 6. | മുളിയിൽ നട ലക്ഷം വീട് ( കുഴൽ കിണർ ) റോഡ് | 470മീ. | 3മീ. | മൺറോഡ് | |
| 7. | കുമ്പളൻ പ്രവൻ ചാത്തൻെറ വിട മുതൽ വിദ്വാൻ കണ്ണൻമാസ്റ്ററുടെ വീടു വരെയുള്ള റോഡ് | 260മീ. | 3 മീ. | മൺറോഡ് | |
| 1. | ഈങ്ങയിൽ പീടിക മൂഴിക്കര പോസ്റ്റാഫീസിനു സമീപം | 1550 മീ. | 5 | മൺറോഡ് | XI |
| 2. | കോപ്പാലം കൊപ്പര ക്കളം റോഡ് | 1115 മീ | 5 | മൺറോഡ | |
| 3. | കാട്ടിൽ മുക്ക് . കെ. പി. ഗോപലൻ റോഡ് | 130 മീ. | 5 | മൺറോഡ് | |
| 4. | ഗോവിന്ദൻ പീടിക കാട്ടിൽ മുക്ക് | 220 മീ. | 4.5 | മൺറോഡ് | |
| 5. | വെസ്റ്റ് മൂഴിക്കര എൽ. പി. സ്കൂൾ ഓണിയൻ ഹൈസ്കൂൾ റോഡ് | 1350 മീ. | 5 | മൺറോഡ് | |
| 6. | ചാമൻ മുക്ക് ഒതയോത്ത് മുക്ക് റോഡ് | 500 മീ. | 4 | മൺറോഡ് | |
| 7. | കാഞ്ഞിരക്കണ്ടിമുക്ക് പഞ്ചപടി റോഡ് | 300 മീ. | 3.15 | മൺറോഡ് | |
| 8. | വെസ്റ്റ് മൂഴിക്കര സ്കൂൾ , പാറക്കണ്ടി മുക്ക് റേഡ് | 580 മീ. | 2.75 | മൺറോഡ് | |

# ഫുട്പാത്തുകൾ

| | പേര് | നീളം | വീതി | സ്വഭാവം | വാർഡ് |
|---|---|---|---|---|---|
| 1. | പാർസി കുന്ന് ജമാൽ പറമ്പ് ഫുട്ട്പാത്ത് | 140മീ. | 2മീ | മൺറോഡ് | II |
| 2 | അറമ്പിൽ നാരായണൻ മുക്ക് ചാമങ്കാരി പറമ്പ് ( ഫുട്പാത്ത്) | 103മീ. | 2 മീ | താർ റോഡ് | |
| 3. | പാറയിൽ മീത്തൽ പാർസി കുന്ന് ഫുട്പാത്ത് | 103മീ | 2മീ | മൺറോഡ് | |
| 1. | പഞ്ചായത്ത് ഓഫീസ് പാറാൽ പോസ്റ്റാഫീസ് | 350.മീ | 2മീ. | മൺറോഡ് | IV |
| 2. | കൊളപ്രത്ത് താഴെ ഒവ് പാലം ടച്ച് | 148മീ. | 2.5മീ | മൺറോഡ് | |
| 1. | വലിയ വീട്ടി പറമ്പിൽ തേറുള്ളതിൽ | 60മീ. | 2.30 മീ | മൺറോഡ് | V |
| 2. | വാമനപുതിയതെരു | 120. മീ | 2.5മീ | മൺറോഡ് | |
| 3. | ഓച്ചറക്കൽ മൂർക്ക് റോഡ് | 90മീ | 3.5 മീ | മൺറോഡ് | |
| 4. | മൗവ്വത്താലിൽ പറമ്പത്ത് | 130. മീ. | 2.30മീ | മൺറോഡ് | |
| 5. | പാരമ്പത്ത് താഴെ | 86 മീ | 3 മീ | മൺറോഡ് | |
| 1. | തൈപ്പറമ്പത്ത് മുക്ക് | 210 മീ. | 2 മീ. | മൺറോഡ് | VI |
| 2. | അറബികോളേജ് ചെറുവയൽ കാഞ്ഞിരക്കണ്ടി ഫുട്ട്പാത്ത് | 230 മീ. | 2.30 മീ | മൺറോഡ് | |
| 1. | കല്ലിൽ താഴെ ബാങ്ക് കാരാൽ തെരുഫുട്ട് പാത്ത് | 418. മീ | 2.10 മീ. | മൺറോഡ് | VII |
| 2. | കാരാൽ തെരു ജനകീയ വായനശാല പുണ്ണാക്കൻെറ പറമ്പ് ഫുട്ട് പാത്ത് | 110 മീ. | 2 | മൺറോഡ് മൺറോഡ് | |
| 3. | കാക്കറ പറമ്പ് ഫുട്ട് പാത്ത് | 86 മീ. | 3 | മൺറോഡ് | |
| 4. | തങ്കക്കല്ല് ഫുട്ട്പാത്ത് | 420 മീ. | 3 | മൺറോഡ് | |
| 1. | വലിയപറമ്പത്ത് താഴെ, പടർച്ചുട്ടപറമ്പത്ത് | 120 മീ. | 2.20മീ | മൺറോഡ് | VIII |
| 2. | കിഴക്കെ മയിലാട്ട് താഴെ | 125. മീ. | 4 മീ | മൺറോഡ് | |
| 3. | ശ്രീദേവി ബിൽഡിങ്ങ് നരിക്കോട്ട് താഴെ | 135 മീ. | 2.20 | മൺറോഡ് | |
| 4. | തെങ്ങൻ കണ്ടിമുക്ക് വലിയൻെറവിട മുക്ക് ഫുട്ട്പാത്ത് | 180 മീ. | 2.5 | മൺറോഡ് | |
| 5. | ഇടത്തട്ടത്താഴെ അപ്പു ഗുരിക്കൾ ഫുട്ട്പാത് | 300 മീ. | 2.00 | മൺറോഡ് | |
| 6. | നെല്ലിക്കണ്ണൻെറ മുക്ക് മമ്പള്ളിക്കുന്ന് ഫുട്ട് പാത്ത് | 255 മീ. | 2.30 | മൺറോഡ് | |

62

| | പേര് | നീളം | വീതി | സ്വഭാവം | വാർഡ് |
|---|---|---|---|---|---|
| 1. | കാട്ടിൻെറ വിടകാരാൽ തെരുക്ഷേത്രം ഫുട്ട്പാത്ത് | 270 മീ. | 2.75 മീ | മൺറോഡ് | IX |
| 1. | കാട്ടിമുക്ക് വാക്കണ്ടി താഴെ ഫുട്പാത്ത് | 150.മീ | 2മീ. | മൺറോഡ് | |
| 2. | മീത്തലെ കടച്ചാളക്കണ്ടി മൂഴിക്കര ഫുട്പാത്ത് | 220മീ. | 1.75മീ | മൺറോഡ് | |
| 3. | ലക്ഷം വീട് മുളിയിൽ നടഫുട്പാത്ത് | 345.മീ. | 3 മീ | മൺറോഡ് | IV |
| 1. | ഇട്ട്യാപ്പള്ളി നടപ്പാത<br>മൂഴിക്കര പള്ളി- ഇട്ട്യാപ്പള്ളി, കൊപ്പരക്കളം | 330 മീ. | 2 മീ. | | XI |

മുകളിൽ പറഞ്ഞ റോഡുകളിലും ഫുട്പാത്തുകളിലും ഒട്ടുമുക്കാലും ജനപ്രയത്നം കൊണ്ട് നിർമ്മിക്കാപ്പെട്ടതാണ്. പഞ്ചായത്ത് പ്രസിഡണ്ട് വേലാണ്ടി കുഞ്ഞിരാമൻെറ കാലത്ത് ( 1949-50) ബ്ലോക്ക് മുഖേന നേടിയെടുത്ത ഫുട് പാത്തുകളാണ് ഇന്ന് കാണുന്ന മിക്ക കട്ട്റോഡുകളും

**കണക്ഷൻ റോഡിൻെറ ആവശ്യകത:** പഞ്ചായത്തിനെ ബന്ധപ്പെടുത്തി തെക്ക് വടക്കായി ബസ്സുകൾക്കടക്കം സഞ്ചരിക്കാവുന്ന രീതിയിൽ ഒരു റോഡ് ഉണ്ടായിരിക്കേണ്ടത് ജനങ്ങളുടെ ആഗ്രഹമാണ്. ഇവിടുത്തെ കുന്നുകളുടെ ബാഹുല്യമാണ് ഇത് വരാൻ തടസ്സമായിരുന്നത്.എങ്കിലും ഇന്നത്തെ പ്രധാന ചില കട്ട്റോഡുകളെ കോർത്തിണക്കി ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്. ''കുണ്ടുചിറ'' മൂഴിക്കര- ഈങ്ങയിൽ പീടിക-ചിന്നൂര താഴഠ മാടപ്പീടിക, ആച്ചുകുളങ്ങര-പൊതുവാച്ചേരി- ന്യൂമാഹി'' ബന്ധപ്പെടുത്തി പ്രസ്തുത റോഡ് ഉണ്ടാവുകയാണെങ്കിൽ പഞ്ചായത്തിലെ മിക്ക വാർഡിലെ ജനങ്ങൾക്കും പഞ്ചായത്ത് ഓഫീസ് വില്ലേജ് ഓഫീസിലേക്കുള്ള സഞ്ചാരസൌകര്യം ലഭ്യമാകുന്നതാണ്.

റിങ്ങ്റോഡ്: പ്രമുഖ പട്ടണമായ തലശ്ശേരിയോട് ബന്ധപ്പെടും വിധം ഒരു റിങ്ങ്റോഡ് കോടിയേരി പഞ്ചായത്തിനെ വലയം ചെയ്ത് ഉണ്ടാവുകയാണെങ്കിൽ ഗതാഗതസൌകര്യം വർദ്ധിക്കാനും സഞ്ചാരികളെ ആകർഷിക്കാനും വാണിജ്യവ്യവസായങ്ങളുടെ പുരോഗതിക്ക് ഉത്തമമായി തീരും. മൂഴിക്കര, ഈങ്ങയിൽ പീടിക, കല്ലിൽതാഴ പാറാൽ, അറബിക് കോളേജ്, പുന്നോൽ, മാടപ്പീടിക, ടെമ്പിൾഗെയിറ്റ്, കണ്ണിച്ചിറ വഴിയായി ഉപയോഗിച്ചാൽ സർവ്വ വിധ റോഡുകളുമായുള്ള ബന്ധം ഈ റിങ്ങ്റോഡിനു കൈവരും.

**തലശ്ശേരി മാഹി ബൈപാസ് റോഡ്**

തലശ്ശേരി മാഹി ബൈപാസ് റോഡ് ഏകദേശം തെക്ക് വടക്കായി പഞ്ചായത്തിൻെറ മദ്ധ്യഭാഗത്ത് കൂടെ കടന്നുവരുന്നതിനുള്ള സർവ്വെ കഴിഞ്ഞ് കിടക്കുന്നു. ഇതിൻെറ പ്രവർത്തനം ത്വരിതപ്പെടുത്താനുള്ള നീക്കം നടത്തുന്നത് നല്ലതാണ്. പഞ്ചായത്തിൻെറ മുഖച്ഛായ തന്നെ മാറ്റാവുന്നതും വാണിജ്യ വ്യവസായ കേന്ദ്രമായി പരിലസിക്കുന്നതിനുള്ള സാഹരചര്യവും ഇതിലൂടെ വന്നുചേരും.

**കുണ്ടുചിറ അണക്കെട്ട്-** കുണ്ടുചിറ, കോടിയേരി, പഞ്ചായത്തും കതിരൂർ പഞ്ചായത്തുമായി ബന്ധിക്കുന്നു. പഞ്ചായത്തുകളുമായി ബന്ധിപ്പിക്കാൻ പാലങ്ങളില്ല. അക്കരെ പോകാൻ തലശ്ശേരി വഴിയോ ചമ്പാട് വഴിയോ ചുറ്റി പോകണം. അണക്കെട്ടാണെങ്കിലും ജനങ്ങൾ അക്കരെ ഇക്കരെ പോകാൻ നടപ്പാതയാണ് ഉപയോഗിക്കുന്നത് വാഹന ഗതാഗതമുള്ള ഒരു പാലം ഇവിടെ ആവശ്യമാണ്.

മണോളിക്കാവ് നങ്ങാറത്ത് റോഡ് അറ്റകുറ്റപണികൾ തീർത്ത് ടാർ ചെയ്താൽ തലശ്ശേരി - കുറ്റ്യാടി റോഡിൽ നിന്ന്, കുട്ടിമാക്കൂൽ, എരഞ്ഞോളി വഴി, തലശ്ശേരി-കൂത്തുപറമ്പുമായി നേരിട്ട് ബന്ധം ലഭിക്കുന്നതും തലശ്ശേരി- മനേക്കര, തലശ്ശേരി- കോപ്പാലം റോഡുമായി കണക്ഷനും വന്നുചേരുന്നതാണ്.

പഞ്ചായത്തിലെ പല ഭാഗങ്ങളിലും തോട്ടിൻ വക്കിൽ കൂടിയാണ് യാത്ര ചെയ്യുന്നത്. തോട് ബന്ധപ്പെടുന്ന കൃഷിക്കാർ തക്ക സമയത്ത് മണ്ണിടാത്തതിനാലും പൊട്ടിയൊലിച്ച്ചും ചിലർ തടസ്സം സൃഷ്ടിച്ചും യാത്രക്ക് തടസ്സമാവാറുണ്ട്. അത്തരം വഴികൾ കണ്ടെത്തി സംരക്ഷണം ഉറപ്പിക്കേണ്ടതുണ്ട്.

വയലളം വയൽ പ്രദേശങ്ങളിലാണ് പ്രധാന നെൽകൃഷി. വെള്ളം കെട്ടിനിൽക്കാനിടവന്നതും റോഡരികിൽ മതിലുകളും കെട്ടിടങ്ങളും ഉയർന്നു വന്നതിനാലും പോക്ക്വരവ് അസാദ്ധ്യമാണ്. കാരണം കണ്ടെത്തി പരിഹാരമുണ്ടാക്കേണ്ടതുണ്ട്. ഗ്രാമസഭയിൽ വന്ന ഇവിടുത്തെ ആവശ്യപ്രശ്നങ്ങളെ പരിശോധിക്കുമ്പോൾ മഴക്കാലത്ത് മണ്ണൊലിപ്പും റോഡുകൾമിക്കതും പൊട്ടി താറുമാറാകുന്നതും വാഹനങ്ങളുടെ സഞ്ചാരത്തിന് വിഷമം നേരിട്ടതായി കാണുന്നു. ഇതിന് പരിഹാരമായി റോഡിൻെറ ഇരുവശത്തും വെള്ളം ഒഴുകിപോകാനുള്ളഓവുചാലുകൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

മിക്കഭാഗത്തും വെള്ളം കെട്ടിനിൽക്കുന്നതിനാൽ യാത്രക്ക് വിഷമം നേരിടുന്നതും ഫുട്പാത്തുകളുടെയും റോഡുകളുടെയും ആവശ്യവും ഉയർന്നുവന്നതായി കാണുന്നു. അവ മിക്കതിനും സന്നദ്ധസേവകരുടെ സഹായം ലഭിക്കുമെന്നും ഉറപ്പായതിനാൽ ഇത് ശരിയായി പ്രയോജനപ്പെടുത്തിയാൽ പഞ്ചായത്തിൻെറ യാത്രാ പ്രശ്നങ്ങളെ മാറ്റിയെടുക്കാൻ കഴിയും.



# ഊർജ്ജം

മനുഷ്യപുരോഗതിയുടെ അവിഭാജ്യഘടകമാണ് ഊർജ്ജം കോടിയേരി പഞ്ചായത്തിൽ വൈദ്യുതി, വിറക്, മണ്ണെണ്ണ ഗ്യാസ് എന്നിവയാണ് മുഖ്യമായും ഊർജ്ജ സ്രോതസ്സായി ഉപയോഗിക്കുന്നത്.

ഈ പഞ്ചായത്തിലെ വീടുകളിൽ ഏറിയ പങ്കും വൈദ്യുതീകരിച്ചിട്ടുണ്ട്. 3757ഗാർഹിക വൈദ്യുതി കണക്ഷനുകൾ നിലവിലുണ്ട്. വെളിച്ചത്തിനുള്ള ഊർജ്ജസ്രോതസ്സ് വൈദ്യുതി തന്നെ . 1000 ഓളം വീടുകളിൽ ഇപ്പോഴും മണ്ണെണ്ണ വിളക്കുകൾ തന്നെയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ പഞ്ചായത്തിലെ മിക്കവീടുകളിലും പാചകത്തിന് വിറക്, തെങ്ങുൽപ്പന്നങ്ങൾ, കാർഷികാവശിഷ്ടങ്ങൾ, ചപ്പ്, ചവറ്, മുതലായവ ഉപയോഗിക്കുന്നു. കൂടുതൽ വീടുകളിലും ദക്ഷത കുറഞ്ഞ അടുപ്പുകളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ദക്ഷതകൂടിയ അടുപ്പുകൾ ഉപയോഗിക്കുകയാണെങ്കിൽ ഇന്ന് ഉപയോഗിക്കുന്ന വിറകിൻെറ 50 % ലാഭിക്കുവാൻ കഴിയും. പാചകത്തിന് പാചകവാതകത്തിൻെറയും മണ്ണെണ്ണയുടെയും ഉപയോഗം ഈ അടുത്ത കാലത്തായി കൂടിവരുന്നുണ്ട്. ധാരാളം വീടുകളിൽ പാചകത്തിന് ഗ്യാസ് ഉപയോഗിക്കുന്നുണ്ടെങ്കിലും പാചകത്തിനായിവിറകടുപ്പും കരുതാറുണ്ട്.

**പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന**
**എൽ. ടി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ**

| | | |
|---|---|---|
| 1. കോപ്പാലം | 7. കല്ലിൽ താഴ 2 | 13. നങ്ങാറത്ത് പീടിക |
| 2. കൊപ്പരക്കളം | 8. മാടപ്പീടിക 1 | 14. അറബിക് കോളേജ് |
| 3. ഈങ്ങയിൽ പീടിക | 9. മാടപ്പീടിക 2 | 15. പാറാൽ |
| 4. കാരാൽ തെരു | 10. കുറ്റിവയൽ | 16. ആച്ചുകുളങ്ങര |
| 5. ഇടയിൽ പീടിക | 11. കൊമ്മൻ വയൽ | 17. പുന്നോൽ മഠം |
| 6. കല്ലിൽ താഴ 1 | 12. പൈക്കാട്ട് കുനി | 18. പുന്നോൽ എസ്. കെ. ലൈൻ |

അവലംബം: ദ്വിതീയ വിവരശേഖരണം

**നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ**

| | |
|---|---|
| ഗാർഹികം | 3757 |
| വ്യാപാരം | 401 |
| വ്യാവസായികം | 20 |
| കാർഷികം | 63 |

**കണക്ഷൻ ലഭിക്കേണ്ടവരുടെ എണ്ണം**

| | |
|---|---|
| ഓർഡിനറി | 295 |
| ഒ.ടി. പി. | 8 |
| ഒ. വൈ. ഇ. സി. | 17 |

**തൻവർഷത്തെ കണക്ഷൻ**

| | |
|---|---|
| ഓർഡിനറി | 47 |
| ഒ. ടി. പി. | 5 |
| ഒ. വൈ. ഇ. സി. | 158 |

**സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം**

| | |
|---|---|
| 40 W | 271 |
| 60 W | 16 |
| സോഡിയം പേപ്പർ | 22 |

കാർഷികമേഖലയിൽ 63 വൈദ്യുതി കണക്ഷനുകൾ ഉണ്ട്. കാർഷികമേഖലയിൽ ഊർജ്ജത്തിന്റെ കാര്യത്തിൽ മനുഷ്യാധ്വാനം പ്രധാന പങ്കു വഹിക്കുന്നു.

ഹോട്ടലുകൾ, വാണിജ്യസ്ഥാപനങ്ങൾ എന്നിവയിൽ കോടിയേരി പഞ്ചായത്തിൽ 401 വൈദ്യുതി കണക്ഷനുകൾ നിലവിലുണ്ട്. ഹോട്ടലുകളിൽ പാചകത്തിന് മിക്കവാറും വിറക് തന്നെയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്.

കോടിയേരി പഞ്ചായത്തിൽ വൻകിട ഇടത്തര വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. ചെറുകിട വ്യാവസായിക മേഖലയിൽ 20 വൈദ്യുതി കണക്ഷനുകൾ ഉണ്ട്. വോൾട്ടേജ് കമ്മി, പവർകട്ട് മുതലായവ കാരണം മുഴുവൻ സമയം പ്രവർത്തിക്കാൻ പറ്റാത്ത പരിതസ്ഥിതി നിലനിൽക്കുന്നു.

കോടിയേരി പഞ്ചായത്തിൽ തലശ്ശേരി സബ്സ്റ്റേഷനിൽ നിന്നുള്ള ഫീഡർ ലൈനിൽക്കൂടി 18. ട്രാൻസ്ഫോമറുകളിലായാണ് വൈദ്യുതി സംഭരിച്ചു വിതരണം ചെയ്യുന്നത്. ഇതുകൊണ്ടൊന്നും ഇവിടുത്തെ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും നേരിടാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. പ്രതിമാസം 5281 രൂപ തെരുവു വിളക്കുകൾ കത്തിക്കാൻ പഞ്ചായത്ത് ചിലവഴിക്കുന്നുവെങ്കിലും തെരുവു വിളക്കുകൾ കൃത്യമായി കത്തുന്നില്ല. വോൾട്ടേജ് കുറവ് കാരണം വെളിച്ചക്കുറവ് അനുഭവപ്പെടുന്നു. വോൾട്ടേജ് കുറവ് കാരണം വോൾട്ടേജ് സ്റ്റെബിലൈസര് ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. സ്റ്റെബിലൈസർ ഉപയോഗിക്കാൻ സാമ്പത്തികശേഷ ഇല്ലാത്തവർക്ക് ഗുരുതരമായ വോൾട്ടേജ് കമ്മി അനുഭവപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു.

വാണിജ്യേതര ഇന്ധനങ്ങളായ വിറക്, തെങ്ങുൽപ്പന്നങ്ങൾ ചപ്പ്, ചവറ്, മുതലായവയ്ക്ക് കൂടുതൽ പേരും സ്വന്തം പുരയിടത്തിലെയോ കൃഷിസ്ഥലത്തെയോ സ്രോതസ്സുകൾ ഉപയോഗിക്കുന്നു. വിറകുകൾ വിലകൊടുത്തു വാങ്ങി ഉപയോഗിക്കുന്നവരും കുറവല്ല. വിറകിന് വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. വിറക് വില കൊടുത്ത് വാങ്ങി

ഉപയോഗിക്കുന്നവർക്ക് തന്നെ ഗ്യാസിന് ചിലവഴിക്കുന്നതിനെക്കാളും കൂടുതൽ ചെലവു വരുന്നു. വില കൊടുത്ത് വാങ്ങുന്ന വിറകുകൾ തന്നെ വിദൂര സ്ഥലങ്ങളിൽ നിന്നാണ് ഇവിടെ കൊണ്ടുവരുന്നത്. ഇതുകൊണ്ടുതന്നെ വിറക്ക്ഷാമ പരിഹാരത്തിന് സാമൂഹ്യവനവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

വിറകിൻെറ വിലയും മറ്റു സൗകര്യങ്ങളും കണക്കിലെടുത്ത് വാണിജ്യേതര ഇന്ധനങ്ങളിൽ നിന്ന് ഗ്യാസ്, മണ്ണെണ്ണ മുതലായ വാണിജ്യപരമായ ഇന്ധനങ്ങളുടെ ഉപയോഗത്തിലേക്ക് മാറുന്ന പ്രവണത വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പാചകവാതക കണക്ഷനുവേണ്ടി അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവരുടെഎണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

### ഊർജ്ജ രംഗത്തെ പ്രശ്നങ്ങളും സാധ്യതകളും

1. **വോൾട്ടേജ് കുറവ്:** പല ഉപഭോക്താക്കളും വോൾട്ടേജ് സ്റ്റപ് അപ്പ് ഉപയോഗിക്കുന്നത് കാരണം സ്റ്റപ്പ് അപ്പ് വാങ്ങാൻ സാമ്പത്തികശേഷി ഇല്ലാത്താവർക്ക് പരിതാപകരമായ രീതിയിൽ വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നു. ഇതിനു പരിഹാരമായി ഇലക്ട്രിക് ലൈനിൽ ബൂസ്റ്റർ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2. തെരുവു വിളക്കുകൾ കൃത്യമായി കത്തിക്കുന്നതിനും സുഗമമായ വാഹന ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടി ഉണ്ടാവണം. തെരുവു വിളക്കുകൾ സൗരോർജ്ജ വിളക്കുകളായി മാറ്റാൻ പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. സമ്പന്നൻമാർ നിർമ്മിക്കുന്ന പുതിയ വീടുകളിൽ സൗരോർജ്ജം മുഖേന വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.

3. പഞ്ചായത്തിൽ സ്പോട് ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്.

4. വൈദ്യുതി ജീവനക്കാരിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പാവപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കുടിർജ്യോതി പദ്ധതി വ്യാപകമായി നടപ്പിലാക്കണം.

6. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് മേൽനോട്ടം വഹിക്കണം. ഊർജ്ജലാഭമുള്ള വൈദ്യുത ദീപങ്ങൾ പഞ്ചായത്ത് നേരിട്ട് വാങ്ങി സബ്സിഡി നിരക്കിൽ വിതരണം ചെയ്താൽ ( ഉദാ: കോമ്പാറ്റ് ഫ്ളൂറസൻറ് ബൾബുകൾ) വൈദ്യുതി ഉപഭോഗം കുറച്ചുകൊണ്ടുവരുവാനും വോൾട്ടേജ് കമ്മി ഒരു പരിധിവരെ പരിഹരിക്കാനും കഴിയും.

7. ബയോഗ്യാസ് പ്രകാരം വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തയ്യാറുള്ളവരെ കണ്ടെത്തി അവർക്കാവശ്യമായ ധനസഹായം നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

8. ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ (പരിഷത്ത് മോഡൽ) എല്ലാ വീടുകളിലും സ്ഥാപിക്കാൻ അനർട്ടിൻെറ സഹായത്തോടെ പഞ്ചായത്ത് മുൻകൈ എടുത്താൽ ഇന്ന് ഉപയോഗിക്കുന്ന വിറകിൻെറ പകുതിയെങ്കിലും ആയി ഉപഭോഗം കുറയ്ക്കാൻ സാധിക്കും.

9. കച്ചിപ്പെട്ടി, പ്രഷർ കുക്കർ മുതലായ ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കാനാവശ്യമായ വ്യാപകമായ പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

10. പഞ്ചായത്തിലെ ഊർജ്ജരംഗത്തെ വിദഗ്ധൻമാർ, ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥന്മാർ, സന്നദ്ധപ്രവർത്തകർ, ഗ്രന്ഥശാലാ പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഊർജ്ജാസൂത്രണ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. ജനകീയ ബോധവൽക്കരണത്തിലൂടെ അന്തിമഉപയോഗത്തിൽ ഊന്നുന്നതും ദൂരവ്യാപകമായ ജനകീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതുമായ സമഗ്ര ഊർജ്ജാസൂത്രണ പരിപാടിക്ക് രൂപം നൽകാൻ ഈ സമിതിക്ക് സാധ്യമാകുന്നതാണ്.



# സാമൂഹ്യക്ഷേമം



ഒരു ഗവർമ്മെണ്ടിൻെറ പരമപ്രധാനമായ കടമയാണ് സാമൂഹ്യക്ഷേമം. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏതൊരു വ്യക്തിക്കും ലഭിച്ചിരിക്കണം. ദാരിദ്രരേഖക്ക് താഴെ ഉള്ളവരെ ഉദ്ധരിക്കുക, സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനു ക്ഷേമപദ്ധതികൾ നടപ്പിലാക്കുക, വിധവകൾ,വികലാംഗർ, കർഷകതൊഴിലാളകൾ അവശകലാകാരന്മാർ, സർക്കസ്സ് താരങ്ങൾ, തുടങ്ങി പെൻഷനർഹതയുള്ള വിഭാഗത്തിന്നു പെൻഷൻ അനുവദിക്കുക, നമ്മുടെ ഗവർമ്മെണ്ട് ഈ വിധത്തിലാണ് സാമൂഹ്യക്ഷേമം നടപ്പിലാക്കാൻ പോകുന്നത്. ഈ ലക്ഷ്യപ്രാപ്തിക്കായി 2 വിധ പദ്ധതികളാണ് നിലവിലുള്ളത്. (എ) കേന്ദ്ര സംസ്ഥാന ഗവ: വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ (ബി). തൊഴിലാളി ,തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികൾ.

**ബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികൾ.**

| വാർഡ് നമ്പർ | ദരിദ്ര കുടുംബങ്ങളുടെ എണ്ണം | എസ്. സി. എസ്. ടി. കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ എസ്. സി. എസ്. ടി | സഹായം വഴി ദാരിദ്ര്യ രേഖക്ക് മുകളിൽ | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ സഹായധനം ലഭിച്ചതുൾപ്പെടെ | |
|---|---|---|---|---|---|---|---|
| 1 | 113 | 2 | 5 | 2 | 4 | 109 | |
| 2 | 143 | 5 | 11 | 2 | 8 | 135 | |
| 3 | 177 | 1 | 4 | ഇല്ല | 3 | 174 | 1980 മുതൽ 9 വരെ വേണ്ടത്ര സഹായം ലഭിക്കാതെ ദാരിദ്ര്യ രേഖക്ക് താഴെയുള്ള 300 കുടുംബങ്ങൾ ഉണ്ട് |
| 4 | 167 | 3 | 11 | 3 | 7 | 160 | |
| 5 | 85 | 2 | 8 | 2 | 6 | 79 | |
| 6 | 55 | ഇല്ല | 7 | ഇല്ല | 5 | 50 | |
| 7 | 81 | ഇല്ല | 3 | ഇല്ല | 2 | 79 | |
| 8 | 137 | 6 | 5 | 6 | 3 | 134 | |
| 9 | 109 | ഇല്ല | 3 | ഇല്ല | 3 | 106 | |
| 10 | 118 | ല്ല | 3 | ഇല്ല | ഇല്ല | 118 | 1144+300 |
| ആകെ | 1185 | 19 | 60 | 15 | 41 | 1144 | =1444 |

സാമൂഹ്യ ക്ഷേമരംഗത്ത് വളരെയധികം പദ്ധതികൾ നടപ്പിലാക്കേണ്ട ഒരു പഞ്ചായത്താണ് കോടിയേരി. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം ഈപഞ്ചായത്തിൽ 1444 ആണ്. അതായത് 17% ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നു. 1993 ൽ നടത്തിയ സർവ്വേ പ്രകാരമുള്ള കണക്കുകളാണ് താഴെ പറയുന്ന പട്ടിക 1 ൽ കാണിച്ചിട്ടുള്ളത്. അന്ന് 10 വാർഡുകൾ മാത്രമേ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ.

ഈ ഗ്രാമത്തിൽ ദ്വിതീയ വിഭവസമാഹരണ റിപ്പോർട്ട് പ്രകാരം 91 വികലാംഗർ ഉണ്ട്. അവരുടെ കണക്ക് ചുവടെചേർക്കുന്ന പട്ടികയിൽ നിന്നു മനസ്സിലാക്കാം.

പട്ടിക .2 ( അവലംബം- ദ്വിതീയ വിഭവശേഖരണം)

| 5 വയസ്സുള്ളവർ | | 5 നും 10 നും മധ്യേ | | 10 - 18 | | 18 - 25 | | 25 - 45 | | 45 - 60 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 2 | 2 | 6 | 4 | 11 | 4 | 5 | 10 | 22 | 10 | 10 | 5 | 56 | 30 |

18 ൽ പരം പെൻഷനുകൾഗവർമ്മെണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും കോടിയേരി ഗ്രാമപഞ്ചായത്തിൽ കൂടി റവന്യൂ വകുപ്പ് 3 തരം പെൻഷൻ മാത്രമെ വിതരണം ചെയ്തിട്ടുള്ളൂ. അവയുടെ കണക്ക് ചുവടെ കൊടുക്കുന്നു.

| • | വർദ്ധ്യക്യ കാല പെൻഷൻ | | വിധവാ പെൻഷൻ | | അഗതിപെൻഷൻ | |
|---|---|---|---|---|---|---|
| വർഷം | നമ്പർ | റേറ്റ് | നമ്പർ | റേറ്റ് | നമ്പർ | റേറ |
| 93-94<br>94-95<br>95-96 | 5 പേർ<br>ഇല്ല<br>3 പേർ | 65 രൂപ<br>ഇല്ല<br>80 രൂപ | 9 പേർകക്ക്<br>9 പേർക്ക്<br>7 പേർക്ക് | 65 രൂ<br>65 രൂ<br>80 രൂ | ഇല്ല<br>2പേർക്ക്<br>4 പേർക്ക് | ഇല്ല<br>85 രൂപ<br>100 രൂപ |

വളരെ അധികം അർഹതപ്പെട്ടവരുണ്ടെങ്കിലും നാമമാത്രമായിട്ടു മാത്രമെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ എന്നത് പരിതാപകരമാണ്.

ഈ ഗ്രാമത്തിലെ മറ്റൊരു ശോചനീയമായവസ്ഥ ഇതാണ്. സർവ്വേ പ്രകാരം 78 കുടുംബങ്ങൾക്ക് സ്വന്തമായ പാർപ്പിടമില്ല. വിവിധ പരിപാടികളിലായി 28 വീടുകൾ അനുവദിച്ചപ്പോൾ 24 വീടുകളുടെ പണിമാത്രമേ പൂർത്തിയായിട്ടുള്ളൂ.. 1777 കുടുംബങ്ങൾക്ക് കക്കൂസ്സുകൾവേണം. (ദാരിദ്ര്യരേഖക്ക്താഴെയുള്ളവർക്ക് കക്കൂസ്സ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതി) പ്രകാരം 47 കുടുംബത്തിന്നു മാത്രമേ സഹായം ലഭിച്ചിട്ടുള്ളൂ. അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും കക്കൂസ്സ് നിർമ്മിക്കാൻ സഹായം ലഭിക്കുന്നില്ലെന്നതിനു പുറമെ അനുവദിക്കുന്നതുക തുലോം നിസ്സാരവുമാണ്

സാമൂഹ്യക്ഷേമത്തിനുതകുന്ന സംരംഭങ്ങൾ ഈ പഞ്ചായത്തിൽ വളരെകുറവാണ്. താഴെ പറയുന്ന പട്ടികയിൽ നിന്നു ഇതു വെളിവാകുന്നു.

| വിദ്യാഭ്യാസം | ആരോഗ്യം | ചെറുകിട വ്യവസായം | വൻകിട വ്യവസായം | വ്യാപാരം -കച്ചവടം | മറ്റുള്ളവ |
|---|---|---|---|---|---|
| കോളേജ് 1<br>ഹൈസ്കൂൾ 1<br>യു. പി. 6<br>എൽ. പി. 12<br>ടൈപ്പ്റൈറ്റിങ്ങ് സ്ഥാപനം 3 | സർക്കാർ ഡിസ്പൻസറി 5<br>മെറ്റേർനിറ്റി സെൻറർ 2 | ബീഡി തൊഴിൽ ശാല 5<br>കൈത്തറി 1<br>ഓയിൽ മിൽ 2<br>ഫ്ളവർ മിൽ 4 | ഇല്ല | റജിസ്റ്റർ ചെയ്തവ 211 | ഇല്ല |

കൃഷി, കന്നുകാലി വളർത്തൽ, മത്സ്യബന്ധനം കൈത്തറി വ്യവസായം, ചെറുകിട വ്യവസായം,ഖനനം എന്നീ രംഗങ്ങളിലൊന്നും ഈ പഞ്ചായത്തിൽ വേണ്ടത്ര സംരഭങ്ങളില്ല. 3. തൊഴിൽ സംരഭങ്ങൾ മാത്രമേ നടപ്പിലാക്കപ്പെട്ടിട്ടുള്ളുവെന്നു ദ്വിതീയ വിഭവശേഖരണ റിപ്പോർട്ടിൽ നിന്നു കാണുന്നു.

| വാർഡ് നമ്പർ | തൊഴിൽസംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 10 | കിടക്കാ തലയിണ നിർമ്മാണം ( ഐശ്വര്യാ) | 90-91 | 10 | ഇപ്പോൾ 4 അംഗങ്ങൾ മാത്രം. തൃപ്തികരമായി പ്രവർത്തിക്കുന്നു. |
| 7 | തീപ്പെട്ടി നിർമ്മാണം ( സൂര്യ) | 90-91 | 16 | 1.4.94 മുതൽ യൂനിറ്റിൻെറ പ്രവർത്തനം നിലച്ചു. |
| 5 | പാലുല്പാദനം ( നന്ദിനി) | 94-95 | 10 | തൃപ്തികരമായി പ്രവർത്തിക്കുന്നു. |

25000 ൽ പരം ജനങ്ങളുള്ള ഒരു പഞ്ചായത്തിൽ വിവിധ പദ്ധതിപ്രകാരം 3 സംരംഭങ്ങൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂവെന്നത് പരിതാപകരമാണ്.ട്രൈസം തൊഴിൽ പരിശീലന പദ്ധതിയിൽ കൂടി മാത്രമേ തൊഴിൽ പരിശീലം കിട്ടിയിട്ടുള്ളൂ. പരിശീലനം ലഭിച്ചവരിൽ വളരെ ചുരുക്കം പേർക്ക് മാത്രമെ സ്വയം തൊഴിൽ കണ്ടെത്താൻ സാധിച്ചിട്ടുള്ളൂ.

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽഅ ഏർപ്പെട്ടിരുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| | | 3 | 4 | 5 | 6 |
| 1 | കമ്പോസിങ്ങ് ബുക്ക് ബൈൻറിങ്ങ് | 2 | | 2 | |
| | ഗാർമെൻറ് മേക്കിങ്ങ് | 1 | | 1 | |
| 2 | | | | | |
| 3 | മോട്ടോർ വൈൻറിങ്ങ് | 1 | | 1 | |
| | | 1 | | 1 | |
| 4 | മോട്ടോർ വൈൻറിങ്ങ് | 1 | | | |
| | ഇലക്ട്രോണിക്സ് | | | | 1 |
| | മോട്ടോർ വൈൻറിങ്ങ് | 2 | | | |
| 5 | കിടക്ക, തലയണ നിർമ്മാണം | 2 | | 1 | 1 |
| | | | | 1 | 1 |
| 6 | വയറിങ്ങ് | 1 | | 1 | |
| | കിടക്ക, തലയണ നിർമ്മാണം | 1 | | 1 | |
| | | | | 1 | |
| 7 | മോട്ടോർ വൈൻറിങ്ങ് | 1 | | 1 | |
| | കിടക്ക, തലയണ നിർമ്മാണം | 1 | | 1 | |
| | ഗാർമെൻറ് മേക്കിങ്ങ് | 1 | | | |
| | | | | 3 | |
| 8 | കമ്പോസിങ്ങ് ബുക്ക് ബൈൻറിങ്ങ് | 3 | | | |
| | മോട്ടോർ വൈൻറിങ്ങ് | 1 | | 1 | 1 |
| | ബീഡി റോളിങ്ങ് | 1 | | 1 | |
| | ഇലക്ട്രേണിക്സ് | 1 | | 2 | |
| | കിടക്ക, തലയണ നിർമ്മാണം | 2 | | | |
| | | | | 2 | |
| 9 | വയറിങ്ങ്,കമ്പോസിങ്ങ് ബുക്ക് | 2 | | 3 | |
| | ബൈൻറിങ്ങ്കിടക്ക, തലയണ | 3 | | | |
| | നിർമ്മാണം | 5 | | 5 | |

ആകെ 39 പേർക്ക് മാത്രമെ തൊഴിൽ പരിശീലനം ലഭിച്ചിട്ടുള്ളൂ.

പി. എച്ച്. സി.യിൽ നിന്ന് കിട്ടിയ വിവര പ്രകാരം ഈ പഞ്ചായത്തിൽ കഴിഞ്ഞവർഷം 297 ജനനം ഉണ്ടായപ്പോൾ ചാപിള്ളജനനം 3 മാത്രമാണ്. 1 മുതൽ 3 വരെയുള്ള കുട്ടികളിൽ മരിച്ചവരുടെ എണ്ണം 1 മാത്രമാണ്. 123സ്ത്രീ മരണം ഉണ്ടായപ്പോൾ ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച ഒരു സംഭവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ ബാലവാടികൾ എന്നിവയുടെ പ്രവർത്തനം നാമമാത്രമാണ്. 1000 പേർക്ക് ഒരു അംഗൻവാടി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും കോടിയേരിയിലെ 25000 ത്തിൽ പരം വരുന്ന ജനങ്ങൾക്ക് 1 അംഗൻവാടി മാത്രമെ ഉള്ളൂ. സാമൂഹ്യക്ഷേമരംഗത്ത് കോടിയേരി നേരിടുന്ന പ്രശ്നങ്ങൾ ഇവയൊക്കെത്തന്നെയാണ്.

വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ നാട്ടുകാരറിയുന്നില്ല എന്നതാണ് ഏറെ ദു:ഖകരം. എത്രയോ പെൻഷൻ സ്കീമുകൾ അർഹതയുണ്ടായിട്ടും അറിയപ്പെടാതെ ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നില്ല. ക്ഷേമ നിധികളെക്കുറിച്ചു നിർമ്മാണ തൊഴിലാളികൾപോലും അജ്ഞരാണ്. നിധികളിൽ അവർ പങ്കാളികളാവുന്നില്ല. ബോധവൽക്കരണത്തിന്റെ അപര്യാപ്തതയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്.

വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചു ജനങ്ങളെ ബോധവാന്മാരാക്കുകയെന്നതാണ് നാം നേരിടുന്ന വെല്ലുവിളി. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സന്നദ്ധ സംഘടനകൾ രൂപീകരിച്ചു ഓരോ പദ്ധതിയെ ക്കുറിച്ചുള്ള വിവരങ്ങൾ അതത് വ്യക്തികൾക്ക് എത്തിച്ചുകൊടുക്കയും ആ പദ്ധതിയുടെ നേട്ടങ്ങൾ ലഭ്യമാക്കാൻ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും വേണം. ചില പെൻഷൻ പദ്ധതികൾ അവകാശപ്പെടുന്നതിൽ വരുന്ന സാങ്കേതിക തടസ്സങ്ങൾ മറകടക്കേണ്ടതുണ്ട്. ഉദാ: വികലാംഗപെൻഷൻ ജില്ലാ ആസ്പത്രിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമെ ഈ പെൻഷൻ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. കോടിയേരിയിൽ നിന്ന് കണ്ണൂരിൽ പോയി ഡോക്ടറെ കണ്ട് സർട്ടിഫിക്കറ്റ് നേടുന്നതിലുള്ള വൈഷമ്യം കനത്തതാണ്. താലൂക്ക് ആസ്പത്രിയിലെ മെഡിക്കൽ ഓഫീസരുടെ സർട്ടിഫിക്കറ്റുകൾ മതിയെന്ന അവസ്ഥവരണം.ഐ. സി. ഡി. എസിന്റെ ഒരു പദ്ധതിയാണ് അംഗനവാടിക്കുള്ള സഹായധനം നൽകുന്നത്. 1000പേർക്ക് ഒരംഗൻ വാടി ലഭിക്കും. പക്ഷെ സ്വന്തമായ സ്ഥലം, കെട്ടിടങ്ങളുടെ അറ്റകുറ്റപണി കളിപ്പാട്ടങ്ങൾ ഇവ ലഭിക്കാനുള്ള പ്രയാസം ഒന്നോർത്തു നോക്കു. സന്നദ്ധ സംഘങ്ങൾ രൂപീകരിച്ചു കൊണ്ടു മാത്രമേ അംഗനവാടികൾ സ്ഥാപിക്കാൻ സാധിക്കയുള്ളൂ. ജോലി ചെയ്യുന്നവരുടെ കുട്ടികളെ നോക്കുവാൻ ക്രഷെ നിർമ്മിക്കണമെന്നു എല്ലാ ഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. അംഗൻ വാടികളോടനുബന്ധിച്ച് ക്രഷെ സ്താപിക്കാവുന്നതാണ്. അംഗൻ വാടിയിലെ ജീവനക്കാരുടെ സ്ഥിതിയാണ് അതിലേറെ ദയനീയം. രാവിലെ 9 മണിമുതൽ വൈകുന്നേരം 3 മണിവരെയുള്ള സമയത്തിന്നുശേഷം കുട്ടികളുടെ ഗൃഹ സന്ദർശന പരിപാടിയും അവർക്കുണ്ട്. പ്രതിഫലം വളരെ തുച്ഛമാണ്. ചുരുങ്ങിയത് 100 0രൂപയെങ്കിലും ശമ്പളം നൽകാതെ അവർക്കു ജിവിക്കാൻ സാധ്യമല്ല. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നതാണ് ഈ ഗ്രാമത്തിലെയും ഒരു പ്രശ്നം. ഉപഭോക്തൃമേഖലയെ കുറ്റമറ്റതാക്കാനുള്ള ശ്രമങ്ങൾ വേണം. ഉപഭോക്താവിന്റെ അവകാശത്തെക്കുറിച്ചുള്ള ബോധം അവരിൽ സൃഷ്ടിക്കണം.

**പാർപ്പിടം**
കോടിയേരി പഞ്ചായത്തിലെ പാർപ്പിടങ്ങളുടെ സവിശേഷതകൾ താഴെ കൊടുത്ത പട്ടികയിൽ നിന്നു മനസ്സിലാക്കാവുന്നതാണ്.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | കുടിൽ |
|---|---|---|---|---|---|
| 1 | 732 | 246 | 346 | 15 | 125 |
| 2 | 610 | 114 | 375 | 34 | 93 |
| 3 | 461 | 163 | 249 | 9 | 10 |
| 4 | 368 | 100 | 241 | 11 | 16 |
| 5 | 433 | 109 | 299 | 18 | 7 |
| 6 | 373 | 108 | 240 | 13 | 12 |
| 7 | 469 | 109 | 300 | 32 | 28 |
| 8 | 466 | 84 | 315 | 50 | 17 |
| 9 | 521 | 137 | 352 | 20 | 12 |
| 10 | 511 | 123 | 307 | 60 | 21 |
| 11 | 513 | 149 | 289 | 50 | 25 |
| ആകെ | 5463 | 1442 | 3343 | 312 | 366 |

അവലംബം: ദ്വിതീയ വിവരശേഖരണം

ഓടുമേഞ്ഞവീടുകളുൾ 61%ഉം ഓലമേഞ്ഞ വീടുകൾ 5.7%ഉം കോൺക്രീറ്റ്‌വീടുകൾ 26% ഉം ശതമാനമാണ്. ജനങ്ങളുടെ സാമ്പത്തിക രംഗത്തുള്ള മുന്നേറ്റത്തിൻെറ നിദർശനമാണല്ലോ അവരുടെ വീടുകൾ . ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ കട്ടകൾ കൊണ്ടുണ്ടാക്കിയ, ഓല, പുല്ല്, ഇവകൊണ്ട് മേഞ്ഞ വീടുകളായിരുന്നുമിക്കതും. നിലവും, ചുമരും ചാണകം മെഴുകിയിരുന്നു. കക്കൂസുകൾ നാമമാത്രമെ ഉണ്ടായിരുന്നുള്ളൂ. അത്തരം വീടുകൾ പാടെ അപ്രത്യക്ഷമായിരിക്കയാണ്. മരത്തിൻെറ ഭീമമായിലക്കയറ്റമാണ് കോൺക്രീറ്റ് വീടുകൾക്കുള്ള പ്രധാന ചോദനം. താഴ്ന്ന വരുമാനക്കാരുടെ വീടുകൾ പോലും സിമൻറിൽ കല്ലുകൾ വച്ച് കോൺക്രീറ്റ് ചെയ്തവയാണ്. നമ്മുടെ കാലാവസ്ഥക്ക് തികച്ചും അനയോജ്യമല്ലെന്ന യാഥാർത്ഥ്യം ഗ്രാമീണർ മനസ്സിലാക്കി വരികയാണ്. ഈ നൂറ്റാണ്ടിൻെറ ആരംഭകാലത്ത് വയലിനോടുതൊട്ടുള്ള ഉയർന്ന കരപ്രദേശമാണ് വീടുകൾക്ക് തെരഞ്ഞെടുത്തത്. വയലുകൾ നികത്തി വീടെടുക്കുന്ന പ്രതിഭാസം ഉണ്ടായിരുന്നില്ല. എന്നാൽ തലശ്ശേരി -കുറ്റ്യാടി റോഡ്, തലശ്ശേരി -കോടിയേരി മനേക്കര റോഡ്, തലശ്ശേരി- കുട്ടിമാക്കൂൽ- പാനൂർ റോഡ് എന്നീ റോഡുകൾ രൂപംകൊണ്ടപ്പോൾ അവയുടെ പ്രാന്തപ്രദേശങ്ങൾ പാർപ്പിട കേന്ദ്രങ്ങളായി. പി. ഡബ്ല്യു. ഡി. റോഡുകളും പഞ്ചായത്ത് റോഡുകളും പെരുകിയതോടെ വീടുകളുടെ എണ്ണം പെരുകി. ഫലഭൂയിഷ്ഠമായ വയലുകൾ നികത്തിയും ചതുപ്പു നിലങ്ങൾ തൂർത്തും കൊട്ടാര സദൃശ്യമായ വീടുകൾ ഉയർന്നുവരുന്നു. സിറാമിക് ടൈൽസ് മാർബിൾ, കടപ്പ, മൊസൈക്ക് ടൈൽസ് തുടങ്ങിയ വിലകൂടിയ സാമഗ്രികളാണ് നിലത്ത് വിരിക്കുന്നത്. 500 മുതൽ 1000 വരെ ച. അടി. വിസ്തീർണ്ണമുള്ള വീടുകൾ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ ഇവിടെ സുലഭമാണ്. 1996 ൽ നടത്തിയ സർവ്വേ പ്രകാരം 1012 മരാമത്ത് ജോലിചെയ്യുന്ന

73 തൊഴിലാളികളുണ്ട്. അതിന്നപ്പുറമെ കോട്ടയം, പാല, കന്യാകുമാരി എന്നിവിടങ്ങളിൽ നിന്നു കുടിയേറിപ്പാർത്ത നിർമ്മാണതൊഴിലാളികൾ വേറെയും ഉണ്ട്. പെട്ടിപ്പാലം ഹൗസിങ്ങ് കോളനി, എം. എം. നാണുനമ്പ്യാർ ഹൗസിങ്ങ് കോളനി, മമ്പള്ളിക്കുന്നിലെ 4 സെൻറ് ഹൗസിങ്ങ് കോളനി, ഇവയാണ് ഇവിടുത്തെ പ്രധാനപ്പെട്ട ഹൗസിങ്ങ് കോളനികൾ. ഈ കോളനികൾ സന്ദർശിക്കുന്ന ആർക്കും അവിടുത്തെ മലിനീകരണ പ്രശ്നവും കുടിവെള്ളവും മനസ്സിൽ പതിയും. ഹൗസിങ്ങ് സൊസൈറ്റികളുടെ പ്രവർത്തനം വ്യാപിച്ചിട്ടില്ലെങ്കിലും എൽ. ഐ. സി. ബാങ്കുകൾ, സഹകരണ ബാങ്കുകൾ എച്ച്. ഡി. എഫ്. സി. എന്നിവയുടെ വായ്പകൾ ഉപയോഗിച്ചു സാധാരണക്കാരും വീടുകൾ നിർമ്മിക്കുന്നു. നിർമ്മാണ തൊഴിലാളികളുടെ വേതനത്തിൽ സ്ത്രീ-പുരുഷ വ്യത്യാസം വളരെ പ്രകടമാണ്.

| | ആൺ | പെൺ |
|---|---|---|
| കോൺക്രീറ്റ് | 150 | 100 |
| കൽപ്പണി | 125 | 85 |
| ആശാരിപ്പണി | 125 | |
| പെയിൻറിംഗ് | 110 | |

**പ്രശ്നങ്ങൾ:**

കെട്ടിട നിർമ്മാണ രംഗത്ത് അനാവശ്യ ചിലവുകൾ നിരവധിയാണ്. കെട്ടിട നിർമ്മാണ സാമഗ്രികൾ ഈ പഞ്ചായത്തിൽ ലഭ്യമല്ല. ചെങ്കല്ല്, കരിങ്കല്ല്, ജില്ലി, പൂഴി, മരം മറ്റുപ്രദേശങ്ങളിൽ നിന്നു കൊണ്ടുവരികയാണ്. മതിലുകൾക്ക് വേണ്ടി ചിലവാക്കുന്ന അനാവശ്യ ചിലവാണ് മറ്റൊരു പ്രശ്നം.

**പാർപ്പിടസംബന്ധമായി ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

1. പഞ്ചായത്തടിസ്ഥാനത്തിൽ ഭവന നിർമ്മാണ സൊസൈറ്റി രൂപീകരിക്കുക.
2. കെട്ടിട നിർമാണത്തിനുള്ള അനുമതി പൂർണ്ണമായും പഞ്ചായത്തിന് വിട്ടുകൊടുക്കുകയും നിലവിൽ വികസന അതോറിറ്റിയുടെ അനുമതി വാങ്ങുന്ന നടപടി ഉപേക്ഷിക്കുക.
3. ഹോളോ ബ്രിക്സ് നിർമാണ യൂണിറ്റ് ആരംഭിക്കുക.
4. വീട് നിർമ്മാണത്തിന് കുറഞ്ഞ പലിശ നിരക്കിൽ സഹകരണ ബാങ്കുകൾ മുഖേന വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5. വീടുകളുടെ വിസ്തൃതി കുറക്കുകയും ചെറിയ കുടുംബത്തിന് അനുയോജ്യമായ രീതിയിൽ ചെലവ് കുറച്ച് ഭവന നിർമാണം നടത്താനുള്ള അവബോധം ജനങ്ങളിലുണ്ടാക്കുക.

●●●●●

# സാംസ്കാരിക രംഗം





വിദ്യാഭ്യാസ വിഷയത്തിലെന്നതുപോലെത്തന്നെ സാംസ്കാരിക തലത്തിലും കോടിയേരി പഞ്ചായത്ത് മറ്റേത് പഞ്ചായത്തിനേക്കാളും മുൻപന്തിയിലാണ്. ഈ പ്രദേശത്ത് ദേശീയപ്രസ്ഥാനകാലം മുതൽ ഉയർന്നുവന്ന ഗ്രന്ഥാലയങ്ങൾഇതിന്ന് തെളിവായി ചൂണ്ടിക്കാട്ടാവുന്നതാണ്. സംസ്ക്കരിക്കപ്പെട്ട മനസ്സിൻെറ മൂർത്തഭാവങ്ങളാണ് ഗ്രന്ഥശാലകൾ പ്രദാനം ചെയ്യുന്നത്. വായിച്ചുവളരുക എന്ന ആശയം വായനശാലകളിൽ പ്രവർത്തന ക്ഷമമാകുന്നു.അ വയ്ക്ക് ജന്മം നൽകിയവരെ നമസ്കരിക്കുക എന്നത് നൻമയുള്ള മനസ്സുകളുടെ കടമയായി ത്തീരുന്നു.

ഈ പഞ്ചായത്തിൻെറ പരിധിയ്ക്കകത്തക് പതിനൊന്ന് വായനശാലകളുണ്ട്. ( പട്ടിക - 1) അതോടനുബന്ധിച്ച് ഗ്രന്ഥാലയങ്ങളും പ്രവർത്തിക്കുന്നു. സംഗീതം, നാട്യം തുടങ്ങിയ കലകളിൽ അഭ്യസനം നടത്തുന്ന കലാസമിതികളും കുറവല്ല. അന്യം നിന്നുപോകാത്ത തെയ്യം , തിറ ഉത്സവങ്ങൾ സമൂഹത്തിൻെറ സാംസ്ക്കാരികത്തനിമ വിളിച്ചറിയിക്കുന്നു. ജാതിമതചിന്തകൾക്കതീതമായ കൂട്ടായ്മ ഈ ഉത്സവങ്ങളുടെ പ്രത്യേകതയാണ്. ശ്രീ നാരായണ പ്രസ്ഥാനത്തിൻെറ ആരംഭകാലം തൊട് ഇവിടെ രൂപമെടുത്ത മഠങ്ങൾ മനുഷ്യമഹത്വത്തിൻെറ സൂചനകളായി പരിലസിക്കുന്നു.

സർവ്വ ശാസ്ത്രപണ്ഡിതനായ ശ്രീ. പാരമ്പത്ത് രൈരുനായരുടെ ജന്മ ഗൃഹം മാടപ്പീടികയ്ക്കടുത്താണ്'' സാഹിത്യനഭസ്സിലെ കെള്ളിമീൻ'' എന്ന ശീർഷകത്തിൽ പാരമ്പത്തിനെക്കുറിച്ച് സഞ്ജയൻ ഒരു ഉപന്യാസം രചിച്ചിട്ടുണ്ട്. ഉള്ളൂരിൻെറ '' സാഹിത്യചരിത്രത്തിലും'' പാരമ്പത്തിനെക്കുറിച്ച് പരാമർശമുണ്ട്. '' ശ്രീ ഗോപാലവിംശതി'' എന്ന ഒറ്റക്കാവ്യം മതി പാരമ്പത്തിൻെറ പ്രശസ്തി നിലനിൽക്കാൻ. ജ്യോതിഷം, തർക്കം മുതലായ ശാസ്ത്രങ്ങളിലായിരുന്നു അ ദ്ദേഹത്തിന്നുണ്ടായ അത്യധിക വിജ്ഞാനം. '' നളചരിതം മണിപ്രവാളം'' എന്ന കൃതിയിലൂടെ പ്രസിദ്ധനായ പണ്ഡിതനും സാഹിത്യരസികനുമായിരുന്ന പുന്നോൽ സ്വദേശി കല്ലറ മന്ദൻ ഗുരുക്കൾ, ജ്യോതിഷത്തിൽ തിളങ്ങിയവരായിരുന്നു കണിച്ചോത്ത് കേളൻ ഗുരുക്കൾ (മാടപ്പീടിക) കോടിയേരി ഓണിയൻ ഹൈസ്കൂളിന്നടുത്ത ചക്കോളങ്ങര പൈതൽ പണിക്കർ കുഞ്ഞിരാമൻ പണിക്കർ, പുന്നോലിലെ ദാമു ഗുരുക്കൾ ന ഞ്ഞാറത്ത് പീടികയിലെ ശങ്കരൻ ഗുരുക്കൾ, എന്നിവർ. ശില്പകലയിൽ വ്യക്തിത്വം പുലർത്തിയ കലാകാരനായിരുന്നു ശ്രീ. അമ്പലപ്പറമ്പത്ത് അച്ചുതൻ മാസ്റ്റർ, അ ദ്ദേഹത്തിൻെറ ചലന പ്രതിമകൾ ഉത്സവകേന്ദ്രങ്ങളിലെ അത്ഭുതമായിരുന്നു. സിമൻറിലും, പൾപ്പിലും അനേകം ശില്പങ്ങൾ അദ്ദേഹം നിർമ്മിച്ചു നൽകിയിട്ടുണ്ട്. സാംസ്കാരിക രംഗത്തും രാഷ്ട്രീയ രംഗത്തും തിളക്കമാർന്ന വ്യക്തിത്വം പുലർത്തിയവരായിരുന്നു സർദാർ ചന്ദ്രോത്ത്. സി. എച്ച്. കണാരൻ, എം. എം. നാണു നമ്പ്യാർ തുടങ്ങിയവർ. യുക്തിവാദ പ്രസ്ഥാനത്തിലൂടെ ഇതടുപക്ഷ പ്രസ്ഥാനത്തിലെത്തിച്ചേർന്ന സമുന്നത രാഷ്ട്രീയ നേതാവായിരുന്നു സി. എച്ച്. കണാരൻ. മദിരാശി സംസ്ഥാനത്തിലെ ഒരു ജില്ല മാത്രമായിരുന്ന മലബാറിനെ പ്രതിനിധീകരിച്ച് മദിരാശി അസംബ്ളിയിലെത്തിയ ശ്രീ. എം. പി. ദാമോദരൻ കോടിയേരി മാടപ്പീടിക സ്വദേശിയായിരുന്നു. ആന്ധ്ര പ്രദേശിൽ നിന്നും രാജ്യസഭയിലേക്ക്

# കോടിയേരി ഗ്രാമപഞ്ചായത്ത്

## സാംസ്കാരിക സ്ഥാപനങ്ങൾ



തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി. കെ. കുമാരൻ പുന്നോൽ ദേശക്കാരനായിരുന്നു. തൊഴിലാളി പ്രസ്ഥാനത്തിൻെറ സമുന്നത നേതാവും, സാംസ്കാരിക പ്രവർത്തകനുമായിരുന്നു അദ്ദേഹം

ഇന്നും സാഹിത്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ കോടിയേരിക്ക് അന്യമല്ല. ഇപ്പോൾ മദിരാശിയിൽ താമസിക്കുന്ന ഒശ്രീ. തലശ്ശേരി രാഘവൻ, മൂഴിക്കരയിലെ ശ്രീമതി രുഗ്മിണി ടീച്ചർ, നങ്ങാറത്ത് പീടികയ്ക്കടുത്ത് താമസിച്ചുവരുന്ന ശ്രീ മൂർക്കോത്ത് രഞ്ജിത്ത്, പ്രേംചന്ദിൻെറ കഥകൾ ( ഏറ്റവും നല്ല കഥകൾ ) പ്രൊഫ: പി. സി. ഗുപ്തയുടെ '' വിശാഖ്'' യശപാലിൻെറ ഉറച്ച കാൽവെപ്പ് എന്നീ നോവലുകളും മലയാളത്തിലേക്ക് തർജ്ജമചെയ്ത ശ്രീ. പി. സി. ശങ്കരൻ മാസ്റ്റർ ( കാരാൽ തെരു) പ്രശസ്ത യുക്തിവാദിയും, സാഹിത്യകാരനുമായ ശ്രീ. പവനനൻ ( കുറ്റിവയൽ) എന്നിവർ കോടിയേരിയുടെ സാഹിത്യപാരമ്പര്യം നിലനിർത്തുന്നു. രാഷ്ട്രീയ മണ്ഡലത്തിൽ ശ്രീ. എം. പി. ദാമോദരന് ശേഷം ശ്രീ. എം. വി. രാജഗോപാലൻ മാസ്റ്റർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നീ പ്രശസ്തരായ രണ്ട് എം. എൽ. എ മാരും ഈ പഞ്ചായത്തിൻെറ നേട്ടം തന്നെ. മാത്രമല്ല കേരളാ ഹൈക്കോടതി ജഡ്ജി. ശ്രീ. ടി. വി. രാമകൃഷ്ണൻ, അഡ്വക്കറ്റ് ജനറൽ ശ്രീ. എം. കെ. ദാമോദരൻ എന്നീ മഹദ് വ്യക്തികളും ഈ പ്രദേശത്തിൻെറ സാംസ്കാരിക പുരോഗതിക്ക് തെളിമനല്കുന്നു. ഡൽഹിയിലെ ഇപ്പോഴത്തെ ചീഫ് സെക്രട്ടറിയായ ശ്രീ. പി. വി. ജയകൃഷ്ണൻ . കോടിയേരി സ്വദേശിയാണ്. 75

പ്രിൻസിപ്പലായി ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച് ഇപ്പോൾ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ടായി സേവനമനുഷ്ഠിക്കുന്ന പ്രൊഫ: എ. പി. അബ്ദുൾഖാദർ, ചരിത്രാദ്ധ്യാപകനും ചരിത്രകാരനുമായിരുന്ന പ്രൊഫ: മുഹമ്മദലി ഇവർ കോടിയേരിയുടെ സന്തതികളാണ്.

ആയോധന കലയിൽ പുതിയ സംസ്കാരവും മാനവും നല്കിയ അനേകം ശിഷ്യഗണങ്ങളെ സൃഷ്ടിച്ച പുന്നോൽക്കണ്ടി രാമോട്ടി ഗുരുക്കളെയും, പ്രസിദ്ധകായിക അഭ്യാസികളായ വേണാടൻ കുഞ്ഞിരാമൻ,കോട്ടായി കുമാരൻ ഗുരുക്കൾ എന്നിവരെയും സ്മരിക്കേണ്ടുണ്ട്. പുന്നോൽക്കണ്ടിയിൽ ( ഇടയിൽ പീടികയ്ക്കടുത്ത് ) അടുത്ത കാലം വരെ കളരി ഉണ്ടായിരുന്നു. കായിക രംഗത്ത് കോടിയേരിയുടെ സംഭവാന പറയത്തക്കതല്ല എന്നത് ഖേദകരം തന്നെ. കളിക്കളങ്ങളുടെ അഭാവമാണ് ഒരു കാരണം. വോളീബോൾ, ഫുട്ബാൾ എന്നിവയിൽടൂർണ്ണമെൻറുകൾ നടത്തിയ കാലമുണ്ടായിരുന്നു. കോടിയേരിയിലെ പി. പി. അനന്തൻ സ്മാരക ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബും, ഇടയിൽപീടികയിലെ സെനിത്ത് സ്പോർട്സ് ക്ലബ്ബും ടൂർണ്ണമെൻറുകൾ സംഘടിപ്പിച്ചിരുന്നു. കോടിയേരി പാറേമ്മൽ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന യുവജന സ്പോർട്സ് ക്ലബ്ബ് മാത്രമാണ് ഇപ്പോൾ വോളീബോൾ ടൂർണ്ണമെൻറ് സംഘടിപ്പിക്കുന്നത്.

പഞ്ചായത്ത് തലത്തിൽ നടത്തപ്പെടുന്ന കായിക മത്സരങ്ങൾ മാറ്റി നിർത്തിയാൽ ഇന്ന് ഈ രംഗം ഏറെക്കുറെ ശൂന്യമാണ്. പഞ്ചായത്തിലെ മിനിസ്റ്റേഡിയം യാഥാർത്ഥ്യമായാൽ കായിക മത്സരങ്ങൾക്ക് വേണ്ടി റോഡുകളെ ആശ്രയിക്കുന്നത് ഒഴിവാക്കാമായിരുന്നു.

## *വായനശാലകൾ, ഗ്രന്ഥാലയങ്ങൾ*

പഞ്ചായത്തിൽ നിലവിലുള്ള വായനശാലകളിൽ ആദ്യമായി രൂപം കൊണ്ടത് പുന്നോലിലെ ശ്രീനാരായണ വായനശാല ആൻറ് ഗ്രന്ഥാലയമാണ്. 1928 ൽ പുന്നോലിൽ രൂപമെടുത്ത '' വിദ്യാർത്ഥി സംഘം'' എന്ന സമിതിയാണ് വായനശാലയ്ക്ക് തുടക്ക് കുറിച്ചത്. പിന്നീടത് കൊല്ലവർഷം 1104 ൽ പുന്നോൽ ശ്രീനാരായണ മഠം ഏറ്റെടുത്തു. പുന്നോലിൽത്തന്നെയുണ്ടായിരുന്ന വിവേകോദയം വായനശാലയും ശ്രീനാരായണ മഠത്തിലേക്കു ചേർന്നു.

1934 ൽ രൂപമെടുത്ത വായന ശാലയാണ് പാറാൽ പൊതുജനവായനശാല. പാറാലിലെ '' സൌഹാർദ്ദപോഷിണി'' വളർന്നു പാറാൽ പൊതുജന വായനശാലയായി പരിണമിക്കുകയായിരുന്നു. ഈങ്ങയിൽപീടികയ്ക്കടുത്ത് മുളിയിൽ നടയിൽ ഐക്യപ്രദായിനി വായനശാല ഉണ്ടായിരുന്നുവെങ്കിലും 1936 ൽ അതിൻെറ പ്രവർത്തനം നിലച്ചു.

1936 ൽ ആരംഭിച്ച കേരള ചന്ദ്രിക വായനശാലയാണ് എടുത്ത് പറയേണ്ട മറ്റൊരു സ്ഥാപനം. ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപം കൊണ്ടവായനശാലകളുടെ കൂട്ടത്തിൽ പ്പെടുന്നതാണ് കേരള ചന്ദ്രിക''. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ മൊയാരത്ത് ശങ്കരൻെറ പങ്കാളിത്തം വായനശാലയുടെ ഉണർവിന്ന് കാരണമായി. ശ്രീ. ഏ. കെ. ഗോപാലൻെറ നേതൃത്വത്തിൽ മദിരാശിയിലേക്ക് കാൽനടയായിപുറപ്പെട്ട പട്ടിണി ജാഥയ്ക്ക് ഈ വായനശാലയിൽ

## പട്ടിക - 1
## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | നിലവിലുള്ള മെമ്പർമാർ | | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം | കീഴിൽ പ്രവർത്തിക്കുന്നസ്ഥാപനങ്ങൾ | സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ ? | ലൈബ്രറിയൻ അലവൻസ് | ഏറ്റെടുത്തു നടത്തുന്ന മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | | | | | | |
| 1. | ശ്രീനാരായണ വായനശാല ആൻറ് ഗ്രന്ഥാലയം പി. ഒ. പുന്നോൽ, 670 671 Reg. No: 2350 | 1928 | 376 | 52 | 8510 | 1000 | ഇല്ല | 9955/- | | ബാലവിഭാഗം, ശ്രീനാരായണപുസ്തക കോർണർ, സിമ്പോസിയം, ഫിലിം പ്രദർശനങ്ങൾ. |
| 2. | പാറാൽ പൊതുവിജ്ഞാനവായനശാല പി. ഒ. പാറാൽ Reg. No: 2153 | 1934 | 751 | 78 | 7655 | 850 | ഇല്ല | 4000/- | 6000/- | സാക്ഷരതാ പ്രവർത്തനം, കലാകായിക മത്സരങ്ങൾ, ശിശുവിഭാഗം രക്തദാനസേന. |
| 3. | കോടിയേരി പബ്ലിക്ക് ലൈബ്രറി പി. ഒ. പാറാൽ Reg. No: 2068 | 1936 | 191 | 63 | 8757 | 1050 | • ഇല്ല | 5000/- | 6000/- | കൃഷിപുസ്തകകോർണർ സാക്ഷരതാ പ്രവർത്തനം S.S.L.C. വിജയികൾക്കുള്ള അവാർഡ്ദാനം, സാംസ്ക്കാരിക സമ്മേളനങ്ങൾ. |
| 4. | ദേശീയ വായനശാല ആൻറ് ഗ്രന്ഥാലയം ഈങ്ങയിൽ പീടിക, പി. ഒ. മൂഴിക്കര | 1953 | 919 | 123 | 7419 | 1000 | ഇല്ല | 4000/- | 6000/- | ശാസ്ത്രസാഹിത്യ പരിഷത്തിൻെറ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു, സാംസ്ക്കാരിക പരിപാടികൾ കുട്ടികൾക്ക് സൗജന്യമായി പുസ്തകവിതരണം. |
| 5. | ജനകീയ വായനശാല ആൻറ് ഗ്രന്ഥാലയം കാരാൽ തെരു പി. ഒ. പാറാൽ Reg. No: 2117 | 1953 | 154 | 3 | 4690 | 600 | നളന്ദ കലാ സമിതി | 3000/- | 6000/- | ശാസ്ത്രസാഹിത്യ പരിഷത്തിൻെറ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നു ശിശുവിഭാഗം, സാക്ഷരതാ പ്രവർത്തനം കലാസാംസ്ക്കാരിക പരിപാടികൾ. |
| 6. | ശ്രീനാരായണവായനശാല ആൻറ് ഗ്രന്ഥാലയം മാടപീടിക, പി. ഒ. ടെമ്പിൾ ഗേറ്റ് Reg. No: 2965 | 1958 | 146 | - | 2939 | 256 | ശ്രീനാരായണസ്മാരക കലാസമിതി | 1500/- | 3600/- | സാമൂഹ്യപ്രവർത്തനങ്ങൾ. |
| 7. | വിജ്ഞാനവേദി വായനശാല ആൻറ് ഗ്രന്ഥാലയം, പി. ഒ. മൂഴിക്കര Reg. No: 4707 | 1978 | 92 | 15 | 2554 | 300 | നവഭാന കലാവേദി | 1500/- | 3600/- | രോഗപ്രതിരോധകുത്തിവെപ്പ് ഗാർഹിക പുസ്തക വിതരണം കൃഷി പുസ്തക കോർണർ നൃത്തം, സംഗീതം. ചിത്രരചന ക്ലാസ്സുകൾ. |
| 8. | എ.കെ.ജി മെമ്മോറിയൽ ലൈബ്രറി ആൻറ് റീഡിംഗ് റൂം, മാടപ്പീടിക Reg. No: | 1979 | 86 | - | 1845 | 200 | കേരംസ് ക്ലബ്ബ് മാടപ്പീടിക | 960/- | ഇല്ല | വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നു. സാക്ഷരതാ പ്രവർത്തനം, കലാമത്സരം, സാംസ്ക്കാരികപ്രാഭാക്ഷണം. |
| 9. | നവോദയം വായനശാല ആൻറ് ഗ്രന്ഥായലം വയലിൽ പീടിക, കോടിയേരി, പി.ഒ. പാറാൽ | 1957 | 106 | - | 2599 | 525 | നവോദയം കലാവേദി | 2000/- | 3600/- | സാക്ഷരതാപ്രവർത്തനം, സാഹിത്യ സമ്മേളനം, സ്പോർട്ട്സ്. |
| 10. | എം.എം. നാണുനമ്പ്യാർ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം, കല്ലിൽതാഴ, പി.ഒ.പാറാൽ രജിസ്ട്രേഷന് അപേക്ഷിച്ചിട്ടുണ്ട് | 1989 | 90 | 20 | 1188 | 250 | ഇല്ല | ഇല്ല | ഇല്ല | സാംസ്ക്കാരികപ്രാഭാക്ഷണങ്ങൾ കലാകായികമത്സരങ്ങൾ. |
| 11. | യുവജനസമാജം വായനശാല കോപ്പാലം, പി.ഒ. മൂഴിക്കര | | | | | | | | | |

സ്വീകരണം നൽകിയിരുന്നു. കേരള ചന്ദ്രിക വായനശാല പിന്നീട് കോടിയേരി പബ്ലിക്ക് ലൈബ്രറി ആയി. കോടിയേരിയിലെ ഏറ്റവും കൂടുതൽ പുസ്ത ശേഖരമുള്ളലൈബ്രറിയാണിത്. 8757 പുസ്കങ്ങൾ.

ബീഡിത്തൊഴിലാളികൾ അവരുടെ പണിശാലയിൽ ഏർപ്പെടുത്തിയ വായനശാലയാണ് ഈങ്ങയിൽ പീടികയിലെ ദേശീയ വായനശാല ആൻറ് ഗ്രന്ഥാലയമായി വളർന്നത്. 1953 ൽ രൂപീകൃതമായ ലൈബ്രറി ഇന്ന് ഈങ്ങയിൽ പീടികയിലെയും പരിസരപ്രദേശങ്ങളിലേയും ജനങ്ങളുടെ സാംസ്കാരിക കേന്ദ്രമായി വളർന്നിരിക്കുന്നു. മയ്യഴി വിമോചന സമരത്തിൽ രക്ത സാക്ഷിത്വം വരിച്ച ശ്രീ. പി. പി. അനന്തൻെറ സ്മാരക മന്ദിരത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറി അംഗങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. (1042മെമ്പർമാർ)

1953 ൽ തന്നെ സ്ഥാപിക്കപ്പെട്ട വായനശാലയാണ്. കാരാൽ തെരുവിലെ ജനകീയ വായനശാല. നെയ്ത്ത് തൊഴിലാളികളുടെ ഇടയിൽ രൂപമെടുത്ത അശയമാണ് വായനശാല സ്ഥാപനത്തിന്ന് പ്രോരകമായിത്തീർന്നത്. ഒരു വീട്ടിലെ വരാന്തയിൽ സൂക്ഷിച്ച മരപ്പെട്ടിയിൽ നിന്നും തുടങ്ങി 4690 പുസ്തകങ്ങളുള്ള ഗ്രന്ഥാലയമായി അത്വളർന്നു. നളന്ദ കലാസമിതിയും വായനശാലയുടെ അനുബന്ധമായി പ്രവർത്തിച്ചു വരുന്നു. കല്ലിൽത്താഴയിൽ ശ്രീ. രാമോട്ടി ഗുരുക്കൾ സ്മാരക വായനശാല, നങ്ങാറത്ത് പീടികയിൽ ജനകീയ വായനശാല എന്നീ രണ്ടുസ്ഥാപനങ്ങൾ പഞ്ചായത്ത് നേരിട്ട് നടത്തിയിരുന്നു. ഈ വായനശാലകൾ നിലവിലില്ല. മറ്റുവായനശാലകളെ സംബന്ധിച്ച വിവരങ്ങൾക്ക് ഇതോടൊപ്പം ചേർത്ത പട്ടിക-1 കാണുക. പഴക്കമേറെയുള്ള വായനശാലകളെക്കുറിച്ച് മാത്രമെ ഇവിടെ പ്രസ്താവിച്ചിട്ടുള്ളൂ. പഞ്ചായത്തിനെ നൂറ് ശതമാനം സാക്ഷരതയുള്ളതാക്കാനുള്ള യത്നത്തിൽ ഈ പ്രദേശത്തെ ഗ്രന്ഥശാലാ പ്രവർത്തകർ ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## ക്ഷേത്രങ്ങൾ, കാവുകൾ

ക്ഷേത്രങ്ങളും കാവുകളും നമ്മുടെ സാംസ്കാരിക പൈതൃകത്തിൻെറ ജ്വലിക്കുന്ന നക്ഷത്രങ്ങളാണ്. കോടിയേരിയിലെ ക്ഷേത്ര പാരമ്പര്യത്തെക്കുറിച്ച് പറയുമ്പോൾ 3750 കൊല്ലം പഴക്കമുണ്ടെന്ന് വിശ്വസിച്ചു പോരുന്ന ശ്രീ. തൃക്കൈക്കൽ ശിവക്ഷേത്രം മുന്നിൽ നിൽക്കുന്നു. കടത്തനാട്ടുള്ള തൊടുവയിൽ നെല്ലിയോട്ട് പൊയ്യപ്പുറത്ത് തറവാട്ടുകാരുടെവകയായിരുന്നു തൃക്കൈക്കൽ ശിവക്ഷേത്രം. ക്ഷേത്രത്തിന് മുൻവശമുള്ള പറമ്പിൽ താമസിച്ചിരുന്ന തൃക്കൈക്കൽ നായരുടെതായ്വഴിയാണ് ( മരുമക്കത്തായ സമ്പ്രദായത്തിൽ ) മേൽപ്പറഞ്ഞ തൊടുവയിൽ കുടുംബം. ടിപ്പുവിൻെറ പടയോട്ടക്കാലത്ത് ക്ഷേത്രത്തിന് കേടുപാടുകൾ സംഭവിച്ചിരുന്നതായി പറയപ്പെടുന്നു. കടത്തനാട് തൊടുവയിൽ തറവാട്ടിലെ ഇപ്പോഴത്തെ കെട്ടിലമ്മയും, കൂമ്പളത്തമ്പരാൻെറ ( മായിപ്പാടി രാജാവ് ) പത്നിയുമായ ശ്രീമതി കാർത്ത്യായിനി കെട്ടിലമ്മ 1972 ക്ഷേത്രം നാട്ടുകാരുടെ കമ്മറ്റിക്ക് കൈമാറി. ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠയായ പരമശിവനെ നോക്കി ശ്രീകോവിലിനകത്തുതന്നെ ഇടത് ഭാഗത്ത് പാർവ്വതീ സങ്കല്പവുമുണ്ടെന്നുള്ളത് ഈ ക്ഷേത്രത്തിൻെറ പ്രത്യേകതയാണ്. വാമന പുതിയ തെരുവിലെയും, കാരാൽ തെരുവിലെയും മഹാഗണ പതിക്ഷേത്രങ്ങളും ധാരാളം ഭക്ത ജനങ്ങളെ ആകർഷിക്കുന്നു. കൂടാതെ പതിനൊന്ന് കാവുകളും കോടിയേരി പഞ്ചായത്തിലുണ്ട്. ക്ഷേത്രങ്ങളിൽ മണ്ഡലകാലങ്ങളിലും കാവുകളിൽ ജനുവരി മാസം മുതൽ മാർച്ചുമാസം വരെയുള്ള കാലയളവിൽ തിട്ടപ്പെടുത്തിയ തീയ്യതികളിലും ആഘോഷം നടക്കുന്നു. ഗണപതിക്ഷേത്രങ്ങളിൽ ശിവരാത്രി മഹോത്സവം പ്രധാനമാണ്. നാട്ടുകാരുടെ കൂട്ടായ്മയാൽ നടത്തപ്പെടുന്നവയാണ്മിക്ക കാവുകളിലെയും ഉത്സങ്ങൾ. ചെള്ളത്ത് മഠപ്പുര, മൂഴിക്കര ചന്ദ്രോത്ത് എന്നീ കാവുകൾ കൂട്ടയ്മയുടെ ഉത്തമ ദൃഷ്ടാന്തമാണ്. റജിസ്റ്റർ ചെയ്ത ഒരു സമിതിയ്ക്കാണ് ഇവയുടെ ഭരണച്ചുമതല. കോടിയേരിയിലെ കുന്നത്ത്വീട്ടിൽ വർഷത്തിൽ ഒരു ദിവസം തെയ്യം കെട്ടിയാടുന്ന പതിവുണ്ട്. മീത്തലെ കോടിയേരിയിലെ കുഴുമിയിൽ ക്ഷേത്രത്തിൽ മുഖ്യദേവതയായ പുള്ളിക്കരിങ്കാളി അപൂർവ്വ തെയ്യക്കോലമാണ്. അനുഷ്ടാന കലയുടെ മികവിൽ നമ്മുടെ സങ്കല്പങ്ങൾക്ക് വർണ്ണം ചാർത്തുന്ന തെയ്യക്കോലങ്ങൾ സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. ചിലപ്രത്യേക സമുദായക്കാർ കെട്ടിയാടുന്ന തെയ്യക്കോലങ്ങൾ ഇന്ന് പ്രതിസന്ധി നേരിടുന്നു.

പട്ടിക.2

| ക്ഷേത്രങ്ങൾ, കാവുകൾ | ദേശം |
|---|---|
| 1. ശ്രീ. തൃക്കൈക്കൽ ശിവക്ഷേത്രം | കോടിയേരി |
| 2. മഹാഘണപതി ക്ഷേത്രം, കാരാൽ തെരു | ,, |
| 3. മഹാഗണപതി ക്ഷേത്രം വാമനപുതിയതെരു | ,, |
| 4. മുഴിക്കര ചന്ദ്രോത്ത് കാവ് | മുഴിക്കര |
| 5. തളിയറമ്മൻറവിട മടപ്പുര | ,, |
| 6. ഓണിയൻറവിട | ,, |
| 7. പുന്നോൽക്കണ്ടിയിൽ | കോടിയേരി |
| 8. കുഴുമിയിൽ | ,, |
| 9. പറേൽ (മാടപ്പീടിക) | ,, |
| 10. ചെള്ളത്ത് മടപ്പുര | പുന്നോൽ |
| 11. കൂലോത്ത് | ,, |
| 12. കണ്ടോത്ത് | വയലളം |
| 13. മണിമലർക്കാവിലമ്മ ക്ഷേത്രം | ,, |
| 14. കൂടത്തിൽ ഭഗവതി ക്ഷേത്രം | ,, |

കെട്ടിയാടൽ ഇനിയുമെത്രനാൾ എന്ന ചോദ്യം ഉയർത്തുമാറ് കലാകാരൻമാരുടെ എണ്ണം കുറഞ്ഞുവരുന്നു. യുവതലമുറ തെയ്യക്കോലങ്ങൾ കെട്ടിയാടാൻ മടികാണിക്കുന്നു. ആചാരങ്ങളുടെയും, അനുഷ്ഠാനങ്ങളുടെയും നമ്മുടെ സൗന്ദര്യസങ്കല്പങ്ങളുടെയും ഒരു മാതൃക കൂടി അന്യം നിന്നുപോകാതെ നോക്കാൻ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

കോടിയേരിയിലെ കാരാൽതെരുവിൽ തുന്നൻചാത്തുഗുരുക്കൾ എന്ന പ്രഗൽഭനായ തായമ്പക ഗുരുക്കൾ ഉണ്ടായിരുന്നു. 1945 ൽ അദ്ദേഹം കൂത്തുപറമ്പിനടുത്ത് ഒരു ക്ഷേത്രത്തിൽ വെച്ച് നടത്തിയ തായമ്പക വീക്ഷിച്ച കോട്ടയം തമ്പുരാൻ അദ്ദേഹത്തെ പട്ടും വളയും നൽകി ആദരിച്ചു. അദ്ദേഹത്തിന് പലസ്ഥലങ്ങളിലും ശിഷ്യൻമാർ ഉണ്ട്. അന്യം നിന്നുപോയ ഒരു കലാരൂപമാണ് കോതാമൂരി.കാർഷിക പ്രാധാന്യമുള്ള സമൂഹത്തിൻെറ വിശ്വാസവുമായി ബന്ധപ്പെട്ട ഈ മൂർത്തിയെ ഇപ്പോൾ കോടിയേരിയിൽ കാണാനില്ല. കർക്കിടകത്തിൽ ദുർദ്ദേവതയെ അകറ്റാൻ വീടുകളിലെത്തുന്ന '' വേടനും '' ഇന്ന് ചിലപ്രദേശത്ത് മാത്രം കാണപ്പെടുന്നു. തുലാമാസത്തിലെ പത്ത്, പതിനൊന്ന് നാളുകളിൽ '' കണിവെച്ച് കൂവുന്ന ചടങ്ങും നഷ്ടപ്പെട്ടുപോയ മറ്റൊരു ആചാരമാണ്. പൂരക്കളി, കോൽക്കളി എന്നിവയും സമൂഹത്തിന് അന്യമായിക്കൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ കല്ലിൽതാഴ കേന്ദ്രീകരിച്ച് കോൽക്കളി അഭ്യസിപ്പിക്കുന്നവരുണ്ടായിരുന്നു. ഞാറ് നടുമ്പോഴും, കള പറിക്കുമ്പോഴും മറ്റും സ്ത്രീകൾ പാടാറുള്ള നടീൽ പാട്ടും വിവാഹത്തലേന്ന് അരവ് നടത്തുന്നവർ ഈണത്തിൽ ചൊല്ലുന്ന വടക്കൻ പാട്ടുകളും അന്യമായിക്കൊണ്ടിരിക്കുന്നു.

മരണാനന്തര ക്രിയകളിൽ വണ്ണാത്തിമാറ്റ്, കുടഞ്ഞുകുളി തുടങ്ങിയ ചടങ്ങുകളും ഓർമ്മയിൽ മാത്രം. ശവദാഹച്ചടങ്ങിന് കർമ്മം ചെയ്യുന്നവരെയും കാണാനില്ല. ശവമടക്കുന്നതിന് മുമ്പ് വീട്ടുകാരെയും വന്നുചേർന്നവരെയും ആശ്വസിപ്പിക്കുമാറ് ഭജനപാടുന്ന സമ്പ്രദായം ഇന്നും ചിലേടങ്ങളിൽ കണ്ടുവരുന്നു.

നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന്ന് പഞ്ചായത്ത് തലത്തിൽ തന്നെ ശ്രമമുണ്ടാകേണ്ടതാണ്. നാടൻ കലാമേളകൾ സംഘടിപ്പിക്കുന്നതിലൂടെ പല കലാരൂപങ്ങളെയും ,സംരക്ഷിക്കുന്നതിന് സാധിക്കും.

ഗ്രന്ഥശാലകൾക്കെന്നതുപോലെ ശ്രീനാരായണ മഠങ്ങൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. പുന്നോലിലെ ശ്രീനാരയണ മഠം ഈ കാര്യത്തിൽ മാതൃകയാണ്. ബ്രഹ്മശ്രീ. നാരായണ ഗുരു ചൂണ്ടിക്കാണിച്ച സ്ഥലത്ത് പരേതരായ ശ്രീ നന്ത്യത്ത് പാറക്കണ്ടി കണ്ണൻ, ശ്രീ ചിക്കോളി കാരായി ഗോവിന്ദൻ എന്നിവർ സംഭാവന ചെയ്ത സ്ഥലത്താണ് പുന്നോൽ ശ്രീ നാരായണ മഠം നിർമ്മിച്ചിട്ടുള്ളത്. കൊല്ലവർഷം 1097 ലാണ് മഠം സ്ഥാപിച്ചത്. ശ്രീനാരായണഗുരു മഠം സന്ദർശിച്ചിട്ടുണ്ട്. മഠത്തിൽ വെച്ചു വിവാഹകർമ്മങ്ങൾ നടത്തപ്പെടുന്നു. മാടപ്പീടിക, ആച്ചുകുളങ്ങര, ഈങ്ങയിൽപീടിക, മൂഴിക്കര തോട്ടുമ്മൽ എന്നിവിടങ്ങളിലെ മഠങ്ങൾ സാംസ്കാരിക കേന്ദ്രങ്ങളാണ്. കോടിയേരിയിലും ശ്രീനാരായണ സാംസ്കാരിക സമിതി പ്രവർത്തിക്കുന്നുണ്ട്. മാടപ്പീടികയിലെ രാധാകൃഷ്ണ മഠം പ്രസ്താവ്യമാണ്. മഠങ്ങൾ കേന്ദ്രീകരിച്ച് ചതയദിനാഘോഷങ്ങൾ ജനപങ്കാളിത്തത്തോടെ ആർഭാടപൂർവ്വം നടത്തപ്പെടുന്നു. അഷ്ടമിരോഹിണി ആരാധന നടത്തുന്ന കേന്ദ്രങ്ങളും കുറവല്ല.വയലളം പ്രദേശത്തുള്ള ശ്രീനാരായണ ഗുരുവരാലയം എന്ന സാംസ്കാരിക കേന്ദ്രം സാംസ്കാരിക സമ്മേളനങ്ങൾ , കലാമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. 79

മുസ്ലീം ദേവാലയങ്ങളായി പ്രധാനപ്പെട്ട 5 പള്ളികളും, ഒരു സ്റാമ്പി (ഓത്തുപള്ളി) യും ഈ പഞ്ചായത്തിലുണ്ട് പാറാലിലും മൂഴിക്കരയിലുമുള്ള പള്ളികൾ ശ്രദ്ധേയങ്ങളാണ്. പള്ളികളോടനുബന്ധിച്ച് മതപഠന കേന്ദ്രങ്ങളും ( (മദ്രസകൾ ) പ്രവർത്തിക്കുന്നു. വർഷം തോറും മത പ്രഭാഷണങ്ങളും സംഘടിപ്പിക്കപ്പെടുന്നു. പാറാലിലെ ജുമാമസ്ജിദ് പള്ളിയിലും പുന്നോലിലെ മസ്ജിദുൽ ത്വയ്ബിലും സ്ത്രീകൾ ആരാധനയ്ക്കായി വന്നുചേരുന്നു.

3ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പുരാതന മുസ്ലീം ദേവാലയമാണ് പുന്നോൽ ജുമാ മസ്ജിദ് നാനൂറ് വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ ഇസ്ലാം മതപ്രചരണത്തിനെത്തിയ അറേബ്യയിലെ സയിദ് വംശജരിൽപ്പെട്ട സയിദ് മുഹമ്മദ് മൗലയെന്ന സൂഫിവര്യനാണ് ഈ ദേവാലയം സ്ഥാപിച്ചിട്ടുള്ളത്. അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടം അടക്കം ചെയ്ത ജാറം ഇവിടെ കാണപ്പെടുന്നു.

ഏവരേയും ആകർഷിക്കുന്ന ഒരു കലാശിൽപ്പമാണ് ജുമാ മസ്ജിത്തിനകത്ത് സ്ഥാപിച്ചിട്ടുള്ള' മിമ്പറം' 400 കൊല്ലം പഴക്കമുണ്ടെന്ന് പറയപ്പെടുന്ന ഈ മിമ്പറത്തിൽ വെള്ളയാഴ്ചതോറും ജുമക്ക് ശേഷം മതപ്രസംഗവും മറ്റും നടത്തിവരികയാണ്. ഒരു സിംഹാസനത്തിൻെറ പ്രതീതി ജനിപ്പിക്കുന്ന ഈ മിമ്പറത്തിന് നാല് സ്റ്റെപ്പുകളുണ്ട്. പച്ചില ചായം തേച്ച് മോടിപിടിപ്പിച്ചിരിക്കുന്ന മിമ്പറത്തിന് വർഷങ്ങൾ പിന്നിട്ടെങ്കിലും ഇതുവരെ ഒരു പോറൽ പോലും ഏറ്റിട്ടില്ല. കാലപഴക്കത്താൽ പള്ളിക്ക് കേടുപാടുകൾ സംഭവിച്ചതിനാലും, സ്ഥലസൗകര്യം മതിയാകാതെ വന്നതിനാലും പള്ളി പുതുക്കി പണിതുകൊണ്ടിരിക്കയാണ്.

**കലാസമിതികൾ**

' വഴികാട്ടിയ കൈത്തിരി'' '' നല്ല മനുഷ്യൻ'' തുടങ്ങി ഒട്ടേറെ നാടകങ്ങൾ അവതരിപ്പിച്ച് ജനശ്രദ്ധാകേന്ദ്രമായി വർത്തിച്ചിരുന്നപുരോഗമന കലാസമിതി ( പി. കെ. എസ്സ് വയലളം) കാരാൽ തെരു പ്രഭാതം തിയേറ്റേർസ്'' ഇവ കഴിഞ്ഞകാല ഓർമ്മകൾ മാത്രം. ഈങ്ങയിൽപീടികയിലെ മഞ്ജരി നാട്യകലാലയം കലാരംഗത്ത് തിളക്കമാർന്നു നില്ക്കുന്നു. സംഗീതം നൃത്തം, ചിത്രരചന എന്നിവയിൽ അഭ്യസനം നടത്തുന്ന പ്രസ്തുത കേന്ദ്രം കലാഭിരുചിയുള്ള സാധാരണക്കാർക്ക് വമ്പിച്ച നേട്ടമാണ്. കാരാൽതെരുവിലെ '' നളന്ദകലാകേന്ദ്രം'' നങ്ങാറത്ത് പീടികയിലെ '' ശ്രീ മുദ്ര'' മാടപ്പീടികയിലെ എ. കെ. ജി. ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, ഈങ്ങയിൽ പീടികയിലെ പി. പി. അനന്തൻ സ്മാരക ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, മൂഴിക്കരയിലെ നവഭാവന കലാവേദി, കോടിയേരി പാറേമ്മലിലെ യുവജനസ്പോർട്ട്സ് ക്ലബ്ബ്, പാറാൽ യുവജനകലാസമിതി, സുപ്രസിദ്ധ സിനിമാനടനായിരുന്ന സത്യൻെറ നാമധേയത്തിൽ രൂപം കൊണ്ട പുന്നോലിലെ സത്യൻ ആർട്ട്സ് എന്നിങ്ങിനെ ധാരളം കലാകേന്ദ്രങ്ങൾ കോടിയേരിയിൽ പ്രവർത്തിക്കുന്നുണ്ട്. സത്യൻ ആർട്ട്സ്, നളന്ദ കലാകേന്ദ്രം എന്നിവ നാടകാവതരണത്തിൽ ശ്രദ്ധിക്കപ്പെട്ടവരായിരുന്നു. പാറാൽ യുവജന കലാസമിതി സാമൂഹ്യപ്രശ്നങ്ങൾ ഉയർത്തിക്കാട്ടുന്ന തെരുവ് നാടകങ്ങൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. മിക്ക സമിതികളും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നവയാണ്. കോടിയേരിയിലെ ഡോക്ടർ, ദേവരാജൻെറ കുടുംബം സംഗീത അഭ്യസനത്തെ തപസ്യയായി കരുതുന്നവരാണ്. എല്ലാത്തരം സംഗീത ഉപകരണങ്ങളും കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യമുള്ളവരാണ് ഇവിടെയുള്ളവർ.ലോകപ്രശസ്ത ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാതാക്കളായ ബി. പി. എൽ ഉടമസ്ഥരും

കോടിയേരി സ്വദേശക്കാരാണ്. ഇടയിൽ പീടികയ്ക്കടുത്ത് ഒന്തത്ത് പറമ്പിലും സമീപത്തുള്ള പുത്തമ്പുരപറമ്പിലും, പുന്നോൽ ശ്രീനാരായണ മഠം സ്ഥിതിചെയ്യുന്ന സ്ഥലത്തും മൂഴിക്കര അന്തോളി മലയിലും ഗുഹകൾ കാണപ്പെടുന്നു. പുത്തമ്പുര പറമ്പിൽ വെട്ടുകല്ലിന്നായി കുഴിക്കുന്ന അവസരത്തിലാണ് കല്ലുപാളികൾ കൊണ്ടു മൂടപ്പെട്ട നിലയിൽ ഗുഹകൾ കണ്ടെത്തിയത്. ഗുഹയ്ക്കകത്തുനിന്നും കണ്ടെടുക്കപ്പെട്ട ചെറിയ മൺപാത്രങ്ങൾ തുടങ്ങിയവവസ്തുക്കൾ നഷ്ടമായെങ്കിലും പൗരാണികതതയുടെ അവശിഷ്ടമായ ഈ ഗുഹകൾ പഠനാർഹങ്ങളാണ്.

ഇലക്ട്രോണിക്ക് മാധ്യമങ്ങൾ ഇന്ന് അലങ്കാരവസ്തുക്കളല്ല. വിജ്ഞാനപ്രദമായ അനേകം പരിപാടികൾ ടെലിവിഷൻ പ്രേക്ഷകർക്ക് നൽകുന്നുണ്ടെങ്കിലും അപൂർവ്വം ചിലത് ഇളം മനസ്സിൽ കളങ്കം ചേർക്കുന്നവയാണ്. സിനിമ ഏറിയ പങ്കും പണം കൊയ്യാനുള്ള ഉപാദികൾ തന്നെ. കോടിയേരിയിൽ നങ്ങാറത്ത് പീടികയ്ക്ക് സമീപം ഒരു സിനിമാടാക്കീസ് പ്രവർത്തിക്കുന്നു. എങ്കിലും നല്ല സിനിമയ്ക്ക് വേണ്ടി ഇവിടെ യുള്ളവർ തലശ്ശേരി നഗരത്തിലെ ടാക്കീസുകളെ ത്തന്നെയാണ് ആശ്രയിക്കുന്നത്.

## നിർദ്ദേശങ്ങൾ, സാധ്യതകൾ

1. ആവശ്യമായ സ്ഥലത്ത് സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. മുളിയിൽ നടയിൽ സ്ഥലസൗകര്യം ലഭ്യമാക്കിയാൽ വായനശാല ഏർപ്പെടുത്താൻ അവിടെയുള്ളവർ സന്നദ്ധരാണ്.

2. വായനശാലകളുടേയും കലാസമിതികളുടേയും ക്ലബ്ബുകളുടേയും ഒരു ഏകോപനസമിതി പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കാവുന്നതാണ്.

3. തുടർ സാക്ഷരതാ പദ്ധതി ഗ്രന്ഥാലയങ്ങളുടെ നേതൃത്വത്തിൽ സജീവമാക്കണം.

4. അംഗൻവാടികളുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് വേണ്ടിയുള്ള വായനശാലകൾ ഏർപ്പെടുത്തണം.

5. കാവുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, ആചാരങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഐതീഹ്യങ്ങൾ ശേഖരിക്കണം.

6. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു കമ്മ്യൂണിറ്റ ഹാൾ ഉണ്ടാക്കുന്നത് നന്നായിരിക്കും.

7. കലാവാസനകൾ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തിൽ കേന്ദ്രീകൃതമായ സംവിധാനം ഉണ്ടാക്കണം. കേരളോത്സവം ജനപങ്കാളിത്തത്തോടെ വാർഡുതലത്തിൽ തന്നെ നടത്തണം. വാർഡിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കലാപ്രതിഭകളെ പങ്കെടുപ്പിച്ചായിരിക്കണം പഞ്ചായത്ത് തല മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.

9. കായിക വിനോദ കേന്ദ്രങ്ങളുടെ സൗകര്യം മെച്ചപ്പെടുത്തണം. മിനിസ്റ്റേഡിയം യാഥാർത്ഥ്യമാക്കണം. രണ്ടുവാർഡുകൾക്കിടയിൽ ഒരു കളിക്കളമെങ്കിലും ഉണ്ടായിരിക്കണം. കുട്ടികൾക്കുള്ള പാർക്ക് പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതാണ്.

9. പഞ്ചായത്ത് തലത്തിൽ മെച്ചപ്പെട്ട റഫറൽ ലൈബ്രറി ഉണ്ടാക്കുന്നത് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റും പ്രയോജനകരമായിരിക്കും.

# വനിത





വനിതകളെ പ്രത്യേകിച്ച് പെൺകുട്ടികളെ വിശപ്പിൽ നിന്നും അജ്ഞതയിൽ നിന്നും ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1991 - 2000 വർഷക്കാലം പെൺകുട്ടികളുടെ ദശകമായി പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറ് ഒരുദേശീയ കർമ്മ പദ്ധതി ആവിഷ്കരിക്കുയുണ്ടായി.. ദശകത്തിൻെറ അവസാന നാളുകൾ അടുത്തെങ്കിലും വനിതാ ക്ഷേമത്തിന് കാര്യമായ പുരോഗതി നേടാൻ കഴിഞ്ഞുവോ എന്നത് ഇനിയും പരിശോധിക്കേണ്ടതായിട്ടാണുള്ളത്. പെൺകുട്ടികൾ ജനിക്കുന്നത് ഭാഗ്യദോഷമായി കരുതുന്ന സമൂഹം നമ്മുടെ രാജ്യത്ത് അവശേഷിക്കുന്നുവെന്നത് ലജ്ജാവഹമാണ്. അമ്മയായും ദേവിയായും ആരാധിക്കപ്പെടുമ്പോൾ തന്നെ ദുഷിച്ച കച്ചവട സംസ്കാരത്തിൻെറ പരസ്യ പലകകള്ൽ സ്ത്രീ അപമാനിക്കപ്പെടുന്നു. അർദ്ധനാരീശ്വര സങ്കൽപം നിലനിൽക്കുമ്പോൾ തന്നെ സ്ത്രീ അബലകളായി ചിത്രീകരിക്കപ്പെടുന്നു. സ്ത്രീ പുരുഷ സമത്വം എന്നത് ഉത്തരം കിട്ടാത്ത സമസ്യപോലെ ചിലരുടെ തലച്ചോറുകളെ അലോസരപ്പെടുത്തുന്നു. പുരുഷമേധാവിത്വത്തിൻെറ കൊടിക്കൂറ ഉയർത്തിക്കാട്ടാൻ വെമ്പൽ കൊള്ളുന്നവരെ നമ്മുടെ കൊച്ചു കേരളത്തിലും കാണാൻ കഴിയും.

കേരളത്തിലെന്നപോലെ നമ്മുടെ പഞ്ചായത്തിലും സ്ത്രീകളുടെ എണ്ണം പുരഷന്മാരുടേതിനേക്കാൾ കൂടുതലാണ്. പട്ടിക 1 ശ്രദ്ധിക്കുക.

സ്ത്രീ- പുരുഷ അനുപാതം

| | പു | സ്ത്രീ. |
|---|---|---|
| ഇന്ത്യ | 1000 | 929 |
| കേരളം | 1000 | 1036 |
| കണ്ണൂർ ജില്ല | 1000 | 1101 |
| കോടിയേരി പഞ്ചായത്ത് | 1000 | 1144 |

സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകൾ പുരുഷൻമാർക്കൊപ്പം നിൽക്കുന്നു. ( പു. 84%- സ്ത്രീ 83.34%)
ധാരാളം വിദ്യാലയങ്ങളുള്ള തലശ്ശേരി നഗരത്തിൻെറ പ്രാന്തപ്രദേശമായ കോടിയേരി പഞ്ചായത്തിലെ സ്ത്രീകൾ വിദ്യാഭ്യാസത്തിൽ പണ്ടുമുതൽക്കെ സമ്പന്നരായിരുന്നു. കോടിയേരി പഞ്ചായത്തിൽ തന്നെ പെൺകുട്ടികൾക്ക് മാത്രമായി വിദ്യാലയം പ്രവർത്തിച്ചിരുന്നു. സംസ്കൃത ഭാഷയിലും പുരാണേതിഹാസങ്ങളിലും പ്രാവീണ്യമുള്ള സ്ത്രീകൾ ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. സ്ത്രീകിളിൽ രാമായണവും കൃഷ്ണപ്പാട്ടും പാരായണം ചെയ്യുന്ന പതിവ് പണ്ടുകാലങ്ങളിലുണ്ടായിന്നു. ഇന്നത് അപൂർവ്വമായികൊണ്ടിരിക്കുന്നു.
ദാരിദ്ര്യവും തൊഴിലില്ലായ്മയും ഏറ്റവുമധികം ബാധിക്കുന്നത് സ്ത്രീകളെ തന്നെയാണ്. തുച്ഛവരുമാനക്കാരായ കുടുംബങ്ങളിൽ ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്നത് ഇന്നും സ്ത്രീകൾ തന്നെയാണ്. ഈ അവസ്ഥയിൽ നിന്നുള്ള മോചനം എന്ന ന ിലയിലാണ് സ്ത്രീകൾ തൊഴിലിന് പോയിക്കൊണ്ടിരിക്കുന്നത്. കാർഷിക രംഗത്തായിരുന്നു സ്ത്രീകൾക്ക് തൊഴിൽ ലഭിച്ചിരുന്നത്. കൈത്തറി മേഖലയിലും അവർ ശ്രദ്ധിക്കപ്പെട്ടു. ബീഡി വ്യവസായം

52

ആരംഭിച്ചപ്പോൾ ആതൊഴിലിലും സ്ത്രീകൾ കടന്നു ചെന്നു. ഇന്ന് എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം കാണാൻ കഴിയും. ഔദ്യോഗികമേഖലയിലാണെങ്കിൽ അധ്യാപക രംഗത്ത് സ്ത്രീകൾ മുൻപന്തിയിലാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 53.7% അധ്യാപികമാരാണ്. കെട്ടിട നിർമ്മാണ രംഗത്ത് സ്ത്രീത്തൊഴിലാളികൾ ഒട്ടും കുറവല്ല. ഗവൺമെൻറ് ഏജൻസികളുടെ ധനസഹായത്താൽ സ്വയം തൊഴിൽ കണ്ടെത്തിയ സ്ത്രീകളും പഞ്ചായത്തിലുണ്ട്. തയ്യൽ, ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ ' സ്വയം തൊഴിലിന്ന് സാധ്യതകളുണ്ട്. ദേശീയ സമ്പാദ്യ പദ്ധതികളുടെ ഏജൻറുമാരായി പ്രവർത്തിക്കുന്നവരെയും പഞ്ചായത്തിൽ കാണാം. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ റജിസ്ട്ര് ചെയത് കാത്തിരിക്കുന്നവർ നിരവധിയാണ്. എന്തെങ്കിലും തൊഴിൽ ചെയ്ത് ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്ന താല്പര്യം സ്ത്രീകളിൽ പ്രകടമാണ്.
വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു വനിത സഹകരണബാങ്ക് കോടിയേരിയിലുമുണ്ട്.

ഈ ഗ്രാമത്തിൽ പദ്ധതിഡി. ഡബ്ല്യൂ സി. ആർ. എ. പദ്ധതി പ്രകാരം രൂപം കൊണ്ട തൊഴിൽ സംരംഭങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

അവലംബം ദ്വിതീയ വിവര ശേഖരണം

| വാർഡ് | തൊഴിൽ സംരഭത്തിൻെറ ഇനം | ആരംിച്ച വർഷം | പ്രവർത്തിക്കുന്ന വരുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| X | കിടക്ക, തലയിണ നിർമ്മാണം (ഐശ്വര്യ) | 90--91 | 10 | ഇപ്പോൾ 4 അംഗങ്ങൾ മാത്രം. തൃപ്തികരമായി പ്രവർത്തിക്കുന്നു |
| VII | തീപ്പെട്ടി നിർമ്മാണം (സൂര്യ) | 90-91 | 16 | 1.4.94 മുതൽ പ്രവർത്തനം നിലച്ചു. കോടിയേരി സർവ്വീസ് സഹകരണ ബേങ്കിൽ ബാധ്യത |
| V | പാലുല്പാദനം (നന്ദിനി) | 94-95 | 16 | തൃപ്തികരമായി പ്രവർത്തിക്കുന്നു |

കൈത്തറി ബീഡി മേഖലകൾ ഒഴികെയുള്ള ഉല്പാദനരംഗത്ത് സ്ത്രീകൾക്ക് ലഭിക്കുന്ന കൂലി പുരുഷന്മാരുടേതിനേക്കാൾ കുറവാണ്.

പട്ടിക .3

| ഇനം | കൂലി നിലവാരം | |
|---|---|---|
| | പു. | സ്ത്രീ |
| കെട്ടിട നിർമ്മാണം | 120 | 80 |
| കൃഷിപ്പണി | 100 | 75 |
| മറ്റുകൂലിപ്പണികൾ | 100 | 80 |
| ആശാരിപ്പണി | 120 | |
| പെയിൻറിംഗ് | 110 | |

സ്ത്രീധന സമ്പ്രദായം നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം. അതുകൊണ്ട് തന്നെ സ്ത്രീധനപീഡനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. കൂട്ടുകുടുംബ സംവിധാനത്തിൽ സ്ത്രീകൾക്ക് കൂടുതൽ സുരക്ഷിതത്വ ബോധമുണ്ടായിരുന്നു. ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുടുംബത്തിൽ മുതിർന്നവരുടെ തണൽ സഹായകമായിരുന്നു. കാപ്സ്യൂൾ കുടുംബത്തിൽമുലയൂട്ടുന്ന അമ്മമാരുടെ അവസ്ഥ ദയനീയമാണ്. കുഞ്ഞുങ്ങളെ അടുത്തുള്ള ആരെയെങ്കിലും ഏൽപ്പിച്ച് അവർ ജോലിക്ക് പോകേണ്ടിവരുന്നു. വ്യവസായ യൂനിറ്റുകളോടൊപ്പം ക്രഷെകൾ സ്ഥാപിക്കുന്നത് ഈ ഉൽക്കണ്ഠ ഒഴിവാക്കുന്നതിന് സഹായകരമാണ്.

സാംസ്കാരിക രംഗത്ത് സ്ത്രീകൾ വേണ്ടത്ര കടന്നു വരുന്നില്ല. ഗ്രന്ഥശാലകൾ ഉപയോഗപ്പെടുത്തുന്ന സ്ത്രീകളുടെ എണ്ണം വളരെക്കുറവാണ്. എന്നാൽ വായനാശീലം സ്ത്രീകളിൽ വർദ്ധിച്ചുവരുന്നതായി കാണാം. ആനുകാലിക പ്രസിദ്ധീകരണങ്ങൾ സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നു. മഹിളാ സമാജങ്ങൾ പഞ്ചായത്തിൽ രണ്ടെണ്ണം മാത്രമാണ്. ( കോടിയേരിയിലും മൂഴിക്കരയിലും ) കോടിയേരിയിലെ മഹിളാ സമാജം ആ രംഗത്ത് ഒരു മാതൃകയാണ്. സ്ത്രീകളെ സ്വയം തൊഴിൽ കണ്ടെത്തുന്നതിൽ ഇവിടെയുള്ള പ്രവർത്തകർ സഹായിക്കുന്നു. അമ്പർചർക്കയിൽ നൂൽനൂൽപ്പ് നടത്തുന്ന ഒരു യൂനിറ്റ് അവിടെ പ്രവർത്തിച്ചിരുന്നു. ക്ഷീരോല്പന്ന നിർമ്മാണരംഗത്ത് അവർ പ്രവർത്തിക്കുന്നു. സാക്ഷരതാ പ്രവർത്തനത്തിലുള്ള അവരുടെ പങ്കാളിത്തം ആദരിക്കപ്പെടേണ്ടതാണ്. കലാരംഗത്തും ഈ മഹിളാ സമാജം വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. തിരുവാതിരക്കളി, ഒപ്പന തുടങ്ങിയവ പഞ്ചായത്ത്തല മത്സരങ്ങിങ്ങളിലും മറ്റും സാംസ്കാരിക സ്ഥാപനങ്ങളുടെ പൊതു പരിപാടികളിലും ഇവർ അവതരിപ്പിച്ചിട്ടുണ്ട്. തലശ്ശേരി ബ്ലോക്കിൻെറ 83 നിലവിലുള്ള പ്രസിഡണ്ട് ശ്രീ. എം. ഓമനടീച്ചർ മഹിളാ സമാജത്തിൻെറ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. മൂഴിക്കരയിലെ മഹിളാ സമാജവും സ്ത്രീകളുടെ സാംസ്കാരികോന്നമനത്തിന്ന് നേതൃത്വം നൽകുന്നു.

ഒരു അംഗൻ വാടി മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. 1000 പേർക്ക് ഒരു അംഗൻവാടി എന്ന ലക്ഷ്യം നേടാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ കുറവാണ്. പഞ്ചായത്ത് ഭരണ സമിതിയിൽ 5 സ്ത്രീകൾ ഉണ്ടെന്നുള്ളത് സന്തോഷകരമാണ് ( 45.4% ) തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എം. ഓമനടീച്ചർ, സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു. കെ. കല്ല്യാണി ടീച്ചർ രുഗ്മിണിടീച്ചർ, നാണി ടീച്ചർ എന്നിവർ കോടിയേരിയിലെ ശ്രദ്ധിക്കപ്പെടുന്ന വനിത പ്രതിനിധികളാണ്

**പ്രശ്നങ്ങൾ**

വിദ്യാലയങ്ങൾ, പൊതു സ്ഥലങ്ങൾ ( മാർക്കറ്റ് തുടങ്ങിയവ) എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് മൂത്രപ്പുരകളോ, കക്കൂസുകളോ ഇല്ല

2. സ്ത്രീകൾ കൂടുതലായി ജോലിചെയ്യുന്ന പണിശാലകളോടനുബന്ധിച്ച് ക്രഷെ ഇല്ല.
3. സ്ത്രീകൾക്ക് തൊഴിൽ നേടാൻ സാദ്ധ്യതയുള്ള മേഖലകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നില്ല
4. സ്ത്രീകളുടെ കൂലി പുരുഷൻമാരുടേതിനാക്കാൾ കുറവാണ്
5. വേണ്ടത്ര അംഗൻവാടികളോ മഹിളാ സമാജങ്ങളോ നിലവിലില്ല.
6. തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതുണ്ട്.
7. ആരോഗ്യകേന്ദ്രത്തിൽ ഒരു ഗൈനക്കോളജിസ്റ്റ് ഇല്ല
8. കലാരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്.
9. സ്ത്രീകൾക്ക് തൊഴിൽ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതികൾ വേണ്ടത്രയില്ല.

**സാധ്യതകൾ**

1. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സ്ത്രീകൾക്കായി മൂത്രപ്പുര, കക്കൂസ് എന്നിവ നിർമ്മിക്കൽ
2. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് വേണ്ടി മൂത്രപ്പുര സ്ഥാപിക്കൽ
3. തൊഴിൽ ശാലകളോടൊപ്പം ക്രഷെ സ്ഥാപിക്കൽ
4. തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള ബോധവൽക്കരണം
5. തുല്യവേതനം നടപ്പിലാക്കൽ
6. അംഗൻവാടികളും കൂടുതൽ മഹിളാ സമാഹങ്ങളും സ്ഥാപിക്കുന്നതിന് നേതൃത്വം നൽകൽ
7. ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമൊരുക്കൽ ഒരു ഗൈനക്കോളജിസ്റ്റിനെ ആരോഗ്യ കേന്ദ്രത്തിൽ നിയമിക്കൽ.
8. കലാകായികരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ
9. എസ്. എസ്. എൽ. സി. ക്ക് പഠിക്കുന്ന പെൺകുട്ടികൾക്ക് സൗജന്യമായി ട്യൂഷൻ നൽകുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കൽ
10. മഹിളാ സമാജങ്ങൾ, അംഗൻവാടികൾ എന്നിവയോടൊപ്പം വായനാകോർണർ ഏർപ്പെടുത്തൽ
11. സ്ത്രീകൾക്ക് വേണ്ടിയുള്ള തൊഴിൽ സംരംഭങ്ങൾ ഒരുക്കൽ
12. അടുക്കളയിൽ പുകശല്യം നിയന്ത്രിക്കുന്ന ഇന്ധനക്ഷമതയുള്ള അടുപ്പുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ.

# സഹകരണം

കോടിയേരി സർവീസ് സഹകരണ ബേങ്ക്, പുന്നോൽ സർവീസ് സഹകരണ ബേങ്കിൻെറ പ്രവർത്തനപരിധിയുടെ ഒരു ഭാഗം, കോടിയേരി വനിതാ സഹകരണ സംഘം, കൈത്തറി വ്യവസായ സഹകരണ സംഘം എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന സഹകരണ സ്ഥാപനങ്ങൾ. സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പറേറ്റീവ് കൊസൈറ്റി, സെറികൾച്ചറൽ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

കോടിയേരി സർവീസ് സഹകരണ ബേങ്ക് - ക്ലിപ്തം

കോടിയേരി പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനമാണ് കോടിയേരി സർവീസ് സഹകരണ ബേങ്ക്. .. ഇടത്തട്ടുകാരുടെയ ചൂഷണത്തിൽ നിന്ന് കർഷകരെ രക്ഷിക്കുന്നതിനും അതോടൊപ്പം അവരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയും ചമ്പാല കുമാരൻ മാസ്റ്റർ, ഓണിയൻ കുഞ്ഞിരാമൻ മാസ്റ്റർ, എം. വി. കുമാരൻ മാസ്റ്റർ, ചക്കരയൻ കൃഷ്ണൻ, വാഴയിൽ ഗോപാലൻ എന്നിവരുടെ നേതൃത്വത്തിൽ രൂപം നൽകിയ കോടിയേരി ഐക്യനാണയ സംഘം. 1950 ഏപ്രിൽ 10 ന് രജിസ്റ്റർ ചെയ്ത ഈ സംഘം 1950 സപ്തംബർ 10 ന് പ്രവർത്തനം ആരംഭിച്ചു. ഓണിയൻ കുഞ്ഞിരാമൻ മാസ്റ്ററായിരുന്നു സ്ഥാപകപ്രസിഡണ്ട്. 1978 ൽ ഈ സ്ഥാപനം ബേങ്കായി ഉയർത്തപ്പെട്ടു. ഇന്ന് 4815 'എ' ക്ലാസ് അംഗങ്ങളടക്കം 13835 മെമ്പർമാരും 5 കോടി 90 ലക്ഷം രൂപ പ്രവർത്തന മൂലധനവുമുള്ള വലിയ ധനകാര്യ സ്ഥാപനമാണിത്. വിവിധ നിക്ഷേപങ്ങളിലായി 5 കോടി 20 ലക്ഷം രൂപയുണ്ട്. 7 കോടി 61 ലക്ഷം രൂപ ഈ വർഷം വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. നില്പു വായ്പ 5 കോടി 60 ലക്ഷം രൂപയാണ്. ബേങ്കിന് മൂഴിക്കര, വയലളം, എന്നിവിടങ്ങളിൽ സാധാരണ ശാഖയും മാടപ്പീടികയിൽ ഒരു സായാഹ്ന ശാഖയും നിലവിലുണ്ട്.

| | 1980 | 1990 | 1996 |
|---|---|---|---|
| അംഗങ്ങൾ | 3715 | 9916 | 13835 |
| മെമ്പർമാരിൽ നിന്ന് പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 30899 | 283344 | 707966 |

പ്രവർത്തന മൂലധനവും
നിക്ഷേപങ്ങളും നില്പു വായ്പയും

| | 1980 | 1990 | 1996 |
|---|---|---|---|
| നിക്ഷേപം | 894422 | 13500130 | 5 കോടി 20 ലക്ഷം |
| വായ്പകൾ | 1117244 | 13785882 | 5 കോടി 60 ലക്ഷം |
| പ്രവർത്തന മൂലധനം | 1255286 | 15611779 | 5 കോടി 90 ലക്ഷം |

## പുന്നോൽ സർവീസ് സഹകരണ ബേങ്ക് ക്ലിപ്തം

കോടിയേരി പഞ്ചായത്തിൻെറ ഒരു ഭാഗം പുന്നോൽ സർവീസ് സഹകരണ ബേങ്കിൻെറ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നുണ്ട്. ബേങ്കിൻെറ പാറാൽ ശാഖയിൽ 6949000 രൂപ നിക്ഷേപവും 90,29000 രൂപ പണ്ടപ്പണയ വായ്പയും നിലവിലുണ്ട്.

കോടിയേരി സർവീസ് സഹകരണ ബേങ്ക്, പുന്നോൽ സർവീസ് സഹകരണ ബേങ്ക്, ഇവ പ്രാഥമിക കാർഷിക മേഖലയിൽ നടത്തിയ പ്രവർത്തനം വിലയിരുത്തുമ്പോൾ രിശാജനകമായ വസ്തുതകളാണ് വെളിവാകുന്നത്. 95-96 സാമ്പത്തിക വർഷത്തിൽ കോടിയേരി സർവീസ് സഹകരണ ബേങ്ക് വിളവു വായ്പ യിനത്തിൽ 150900 രൂപയും ആട്, പശു, ആല നിർമ്മാണം എന്നിവയ്ക്കായി 55893 രൂപയും പമ്പ് സെറ്റ് സ്ഥാപിക്കൽ,കിണർ കുഴിക്കൽ എന്നീ ആവശ്യങ്ങൾക്ക്250100 രൂപയും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത്മൊത്തം പ്രവർത്തന മൂലധനത്തിൻെറ 0.77% മാത്രമാണ്. പണ്ടപ്പണയ വായ്പയിലാണ് ബേങ്കിൻെറ 80% ഫണ്ടും വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. 

കൃഷിക്കാർക്ക് ഉപയുക്തമായ കുറേയധികം പദ്ധതികൾ പ്രാഥമിക കാർഷിക ബേങ്കുകൾ വഴി നടപ്പിലാക്കേണ്ടതുണ്ട്. അതിന് ചില സാങ്കേതിക തടസ്സങ്ങൾ മാറ്റിയെടുക്കേണ്ടത് അത്യാവശ്യമാണ്.

1. ഇതര സംസ്ഥാനങ്ങളിലുള്ള പോലെ കൂടുതൽ കൃഷിഭൂമി കൈവശമുള്ളവരല്ല കേരളത്തിലെ കൃഷിക്കാർ, അത്കൊണ്ട് ചെറിയ സ്ഥലം കൈവശമുള്ളവർക്കും കാർഷിക ആവശ്യത്തിന് കിണർ കുഴിക്കാനും പമ്പ് സെറ്റ് വെക്കാനും വായ്പ ലഭ്യമാക്കണം. അതിനാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കണം.കാർഷിക ആവശ്യത്തിനുതന്നെ അത് ഉപയോഗപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം.

2. കൃഷിഭവൻെറ സഹായത്തോടെ ചെറുകിട കൃഷിക്കാരെ ഏകോപിപ്പിച്ച് ' ഗ്രൂപ്പ് ഫാമിംഗ്'' നടത്തുകയും നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ നേതൃത്വപരമായ പങ്ക്വഹിക്കൽ സാധിക്കുയും വേണം. അതിനാവശ്യമായ പദ്ധതികൾ നടപ്പിൽ വരുത്തണം.

3. അടുക്കളത്തോട്ടം വച്ചുപിടിപപിക്കുന്നതിന്, കൃഷിഭവൻ മുഖാന്തിരം വിത്തുകൾ വിതരണം ചെയ്യുന്ന ഘട്ടത്തിൽ തന്നെ അത് കൃഷി ചെയ്യുവാനാവശ്യമായ ചിലവ് കാലതാമസമില്ലാതെ മെമ്പർമാർക്ക് ലഭ്യമാക്കാനുള്ള വായ്പാ സംവിധാനമുണ്ടാക്കണം.4. പൗൾട്രി യൂണിറ്റ്, ഡയറി യൂണിറ്റ് ഇവ പ്രോത്സാഹിപ്പിക്കുന്നതിന് അംഗങ്ങൾക്ക് യഥാസമയം വായ്പാ സൗകര്യം ഉണ്ടാക്കുകയും കൃത്യമായി നടക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

കാർഷികേതര വായ്പാ സംവിധാനത്തിനും ബേങ്കിൻെറ ശ്രദ്ധ കാര്യക്ഷമമാക്കേണ്ടതുണ്ട്. ബ്ലേഡ് കമ്പനികൾ നമ്മുടെ പഞ്ചായത്തിലും വ്യാപകമായി വളർന്നുവരികയാണ്. ചെറുകിട കച്ചവടക്കരാണ് മിക്കവാറും ഇവരുടെ ബലിയാടുകളായി മാറുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക്വഹിക്കാൻ കഴിയും.

1. ചെറുകിട കച്ചവടർക്കാക്ക് ക്യേഷ് ക്രെഡിറ്റ് സൗകര്യം ഉണ്ടാക്കണം
2. വായ്പാ അപേക്ഷയിൽ കാല താമസം ഇല്ലാതെ തീരുമാനം എടുക്കുകയും അനുവദിക്കുകയും ചെയ്യണം.

പട്ടിക.3

| | വിതരണം ചെയ്ത വായ്പകൾ | | അനുപാതം |
|---|---|---|---|
| | കാർഷികേതരം | കാർഷികം | |
| 1990 | 1481658 | 356172 | 24.03 |
| 1996 | 75707310 | 156893 | 0.60 |

**കോടിയേരി വനതാ സഹകരണ സംഘം**

29.1.93ൽ പ്രവർത്തനമാരംഭിച്ച് കോടിയേരി വനിതാ സഹകരണ സംഘം ഇന്ന് 385 ' എ' ക്ലാസ്സ് ഓഹരി യടക്കം 497 അംഗങ്ങളിൽ നിന്ന് 149239 രൂപ ഓഹരി മൂലധനമായി സമാഹരിച്ചിട്ടുണ്ട്. 2485006 രൂപ നിക്ഷേമുള്ള ഈ സ്ഥാപനത്തിൽ

2475542 രൂപ നില്പു വായ്പയുണ്ട്. ഇതിൽ 216829 രൂപ സ്വർണ്ണപ്പണ്ടപ്പണയമാണ്. കുറച്ചു കാലത്തിനിടയിൽ ഈ പ്രവർത്തനം നടത്തിയ വനിതാ സഹകരണ സംഘവും അവരുടെ ഉദ്ദേശ്യ ലക്ഷ്യവും വിസ്മരിക്കപ്പെടുന്നു എനന്ന പറയാതെ വയ്യ. വനിതകളുടെ ക്ഷേമത്തിനു വേണ്ടി രൂപീകരിക്കപ്പെട്ട ഈ സ്ഥാപനം വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഇതുവരെ ഒരു വായ്പയും നൽകിയിട്ടില്ല എന്ന് അറിയുമ്പോഴാണ് അതിൻെറ ഗൗരവം വെളിവാകുന്നത്.അതിനാൽ

1. സാമൂഹ്യ ക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ ( ഉദാ: V.E.O) , DWCRA യൂണിറ്റ് ആരംഭിക്കുകയും തൊഴിൽ സംരംഭം സൃഷ്ടിക്കുകയും വേണം. അതിനാവശ്യമായ വായ്പാ പദ്ധതികൾ ആവിഷ്കരിക്കണം.

2. സാങ്കേതിക വൈദഗ്ദ്യമുള്ള സ്ത്രീകൾക്ക് സ്വന്തമായി തൊഴിൽ സ്ഥാപനം ആരംഭിക്കുന്നതിന് ആവശ്യമായ ധനസഹായം കാലവിളംബമില്ലാതെ ലഭ്യമാക്കാൻ ശ്രദ്ധിക്കണം.

**കൈത്തറി വ്യവസായ സഹകരണ സംഘം**

കോടിയേരി കൈത്തറി വ്യവസായ സഹകരണ സംഘം പ്രധാനമായും കാരാൽത്തെരു, വാമന പുതിയ തെരു എന്നിവിടങ്ങളിലെ കൈത്തറി തൊഴിലാളികൾ നേതൃത്വം നൽകി രൂപീകരിച്ചതാണ്

1971 ൽ സ്ഥാപിച്ച ഈ സംഘത്തിൽ ഇന്ന് 168 അംഗങ്ങളിൽ നിന്നും 92175 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനമുണ്ട്. 187000 രൂപ സർക്കാർ ഓഹരി സ്ഥാപനത്തിന് കിട്ടിയിട്ടുണ്ട്. 168 പേരുടെ അംഗബലമുണ്ടെങ്കിലും ഇന്ന് സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർ വളരെ വിരളമാണ്. 26 അംഗങ്ങൾ സ്ഥാപനത്തിൽ വെച്ചും 25 ഓളം പേർ അതിനനുബന്ധമായി പുറത്തും ജോലി ചെയ്യുന്നു. കഴിഞ്ഞ വർഷം 8 ലക്ഷം രൂപയുടെ തുണി ഇവിടെ ഉല്പാദിപ്പിച്ചിട്ടുമുണ്ട്. വർഷാരംഭത്തിലുണ്ടായിരുന്ന 178000 രൂപയ്ക്കുള്ള സ്റ്റോക്ക് തുണിയടക്കം 938000 രൂപയുടെ തുണി ഈ വർഷം സൊസൈറ്റിയിൽ നിന്നും വില്പന നടത്തിയിട്ടുണ്ട്. 19 തറി ഈ സ്ഥാപനത്തിന് സ്വന്തമായുണ്ടെങ്കിലും അത് പൂർണ്ണമായും പ്രവർത്തിപ്പിക്കാൻ പലപ്പോഴും കഴിയുന്നില്ല. പരമ്പരാഗത തൊഴിലിലേക്ക് ആളുകൾ കടന്നവരാത്തതാണ്പ്രധാന കാരണം. ഉള്ളവർ തന്നെ സൊസൈററിയിൽ ജോലി ചെയ്യുവാനോ മെമ്പർമാരായി ചേരുന്നതിനോ താല്പര്യം കാണിക്കുന്നില്ല എന്നതും വസ്തുതയാണ്.പരമ്പരാഗത വ്യവസായം എന്ന നിലയിൽ കൈത്തറി മേഖലയെ സംരക്ഷിച്ച് നിർത്താൻ ഈ സ്ഥാപനത്തെയും കാലത്തിനനുസരിച്ച് പരിഷ്കരിക്കേണ്ടതുണ്ട്. കൈത്തറി മേഖലയിൽ നിന്നും തൊഴിലാളികൾ വിട്ടുനിൽക്കുന്നതിന് കുറെയധികം കാരണങ്ങളുണ്ട്.

1. ആഴ്ചയിൽ ശരാശരി 200 രൂപയിൽ താഴെ മാത്രമേ ഒരു കൈത്തറി തൊഴിലാളിക്ക് കൂലിയായി ലഭിക്കാറുള്ളൂ. ഇത് മറ്റു മേഖലയെ അപേക്ഷിച്ച് വളരെ തുച്ഛമാണ്.

2. സ്വകാര്യ മേഖലയുമായി മത്സരിച്ച് ഉൽപാദന ചിലവ് കുറക്കുവാൻ കൈത്തറി സഹകരണ സംഘത്തിന് സാധ്യമല്ല.

3. പുതിയ തലമുറ പരമ്പരാഗത തൊഴിൽ പരിശീലിക്കുന്നതിന് താല്പര്യം കാണിക്കുന്നില്ല. ഈ പ്രശ്നങ്ങളെ അതിജീവിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ കൈത്തറി സഹകരണ സംഘത്തെയും അതോടൊപ്പം കൈത്തറി മേഖലയെയും സംരക്ഷിച്ച് നിർത്താൻ നമുക്ക് സാധിക്കൂ. അതിന്

1 പുതിയ ഫർണിഷിംഗ് ഐറ്റംതുണികൾ നെയ്യുന്നതിന് തൊഴിലാളികളെ പ്രാപ്തരാക്കണം.

2. ഖാദി മേഖലയിലും ബ്ലോക്ക് അടിസ്ഥാനത്തിൽ സാങ്കേതിക വൈദഗ്ദ്യം തൊഴിലാളികൾക്ക് നൽകുന്നതിന് സംവിധാനമുണ്ടാക്കണം.

3. പരമ്പരാഗത മാർഗ്ഗം ഉപയോഗിച്ച് പണിയെടുപ്പിക്കുന്നതിന് പുറമേ അത്യാധുനിക സംവിധാനം സർക്കാർ തലത്തിൽ തന്നെ നൽകുന്നതിന് നടപടി കൈക്കൊള്ളണം.

**സെറി കൾച്ചറൽ സൊസൈറ്റി**

നമ്മുടെ പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ പട്ടുനൂൽപ്പുഴു ഉൽപ്പാദനത്തിന് വളരെയധികം സാധ്യതകളുണ്ട്. 1991 ൽ പ്രവർത്തനം ആരംഭിച്ച പട്ടുനൂൽപ്പുഴു ഉൽപ്പാദക സഹകരണ സംഘം ഇന്ന് പൂർണ്ണമായും നിർജ്ജീവാവസ്ഥയിലാണ്. പ്രസ്തുത സൊസൈറ്റി പുനരുജ്ജീവിപ്പിക്കയും വേണ്ടത്ര പ്രചാരണം നടത്തുകയും ചെയ്താൽ വിജയിപ്പിച്ചെടുക്കാവുന്ന ഒരു സംരംഭമാണ്. ഇന്ന് പുന്നോൽ പ്രദേശത്ത് ഒരാൾ പട്ടുനൂൽപ്പുഴു കൃഷി നടത്തുന്നുണ്ട്. ഇത് പറയുമ്പോൾ തന്നെ കർഷകന് ന്യായമായ വില കിട്ടുന്നതിന് സൊസൈറ്റി ശ്രദ്ധ പതിപ്പിക്കുകയും

ചെയ്യേണ്ടിയിരിക്കുന്നു.മെമ്പർമാർ വെറും 10 മാത്രമാണ് ഇന്നുള്ളത്.

**സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

പുസ്തകങ്ങളും പഠനോപകരണങ്ങളും ന്യായമായ വിലക്ക് യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് സ്കൂളുകൾ ചേർന്ന് രൂപം നൽകുന്ന സംഘമാണ് സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. ഓണിയൻ ഹൈസ്കൂൾ, അനന്തോത്ത് എൽ. പി. സ്കൂൾ, സൗത്ത് വയലളം, യു. പി. സ്കൂൾ എന്നിവിടങ്ങളിലാണ് സംഘം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കാര്യക്ഷമമായ പ്രവർത്തനം നടത്തിയാൽ മാത്രമേ ഇത്തരം സ്ഥാപനങ്ങളുടെ ഉദ്ദേശ്യലക്ഷ്യം സാധ്യമാകൂ. ബോർഡ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**കോടിയേരി സഹകരണ കൺസ്യൂമർ സ്റ്റോർ** 

രൂപീകരണവും പതനവും ഒന്നിച്ചു നടന്ന ഒരു സ്ഥാപനമാണിത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വളരെ അത്യാവശ്യമാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനും അതോടൊപ്പം ന്യായമായ വിലക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും ഇത്തരം സംഘങ്ങൾക്ക് ഒട്ടേറെ ചെയ്യാൻ കഴിയും. സിവിൽ സപ്ലൈസ് മുഖാന്തിരം വില്പന നടത്തുന്ന സാധനങ്ങൾ ഇത്തരം കൺസ്യൂമർ സ്റ്റോർ വഴി വിതരണം ചെയ്യാവുന്നതാണ്. പക്ഷേ പലപ്പോഴും ഇതൊന്നും നടക്കാറില്ലെന്നതാണ് വാസ്തവം. സർക്കാർ തലത്തിൽ തന്നെ ശ്രദ്ധ പതിപ്പിച്ചാൽ മാത്രമേ ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളൂ.

പൊതുമാർക്കറ്റിൽ നിന്നും സാധനങ്ങൾ വാങ്ങി വിൽപ്പന നടത്തുകയാണ് ഇത്തരം ഉപഭോക്തൃ സഹകരണ സംഘങ്ങൾ ചെയ്യുന്നത്. സ്വകാര്യ കച്ചവടസ്ഥാപനങ്ങളുമായി മത്സരിച്ച് പരാജയപ്പെടുകയാണ് അതിൻെറ പരിണിത ഫലം. ഇത് പറയുമ്പോൾ തന്നെ കോടിയേരി സർവീസ് സഹകരണ ബേങ്കിൻെറ നേതൃത്വത്തിൽ നടക്കുന്ന കൺസ്യൂമർ സ്റ്റോർ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നു പറയാതെ വയ്യ. നല്ല രീതിയിൽ പ്രവർത്തിക്കുന്നകൺസ്യൂമർ സ്റ്റോറിന് ഉദാഹരണമാണ് 12 ലക്ഷത്തോളം ടേൺഓവറുള്ളതാണ് പ്രസ്തുത കൺസ്യൂമർ സ്റ്റോർ

**സഹകരണ സംഘം രൂപീകരിക്കേണ്ടതിൻെറ ആവശ്യകത**

ഏകദേശം 5300 ഓളം വീടുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. വീടുകളിലെ അത്യാവശ്യ സാധനങ്ങളുടെ പട്ടികയിലാണ് പാൽ. തലശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം മൂഴിക്കര, കോപ്പാലം, ഈങ്ങയിൽപീടിക, ഇടയിൽപീടിക, മാടപ്പീടിക, പാറാൽ, പുന്നോൽ എന്നീ കേന്ദ്രങ്ങളിൽ നിന്നും പാൽ ശേഖരിച്ച് വില്പന നടത്തുന്നുണ്ട്. 1110 ലിറ്റർ പാൽ ഒരു ദിവസം ശേഖരിക്കുന്നുണ്ടെങ്കിലും 575 ലിറ്റർ മാത്രമേ നമ്മുടെ പഞ്ചായത്തിനകത്ത് വില്പന നടക്കുന്നുള്ളൂ. ശരാശരി 300 ലിറ്റർ പാലെങ്കിലും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിന് ഉപയോഗിക്കേണ്ടതുണ്ട്.ക്ഷീരോല്പാദകക സഹകരണ സംഘം വഴി വിതരണം ചെയ്യുന്ന 575 ലിറ്റർ പാൽ കഴിച്ച് ബാക്കി ആവശ്യങ്ങൾ നിർവഹിക്കപ്പെടുന്നത് പാൽപ്പൊടി ഉപയോഗിച്ചും മിൽമയുടെ പാക്കറ്റ് പാൽ ഉപയോഗിച്ചുമാണ്. പ്രധാന റോഡുകൾ വഴി മാത്രമേ സൊസൈറ്റി പാൽ വിതരണം നടത്താറുള്ളൂ.

ഈ വസ്തുതയുടെവെളിച്ചത്തിൽ പാൽ ഉല്പാദനത്തിനും വിതരണത്തിനും ഊന്നൽ നൽകേണ്ടത് പഞ്ചായത്തിൻെറ സ്വയം പര്യാപ്തതക്ക് അത്യാവശ്യമാണ്. അത് കൊണ്ട് കോടിയേരി പഞ്ചായത്ത് പ്രവർത്തന മേഖലയാക്കി ഒരു ക്ഷീരോല്പാദക സഹകരണ സംഘത്തിന് രൂപം നൽകാൻ വേണ്ട പ്രവർത്തനം നടത്തേണ്ടതാണ്.

**ഭവന നിർമ്മാണ സഹകരണ സംഘം**

തലശ്ശേരി ബിൽഡിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് തലശ്ശേരി മുനിസിപ്പാലിറ്റിയും സമീപ പ്രദേശത്തെ പഞ്ചായത്തുകളിലും ആവശ്യമായ ഭവന നിർമ്മാണവായ്പ നൽകുന്നത്. ചില സ്ഥലങ്ങളിൽ ജില്ലാ സഹകരണ ബേങ്കും ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ട്. യഥാർത്ഥ ഉപഭോക്താക്കളുടെ എണ്ണം പരിശോധിച്ചാൽ ഇത് തുലോം പരിമിതമാണ്. അതിനാൽ പഞ്ചായത്തിലെ ഭവന നിർമ്മാണവായ്പാ സൗകര്യം വിപുലപ്പെടുത്തുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കാവുന്ന ഒരു ഭവന നിർമ്മാണവായ്പ് സഹകരണ സംഘം രൂപീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

53

# പട്ടിക ജാതി/പട്ടിക വർഗ്ഗം



1996 ൽ നടത്തിയ സർവ്വേയുടെ കണക്കുകളനുസരിച്ചു കോടിയേരിയിൽ 62 കുടുംബങ്ങളിലായി 346 പട്ടികജാതി അംഗങ്ങളുണ്ട്. ആകെ ജനസംഖ്യയുടെ 1.5% വരും. അവരിൽ ഭൂരിഭാഗവും ഒന്ന്, നാല്, എട്ട്, വാർഡുകളിലാണ് താമസം. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പു ഇവർ 100% വും പതിതരായിരുന്നു. മഹാത്മാഗാന്ധിജിയുടെ ഹരിജനോദ്ധരണ പ്രവർത്തന ഫലമായും, ശ്രീനാരായണ ഗുരുസ്വാമികളുടെ ആത്മീയ പ്രചോദനത്താലും ഈ വിഭാഗം വളരെ സാവധാനത്തിലാണ് സാമൂഹ്യ ഉൽക്കർഷം പ്രാപിച്ചത്. ആശാൻ പാടിയതുപോലെ' തൊട്ടുകൂടാത്തവർ, തീണ്ടികൂടാത്തവർ ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളവർ' ആയിരുന്നു ഈ പ്രദേശത്തെ പട്ടികജാതിക്കാർ . എന്നാൽ ഇന്നു മറ്റുള്ളവരിൽ നിന്ന് തിരിച്ചറിയാൻ കഴിയാത്ത വണ്ണം ഇവർ സാമൂഹ്യ- സാമ്പത്തിക സംസ്കാര രംഗങ്ങളഇൽ മുന്നേറിയിട്ടുണ്ട്. ശ്രീനാരായണ ഗുരു സ്വാമികളാൽ സ്ഥാപിതമായ ശ്രീ ജഗന്നാഥക്ഷേത്രത്തിൽ പോലും ഇവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു.

എന്നാൽ ഉൽപതിഷ്ണുക്കളായ മറ്റു സമുദായാംഗങ്ങളുടെ നേതൃത്വത്തിൽ ഇവർ സംഘടിക്കുകയും ആരാധനാസ്വാതന്ത്ര്യവും സഞ്ചാര സ്വാതന്ത്ര്യവും വിദ്യാഭ്യാസ സൗകര്യങ്ങളും നേടിയെടുക്കുകയും ചെയ്തു. ചില കുടുംബങ്ങളിൽ ഡോക്ടർമാർ, ബാങ്ക് ഉദ്യോഗസ്ഥൻമാർ, അദ്ധ്യാപകർ, പോസ്റ്റ് മാസ്ററർ തുടങ്ങി പല ഉന്നത ഉദ്യോഗങ്ങളിലും കോടിയേരിയിലെ പട്ടികജാതിക്കാർ ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ അങ്ങിനെ ഉയർന്നു വന്ന സമുദായാംഗങ്ങൾ താഴത്തു പാഴ്ചേറിൽകിടക്കുന്നവരെ ഉയർത്താൻ ശ്രമിക്കാതെ നഗരങ്ങളിൽ ചേക്കേറിയിരിക്കയാണ്. ശ്രീനാരായണ ഗുരുവിൻെറയും ഗാന്ധിജിയുടെയും ചൈതന്യം മറ്റു സമുദായങ്ങളോടൊപ്പം താമസിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്. ഈ സങ്കലനമാണ് കോടിയേരിയിലെ പട്ടികജാതിക്കാരെ സാമ്പത്തികമായി ഉയർത്തിയ പ്രധാന ഘടകം. വിവാഹം, മരണാനന്തര ക്രിയകൾ, ഉത്സവങ്ങൾ തിറ ഉത്സവങ്ങൾ എന്നിവയെല്ലാം കോടിയേരിയിലെ മറ്റു ജനവിഭാഗങ്ങളൊപ്പം പട്ടികജാതിക്കാരും വിലക്കുകളില്ലാതെ ഇടപഴകുന്നു. ഇവരുടേതായ കാവുകളിൽ ( ഉദാ: കാരയിൽ ഭഗവതി തിറ ഉത്സവത്തിന് മറ്റു ജനവിഭാഗങ്ങളുടെ അടിയറ ഘോഷയാത്ര സംഘടിപ്പിക്കാറുണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസ രംഗത്തെ ചില കണക്കുകൾ ശ്രദ്ധിക്കാം.

പട്ടിക 1

| മൊത്തം വിദ്യാർത്ഥികൾ | ആൺ | പെൺ | ആകെ |
|---|---|---|---|
| മറ്റു പിന്നോക്ക വിഭാഗത്തിൽ പെട്ടത് | 1654 | 1469 | 3123 |
| പട്ടികജാതി | 54 | 43 | 97 |

| തോറ്റു പഠിക്കുന്നവർ | ആൺ | പെൺ | ആകെ |
|---|---|---|---|
| മറ്റു വിഭാഗങ്ങൾ | 123 | 84 | 207 |
| പട്ടികജാതി | 7 | 4 | 11 |

പട്ടിക 3

| ഇടയ്ക്കു പഠനം നിർത്തിയവർ | ആൺ | പെൺ | ആകെ |
|---|---|---|---|
| മറ്റു വിഭാഗങ്ങൾ | 18 | 4 | 22 |
| പട്ടികജാതി | - | - | - |



പട്ടിക 4

| | ആൺ | പെൺ | ആകെ |
|---|---|---|---|
| എൽ. പി | 14 | 17 | 31 |
| യു. പി | 23 | 9 | 32 |
| എച്ച്. എസ് | 17 | 17 | 34 |

ഈ പട്ടികളിൽ നിന്നു പഠന നിലവാരത്തിൽ പട്ടികജാതി വിദ്യാർത്ഥികളിൽ മറ്റുള്ളവരോടൊപ്പം നിൽക്കുന്നു എന്നു കാണാമെങ്കിലും തോറ്റുപഠിക്കുന്ന വിദ്യാർത്ഥികളുടെ ശതമാന നിരക്ക് മറ്റുള്ളവരിൽ നിന്നും അല്പം ഉയർന്നുനിൽക്കുന്നതായി കാണാം. ഈ പഞ്ചായത്തിൽ 9 ഹരിജനങ്ങൾ മാത്രമേ നിരക്ഷരരായിട്ടുള്ളൂ.

കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ എട്ടാം വാർഡിലെ മമ്പള്ളിക്കുന്നിലെ ഹരിജൻ കോളനിയിൽ വേണ്ട വിധത്തിൽ ഉപയോഗിക്കാൻ കഴിയാതെ കിടക്കുകയാണ്. ഗവർമ്മെണ്ട് ധനസഹായം മാത്രമുപയോഗിച്ചു പണി പൂർത്തിയാക്കാൻ ആവാതെ കിടക്കുകയാണ്. അവ ഉപയോഗിക്കാൻ കഴിയുന്നില്ല. പതിനാലു വീടുകൾക്ക് പ്രാഥമിക സൗകര്യങ്ങളും ഫ്ളഷ് ഔട്ട് കക്കൂസുകളുമില്ല. ഐ. ആർ. ഡി. പി. കണക്കനുസരിച്ചു 20 മുതൽ 30 വരെ ശതമാനം കുടുംബങ്ങൾക്ക് പല ആനുകൂല്യങ്ങളും കിട്ടിയിട്ടില്ല. ആനുകൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞതയും, ആനുകൂല്യങ്ങൾ കൊടുക്കുന്ന ഏജൻസികൾ അവരെ ബോധവാന്മാരാക്കാത്തതുമാണിതിൻെറ കാരണം. പട്ടികജാതിക്കാരെ അവരുടെ അവകാശങ്ങളെക്കുറിച്ചു ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു.

കൂലിപ്പണി, ബീഡിപ്പണി, കന്നുകാലിവളർത്തൽ, മീൻകച്ചവടം, പായ നിർമ്മാണം എന്നീ ജോലികളിലാണ് കൂടുതൽ പേരും ഏർപ്പെട്ടുകാണുന്നത്. ഗവർമ്മേണ്ട്, അർദ്ധഗവർമ്മേണ്ട്, സ്വകാര്യമേഖല എന്നിവിടങ്ങളിൽ ഇവിടുത്തെ ധാരാളം ഹരിജനങ്ങൾ ജോലി ചെയ്യുന്നുണ്ട്. വീടില്ലാത്ത രണ്ട് കുടുംബങ്ങൾ ഇവിടെയുണ്ടെങ്കിലും അവരും വീടുണ്ടാക്കാൻ സ്ഥലമുമുള്ളവരാണ് എന്ന കാര്യം ശ്രദ്ധേയമാണ്. അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത, പട്ടിണി, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, തൊഴിൽപരമായ പിന്നോക്കാവസ്ഥ, അന്ധവിശ്വാസങ്ങൾ കാരണമുള്ള പ്രശ്നങ്ങൾ, സാമൂഹ്യ ഉച്ചനീചത്വങ്ങൾ, ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന അവസ്ഥ എന്നിങ്ങനെ പട്ടികജാതി/പട്ടികവർഗ്ഗം നേരിടുന്ന പൊതു പ്രശ്നങ്ങൾ. കോടിയേരിയിലെ പട്ടികജാതിക്കാർ മാത്രമായി നേരിടുന്നില്ല എന്നു ഗ്രാമറിപ്പോർട്ടിൽ നിന്നും ദ്വിതീയ വിഭവശേഖരണത്തിൽ നിന്നും അനുമാനിക്കാവുന്നതാണ്. കോടിയേരി പഞ്ചായത്തിൽ പട്ടികവർഗ്ഗക്കാതർ ആരും തന്നെ ഇല്ല. എന്നാലും 1988 ൽ തയ്യാറാക്കിയ രേഖ( Guide lines for special component for scheduled castes) പ്രകാരമുള്ള തുക പട്ടികജാതിക്കാർക്കും ജനസംഖ്യാനുപാതികമായി വികസനത്തിന്നുവേണ്ടി പഞ്ചായത്ത് നീക്കിവെക്കേണ്ടതാണ്. അവകാശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും പഞ്ചായത്ത് തുടരേണ്ടതാണ്.

# വിഭവ സമാഹരണം



**കോടിയേരി** പഞ്ചായത്തിൻെറ ആകെ നികുതി വരുമാനം 7,78,783 രൂപ മാത്രമാണ്. നേരത്തെ പഞ്ചായത്ത് നിലവിൽ വന്ന കാലത്തെ അപേക്ഷിച്ച് പഞ്ചായത്തിന് ഇപ്പോൾ വിസ്തീർണ്ണം കുറവാണ്. താരതമ്യേന വികസനം പ്രാപിച്ച ചില പ്രദേശങ്ങൾ ന്യൂമാഹി പഞ്ചായത്തിൻെറ രൂപീകരണത്തിന്ന് ശേഷം പഞ്ചായത്തിൽ നിന്നും വിട്ടുപോകുകയുണ്ടായി. ഇപ്പോൾ ഈ പഞ്ചായത്തിൽ വാണിജ്യപ്രധാനമായ സ്ഥലങ്ങളും വ്യവസായങ്ങളും കുറവാണെന്ന്പറയാം. തലശ്ശേരി നഗരത്തിൻെറ സാമീപ്യവും ജനസാന്ദ്രതയേറിയതിനാൽ സ്ഥല ലഭ്യതക്കുറവും മറ്റും വാണിജ്യപരവും വ്യാവസായികവുമായ വളർച്ചയെ പരിമിതപ്പെടുത്തുന്നു.അക്കാരണങ്ങളാൽതന്നെ വിഭവ സ്രോതസ്സ് വികസിപ്പിക്കുന്നതിനും പ്രയാസങ്ങളുണ്ട്.ഗ്രാമപഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗം കെട്ടിട നികുതി, തൊഴിൽ നികുതി, കെട്ടിട നിർമ്മാണ ലൈസൻസ്ഫീ, വിനോദനികുതി,ലൈസൻസ്ഫീ എന്നിവയാണ്. വസ്തു കൈമാറ നികുതി ബേസിക്ക് ടേക്സ് എന്നിവയും മറ്റ് ഗവർമ്മേണ്ട് ഗ്രാൻറുകളുമാണ് വരുമാനത്തിൻെറ മറ്റ് സ്രോതസ്സുകൾ. പുറം പോക്കു ഭൂമി, പുഴയോരം, മറ്റ് ലേലങ്ങൾ എന്നിവയിൽ നിന്നും ഈ പഞ്ചായത്തിന്ന് യാതൊരുവരുമാനവും ലഭിച്ചുവരുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ആകെ 5443 കെട്ടിടങ്ങൾ നിലവിൽ ഉണ്ടെങ്കിലും നികുതി ചുമത്താവുന്ന ആകെ കെട്ടിടങ്ങൾ 4785 മാത്രമാണ്. തൊഴിൽ നികുതി ഈടാക്കാവുന്ന ഉദ്യോഗസ്ഥന്മാർ ജോലിചെയ്യുന്ന ആകെ 35 സ്ഥാപനങ്ങൾമാത്രമാണ്. ഈ പഞ്ചായത്തിൽ ഉള്ളത്. മറ്റുപഞ്ചായത്തുകളെ അപേക്ഷിച്ച് ഇത് തുലോം കുറവാണ്. കച്ചവടക്കാരിൽനിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി ഇവ പിരിക്കുന്നുണ്ട്. കൂടാതെ വിനോദനികുതിയും ലഭിക്കുന്നുണ്ട്.വരുമാനം സംബന്ധിച്ച വിശദവിവരങ്ങൾ ഇതിനനുബന്ധമായി ചാർട്ടിൽ കാണിച്ചിട്ടുണ്ട്.

പട്ടിക .1

| വർഷം | നികുതി ഇനം | സംഖ്യ രൂപ . പൈ |
|---|---|---|
| 1995-96 | 1. കെട്ടിട നികുതി | 2,79,261.90 |
| | 2. തൊഴിൽ നികുതി | 1,00,455.00 |
| | 3. പ്രദർശന നികുതി | 2892.00 |
| | 4. വസ്തു കൈമാറ്റ നികുതി | 1,55,746.000 |
| | 5. സർച്ചാർജ്ജ് പ്രദർശന നികുതിയിന്മേൽ | 723.00 |
| | 6. ജനന മരണം | 431.00 |
| | 7. പി.എഫ്. എ. ലൈസൻസ്ഫീ | 700.00 |
| | 8. വിനോദ നികുതി | 1,15,760.95 |
| | 9. അധികരിച്ച വിനോദ നികുതി | 69,864.40 |
| | 10. ലൈസൻസ്ഫീസ് | 10,827.50 |
| | 11. കെട്ടിട നിർമ്മാണ ലൈ,സൻസ്ഫീസ് | 40,819.00 |
| | 12. യന്ത്രം സ്ഥാപിക്കൽ ഫീ | 85.00 |
| | 13. കിനിമാ ലൈസൻസ്ഫീ | 546.00 |
| | 14. കെട്ടിട സൂപ്രവിഷൻ | 325.00 |
| | 15. ഡിമാംഗറ് നോട്ടീസ് ഫീ വാറണ്ട് ഫീ | 346.00 |
| | ആകെ ഒരു വർഷം നികുതി | 7,78783.35 |

**വിവിധോദ്ദേശ്യ സഹകരണ സംഘം**

ചെറുകിട വ്യവസായ യൂണിറ്റുകൾ, ഉദാഹരണത്തിന് ചെരുപ്പ് നിർമ്മാണം, സോപ്പ് നിർമ്മാണം, തുകൾ നിർമ്മാണം, പുസ്തകനിർമ്മാണം, കുട നിർമ്മാണം, കിടക്ക നിർമ്മാണം, ഫൈബർ കസേര നിർമ്മാണം ഇവയ്ക്ക് രൂപം നൽകുകയും അതിന് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും പഞ്ചായത്ത് പ്രവർത്തന മേഖലയാക്കി ഒരു വിവിധോദ്ദേശ്യ സഹകരണ സംഘം രജിസ്റ്റർ ചെയ്യാവുന്നതാണ്. ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന പുസ്തകം, കുട, ചെരുപ്പ്, മുതലായവ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകൾ വഴി തന്നെ വിതരണം ചെയ്യാവുന്നതാണ്. അതുവഴി പഞ്ചായത്തിൻെറ സ്വയം പര്യാപ്തതക്ക് യത്നിക്കാവുന്നതാണ്.



**കൺസ്ട്രക്ഷൻ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

പഞ്ചായത്തിലെ വലിയ ഒരു ശതമാനം ആളുകൾ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്., അസംഘടിതരായ ഈ മേഖലയിലെ തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ എത്തിക്കുന്നതിന് ഏജൻസിയായും ഇത്തരം സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാം. അതുവഴി തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കപ്പെടുകയും ഉപഭോക്താക്കൾക്ക് അവരുടെ ജോലികൾ കൃത്യമായി ചെയ്തു കിട്ടുന്നതിനും ഇത്തരം സ്ഥാപനത്തെ ഉപയോഗപ്പെടുത്തുകയും ചെയ്യാം.

**സഹകണ പ്രിൻറിംഗ് പ്രസ്സ്**

നോട്ടീസുകൾ, ബുക്ക് ലെറ്റുകൾ, കല്ല്യാണക്കത്തുകൾ, ഇവ അച്ചടിക്കുന്നതിന് പഞ്ചായത്തിലെ ജനങ്ങൾ തലശ്ശേരിയിലെ പ്രസ്സുകളെയാണ് ആശ്രയിക്കാറ്. പഞ്ചായത്ത് പ്രവർത്തന മേഖലയാക്കി വനിതകൾക്കും അല്ലാതെയോ ഒരു സഹകരണ പ്രിൻറിംഗ് പ്രസ്സ് ആരംഭിക്കുന്നതിന് സാധ്യത കാണുന്നുണ്ട്.

**ബീഡി വ്യവസായ സഹകരണ സംഘം**

തലശ്ശേരി ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേററീവ് സൊസൈറ്റിയുടെ 4 ബ്രാഞ്ചുകളിലായി 407 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. ഈങ്ങയിൽ പീടിക, മൂഴിക്കര, മാടപ്പീടിക, പാറാൽ ഇവയാണ് തൊഴിൽശാലകൾ. അതോടൊപ്പം നിരവധി ബീഡിത്തൊഴിലാളികൾ അസംഘടിതരായി മറ്റു മേഖലയിലും ജോലിചെയ്തു വരുന്നുണ്ട്. ബീഡി വ്യവസായം ഇന്ന് പൂർണ്ണമായും പ്രതിസന്ധിയെ അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്നു. അതിനാൽ തലശ്ശേരി ബീഡിവ്യവസായ സഹകരണസംഘം തന്നെ ഇന്ന് പരിഷ്കരണത്തിൻെറ പാതയിലാണ്.

**വായ്പാ സഹകരണ സംഘങ്ങൾക്ക് ഉല്പാദന രംഗത്ത് നേരിട്ട് ഇടപെടാനുള്ള പദ്ധതി**

സഹകരണ വായ്പാ സംഘങ്ങളിലെ ബിസിനസ്സ് ആവശ്യങ്ങളുടെ ഒരു നിശ്ചിത ശതമാനവും സർപ്ലസ് ഫണ്ടുംഉപയോഗപ്പെടുത്തി ഉല്പാദന മേഖല വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. ഉദാഹരണത്തിന് നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന തേങ്ങ സംസ്കരിച്ച് വെളിച്ചെണ്ണ, പിണ്ണാക്ക്, തേങ്ങാപ്പൊടി, ഇവ ഉല്പാദിപ്പിക്കുന്നു ഒരു വ്യവസായ യൂണിറ്റിന് രൂപം നൽകാൻ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് വേണ്ടി വരുന്ന മുതൽ മുടക്കിൽ നിശ്ചിത ശതമാനം സഹകരണ വായ്പാ സംഘങ്ങളിൽ നിന്ന് സംഭരിക്കുയും ബാക്കി പഞ്ചായത്തിലെ ഗൾഫ് മലയാളികളകളിൽ നിന്ന് സ്വരൂപിക്കുകയും ചെയ്തുകൊണ്ട് ഈ സംരംഭം വിജയിപ്പിക്കാവുന്നതാണ്. വിപണി കണ്ടെത്തുന്നതിന് മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ സഹായം തേടാവുന്നതാണ്.

കോടിയേരി ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം 25597 ആകുന്നു. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്കുളുടെ പ്രവർത്തന പരിധിയിൽ പ്പെടുന്നതാണ് കോടിയേരി. ഈ ബാങ്കുകളിൽ പ്രതിവർഷം 7,85,85,006 രൂപ നിക്ഷേപമായി എത്തുന്നുണ്ട് ഈ ബാങ്കുകളിൽ എൻ. ആർ. ഐ. അക്കൗണ്ടുകൾ ഇല്ല. സഹകരണ ബാങ്കുകളിൽ ഏർപ്പെടുത്തുന്നതിന് സംവിധാനം ഇല്ലാത്തതാണ് ഇതിന് കാരണമായി കാണുന്നത്. ഈ പഞ്ചായത്തിൽ അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്ന വാണിജ്യബേങ്കുകളുടെ ശാഖകളും ഇല്ല. എന്നാൽ പ്രവാസഭാരതീയരുടെ പണം കൈകാര്യം ചെയ്യുന്ന 136 അക്കൗണ്ടുകൾ ഉണ്ട്. ഈ അക്കൗണ്ടുകളിൽ കഴിഞ്ഞ വർഷം ആകെ 1593449 രൂപ നിക്ഷേപമായി എത്തിയിട്ടുണ്ട്. അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളിലുള്ള ബാങ്കുകളിൽ, സംവിധാനം ഉണ്ടായിരുന്നുവെങ്കിൽ ഇതിൽ കൂടുതൽ നിക്ഷേപം പ്രവാസ ഭാരതീയരിൽ നിന്നും ഈ ബാങ്കുകളിൽ എത്തിച്ചേരുന്നതിന് സഹായകമാവുമായിരുന്നുവെന്ന് കരുതുന്നു. ഇതിന്ന് സാധിക്കുമാറ് സഹകരണച്ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടികൾ ഉണ്ടാകേണ്ടതാണ്. സഹകരണ ബേങ്കുകളിൽ അധിക നിക്ഷേപമായി വരുന്ന തുകയിൽ ഒരു നിശ്ചിത ശതമാനം സംഖ്യ ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കുന്ന ആദായകരമായ വികസന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് നിയമ നിർമ്മാണ നടപടികൾ ഗവർമ്മേണ്ട് ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്. ഈ ഗ്രാമ പഞ്ചായത്ത് അതിർത്തിയിൽ വികസന ആവശ്യങ്ങൾക്ക് വിവിധ ബാങ്കുകൾ വഴി ലഭ്യമായ വായ്പകളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കാണിക്കുന്നു.

പട്ടിക.2

| ക്രമനമ്പർ | ബാങ്കിൻെറ പേര് | സംഖ്യ രൂപ. പ | | |
|---|---|---|---|---|
| 1. | കോടിയേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് കല്ലിൽതാഴെ (ഹെ. ഒ) പാറാൽ ( പി. ഒ) 1). ലോൺ ( ബേങ്ക് ബിസിനസ്സ്) 2.) വികസനം കിണർ, പമ്പ്സെറ്റ്, കൃഷി | 7,61,64203.00<br>250100.00<br>1,50,900.00 | | |
| 2. | പുന്നോൽ സർവ്വീസ് സഹകരണ ബേങ്ക് പൊതുവാച്ചേരി, പി. ഒ. പാറാൽ 1) ലോൺ 2) വികസനം- സോഡിയം വേപ്പർ ലാമ്പ് 1 എണ്ണം 3) 3 എണ്ണം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നങ്ങാരത്ത് പീടിക, പുന്നോൽ, പാറാൽ | 85,84000.00<br>3000.00 | | |
| | | നൽകിയ സംഖ്യ | | |
| | | കാർഷികം | വ്യാവസായികം | സേവനം |
| 3. | കോർപ്പറേഷൻ ബേങ്ക് തലശ്ശേരി വാർഡ് 3 ൽ ഒരാൾക്ക് | 15,900.00 | ഇല്ല | 1,54,000.00<br>2 പേർക്ക് |
| 4. | സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ തലശ്ശേരി വാർഡ് 2 ൽ | ഇല്ല | 35,000.00<br>ഒരാൾക്ക് | 3,10,500.00<br>5 പേർക്ക് |
| 5. | സിണ്ടിക്കേറ്റ് ബേങ്ക്, തലശ്ശേരി വാർഡ് 1,9,10,11 | ഇല്ല | ഇല്ല | 2,10,000.00<br>5 പേർക്ക് |
| 6. | നോർത്ത് മലബാർ ഗ്രാമീണ ബാങ്ക് പാറാൽ, വാർഡ് 4, 5, 6, 7, 8 | 95,000.00<br>7 പേർക്ക് | ഇല്ല | 88,000.00<br>5 പേർക്ക് |
| 7. | കോടിയേരി വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മാടപ്പീടിക, പി. ഒ. പാറാൽ 1) വികസനം, തയ്യൽ മെഷീൻ. | | | 75,000.00 |

1994 കേരള പഞ്ചായത്തിരാജ് ആക്ടിനോട് അനുബന്ധമായി വന്ന ചട്ടപ്രകാരം വ്യാപാരികളിൽ നിന്നും
ലൈസൻസ് ഫീ ഈടാക്കുന്നത് കുറച്ചിരിക്കുന്നു. വില്പന വസ്തുക്കൾക്ക് മേൽലൈസൻസ് ഫീ വരുമാനം 50% ൽ അ
ധികം കുറയുവാൻ ഇടയാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ലൈസൻസ് ചട്ടങ്ങളിൽ പൂർവ്വസ്ഥിതി സ്ഥാപിച്ചു
കിട്ടേണ്ടതാണ്. തൊഴിൽ നികുതി പിരിക്കുന്നതിന്നുള്ള ചട്ടങ്ങളിൽ പുതുതായി ഉണ്ടാക്കിയ ഭേദഗതി നിമിത്തം തൊഴിൽ
പൂർവ്വ നികുതി വരുമാനം കുറവ് വരാൻ ഇടയാക്കും. ഇക്കാര്യത്തിലും പൂർവ്വ സ്ഥിതി സ്ഥാപിച്ചുകിട്ടേണ്ടതാണ്.
ബേസിക്ക് ടാക്സ്, വസ്തുകൈമാറ്റ നികുതി എന്നിവ നേരിട്ട് ഗവർമ്മെണ്ട് പിരിച്ചെടുക്കുകയും പിന്നീട്
പഞ്ചായത്തുകൾക്ക് വീതിക്കുകയുമാണ് നിലവിൽ അനുവർത്തിച്ചു വരുന്നസ്ഥിതി ഈ വിധത്തിൽ ചെയ്യുന്നതുകൊണ്ട്
പഞ്ചായത്തുകൾക്ക് അർഹതപ്പെട്ട നികുതി വരുമാനം യഥാസമയം പഞ്ചായത്തിൽ എത്തിച്ചേരാതിരിക്കുകയും ആയത്
വികസന പ്രവർത്തനങ്ങളേയുംപ്രതികൂലമായി ബാധിക്കുയും ചെയ്യുന്നു. ഉദാ: 1995-96 വർഷത്തെ ഭൂനികുതി വില്ലേജ്
റിക്കാർഡുപ്രകാരം 39, 884 രൂപയാണ്. എന്നാൽ പഞ്ചായത്തിന് അടിസ്ഥാന നികുതി ഗ്രാൻറായി 16119 രൂപമാത്രമാണ്
ലഭിച്ചത് ( 40%) ഇത് ഒഴിവാക്കുന്നതിന് ബേസിക്ക് ടാക്സ്, വസ്തുകൈമാറ നികുതി എന്നിവ സാമ്പത്തിക വർഷം അ
വസാനിച് അധികം വൈകാതെ അടുത്ത ഏപ്രിൽ മാസത്തിൽ തന്നെ പഞ്ചായത്തുകൾക്ക് വീതിച്ചു നൽകേണ്ടതാണ്.
വി. ടി. സി. ഗ്രാൻറ് വെഹിക്കിൾടാക്സ് ഇനത്തിൽ കാലികമായുണ്ടായ വർദ്ധന അനുസരിച്ച് ഏൽപ്പിച്ചുതരേണ്ടതാണ്.
ഗ്രാമീണ റോഡ് സംരക്ഷണ ഗ്രാൻറ്, ഗ്രാൻറ് എന്നിവ നിരക്കിൽ ഉണ്ടായിരിക്കണം. വർദ്ധനയും മറ്റു മൂല്യശോഷണം
എന്നീ സ്ഥിതിഗതികൾ പരിഗണിച്ച് നിരക്ക് വർദ്ധിപ്പിച്ച് അനുവദിക്കേണ്ടതാണ്. സ്വത്ത് കൈമാറ നികുതി 75%
പഞ്ചായത്തുകൾക്ക് അനുവദിക്കുകയും 25% പ്രത്യേക ഗ്രാൻറായി അനുവദിക്കുകയും ചെയ്യുന്ന സ്ഥിതി മാറ്റി
ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട സംഖ്യമുഴുവനും സാമ്പത്തിക വർഷാവസാനത്തെ തുടർന്നുള്ള ഏപ്രിൽ
മെയ്മാസത്തിനകം ഗ്രാമ പഞ്ചായത്തുകൾക്ക് വീതിക്കേണ്ടതുമാണ്.

കോടിയേരി ഗ്രാമപഞ്ചായത്തിൻെറ വരുമാനത്തിൻെറ 40% ഭരണച്ചിലവിനത്തിലേക്ക്
വിനിയോഗിക്കേണ്ടിവരുന്നത്. മൊത്തം ഭരണച്ചിലവിൻെറ 45% മാത്രമാണ്. സംസ്ഥാന സർക്കർ ഗ്രാൻറായി
പഞ്ചായത്തുകൾക്ക് കാലാകാലമായി നൽകി വരാറ്. പുതിയ സാഹചര്യത്തിൽ സംസ്ഥാന ഗവർമ്മെണ്ടിൻെറ
ഭരണപരമായ പ്രവർത്തനത്തിലും വിവിധ സ്കീം നടപ്പിലാക്കുന്നതിനും മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഗ്രാമ
പഞ്ചായത്തുകൾ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ ഭരണച്ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്നു. ഈ
സ്ഥിതികൾ പരിഗണിച്ച് പഞ്ചായത്തുകളുടെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ 90% സംസ്ഥാന സർക്കാരിൻെറ
പൊതുഫണ്ടിൽ നിന്നും വഹിക്കുന്നതിന് നടപടി ഉണ്ടാവേണ്ടതാണ്.

പഞ്ചായത്ത് അതിർത്തിയിൽ വിവാഹ റജിസ്ട്രേഷനുകൾക്ക് ഫീ ചുമത്തി ആയത് പഞ്ചായത്തിൻെറ
വരുമാനമാക്കി മാറ്റേണ്ടതാണ്.ഹിന്ദുവിവാഹ റജിസ്ട്രേഷൻ നിയമപ്രകാരം ഗ്രാമപഞ്ചായത്ത് റജിസ്ട്രേഷൻ ഫീ
പഞ്ചായത്ത് ഓഫീസിൽ നേരിട്ട് സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ്. മുസ്ലീം പള്ളികളിലും കൃസ്ത്യൻ പള്ളികളിലും
നടക്കുന്ന വിവാഹ റജിസ്ട്രേഷനുകൾക്ക് അതാത് റജിസ്ട്രാർമാർ ഫീ വസൂലാക്കുകയും ആയത് ഗ്രാമപഞ്ചായത്തിൽ
ഒടുക്കുന്നതിന്നും നിയമം മൂലം ഏർപ്പാടുണ്ടാക്കേണ്ടതാണ്.

പഞ്ചായത്തിൻെറ നികുതി വരുമാനം വർദ്ധിപ്പിക്കാൻ പല നിർദ്ദേശങ്ങളും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. 1000 രൂപക്ക്
മേൽ പ്രതിമാസവരുമാനമുള്ള അസംഘിടത മേഖലയിലുള്ള തൊഴിലാളികളെ തൊഴിൽ നികുതിയുടെ പരിധിയിൽ
കൊണ്ടുവരിക, പിന്തുടർച്ചയായല്ലാതെ ഭൂസ്വത്തുകൾ വിലക്ക് വാങ്ങിയവരിൽ നിന്ന് അനുബന്ധ ഭൂനികുതി വസൂൽ
ചെയ്യുക. ടെലിവിഷൻ, വീഡിയോ, സൗകര്യങ്ങൾക്ക് വിനോദനികുതി ചുമത്തുക.
എന്നിവ ഇവയിൽ ചിലതാണ്. പുതിയ നികുതികൾ ഏർപ്പെടുത്തുകയും നികുതി ഘടന പരിഷ്കരിക്കുകയും
ചുമത്തിയ നികുതികൾ കൃത്യമായി പിരിച്ചെടുക്കുകയും ചെയ്യുമ്പോൾ അവ ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കാതെ
അവർക്ക് അധികഭാരമായിതീരാതെ, ജനങ്ങളുടെ എതിർപ്പ് ക്ഷണിച്ചുവരുത്താതെ വേണം ഈടാക്കാൻ. അല്ലാത്തപക്ഷം
പരമാവധി ജനപങ്കാളിത്തം എന്ന ലക്ഷ്യത്തിനുതന്നെ വിഘാതമായിതീരും.
പഞ്ചായത്ത് മുഖാന്തരം ഇന്ദിരാവികാസ് പത്രയിൽ നിക്ഷേപിക്കുപ്പെടുന്ന തുകയുടെ 20%- അതത് പഞ്ചായത്തുകൾക്ക്
വികസനപ്രവർത്തനങ്ങൾക്ക് സഹായധനമായി ലഭിക്കുന്ന സ്ഥിതിയുണ്ട് പരമാവധി സമ്പാദ്യം ഈ വിധത്തിൽ ശേഖരിച്ച്
അതുവഴി കിട്ടുന്ന തുക പഞ്ചായത്തിൻെറ വികസനപവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കാം.

ഭരണപരമായ ചെലവുകൾ കഴിച്ചുള്ള പഞ്ചായത്ത് ഫണ്ട്, സർക്കാർ, ഗ്രാൻറ്, ഇന്ദിരാവികാസ് പത്ര വഴി ലഭിക്കാവുന്ന സഹായധനം, ജവഹർ റോസ് ഗാർ യോജന മുതലായ ഗ്രാമവികസനപദ്ധതികൾ വഴി ലഭ്യമാവുന്ന ഫണ്ട് ഇവയൊക്കെ കൂടിച്ചേർന്നാലും ഒമ്പതാം പദ്ധതിയുടെ ഭാഗമായി വരുന്ന അഞ്ചുവർഷക്കാലത്തിനിടയിൽ കോടിയേരിയിൽ നാം വിഭാവനം ചെയ്യുന്ന വികസനപദ്ധതികൾക്കാവശ്യമായ വിഭവത്തിൻെറ ചെറിയ ശതമാനമേ വരികയുള്ളൂ. ശ്രമദാനത്തിലൂടെ സമാഹരിക്കാൻ കഴിയുന്ന മനുഷ്യാദ്ധ്വാനം, പൊതുജനങ്ങളിൽ നിന്ന് സ്വരൂപിക്കാൻ കഴിയുന്ന സംഭാവനകൾ, സഹകരണബേങ്കുകളിൽനിന്നും ദേശസാൽകൃതബേങ്കുകളിൽ നിനും പ്രതീക്ഷിക്കാവുന്ന വായ്പകൾ, സഹകരണ മേഖലയിൽ നിന്ന് ആർജ്ജിക്കാൻ കഴിയുന്ന മുതൽമുടക്ക്, സ്വകാര്യമുതൽ മുടക്ക് ഇവയെല്ലാം ചേർന്നാൽ മാത്രമേ വിഭവസമാഹരണം ലക്ഷ്യപ്രാപ്തിക്ക് പര്യാപ്തമാവുകയുള്ളൂ.

റോഡുകളുടെ നിർമ്മാണം, സംരക്ഷണം, നവീകരണം എന്നിവക്ക് വേണ്ടി വരുന്ന ചെലവിൽ ഏറിയപങ്കും ശ്രമദാനത്തിലൂടെ നിർവ്വഹിക്കാനാവും. തോടുകളുടെ നിർമ്മിതിയും ശുദ്ധജലസൗകര്യത്തിനായി കിണറുകളും മറ്റും ഉണ്ടാക്കുന്നതിനും ഇതേപോലെ മനുഷ്യാദ്ധ്വാനം ശ്രമദാനത്തിലൂടെ സമാഹരിക്കാനാവും.

കൃഷി, മൃഗപരിപാലനം, എന്നീ രംഗങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വകാര്യവ്യക്തികളുടെ മുതൽമുടക്ക് തന്നെ ആയിരിക്കും. കൃഷിക്കാർക്ക്ാവശ്യമായ വായ്പകൾ, വിത്തിനങ്ങൾ, സബ്ബ് സിഡി നിരക്കിൽ രാസവളവും കീടനാശിനികളും ഇവയൊക്കെ ലഭ്യമാക്കാനുള്ള ഏർപ്പാട് ചെയ്യുകയാണ് ഈ രംഗത്ത് പഞ്ചായത്തിൻെറ കർത്തവ്യം. സാങ്കേതിക പരിജ്ഞാനവും നഷ്ടപരിഹാര നടപടികളും സർക്കാർ വഴി ലഭ്യമാക്കണം.

വ്യാവസായികരംഗത്ത് ആവശ്യമായ മൂലധനത്തിൽ കൂടുതലും സ്വകാര്യവ്യക്തികളുടെ മുതൽമുടക്കായും സഹകരണ മേഖലയിൽനിന്നും സ്വരൂപിക്കാൻ കഴിയണം. വ്യവസായം ലാഭകരമായി നടത്തിക്കൊണ്ടുപോവാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് മുഖ്യം. നിർദ്ദിഷ്ട ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലം അക്വയർ ചെയ്യുകയും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുകയും ചെയ്യാനാവശ്യമായ ഫണ്ടാണ് ഈ രംഗത്ത് പഞ്ചായത്ത് നേരിട്ട് സമാഹരിക്കേണ്ടത്. പഞ്ചായത്ത് ഫണ്ടിനു പുറമെ ജനങ്ങളിൽ നിന്ന് സംഭാവന പിരിച്ചെടുക്കുകയും ചെയ്തുകൊണ്ട് മാത്രമേ ഇത് സാധിക്കുകയുള്ളൂ. ഡി.ഡബ്ല്യൂ. സി. ആർ. എ, പി. എം. ആർ. വൈ, തുടങ്ങിയ സർക്കാർ സ്കീമുകൾ വഴി വ്യവസായ രംഗത്ത് മുതൽമുടക്ക് ലഭ്യമാക്കാവുന്നതാണ്.

ചുരുക്കത്തിൽ പഞ്ചായത്ത് ഫണ്ട്, സർക്കാർ ഗ്രാൻറുകൾ, ശ്രദാനത്തിലുടെ സമാഹരിക്കുന്ന മനുഷ്യാധ്വാനം, ജനങ്ങളിൽ നിന്ന് സ്വരൂപിക്കുന്ന സംഭാവനകൾ, സ്വകാര്യമേഖലയിലെ മുതൽ മുടക്ക്, സഹകരണ മേഖലയിൽ നിന്നുള്ള സഹായം, വിദഗ്ധന്മാരിൽ നിന്നും ഉദ്യോഗസ്ഥന്മാരിൽ നിന്നും വ്യവസായ പ്രമുഖരിൽ നിന്നും ലഭിക്കേണ്ട സാങ്കേതിക ഉപദേശം എന്നിവയെല്ലാം കൂടിച്ചേർന്നാൽ നാം ആസൂത്രണം ചെയ്യുന്ന പദ്ധതികൾ വിജയകരമായി നിറവേറ്റാൻ കഴിയുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് ശുഭാപ്തി വിശ്വാസമുണ്ട്.

# ഉപസംഹാരം

കേരളത്തിലെ എല്ലാ പഞ്ചായത്തുകളും അവരവരുടെ വികസനറിപ്പോർട്ടുകൾ ഇതിനകം തയ്യാറാക്കിക്കഴിഞ്ഞിരിക്കും. ഈ റിപ്പോർട്ടുകൾ ചേർത്തുവായിച്ചാൽ സ്വാതന്ത്ര്യാനന്തര കേരളത്തിൻെറ പുരോഗതിയെ ക്കുറിച്ചുള്ള സമ്പൂർണ്ണമായ കാഴ്ചപ്പാട് നമുക്ക് ലഭിക്കും.അതുവഴി പ്രദേശവും നേരിടുന്ന പ്രശ്നങ്ങളെന്തൊക്കെയാണെന്ന് തിരിച്ചറിയാനും ഒൻപതാം പദ്ധതിയിലുൾപ്പെടുത്തി പരിഹരിക്കാവുന്നവ മുൻഗണനാക്രമത്തിൽ വേർതിരിക്കാനും സാധിക്കുന്നു.

ഈ റിപ്പോർട്ട് കോടിയേരി പഞ്ചായത്തിൻെറ പ്രശ്നങ്ങളിലേക്കും സാധ്യതകളിലേക്കും വിരൽ ചൂണ്ടുന്നു. റിപ്പോർട്ട് ചർച്ച ചെയ്യപ്പെടുന്നതോടെ കൂടുതൽ കാര്യങ്ങളിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധപതിയാൻ ഇടയാകും. ഇത് വികസന പ്രക്രിയയുടെ ആക്കം കൂട്ടും. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്ന പദ്ധതികളെ വേർതിരിച്ചറിഞ്ഞ് ജനകീയ സമിതികൾക്ക് ചുമതല ഏൽപ്പിക്കാൻ സാധിക്കും. പദ്ധതി നടത്തുന്നതിനുള്ള കാലതാമസം വികസനരംഗത്തെ മുരടിപ്പിക്കുന്നുവെന്നത് നമ്മുടെ അനുഭവ പാഠമാണ്. സമയബന്ധിതമായി നടപ്പിലാക്കാനുള്ള ആത്മാർത്ഥത വികസന സമിതികൾക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

പല പദ്ധതികളും പഞ്ചായത്തിൻെറ പരിധിക്കപ്പുറമായിരിക്കും. ബ്ലോക്ക് തലത്തിൽ ചെയ്യേണ്ടവയും ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടത്തേണ്ടവയും കാണും.

പഞ്ചായത്തിൻെറ വികസനം എന്നത് നമ്മുടെ ഓരോരുത്തരുടേയും കടമയാണെന്ന ബോധം ഉണ്ടായാൽ മാത്രമേ വികസന സ്വപ്നം സാക്ഷാൽക്കരിക്കാൻ സാധ്യമാവുകയുള്ളൂ. മനുഷ്യാദ്ധ്വാനവും സമ്പത്ത് സ്വരൂപിക്കലുമെല്ലാം ഈ രംഗത്ത് ആവശ്യമായി വരും. സാധ്യതകൾ കണ്ടെത്തി വേണ്ടും വണ്ണം ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രയത്നം ഉണ്ടാകുമ്പോൾ വികസനരംഗത്തുള്ള മുരടിപ്പ് അകലും. പഞ്ചായത്ത് വികസനസെമിനാർ അതിൻെറ തുടക്കമാകുമെന്നു പ്രതീക്ഷിക്കുന്നു. പ്രസ്തുത സെമിനാറിലെ ചർച്ചകൾക്ക് വേണ്ടി പഞ്ചായത്തിൻെറ വികസന റിപ്പോർട്ട് സമർപ്പിക്കുകയാണ്.

സ്നേഹാദരങ്ങളോടെ<br>
ഭരണസമിതിക്ക് വേണ്ടി<br>
പ്രസിഡണ്ട്: എം. പുരുഷോത്തമൻ<br>
കോടിയേരിഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. എം. കെ. ദാമോദരൻ മാസ്റ്റർ
2. ടി. സോമൻ മാസ്റ്റർ
3. എം. പത്മനാഭനടിയോടി
4. പി. പി. ഹരിലാൽ
5. വി.പി. ലക്ഷ്മണൻ
6. പി. രാമകൃഷ്ണനടിയോടി
7. കെ. ദാമോദരൻ
8. പട്ടൻ വിജയൻ
9. ജയചന്ദ്രൻ (VEO)
10. കെ. വിശ്വനാഥൻ
11. കെ.പി. രവീന്ദ്രൻ
12. എൻ. രാഘവൻ
13. ടി. അച്യുതൻ
14. വി. കുഞ്ഞിക്കണ്ണൻ
15. പൊതുവാച്ചേരി നാരായണൻ
16. സി. കെ. അബൂബക്കർ ഹാജി
17. കെ. കണാരി
18. കെ. ടി. ബാലകൃഷ്ണൻ
19. ടി. സി. വിജയൻ
20. പി. യു. ബാലൻ
21. വി. എൻ. രാജേഷ്
22. പി.പി. അച്യുതൻ മാസ്റ്റർ
23. കെ. ഷാജി
24. ടി. കെ. കുമാരൻ
25. പി. നാണി ടീച്ചർ
26. ഷമിരാജ്
27. പ്രസീൽ ബാബു. സി. പി.
28. പി. വി. രവീന്ദ്രൻ
29. സി. കെ. രമേശൻ
30. കെ. യം. രാമകൃഷ്ണൻ
31. എം. വി. രാജീവൻ
32. സി. പി. ശ്രീനിവാസൻ
33. കൃഷ്ണൻ കണ്ടോത്ത്
34. സപ്ന എസ്. ( കൃഷി ഓഫീസർ)
35. ശോഭന
36. കൃഷ്ണദാസ്
37. മൈഥലി ( എച്ച്.ഐ)
38. അബ്ദുൾ കരീം ( എ. എച്ച്.ഐ)
39. കെ. യം. ഉത്തമൻ മാസ്റ്റർ
40. കെ. സത്യൻ
41. മുഹമ്മദ് അഷറഫ്. എം. പി. ( സെക്രട്ടറി, കോടിയേരി പഞ്ചായത്ത്)
42. രജീഷ്. പി

Computer type setting & printing
DIGITAL GRAPHICS, Thalassery



അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇതു തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, ഉയർന്ന വർഗ്ഗവും താഴ്ന്ന വർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനു വേണ്ടി. എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്നൊരു ഭാരതത്തിനു വേണ്ടി, ഞാൻ പ്രയത്നിക്കും.

ഗാന്ധിജി



4334

അധികാരം ജനതയ്ക്ക്
അതുമാത്രം പരിഹാരം
അറിയുന്നൂ നാമീസത്യം
നിറയുന്നൂ നാടിന്നുള്ളം